❑Kozhikode ❑Volume No: 5 ❑Issue No: 3 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

1 ജൂലൈ 2026

ഓണപ്പതിപ്പ്

യോഗക്ഷേമസഭ

# സ്വസ്തി


ത്രൈമാസിക



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം



പാരമ്പര്യമൂല്യങ്ങളോടൊപ്പം
ആധുനിക ശാസ്ത്രത്തിന്റെ പരിരക്ഷ
പരമ്പരാഗതമായ ആയുർവേദത്തോടൊപ്പം ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സംയോജിപ്പിച്ച്
കാലാനുസൃതമായ സമ്പൂർണ്ണ ആരോഗ്യ പരിചരണത്തിന് നാഗാർജുന.
GMP & ISO
ISO
NAGARJUNA
AYURVEDA
പാരമ്പര്യത്തിന്റെ കരുത്ത്, ആധുനിക ശാസ്ത്രത്തിന്റെ കൃത്യത
+91 99616 33366 | cmo@nagarjunaayurveda.com | www.nagarjunaayurveda.com




യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5128 ആഷാഢം കൊല്ലവർഷം 1201 കർക്കിടകം-1202 ചിങ്ങം ഗ്രീഷ്മ ഋതു

വാർഷിക വരിസംഖ്യ
300 രൂപ അയക്കാൻ
ഈ ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

2026 July 1 ❑Kozhikode ❑Volume No: 5 ❑Issue No:3❑email: swasthitrimonthly@gmail.com ❑website: swasthi.org❑Mob:9495369337



ചീഫ് എഡിറ്റർ
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651
അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823
മാനേജിംഗ് എഡിറ്റർ
ഡോ. വിനോദ് മങ്ങത്തായ 9895621493
സബ് എഡിറ്റർമാർ
ഉദയൻ നമ്പൂതിരിപ്പാട് കിഴക്കേടം 8281926325
സ്വപ്ന ഉമാശങ്കർ 9847200185
പ്രിൻറർ ആൻറ് പബ്ലിഷർ
ടി.വി. ദിവാകരൻ നമ്പൂതിരി 9447337337
ധനകാര്യം:
നാറാണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
പരസ്യം & സർക്കുലേഷൻ
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
മാനേജിംഗ് കമ്മിറ്റി
ജില്ലാ പ്രസിഡൻറ്: പി.എം.ഗംഗാധരൻ
നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ
നമ്പൂതിരി 9946438951
ഇല്ലസ്ട്രേഷൻ:
ഹരിനാരായണൻ പൊന്നടുക്കം
9446769244
ഡിസൈനിംഗ്:
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674
കസ്റ്റമർ കെയർ
മൊബൈൽ: 9495369337


## പൂവേ പൊലി പൂവേ പൊലി പൂവേ....

പൂവട്ടക തട്ടിച്ചിന്തി പൂമലയിൽ പുതുമഴ ചിന്നിയ സന്തോഷം മലയാളിക്ക് നൽകിയത് കൈതപ്രമാണ്. ഓടകവും പൂവട്ടയും തനി നമ്പൂതിരി ഐറ്റം. അപ്പോൾ ഈ വരികൾക്കുമുണ്ട് തികഞ്ഞ നമ്പൂരിത്തം.

കർക്കിടകത്തിൽ രാമായണം, ചിങ്ങത്തിൽ കൃഷ്ണഗാഥ. നിത്യതേവാരമായി സുഗേയമായ കാവ്യങ്ങൾ ചൊല്ലിപ്പഠിച്ച സംസ്കാരം നമുക്കുണ്ട്. തൃക്കാക്കരപ്പനെ പൂജിച്ച് ബലിചക്രവർത്തിയെ വരവേറ്റ് ... തിരുവോണത്തിന്റെ റിയൽ കേരളാ സ്റ്റോറിയിൽ പ്രജാഹിതം തന്നെയാണ് മുന്നിൽ.

സ്വസ്തി അതിന്റെ പത്താം വർഷത്തിൽ. ത്രൈമാസിക കോവിഡ് അടച്ചിരിപ്പ് കാലത്തു പോലും മുടങ്ങിയിട്ടില്ല. യോഗക്ഷമസഭാ പ്രസിദ്ധീകരണങ്ങളുടെ മുൻനിരയിലാണ് സ്വസ്തി. ഉള്ളടക്കത്തിൽ, പ്രചാരത്തിൽ ... ഒപ്പം വരുമാനത്തിലും. എല്ലാറ്റിനും കാരണം വായനക്കാരുടെ നിറഞ്ഞ അനുഗ്രഹം മാത്രം.

തിരുവോണപ്പതിപ്പിന്റെ മുഖപ്രസാദം സേവനത്തിലൂടെ ദിഗ്വിജയം നേടിയ മോഹൻജിയാണ്. ന്യൂറോമോഡുലേഷന്റെ പുതിയ രീതികൾ എക്സ്ക്ലൂസിവ് ഫീച്ചറാവുന്നു. ഇല്ലപ്പെരുമയിൽ പ്രസിദ്ധമായ ഒളപ്പമണ്ണ മന. മനമറിഞ്ഞ് പാട്ടു പാടുന്ന നിരഞ്ജൻ നിങ്ങളുടെ മനസ്സും നിറയ്ക്കും. കാൽപ്പന്തുകളിയുടെ ആരവമടങ്ങാതെ വായിക്കാൻ ശുദ്ധ നമ്പൂതിരിയുടെ ഒന്നാന്തരം കളിയനുഭവമുണ്ട്.

നൂറ്റെട്ടുപുറങ്ങളിൽ ഇനിയുമുണ്ട് വിഭവങ്ങൾ. വായനപ്പൂമുഖത്ത് സ്വസ്തിയുടെ അക്ഷരപ്പൂക്കളമിതാ.. സ്വീകരിച്ചാലും..

'ആനന്ദിക്കുകയില്ലേയി
പ്പൊന്നോണക്കാലത്തെല്ലാരും'
മഹാകവി ഒളപ്പമണ്ണയുടെ ശുഭാശംസകളോടെ.

പൂവേ പൊലി പൂവേ പൊലി പൂവേ ...


Yogakshemasabha Swasthi Trimonthly. Printed & Published by T.V. Divakaran Namboodiri on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Offset Prints, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. Editor K M Parameswaran

Vol No:5 Issue No: 3 Registration Number : KERMAL/2022/83817



**06**
ഗുരുവായൂരപ്പൻ കോളേജിൽ നിന്നും അലിഗഡ് മുസ്ലിം സർവകലാശാലയിലേക്ക്
തെക്കേടത്ത് രാമൻ ഭട്ടതിരിപ്പാട്

**15**
സ്വസ്തി എക്സ്ക്ലൂസീവ്
ഇനിവരുന്നത് 'മറക്കാൻ' പറ്റാത്ത കാലം
ഡോ വിനോദ് മങ്ങത്തായ

**27**
മനുഷ്യത്വത്തെ മതമാക്കിയ കർമ്മ യോഗി - ബ്രഹ്മർഷി മോഹൻജി
അനുജൻ ടി. എം.



**54**
ഇല്ലപ്പെരുമ:
ഒളപ്പമണ്ണ മന മലയാളത്തിന്റെ ദേവീപ്രസാദം
ഉദയൻ നമ്പൂതിരിപ്പാട്/ ദിവാകരൻ താമരക്കുളം

കവിതകൾ, യാത്രാവിവരണങ്ങൾ. പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങിയ സ്ഥിരം പംക്തികളും

# ആരൊക്കെ/എന്തൊക്കെ


| | |
|---|---|
| 11 | **ശങ്കരലഹരി, സൌന്ദര്യലഹരി**<br>കെ എം എസ് ഭട്ടതിരിപ്പാട് |
| 22 | **മുതലനായാട്ട് @ തൃപ്പൂണിത്തുറ**<br>രമേശൻ തമ്പുരാൻ |
| 24 | **ദില്ലിയിൽ തുടക്കം കേരളത്തിൽ മുഴക്കം 'ഗായത്രി' ജപം തുടരുകയാണ്**<br>പോത്തോപ്പുറം കേശവൻ ജയന്തൻ |
| 34 | **'ങ്ങുന്നേ ചോഴ്യാണേയ്' (ചെറുകഥ)**<br>കുന്നം ചന്ദ്രൻ , ഒല്ലൂക്കര |
| 35 | **വിടരാത്ത ഓണപ്പൂക്കൾ (കവിത)**<br>ഒളപ്പമണ്ണ |
| 39 | **ഇരുകര തൊട്ടാലേ ഇഹപര ജീവിതപ്പുഴ നീന്തിക്കേറുവാനാകൂ**<br>മാന്തിട്ട വിഷ്ണു |
| 44 | **വടക്കുകിഴക്കൻ ഇന്ത്യയുടെ ഹൃദയത്തിലൂടെ ഒരു യാത്ര**<br>ഹരികൃഷ്ണൻ പോറ്റി |
| 47 | **വിടിയെ മറന്നോ?**<br>കെ. എം പ്രശാന്തൻ |
| 48 | **നിരഞ്ജനം നിരാമയം**<br>ഉദയൻ നമ്പൂതിരി |
| 63 | **ഫുട്ബോളിന് പൂണൂലിട്ടപ്പോൾ**<br>മുരളി മുണ്ടേക്കാട് |
| 67 | **റോബോട്ട് മനുഷ്യനാകുന്ന ഡിജിറ്റൽ ദ്വീപ് (ചെറുകഥ)**<br>വിഷ്ണു വി |
| 69 | **കണ്ണനെ തിരഞ്ഞ് (കവിത)**<br>അജിത എ. പി. |
| 70 | **തിരുവാതിരരാവ് (കവിത)**<br>കല്ലൂർ ഈശ്വരൻ പോറ്റി |
| 83 | **കുട്ടിക്കൂട്ടത്തിൽ ഇവർ**<br>നിവിത പാലപ്പിള്ളി മഠം, സാത്വിക് നമ്പൂതിരി, ഭദ്ര കെ എൻ, മീനാക്ഷി, ശിവദ, നിവേദ് വിഷ്ണു, അരുന്ധതി, വാസുദേവ് കൃഷ്ണൻ, വിവസ്വത് പി തുടങ്ങിയവർ |



15 YEARS
OF TRUST
YATHRI
TEAM YATHRI HOLIDAYS
KAILASH
MANASAROVAR
For Travel update
Next Departures on
JUN 19, JUL 19
AUG 20, Sep 17
Scan Me
+91 98471 88880 / +91 96562 35342
KOCHI | TRIVANDRUM | COIMBATORE
www.yathriholidays.com

# ഗുരുവായൂരപ്പൻ കോളേജിൽ നിന്നും അലിഗഢ് മുസ്ലിം സർവ്വകലാശാലയിലേക്ക്

**(ഡീൻ ആയി വിരമിച്ച ഡോ. ടി.എൻ സതീശൻ സ്വസ്തിയോട്)**


**തെക്കേടത്ത് രാമൻ ഭട്ടതിരിപ്പാട്**



കുടുംബ പശ്ചാത്തലവും ബാല്യകാല സ്മരണകളും വിശദീകരിക്കാമോ?

വാണിയംകുളത്തിനടുത്തുള്ള പനയൂരിലെ തടുക്കശ്ശേരി ഇല്ലത്താണ് ജനനം. അമ്മ തൃശൂർ കാഞ്ഞാണിയിലെ മങ്കോര് ഇല്ലത്തെ സുശീല അന്തർജനം. മൂന്നു സഹോദരന്മാരിൽ രണ്ടാമൻ. തടുക്കശ്ശേരിമന യുപി.സ്കൂളിലെ അധ്യാപകരായിരുന്നു വല്യച്ഛൻമാരും അപ്ഫൻമാരും. അച്ഛൻ പിന്നീട് മലയാളത്തിൽ ബിരുദം നേടി ഹൈസ്കൂൾ അധ്യാപകനായി. സാമൂഹ്യ പരിഷ്കർത്താവും രാഷ്ട്രീയ നേതാവുമായിരുന്ന ഐ,സി.പി. നമ്പൂതിരിയുടെ നേതൃത്വത്തിൽ ചളവറയിൽ പുതുതായി ആരംഭിച്ച ഹൈസ്കൂളിൽ അച്ഛൻ മലയാളം അധ്യാപകനായി എത്തിയതോടെയാണ് ആ പ്രദേശത്തിന്റെ ഭാഗമാകുന്നത്. സ്കൂൾവിദ്യാഭ്യാസകാലം മുഴുവൻ ചളവറയിലായിരുന്നു. രാഷ്ട്രീയമായി പ്രബുദ്ധമായിരുന്ന ചളവറയിലെ വായനശാല കലാ സാംസ്കാരികപ്രവർത്തനങ്ങളുടെ കേന്ദ്രവുമായിരുന്നു. ഇതിലെല്ലാം സജീവമായി പങ്കെടുത്തിരുന്നു. ഇത് വായനയുടെ ലോകത്തേക്കും ലോകവീക്ഷണം വിശാലമാകുന്നതിലേക്കും നയിച്ചു എന്നു പറയാം.





*ന്യൂഡൽഹിയിൽ വെച്ച് നടന്ന വേൾഡ് ബുക്ക് ഫെയറിൽ തഥാപി എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം പ്രശസ്ത സാഹിത്യകാരൻ പുനത്തിൽ കുഞ്ഞബ്ദുള്ള നിർവഹിക്കുന്നു*

സാമൂഹ്യ പരിഷ്കർത്താവും രാഷ്ട്രീയ നേതാവുമായിരുന്ന ഐ,സി.പി. നമ്പൂതിരിയുടെ നേതൃത്വത്തിൽ ചളവറയിൽ പുതുതായി ആരംഭിച്ച ഹൈസ്കൂളിൽ അച്ഛൻ മലയാളം അധ്യാപകനായി എത്തിയതോടെയാണ് ആ പ്രദേശത്തിന്റെ ഭാഗമാകുന്നത്.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പ്രീഡിഗ്രിക്ക് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ ചേർന്നു. തുടർന്ന് പട്ടാമ്പി ശ്രീനീലകണ്ഠ ഗവ. സംസ്കൃതകോളജീൽനിന്ന് മലയാളത്തിൽ കാലിക്കറ്റ് സർവകലാശാലയിലെ ഒന്നാം റാങ്കുകാരനായി ബിരുദം നേടി. മലയാളത്തിൽ ഉപരിപഠനത്തിനായി കാലിക്കറ്റ് സർവകലാശാലയിലെ മല



*ഡോ. സതീശനും കുടുംബവും*

യാളവിഭാഗത്തിൽചേർന്നു. അവിടെ നിന്നും എം.എയും എംഫിലും റാങ്കോടെ പാസ്സായി. യുജിസിയുടെ ജൂനിയർറിസർച്ച് ഫെലോഷിപ്പോടെ ഡോ.വേണുഗോപാലപ്പണിക്കരുടെ മാർഗനിർദ്ദേശത്തിൽ പി.കുഞ്ഞിരാമൻനായരുടെ കാവ്യബിംബങ്ങളെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് ഡോക്ടറേറ്റും നേടി. ഭക്തകവി എന്ന ലേബലൊട്ടിച്ച് മാറ്റി നിർത്താൻ ശ്രമിച്ച പി.യുടെ വ്യക്തിജീവിതത്തിലെ അവ്യവസ്ഥയും പെരുപ്പിച്ചു കാണിച്ച് അദ്ദേഹത്തിന്റെ കവിതയോടു വിമുഖത കാണിച്ചിരുന്നതിനോടുള്ള വിപ്രതിപത്തിയാണ് കാവ്യബിംബങ്ങളെ മുൻനിർത്തി പിയുടെ കാവ്യലോകത്തെ വിശദീകരിക്കാനുള്ള പഠനത്തിലേക്ക് എന്നെ നയിച്ചത്.

*?ഔദ്യോഗിക ജീവിതത്തെപ്പറ്റി?*

1988ലാണ് കോഴിക്കോട് ഗുരുവായൂരപ്പൻ കോളജിൽ മലയാളം അധ്യാപകനായി നിയമനം ലഭിക്കുന്നത്. നൂറ്റിപ്പത്തോളം അപേക്ഷകരിൽനിന്നാണ് അഭിമുഖത്തിനുശേഷം ഒന്നാമതായി എന്നെ നിയമനത്തിനു തെരഞ്ഞെടുത്തത്. അന്ന് കലക്ടറായിരുന്ന പ്രസിദ്ധകവിയും ഗാനരചയിതാവും വിവർത്തകനുമായ കെ. ജയകുമാർ ഇന്റർവ്യൂ ബോർഡിൽ സർക്കാർ പ്രതിനിധിയായി ഉണ്ടായിരുന്നു. മിക്കവാറും ചോദ്യങ്ങൾ ചോദിച്ചത് അദ്ദേഹമായിരുന്നു. കുഞ്ഞിരാമൻ നായരുടെ വ്യക്തിജീവിതത്തെയും കാവ്യജീവിതത്തെയും ബന്ധപ്പെടു

**അന്ന് കോഴിക്കോട് കലക്ടറായിരുന്ന പ്രസിദ്ധകവി കെ. ജയകുമാർ ഇന്റർവ്യൂ ബോർഡിൽ സർക്കാർ പ്രതിനിധിയായി ഉണ്ടായിരുന്നു.**

ത്തിയുള്ള ചോദ്യത്തിന്. വ്യക്തിജീവിതത്തിൽനിന്നും കാവ്യചെന്താമരകളെ വിരിയിച്ചെടുത്തകവിയാണ് പി.എന്ന എന്റെ മറുപടിയിലെ വ്യംഗ്യം അദ്ദേഹത്തിനു രസിച്ചു.

കോഴിക്കോടുമായി അടുത്ത് ഇടപഴകുന്നത് ഗുരുവായൂരപ്പൻ കോളജിലെ അധ്യാപനകാലത്താണ്. അതിനുമുമ്പും മഹാകവി അക്കിത്തം, മാതൃഭൂമി പത്രാധിപരായിരുന്ന വി.എം. കൊറാത്ത്, കെ.പി.ശശിധരൻ മുതലായവരുടെ നേതൃത്വത്തിൽ കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന തപസ്യയുമായി ആത്മബന്ധമുണ്ടായിരുന്നു. എന്നാൽ ചരിത്രപ്രസിദ്ധമായ ഗുരുവായൂരപ്പൻകോളജിലെ അധ്യാപകനായി പ്രവർത്തിച്ചത് 'കാലം കുറഞ്ഞദിനമെങ്കിലും അർത്ഥദീർഘം' എന്നു വിശേഷിപ്പിക്കാം. ഇങ്ങനെ കോഴിക്കോടിന്റെ സാഹിത്യ സാംസ്കാരികജീവിതത്തോട് ഇണങ്ങിനിന്ന കാലയളവ് ജീവിതത്തിലെ ഏറ്റവും സമ്പന്നവും സമൃദ്ധവുമായിരുന്നു. സുകുമാർ അഴീക്കോട് സാറിന്റെയും എം.എം.ബഷീർസാറിന്റെയും വിദ്യാർത്ഥി എന്ന നിലയിൽ സാഹിത്യരംഗത്തെ പ്രശസ്ത വ്യക്തികളുമായി പരിചയപ്പെടാനും സംവദിക്കാനും എളുപ്പമായിരുന്നു. ബഷീർ, പൊറ്റെക്കാട്, തിക്കോടിയൻ, എം.ടി., എൻ.പി., കക്കാട്, കുഞ്ഞുണ്ണിമാഷ്, ആർ രാമചന്ദ്രൻ, യു.എ.ഖാദർ, ജി., ഭാർഗവൻപിള്ള, ഒ.എൻ.വി.കുറുപ്പ് എന്നിങ്ങനെ എത്രയോ വ്യക്തികളുമായി പരിചയപ്പെടാൻ കഴിഞ്ഞത് കോഴിക്കോടിന്റെ ഭാഗമായി ജീവിച്ച കാലത്താണ്.

*? അലിഗഢിൽ എത്തുന്നത്?*

കേരളത്തിൽ പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരിയ്ക്കടുത്തുള്ള ഏതാണ്ട് അവികസിതമെന്ന് പറയാവുന്നതും എന്നാൽ രാഷ്ട്രീയമായും സാംസ്കാരികമായും ഏറെ പ്രബുദ്ധവുമായിരുന്ന ചളവറ എന്ന ഒരു ഗ്രാമത്തിൽനിന്നും ആരംഭിച്ച ജീവിതയാത്രയിൽ ഉത്തരേന്ത്യയിലെ അലീഗഢ് എന്ന നഗരത്തിലെ അലീഗഢ് മുസ്ലീം സർവകലാശാലയിൽ മലയാളം പഠിപ്പിക്കാനുള്ള നിയോഗവുമായി എത്തിയത് തികച്ചും യാദൃച്ഛികമായിരുന്നു.

ഗുരുവായൂരപ്പൻകോളജിൽ നിന്നാണ് ജീവിതം അലിഗഢിലേക്ക് പറിച്ചു നടുന്നത്. അവിടെ പഠിപ്പിക്കുന്ന സമയത്താണ് വെറും ഒരു കൌതുകത്തിനുവേണ്ടി ഉത്തർപ്രദേശിലെ അലിഗഢിൽ ജോലിക്കായി അപേക്ഷ അയയ്ക്കുന്നത്. സർ സയ്യിദ് അഹമ്മദ് ഖാൻ എന്ന സാമൂഹികപരിഷ്കർത്താവിന്റെ വിദ്യാഭ്യാസദൌത്യത്തിന്റെ ഭാഗമായി തുടങ്ങി പിന്നീട് 1921ൽ അലിഗഢ് മുസ്ലിം സർവകലാശാലയെന്ന പേരിൽ പ്രസിദ്ധമായ സർവകലാശാലയിലെ മലയാളം അധ്യാപകനിയമനത്തിനാണ് അപേക്ഷ നൽകിയത്. കലിക്കറ്റ് സർവകലാശാലയിൽനിന്നും ഹിന്ദിയിൽ ഞാൻ ഒരു ഡിപ്ലോമ എടുത്തിരുന്നു. ആ ഡിപ്ലോമ അലിഗഢിലെ ഇന്റർവ്യൂവിൽ എനിക്ക് അല്പം മേൽക്കൈ നേടാൻ സഹായിച്ചു എന്ന വസ്തുത പറയാതെ വയ്യ. ഇന്റർവ്യൂ നന്നായെങ്കിലും ജോലി കിട്ടുമെന്ന് ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. കിട്ടിയാലും ഉത്തരേന്ത്യയിൽ മലയാളം പഠിപ്പിച്ചു കഴിയാൻ ഉദ്ദേശിച്ചിരുന്നുമില്ല. തിരിച്ചെത്തി ഗുരുവായൂരപ്പൻകോളജിൽ പഠിപ്പിക്കുമ്പോഴാണ് അവിടെ നിയമനം ലഭിച്ച വിവരം അറിയുന്നത്. കേന്ദ്ര സർവകലാശാലാ അധ്യാപകപദവി ആരും കൊതിക്കുന്നതും ദുർല്ലഭവുമായ ഒന്നാണ്. അതാണ് സുലഭമായി കൈവന്നതെങ്കിലും മലയാളം പഠിപ്പിക്കുന്ന ജോലി ഉത്തരേന്ത്യയിലാണല്ലോ എന്ന ആശങ്ക എന്നെ വിട്ടു മാറിയില്ല.

കുറച്ചുകാലം അലീഗഢിൽ കഴിച്ചുകൂട്ടുകയും ഉത്തരഭാരതത്തിലെ പ്രമുഖസ്ഥലങ്ങളും തീർത്ഥസ്ഥാനങ്ങളും വിനോദസഞ്ചാരകേന്ദ്രങ്ങളും കാണുകയും ചെയ്തശേഷം അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലേക്ക് മടങ്ങാമെന്നു കരുതിയാണ് അലീ

ഗഢിലെത്തിയതെങ്കിലും പിന്നീട് അത് സ്വന്തം ജീവിതത്തിന്റെ ഭാഗമായി മാറുകയോ മാറ്റുകയോ ചെയ്തുവെന്നു പറയാം. ആധുനിക ഭാരതീയഭാഷാവിഭാഗമെന്ന ഡിപ്പാർട്മെന്റിലാണ് 1988 നവംബർ 1ന് കേരളപ്പിറവി -മലയാളദിനത്തിൽ മലയാളം അധ്യാപകനായി ജോലിയിൽ പ്രവേശിക്കുന്നത്. തമിഴ്, തെലുഗു, ബംഗാളി, മറാത്തി മുതലായ ഭാഷകൾക്കൊപ്പമായിരുന്ന മലയാളവും. അതുകൊണ്ട് ക്ലാസ്സിൽ മാത്രമേ മലയാളം ഉപയോഗിക്കേണ്ടതായി വന്നുള്ളു. മറ്റുള്ളവരുമായി ആശയവിനിമയത്തിന് ഇംഗ്ലീഷോ ഹിന്ദിയോ വേണം എന്നത് തുടക്കത്തിൽ പ്രശ്നമുമുണ്ടാക്കി. ധാരാളം മലയാളി വിദ്യാർത്ഥികൾ കാമ്പസ്സിലുണ്ടായിരുന്നതിനാൽ എല്ലാവരുമായി ചേർന്ന് ജീവിതം നദീജലപ്പരപ്പിലെ കൊച്ചോളങ്ങളിൽ നീങ്ങുന്ന വഞ്ചിപോലെ മന്ദമായി മുന്നോട്ടു പൊയ്കൊണ്ടിരുന്നു. ക്രമേണ അത്യാവശ്യം കഴിഞ്ഞുകൂടാനുള്ള അന്യഭാഷാപ്രാവീണ്യവും നേടി.

*? കുടുംബവിശേഷങ്ങൾ?*

വിവാഹിതനാകുന്നത് ഇക്കാലത്താണ്. ഗുരുവായൂരിലെ കൊടയ്ക്കാട് ഇല്ലത്തെ ഗീതയാണ് സഹധർമ്മിണി. സംസ്കൃതത്തിൽ എം.എ. ബിരുദമുള്ള ഗീത പിന്നീട് സംസ്കൃതത്തിൽ എംഫിലും നേടി. കുറച്ചു നാൾ അധ്യാപികയായി ജോലി നോക്കിയെങ്കിലും സംഗീത, പ്രണവ് എന്നീ മക്കളുണ്ടായപ്പോൾ ജോലി വേണ്ടെന്നുവെച്ചു. ആർക്കിടെക്ടായ മകൾ വിവാഹിതയായി. വെളുത്താട്ട് ഇല്ലത്തെ നീലകണ്ഠനാണ് ഭർത്താവ് മംഗലാപുരത്ത് അധ്യാപകരാണ് ഇരുവരും. മകൻ ഐ.ടി മേഖലയിൽ ബംഗലൂരുവിൽ ജോലി ചെയ്യുന്നു.

*? അലീഗഢ് അധ്യാപന അനുഭവങ്ങൾ ?*

പ്രവാസിയായി കഴിയുന്നുവെന്ന ഒറ്റപ്പെടലിനേക്കാൾ കേരളത്തിന്റെയും മലയാളഭാഷയുടെയും പ്രതിനിധിയാണെന്ന അഭിമാനമാണ് അലീഗഢ് ജീവിതം എനിക്കു സമ്മാനിച്ചത്. ഭാഷയുടെയും ഭക്ഷണത്തിന്റെയും കാലാവസ്ഥയുടെയും പ്രാതികൂല്യങ്ങളൊന്നും ഈ അഭിമാനബോധത്തിനു മുമ്പിൽ നിവർന്നു നിന്നില്ല. ബഷീറിനെക്കുറിച്ചും എം.ടിയെക്കുറിച്ചും അയ്യപ്പപ്പണിക്കരെക്കുറിച്ചും ഏറെ മതിപ്പോടെ ഉത്തരേന്ത്യയിലെ പണ്ഡിതന്മാർ സംസാരിക്കുന്നതു കേൾക്കുമ്പോൾ 'മത്താടിക്കൊൾക ഭിമാനമേ നീ' എന്നു മനസ്സു നിറയും. പല ഭാഷകളിലായി അലീഗഢിൽ നടന്ന സെമിനാറുകളിൽ മലയാളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ കഴിഞ്ഞതും അന്യഭാഷാ പണ്ഡിതന്മാരെ പരിചയപ്പെടാൻ കഴിഞ്ഞതും അലീഗഢ് തന്ന സൌഭാഗ്യമാണ്.

> **കേരളത്തെയും മലയാളത്തെയും ഉത്തരേന്ത്യക്കാർക്കു പരിചയപ്പെടുത്താൻ കിട്ടുന്ന സന്ദർഭങ്ങളെല്ലാം വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞുവെന്നാണ് ഞാൻ കരുതുന്നത്.**

കേരളത്തെയും മലയാളത്തെയും ഉത്തരേന്ത്യക്കാർക്കു പരിചയപ്പെടുത്താൻ കിട്ടുന്ന സന്ദർഭങ്ങളെല്ലാം വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞുവെന്നാണ് ഞാൻ കരുതുന്നത്. 1989ൽ ഇന്ദുലേഖയെന്ന മലയാള നോവലിന്റെ നൂറാം വാർഷികമെന്ന നിലയിൽ ഒരു ദേശീയസെമിനാർ സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞതാണ് അലിഗഢ് ജീവിതത്തിലെ ആദ്യത്തെ ശ്രദ്ധേയമായ നേട്ടം. കേരളത്തിലെയും ദെൽഹിയിലെയും എഴുത്തുകാരെ അലീഗഢിലേക്കു ക്ഷണിച്ച് ഒരു മലയാളം സെമിനാർ സംഘടിപ്പിക്കുക എന്നത് അത്ര എളുപ്പമായ കാര്യമായിരുന്നില്ല. എന്നാലും അത് വിജയകരമായി നടത്താൻ കഴിഞ്ഞുവെന്നു മാത്രമല്ല, കേരളത്തിൽ അതിനു വലിയതോതിൽ പ്രചാരം ലഭിച്ചുവെന്നതും പ്രത്യേകം പറയേണ്ടതുണ്ട്. പദ്മശ്രീ വെള്ളായണി അർജ്ജുനൻ സാറിന്റെ നേതൃത്വത്തിൽ 1961മുതൽ അലീഗഢ് സർവകലാശാലയിൽ മലയാളം പഠിപ്പിക്കുന്നുണ്ടെങ്കിലും കേരളത്തിൽ അതിനു പ്രചാരവും പ്രശസ്തിയും ലഭിച്ചത് ഈ സെമിനാറോടുകൂടിയാണ്. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ നോവലുകളിലൂടെ മലയാളികൾ വായിച്ചറിഞ്ഞ അലീഗഢ്, ഇന്ദുലേഖാ സെമിനാറോടെ കൂടുതൽ ജനശ്രദ്ധനേടി. അതിലൂടെ മലയാളവിഭാഗവും അക്കാദമികലോകത്തിനു മുമ്പിൽ ശ്രദ്ധനേടി. 2025ൽ എം.ടി വാസുദേവൻനായരെക്കുറിച്ചും ഒരു പരിപാടി സർവകലാശാലാതലത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു.

*? മലയാളം അധ്യാപകനെന്ന നിലയിലുള്ള ഓർമ്മകൾ?*

മലയാളവും ഞാനും പരസ്പരപൂരകമായി നീങ്ങിയ മൂന്നര പതിറ്റാണ്ട് മലയാളവിഭാഗത്തിന്റെയും എന്റെയും വളർച്ചയുടെ ഭാഗമാണ്. അലീഗഢ് സർവകലാശാലയിലെ മലയാളം അധ്യാപകനെന്ന നിലയിലാണ് കേരളത്തിനകത്തും പുറത്തും ഞാൻ അറിയപ്പെട്ടത്. മലയാളികൾക്കും അന്യഭാഷക്കാർക്കും അലീഗഢിലെ മലയാളം അധ്യാപകൻ ഒരു കൌതുകമോ വിസ്മയമോ ആയിരുന്നു. മലയാളത്തിൽ എം.എയും പി.എച്ച് ഡിയും ബിരുദപഠനം നടക്കുന്ന ഉത്തരേന്ത്യയിലെ ഒരേയൊരു സർവകലാശാലയാണ് അത്. അതുകൊണ്ടുതന്നെ മലയാളത്തിന്റെയും കേരളത്തിന്റെയും അനൌദ്യോഗിക പ്രതിനിധിയായാണ് സർവകലാശാലയിൽ പ്രവർത്തിച്ചു വന്നത്. മലയാളവുമായോ കേരളവുമായോ ബന്ധപ്പെട്ട് സംശയനിവാരണത്തിനോ വിശദീകരണത്തിനോ ആയി മറ്റു വിഭാഗങ്ങളിലെ അധ്യാപകരും ഗവേഷകരും മലയാളവിഭാഗത്തെ സമീപിക്കാറുണ്ട്. അതിനാൽ കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങാതെ കൂടുതൽ ഉത്തരവാദിത്വത്തോടെയാണ് പെരുമാറിയിരുന്നത്. കാമ്പസ്സിനു പുറത്തു താമസിക്കുന്ന മലയാളി സമൂഹത്തെ കാമ്പസ്സിലെ പരിപാടികളിൽ പങ്കെടുപ്പിക്കാനും സാഹിത്യസാംസ്കാരിക പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാനും കഴിഞ്ഞതിനാൽ ശക്തമായ മലയാളി കൂട്ടായ്മ രൂപപ്പെട്ടിരുന്നു.

അലീഗഢിലെ മലയാളം അധ്യാപകനെന്ന നിലയിൽ വിദ്യാർത്ഥികളെ മലയാളം പഠിപ്പിക്കുക എന്നതാണ് പ്രാഥമികമായ കർത്തവ്യം.

മലയാളം എം.എക്കും ഗവേഷണത്തിനുമുള്ളവരെ പഠിപ്പിക്കുന്നത് മലയാളത്തിലാണെന്നതിനാൽ ബുദ്ധിമുട്ടു തോന്നിയിരുന്നില്ല. അവരെല്ലാം കേരളത്തിലും പുറത്തുമായി ജോലി ചെയ്യുന്നു എന്നത് സന്തോഷമുള്ള കാര്യമാണ്. മലയാളം പഠിക്കാനെത്തുന്ന അന്യഭാഷാവിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് അല്പം ശ്രമകരമായ അഭ്യാസമാണ്. മലയാളത്തിന്റെ ഉച്ചാരണം ശരിയാക്കിയെടുക്കുന്നതാണ് ക്ലേശകരമായ പണി. ഹിന്ദിയിലോ ഇംഗ്ലീഷിലോ വേണം അത് ചെയ്യാൻ എന്നതാണ് മറ്റൊരു വെല്ലുവിളി. രസകരമായ നിരവധി സന്ദർഭങ്ങൾക്ക് അത്തരം ക്ലാസ്സുകൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്. മലയാളം എന്ന ഭാഷാനാമംതൊട്ട് വിശദീകരണം വേണ്ടി വരും. മൽയാലം എന്ന കുട്ടികളുടെ ഹിന്ദി ഉച്ചാരണത്തിൽ നിന്ന് മലയാളം എന്ന ഉച്ചാരണത്തിലെത്തിക്കാൻ നല്ല ശ്രമം വേണം. അന്യഭാഷകളിലെ ഉച്ചാരണവുമായി താരതമ്യം ചെയ്ത് ര,റ, ല,ള, റ്റ, ഴ എ,ഏ, ഐ,ഒ,ഓ,ഔ മുതലായവയുടെ ഉച്ചാരണം ശരിയാക്കണം. പിന്നീട് പദങ്ങളിലേക്കും വാക്യങ്ങളിലേക്കും കടക്കുമ്പോഴും മലയാളഭാഷയുടെ രസകരമായ പല സവിശേഷതകളും ക്ലാസ്സിൽ ഉയർന്നു വരാറുള്ളത് ദ്വിതീയഭാഷാപഠനം നേരിടുന്ന പല പ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ പര്യാപ്തമാണ്.

മറ്റു ഭാഷകൾ പഠിക്കുവാനുള്ള ശ്രമങ്ങളും സർഗാത്മക സൃഷ്ടികളും ?

അധ്യാപനത്തോടൊപ്പം അധ്യയനവും തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞതാണ് അലീഗഢ് ജീവിതം സമ്മാനിച്ച സൌഭാഗ്യങ്ങളിലൊന്ന്. സംസ്കൃതത്തിൽ എം.എ.യും ഹിന്ദി, തമിഴ്, ഭാഷാശാസ്ത്രം എന്നിവയിൽ ഡിപ്ലോമയും നേടാൻ കഴിഞ്ഞത് അന്യഭാഷാസാഹിത്യങ്ങളെക്കുറിച്ചുള്ള ധാരണ വളർത്താൻ സഹായകമായി. വിവർത്തനമേഖലയിലേക്ക് എത്തിപ്പെടുന്നത് അങ്ങനെയാണ്. ആദ്യവിവർത്തനസംരംഭം മാതൃഭൂമി പ്രസിദ്ധീകരിച്ച 'തഥാപി' എന്ന നോവലാണ്. കാളിദാസന്റെ മേഘസന്ദേശത്തെ ഉപജീവിച്ച് പ്രമോദ് ത്രിവേദി ഹിന്ദിയിൽ എഴുതിയ നോവൽ മലയാളത്തിലേക്കു പരിഭാഷപ്പെടുത്താൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ അനുഭവമാണ്. കാളിദാസനോടും മേഘസന്ദേശത്തോടും നോവലിനോടും നീതിപുലർത്താനും സാധ്യമായ വിധത്തിൽ മൊഴിമാറ്റം ചെയ്യാനും കഴിഞ്ഞുവെന്നത് മനസ്സിന് നിർവൃതി തരുന്നു. ഭാഷാസമന്വയവേദി അഭയദേവ് പുരസ്കാരം നൽകി ആ വിവർത്തനത്തിന് അംഗീകാരവും നൽകി എന്നതും പ്രത്യേകം സൂചിപ്പിക്കട്ടെ. പഞ്ചാബി ആത്മകഥയായ 'ഞാൻ ജഡ്ജിയുടെ ശിപായി ആയിരുന്നു' എന്ന മറ്റൊരു വിവർത്തനവും മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവർത്തനത്തിനുള്ള ബാബാ ഫരീദ് സമ്മാൻ എന്ന അംഗീകാരവും അതിനു ലഭിച്ചിട്ടുണ്ട്. പലപ്പോഴായി മാതൃഭൂമി റിപ്പബ്ലിക് ദിനപ്പതിപ്പിൽ പ്രസിദ്ധീകരിച്ചതുൾപ്പടെ പല കഥകളും ഹിന്ദിയിൽനിന്നും വിവർത്തനം ചെയ്തു. ആനുകാലികങ്ങളിലും ഗവേഷണമാസികകളിലും പ്രസിദ്ധീകരിച്ച ലേഖനങ്ങളോടൊപ്പം പി.കുഞ്ഞിരാമൻനായരുടെ കാവ്യബിംബങ്ങളെക്കുറിച്ചും ഒറവങ്കരക്കവിതയെക്കുറിച്ചും ഗവേഷണസ്വഭാവമുള്ള ഓരോ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അലീഗഢിലെ മലയാളപഠനത്തിന്റെ രേഖയെന്ന നിലയിൽ അലീഗഢ് മലയാളം എന്ന കൃതി ശ്രദ്ധനേടി. സെമിനാറുകളിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിൽ നിന്നും തെരഞ്ഞെടുത്തവ ദെൽഹിയിൽനിന്നും Echoes of Heritage എന്നപേരിൽ 2025ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സന്ദേശകാവ്യങ്ങളുടെ സാംസ്കാരികപരിസരമെന്ന പുസ്തകവും ഉടനെ പ്രസിദ്ധീകരിക്കും.

> ബഷീറിനെക്കുറിച്ചും എം.ടിയെക്കുറിച്ചും അയ്യപ്പപ്പണിക്കരെക്കുറിച്ചും ഏറെ മതിപ്പോടെ ഉത്തരേന്ത്യയിലെ പണ്ഡിതന്മാർ സംസാരിക്കുന്നതു കേൾക്കുമ്പോൾ 'മത്താടിക്കൊൾകഭിമാനമേ നീ' എന്നു മനസ്സു നിറയും.

*? സെമിനാറുകളിലെ പങ്കാളിത്തം?*

അലീഗഢിന്റെ ഭാഗമായി നിരവധി ദേശീയവും അന്തർദേശീയവുമായ സെമിനാറുകളിൽ പങ്കെടുക്കാൻ കഴിഞ്ഞുവെന്നതാണ് മറ്റൊരു നേട്ടം. അലീഗഢ് സർവകലാശാലയിലെ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സെമിനാറുകളിലും ലിംഗ്വിസ്റ്റിക് സൊസൈറ്റി ഓഫ് ഇന്ത്യ, ആൾ ഇന്ത്യ ഓറിയന്റൽ കോൺഫറൻസ്, കംപാരറ്റീവ് ലിറ്ററേച്ചർ അസ്സോസിയേഷൻ ഓഫ് ഇന്ത്യ, ഇന്ത്യൻ സൊസൈറ്റീസ് ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസ് എന്നിങ്ങനെ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന അക്കാദമിക സംഘടനകളുടെ സെമിനാറുകളിലും പങ്കെടുക്കാനും ഓരോ മേഖലയിലെയും പ്രശസ്തരായ പല വിദ്വാന്മാരുമായും പരിചയപ്പെടുന്നതിനും കഴിഞ്ഞത് മറക്കാനാവാത്ത അനുഭവമാണ്. ലേഹ്-ലദ്ദാക്ക് ഗാങ്ടോക്ക്, ഉജ്ജയിനി, വാരണാസി, പുരി, രാംടേക്ക്, സാഞ്ചി, ചെന്നൈ, ജയപ്പൂർ, കൊൽക്കൊത്ത, ലഖ്നൌ, ബംഗലൂരു എന്നിങ്ങനെ ഭാരതത്തിലെ എത്രയെത്ര സ്ഥലങ്ങളിൽ സെമിനാറുകളുടെ ഭാഗമായി പോകാനും കാഴ്ചകൾ കാണാനും കഴിഞ്ഞുവെന്ന് ഇപ്പോൾ ആലോചിക്കുമ്പോൾ അദ്ഭുതം തോന്നുന്നു. അവിടെയൊക്ക മലയാളത്തിന്റെ പേരിൽ സ്വയം പരിചയപ്പെടുത്തുമ്പോൾ ഭാഷയുടെ പ്രതിനിധി എന്ന നിലയിലുള്ള സ്നേഹവും അംഗീകാരവും എനിക്കു ലഭിച്ചിരുന്നു. സിക്കിമിലെ ഗാങ്ടോക്കിൽ ഒരു സെമിനാർ കഴിഞ്ഞു മടങ്ങുമ്പോഴാണ് വലിയ ഭൂകമ്പമുണ്ടായത്. ഞാൻ താമസിച്ചിരുന്ന കെട്ടിടവും തകർന്നു വീണവയിൽ പെട്ടിരുന്നു. ഭാഗ്യത്തിന് ഏതാനും മണിക്കൂറുകൾക്കു മുമ്പ് ഞാൻ അവിടെ നിന്നും യാത്രപുറപ്പെട്ടിരുന്നു. വഴിനീളെ പാറക്കഷണങ്ങൾ വീണ് യാത്ര പലയിടത്തും തടസ്സപ്പെട്ടിരുന്നു. ലദ്ദാക്കിലെ സെമിനാറിനു പോയപ്പോൾ സിന്ധുനദിയുടെ ഉദ്ഭവസ്ഥാനവും പ്രാചീനമായ പല ബുദ്ധവിഹാരങ്ങളും സന്ദർശിക്കാൻ കഴിഞ്ഞു. പല ജനത പലേ നിബന്ധനം, പലനഗരം പലവേഷഭാഷകൾ എന്ന് ലീലയിൽ കുമാരനാശാൻ വിശേഷിപ്പിച്ചപോലെ ഓരോ സെമിനാറും പുതിയ കുറേ അറിവുകളും അനുഭവങ്ങളും സമ്മാനിച്ചുകൊണ്ടാ

ണ് അവസാനിച്ചത്.

*? ഏതെങ്കിലും പ്രത്യേക അനുഭവം ഓർത്തെടുക്കാമോ?*

ഭാഷാശാസ്ത്രവിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനസർവേയുടെ ഭാഗമായി മധ്യപ്രദേശിലെ ഹർദ എന്ന തേക്കിൻതടികൾക്കു പ്രസിദ്ധമായ ജില്ലയിലെ വനമേഖലയിൽ കുറച്ചുദിവസം കഴിയേണ്ടി വന്നത് രസകരമായ അനുഭവമാണ്. 'കൊർകു' എന്ന ലുപ്തമായിക്കൊണ്ടിരിക്കുന്ന ഒരു ഭാഷയുമായി ബന്ധപ്പെട്ടതായിരുന്നു ആ പഠനസർവേ. ദ്രാവിഡഭാഷകളുടെ ചില സ്വഭാവം പ്രകടിപ്പിക്കുന്ന ഭാഷയാണ് കൊർകു.

പതിനഞ്ചോളം ഭാഷാശാസ്ത്ര വിദ്യാർത്ഥികളും അധ്യാപകരായി ഞങ്ങൾ രണ്ടുപേരും. താമസവും വനയാത്രയ്ക്കുള്ള വാഹനങ്ങളും സുരക്ഷാ ഉദ്യോഗസ്ഥരും ജില്ലാ ഭരണകൂടം ഒരുക്കിയിരുന്നു. ഫീൽഡ് സർവേ വ്യത്യസ്തമായ അനുഭവമായിരുന്നു. ഉള്ള പരിമിതമായ സൌകര്യങ്ങളിലും സന്തോഷത്തോടെ ജീവിക്കുന്ന അവരുടെ ജീവിത ദർശനം എന്തുകിട്ടിയാലും മതിയാവാത്ത ആർത്തി കാണിക്കുന്ന നാഗരികന്മാർക്ക് ഒരു പാഠമാണ്. കൊടും കാട്ടിൽ വനവാസികളുടെ ജീവിതവും അവരുടെ സാംസ്കാരികത്തനിമയും ജീവിതസാഹചര്യങ്ങളും നേരിട്ടറിയാൻ ഇതിലൂടെ അവസരം ലഭിച്ചു.

തിരിച്ചു വരുന്ന വഴിക്ക് ഞങ്ങൾ സഞ്ചരിച്ച ജീപ്പ് ഒരു കൊക്കയിലേക്കു മറിഞ്ഞ് കുറച്ചു നേരം മരണത്തെ മുഖാമുഖം കണ്ടതിന്റെ ഓർമ മനസ്സിൽ ഇപ്പോഴുമുണ്ട്. എതിർവശത്തുനിന്നു വന്ന വാഹനത്തിന്റെ പ്രകാശത്തിൽ കണ്ണു മഞ്ഞളിച്ച ഡ്രൈവറുടെ നിയന്ത്രണം വിട്ട് ഞങ്ങളുടെ വാഹനം റോഡിൽനിന്നു തെന്നിമാറി മറിഞ്ഞു താഴോട്ടു പൊയ്ക്കൊണ്ടിരുന്നു. വനഭുവിമധ്യത്തിൽ ജീവിതത്തിന്റെ കൊട്ടിക്കലാശമെന്നു കരുതി കണ്ണുമടച്ച് ദൈവത്തെ മാത്രം മനസ്സിൽ കരുതി. താഴോട്ടു പോകുന്നതിനിടയിൽ ഒരു മരത്തിന്റെ വേരിലുടക്കി വാഹനം തലകീഴായി നിന്നു. തൂങ്ങി നിന്ന ജീപ്പിൽനിന്ന് ഞങ്ങൾ പുറത്തിറങ്ങി.

**അധ്യാപനത്തോടൊപ്പം അധ്യയനവും തുടർന്നുകൊണ്ടു പോകാൻ കഴിഞ്ഞതാണ് അലീഗഢ് ജീവിതം സമ്മാനിച്ച സൌഭാഗ്യങ്ങളിലൊന്ന്.**

മുൻ സീറ്റിലിരുന്ന ഞങ്ങൾക്ക് ചിലയിടത്ത് ചതവു പറ്റിയതേ ഉള്ളു. എന്നാൽ ഞങ്ങളുടെ സുരക്ഷയ്ക്കായി വന്ന രണ്ടുപൊലീസുകാർക്ക് ദേഹത്തിൽ പലയിടത്തും മുറിവുകളുണ്ടായിരുന്നു. തകിടം മറിച്ചിലിനിടയിൽ വലത്തെ തോളെല്ലിനു പറ്റിയ ചതവു കാരണം എനിക്ക് മൂന്നുമാസത്തോളം ഫിസിയോതെറാപ്പി ചെയ്യേണ്ടി വന്നു എന്നതാണ് സർവേകൊണ്ടുണ്ടായ ഫലം.

*? കേരളത്തിലെ ഔദ്യോഗികജിവിതാനുഭവങ്ങൾ?*

അലീഗഢിന്റെ ഭാഗമായി കേരളത്തിലും കുറച്ചു നാൾ ജോലി ചെയ്യാനായി എന്നതാണ് ജീവിതത്തിലെ മറ്റൊരു യാദൃച്ഛികത. പെരിന്തൽമണ്ണയിലെ അലീഗഢ് കാമ്പസ്സിന്റെ ഡയറക്ടറായി വൈസ് ചാൻസലർ താല്ക്കാലികമായി നിയമിച്ചതനുസരിച്ചാണ് ഔദ്യോഗിക പദവിയിൽ കേരളത്തിലെത്തുന്നത്. ഏലംകുളം പഞ്ചായത്തിലെ മനോഹരമായഒരു കുന്നിൻമുകളിലാണ് ആ കാമ്പസ്സ്. ഡയറക്ടറെന്ന നിലയിൽ പ്രാരംഭദശയിലെ പരാധീനതകളെ അതിജീവിച്ചുകൊണ്ട് കുറച്ചുകാലംകൊണ്ട് സാധ്യമായ വിധത്തിൽ കാമ്പസ്സിന്റെ വികസനത്തിന് നേതൃത്വം നൽകാൻ കഴിഞ്ഞുവെന്നാണ് വിശ്വസിക്കുന്നത്.

അക്കാലത്ത് കോഴിക്കോട് ആകാശവാണിയിൽ ഹിന്ദിവാരാചരണത്തിന്റെ സമാപനസമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് ഹിന്ദിയിൽ പ്രസംഗിച്ചതും സമ്മാനദാനം നടത്തിയതും ഓർമ്മയുണ്ട്. അക്കാലത്തുതന്നെയാണ് മലയാളം സർവകലാശാലയുടെ വൈസ്ചാൻസലർ നിയമനത്തിനുള്ള രണ്ടുപേരുടെ ചുരുക്കപ്പട്ടികയിൽ ഇടംനേടുന്നത്. നിയമനം ലഭിച്ചില്ലെങ്കിലും അതും ഒരുതരത്തിൽ അംഗീകാരമായി കണക്കാക്കാം.

*? വിരമിക്കുമ്പോൾ എന്തു തോന്നുന്നു?*

അലീഗഢിലെ സുദീർഘമായ അധ്യാപനജീവിതത്തിന് 2026 മെയ് മാസത്തോടെ വിരാമമാകുന്നു. അലീഗഢ് മുസ്ലിം സർവകലാശാലയിൽ ആർട്സ് ഫാക്കൽറ്റിയിലെ ഏറ്റവും സീനിയറായ പ്രൊഫസറെന്ന നിലയിൽ ഡീൻ എന്ന പദവിവരെ വഹിക്കാനായി എന്നത് മലയാളി എന്ന നിലയിൽ എനിക്ക് അഭിമാനത്തിന് വക നൽകുന്നു. വൈസ് ചാൻസലറുടെ തൊട്ടു താഴെയുള്ള ഏറ്റവും ഉയർന്ന പദവിയാണിത്. ആരും ആഗ്രഹിക്കുന്ന പദവി. മൂന്നു തവണ ആധുനികഭാരതീയ ഭാഷാവിഭാഗത്തിന്റെ അധ്യക്ഷനുമായി പ്രവർത്തിക്കാൻ കഴിഞ്ഞു. ഔദ്യോഗികജീവിതത്തിൽ വളരെ അപൂർവമായി മാത്രം ലഭിക്കുന്ന ഭാഗ്യമാണിത്. അലീഗഢിലെ ജീവിതകാലത്ത് കേരളീയജീവിതം നഷ്ടപ്പെട്ടുവെങ്കിലും മലയാളത്തിന്റെ പതാകാവാഹകനായി, കേരളത്തിന്റെ പ്രതിനിധിയായി ഉത്തരേന്ത്യയുടെ മണ്ണിൽ കഴിയാനായി എന്നത് കൃതാർത്ഥത നൽകുന്നതാണ്. ജീവിതത്തിന്റെ സായന്തനവേളയിൽ പിന്നിട്ട വഴികളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ മലയാളത്തിന്റെ മുദ്രപതിപ്പിക്കാൻ കവിഞ്ഞുവെന്ന ബോധ്യവും അലിഗഢിലെ ജീവിതം തീരെ വ്യർത്ഥമാക്കിക്കളഞ്ഞില്ല എന്ന ആത്മസംതൃപ്തിയുമാണുള്ളത്.

*? ഭാവി പരിപാടി?*

കേരളത്തിലേക്കു തിരിച്ചു പോകണം. തൃശൂരിൽ സ്ഥിരതാമസമാക്കാനാണ് പ്ലാൻ. നാലു പതിറ്റാണ്ടായി നഷ്ടപ്പെട്ട കലയുടെയും സംഗീതത്തിന്റെയും ലോകത്തേക്കു തിരിച്ചെത്തണം. എഴുത്തും വായനയും സാംസ്കാരികപ്രവർത്തനങ്ങളുമായി സജീവമാകണമെന്നാണ് ആഗ്രഹം .

●

തെക്കേടത്തു രാമൻ ഭട്ടതിരിപ്പാട്


സതീശൻ ടി.എൻ,
കേശവം റസിഡൻസി,
അച്യുതപുരം ടെമ്പിൾ റോഡ്,
പോട്ടൂർ പി.ഒ. 680581.
മൊബൈൽ: 9897066803

# ശങ്കരലഹരി, സൗന്ദര്യലഹരി

കെ.എം. എസ്.ഭട്ടതിരിപ്പാട്



കാശ്മീരിലും കേരളത്തിലും വേളിക്രിയകളുടെ സമാനതകൾ വിശദീകരിച്ചുകൊണ്ട് സ്വസ്തി കഴിഞ്ഞ ലക്കം ലേഖനം - നമ്മയെഴുന്നൊരു പെണ്ണിനെ വേൾക്കാനായ് - തുടർച്ചയായി കെ. എം. എസ് ഭട്ടതിരിപ്പാട് എഴുതുന്നു.

4000 കി. മീ ദൂരെ ഒരു ഹിമാലയൻ ഗ്രാമത്തിലെ വൈദിക വിവാഹ രീതികളും, ഈയറ്റത്ത് കേരളത്തിലെ വേളിച്ചടങ്ങുകളുമായുള്ള അന്യാദൃശമായ സാദൃശ്യം. പണ്ടുമുതൽ ക്കുള്ള ഈ ഏകീകരണം വിസ്മയിപ്പിക്കുന്നതാണ് .

വൈദികമായ നമ്മുടെ വേളിക്രിയകളിൽ 'ഭാര്യ, ഭർത്താവ്' എന്നീ വാക്കുകൾ (ഭരിക്കപ്പെടുന്നവൾ, ഭരിക്കുന്നവൻ എന്നീ അർത്ഥത്തിൽ) വേദത്തിൽ കാണില്ല. പത്നി, പതി, വീരസൂ ,ജായ തുടങ്ങിയ പദങ്ങളെയുള്ളു. അതായത് വരനും വധുവും തുല്യ പങ്കാളികളായി, സഹധർമ്മം ചരിക്കുന്നവരായിട്ടെ വൈദിക വാങ്മയത്തിലുള്ളു.

സ്ത്രീകൾക്കു അക്കാലത്തു ലഭിച്ചിരുന്ന സ്വാതന്ത്ര്യം.

ഭാരതത്തിൽ ആദ്യത്തെ ഏകീകരണം നടന്നത് വൈദിക സമ്പ്രദായത്തിന്റെ വ്യാപനവും, ഇതിഹാസപുരാണങ്ങളുടെ പ്രാചാരവും കാരണമാണ്.3000 വർഷങ്ങൾക്കു ശേഷം ഏതാണ്ടു രണ്ടു ദശകം നീണ്ടുനിന്ന ആദിശങ്കരന്റെ ദിഗ് വിജയ യാത്രകളും അദ്വൈത പ്രചരണവും ,ഭിന്നിച്ചു ചിതറിപ്പോയ ഗ്രാമാന്തരങ്ങളെ ഏകോപിപ്പിക്കാൻ ഏറ്റവും സഹായകമായെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

> കാശ്മീരിലും കേരളത്തിലും വേളിക്രിയകളുടെ സമാനതകൾ വിശദീകരിച്ചുകൊണ്ട് സ്വസ്തി കഴിഞ്ഞ ലക്കം ലേഖനം - നമ്മയെഴുന്നൊരു പെണ്ണിനെ വേൾക്കാനായ്. തുടർച്ചയായി കെ. എം. എസ് ഭട്ടതിരിപ്പാട് എഴുതുന്നു.

തന്റെ പത്താം വയസ്സിൽ, കാലടിയിൽ നിന്നു നഗ്നപാദനായി അറിവുതേടി പുറപ്പെട്ട ശങ്കരൻ ഒരു യുഗപുരുഷനായ കഥ രോമാഞ്ചത്തോടെയല്ലാതെ വായിക്കാനാവില്ല. ഗതാഗത സൗകര്യങ്ങളൊന്നും തന്നെയില്ലാത്ത കാലത്ത് വിവിധഭാഷകൾ സംസാരിക്കുന്ന നാടുകളും കാടുകളും താണ്ടി 2000 കി. മീ. ദൂരെ നർമ്മദാ നദീതീരത്തു ഒരു ഗുഹയിൽ വാണരുളുന്ന ഗുരു ഗോവിന്ദാചാര്യരെ കണ്ടുമുട്ടുന്നതോടെ യുഗപ്പിറവിക്കു തുടക്കമായി. ശിഷ്യന്റ കൂർമ്മബുദ്ധിയും കുശലതയും ഗുരുവിന്റെ ദൗത്യം എളുപ്പമാക്കി. ശിഷ്യന് വയസ്സു 12 ആയപ്പോഴേക്കും സർവശാസ്ത്ര പാരംഗതനായി ,ആ ഗ്രാമീണ ബാലൻ.

പിന്നീടു ലോകം കണ്ടത് ചരിത്രത്തിൽ സമാനതകളില്ലാത്ത ആ ഗ്രാമീണബാലന്റ ബൗദ്ധികവും ഭൗതികവുമായ ജൈത്ര യാത്രകളാണ് - ഭാരതത്തെ സാമൂഹ്യമായും സാംസ്കാരികമായും സനാതനധർമ്മത്തിന്റെ പാതയിൽ ഏകീകരിക്കാൻ .

4 വർഷം ഗുരു ശിക്ഷണത്തിൽ വൈദിക വാങ്മയത്തിൽ നിറഞ്ഞു കിടക്കുന്ന അദ്വൈത ജ്ഞാനം മുഴുവൻ പ്രസ്ഥാനത്രയത്തിന്റെ മഹാഭാഷ്യമായി എഴുതി. കേട്ടുകേൾവി അനുസരിച്ചു തന്റ ഗുരുവിന്റെ ഗുരു ,വേദാന്ത പണ്ഡിതൻ ഗൗഡപാദരുടെ മാണ്ഡൂക്യകാരികക്കു വിസ്തൃത ഭാഷ്യമാണത്രെ ഗോവിന്ദാചാര്യരുടെ നിർദ്ദേശ പ്രകാരം ആദ്യമായി രചിച്ചത്. മൂലവും ഭാഷ്യവും ഒന്നിനൊന്നു മഹത്തരമാണെന്നു മാണ്ഡൂക്യകാരികയെപ്പറ്റി പണ്ഡിതലോകം കൊണ്ടാടിയിട്ടുണ്ട്.

പ്രസ്ഥാനത്രയമെന്നാൽ ഉത്തരമീമാംസക്കു ബാദരായണൻ 'സൂത്ര' രൂപത്തിൽഎഴുതിയ ബ്രഹ്മസൂത്രവും, പത്തു ഉപനിഷത്തുക്കളും, ഭഗവദ് ഗീതയുമാണ്. ശങ്കരൻ ഭാഷ്യമെഴുതിയ ഉപനിഷത്തുക്കൾ ഈശാവാസ്യം, കേനം, കഠം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, തൈത്തരീയം, ഐതരേയം, ഛാന്ദോഗ്യം,ബൃഹദാരണ്യകം ഇവയാണ്.

തന്റെ ഭാഷ്യത്തിലൂടെ അദ്ദേഹം അന്നു 'എല്ലാം ഒന്നുതന്നെ, വിപ്രന്മാർ പലതായി പറയുന്നു' (ഏകം സദ് വിപ്രാ : ബഹുധാ വദന്തി. ഋഗ്വേദം 1.22 104-46) എന്ന പരമ തത്വം യുക്തിയും പ്രമാണവുമുദ്ധരിച്ച് വിളംബരം ചെയ്തു.

അദ്വൈത ദർശനം വൈദിക സാഹിത്യത്തിന്റെ അന്ത:സത്തയാണ്. ഈ ദർശനത്തിലൂടെ വേദാന്തം പറഞ്ഞുറപ്പിക്കുന്നത് 'ഈ ലോകത്തിലെല്ലാം ബ്രഹ്മമയമാണെ'ന്നാണ്.'സർവ്വം ഖല്വിദം ബ്രഹ്മ'

'സർവ്വം ഏതദ് ബ്രഹ്മ'/ തുടങ്ങിയ വചനങ്ങളാൽ അളവറ്റതും, മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കതീതവും, അവ്യാകൃതവുമായ ബ്രഹ്മത്തെ ആചാര്യൻ ഭാഷ്യത്തിലുടനീളം വിശദീകരിച്ചതിന്റെ തെളിച്ചം ആ യുവയോഗിയുടെ അറിവിന്റെ

ഭാരതം മുഴുവൻ തന്റ അറിവിന്റെ നിക്ഷേപം പകർന്നു കൊടുത്ത ആ ഗ്രാമീണ ബാലൻ തന്നെ . അദ്ദേഹത്തിന്റെ ജീവചരിത്രമെന്നു വിശേഷിപ്പിക്കുന്ന 'ശങ്കരദിഗ്വിജയ'ത്തിൽ ഇങ്ങനെ കാണുന്നു.

ദ്വാപരേ ഭഗവാൻ വ്യാസ:

കലൗ ശ്രീ ശങ്കര : സ്വയം

(ദ്വാപരയുഗത്തിൽ വ്യാസനും കലിയുഗത്തിൽ

ശങ്കരനും യുഗപുരുഷന്മാരെന്നു തീർപ്പ് .)

ശങ്കരന്റെ രചനകളിൽനിന്നു അദ്വൈതസാരം ഇങ്ങനെ ലളിതമായി സംഗ്രഹിക്കാമെന്നു തോന്നുന്നു . പ്രപഞ്ചം തന്നെ ബ്രഹ്മത്തിന്റെ ഒരു പ്രകടനം മാത്രമാണ്

പ്രകർഷേണയുള്ള അറിവാണ് ബ്രഹ്മം – പ്രജ്ഞാനം ബ്രഹ്മ (ഐതരേയം ഉപനിഷത്). ബ്രഹ്മം നിർഗുണമാണെങ്കിൽ ഈശ്വരൻ സഗുണബ്രഹ്മമാണ്. നമ്മുടെ ആത്മാവുതന്നെയാണു ബ്രഹ്മം ( അയം ആത്മാ ബ്രഹ്മ- മാണ്ഡൂക്യ ഉപനിഷത്ത്) ആ പരബ്രഹ്മം നീയാണ്.(തത്വമസി – ഛാന്ദോഗ്യം)

അങ്ങനെ അന്വേഷണം തിരിച്ചു നമ്മിൽ തന്നെയെത്തി.അഹം ബ്രഹ്മാസ്മി (ബൃഹദാരണ്യകം) ഞാൻ ബ്രഹ്മമാകുന്നുവെന്ന അറിവാണ് അനുഭൂതിയാണ് ബ്രഹ്മസാക്ഷാത്കാരം. അതെ ,മോക്ഷം– ആത്മസാക്ഷാത്കാരം തന്നെ. പ്രസിദ്ധമായ ഈ 4 മഹാവാക്യങ്ങളിൽ കടഞ്ഞു സൂക്ഷിച്ചിരിക്കുന്നു അദ്വൈതസാരം.

'നര ജന്മത്തിന്റെ ആത്യന്തികലക്ഷ്യം തന്നറിവാണെന്നു ഈ വിശ്വത്തെ യുക്തിയുക്തം പഠിപ്പിച്ച ജ്ഞാന പ്രവാചക' നെന്നു ശങ്കരനെ എം.പി. വീരേന്ദ്രകുമാർ വാഴ്ത്തിയതിലെല്ലാമുണ്ട്.

ഹിന്ദുമതത്തിനു തന്നെ ഭീഷണിയായി ബുദ്ധജൈനമതങ്ങൾ ഭാരതത്തിലാകെ ആഞ്ഞടിച്ചിരുന്നു 5, 6, 7 8 നൂറ്റാണ്ടുകളിൽ. ഹിന്ദുമതത്തിലെ ജീർണ്ണതയും യാഗാദി കർമ്മങ്ങളിലുള്ള അമിതമായ ആവേശവും, പൗരോഹിത്യത്തിന്റെ പിടിമുറുക്കവും , ബുദ്ധജൈനമതങ്ങൾക്കു പ്രചരണം എളുപ്പമാക്കി. ഈ തിളച്ചുമറിയുന്ന കാലഘട്ടത്തിലാണ് ചിന്തയും വാക്കും പ്രവൃത്തിയും –എഴുതപ്പെട്ട ലോകചരിത്രത്തിൽ മറ്റൊരു ആചാര്യനിലും ഇത്ര സ്പഷ്ടമായി കാണില്ല. എത്രയും കഠിനവും സങ്കീർണ്ണവുമായ വിഷയവും ആചാര്യനിലൂടെ വരുമ്പോൾ നാം ആകർഷിക്കപ്പെടുന്നു. അവയുടെ നേർമ്മയും തനിമയും, യുക്തിപൂർവ്വകമായ ഭാഷയും ഭേദിക്കാനാവാത്ത വാദമുഖങ്ങളും, പെട്ടെന്നു മനസ്സിൽ തറയ്ക്കുന്ന അവതരണരീതിയും അദ്ദേഹത്തിന്റെ രചനകളെ വ്യത്യസ്തമാക്കി.ചില ചെറിയ ഉദാഹരണങ്ങൾ

(കടപ്പാട് വി.പനോളി)

"ആത്മാവിനെ തള്ളിപ്പറയുക അസാധ്യമാണ് . കാരണം എന്തെന്നല്ലെ , ആത്മനിഷേധി തന്നെ ആത്മാവാണ് .സൂത്രഭാഷ്യം 1,1,1–4,1.3–1–7.

(മരണസമയത്ത്)ശ്വാസം കഴിക്കാൻ ഒരുവൻ ക്ലേശിക്കുമ്പോൾ എല്ലാ ഇന്ദ്രിയങ്ങളും ഹൃദയത്തിന്റ ഉപരിതലത്തിൽ ആത്മാവിനെ പ്രാപിക്കുന്നു, മന്ത്രിമാരും മറ്റും യാത്രക്കു പോകുന്ന രാജാവിന്റെ സമീപമെത്തി ചുറ്റും നിൽക്കുന്നതുപോലെ. (ബൃഹദാരണ്യകഭാഷ്യം IV, 3 -38)

ദാനം ചെയ്യുന്നവനു എങ്ങനെയാണ് അതിന്റെ ഫലം കിട്ടുന്നത്. ദാതാവിനെ ദാനഫലവുമായി ബന്ധിപ്പിക്കുന്നവനും, കർമ്മങ്ങളെ കുറിച്ചും അവയുടെ ഫലത്തെക്കുറിച്ചുമെല്ലാം അറിയുന്നവനുമായ ഒരു നിയന്താവില്ലെങ്കിൽ അതു സാധ്യമാവില്ല. ആ നിയന്താവു ദൈവം തന്നെ .ബൃഹ. 111.8–9

പലരും കുറ്റപ്പെടുത്താറുള്ളതുപോലെ ആ അവധൂതൻ ഭൗതിക സത്യങ്ങളെ വിമർശിക്കുകയോ തള്ളിക്കളയുകയൊ ഉണ്ടായിട്ടില്ല. മനുഷ്യ മനസ്സിനെ ഏറെ ആഴത്തിൽ പഠിച്ച ഒരു ശാസ്ത്രജ്ഞനാണ് ആദിശങ്കരൻ . അദ്ദേഹം തന്നെ വണങ്ങുന്ന 'മുനീശ്വര'നായ സാക്ഷാൽ വേദവ്യാസനെപ്പോലെ. ആചാര്യസ്വാമികളെ യുഗപുരുഷൻ എന്നു കൊണ്ടാടാറുള്ളത് ദ്വാപരയുഗത്തിൽ വ്യാസനാണെങ്കിൽ കലിയുഗത്തിൽ ഒരു സംശയവുമില്ല, കാലടിയിൽ നിന്നു പുറപ്പെട്ടു കാശ്മീരത്തിൽ സർവജ്ഞപീഠം കേറി നിദർശനമാണ് .

ആചാര്യ സ്വാമികളുടെ അവതാരലക്ഷ്യത്തിനു ഉപോൽബലകമായി കരുതുന്ന കാരണം, ജാതിവ്യവസ്ഥയും, ലിംഗ വേർതിരിവും, മറ്റു വിവേചനങ്ങളും ഇല്ലാതിരുന്ന വൈദികകാലത്തിനുശേഷം ഇത്തരം അനാചാരങ്ങൾ സനാതന ധർമ്മത്തെ തിരിച്ചറിയാനാവാത്ത വിധം മലീമസമാക്കി. ജനങ്ങൾ പലതട്ടുകളിലായി. ക്രമേണ ജൈന ബുദ്ധമതങ്ങൾ ഇന്ത്യയിൽ ശക്തി പ്രാപിച്ചു. അവയിലും ജീർണ്ണതയും വകതിരിവും ഏറി വന്നപ്പോൾ ജനക്ഷേമത്തിനു അവതാരകാലമായി. കാലടിയിലെ ഗ്രാമീണബാലൻ ധർമ്മ പുനസ്ഥാപനത്തിനു ജൈത്രയാത്ര തുടങ്ങി.

12 വയസ്സു മുതൽ 16 വരെയുള്ള 4 വർഷം കൊണ്ടു മഹാഭാഷ്യ രചനക്കുശേഷം മറ്റുചില കൃതികൾ കൂടെ എഴുതിയ ശേഷമാണ് നാരായം താഴെ വെച്ചതെന്നു ശങ്കരന്റെ ജീവതത്തെപ്പറ്റി 'സ്പെഷലൈസു' ചെയ്തിട്ടുള്ള വി.പനോളി രേഖപ്പെടുത്തിയിട്ടുണ്ട്.

മഹർഷി ജൈമിനിയുടെ പൂർവ മീമാംസ, കർമ്മകാണ്ഡമെന്നറിയപ്പെടുന്നു. അതായത് ,വ്യക്തികളുടെ അനുഷ്ഠാന കർമ്മങ്ങൾ, കാമ്യകർമ്മങ്ങൾ, യാഗാദി കർമ്മം ചെയ്യൽ. പിന്നീട് 'സ്വർഗം കൊതിക്കുന്നവർ യാഗം ചെയ്യണ'മെന്ന ദുര്യോഗത്തിലെത്തി. (സ്വർഗ്ഗകാമീ യജേത ) ക്രമേണ എങ്ങനെയെങ്കിലും യാഗം ചെയ്യുവാനുള്ള തിരക്കും ബദ്ധപ്പാടും സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കി, താളപ്പിഴകൾ ജീവിതം വിഷമവൃത്തത്തിലാക്കി

എന്നാൽ ശങ്കരൻ വാഴ്ത്തിപ്പോന്നത് വേദാന്ത ദർശനത്തിലെ ബ്രഹ്മ ആത്മ ഐക്യത്തിലും ബ്രഹ്മസാക്ഷാത്കാരത്തിലുമാണ്. അദ്വൈതദർശനം ശങ്കരനു മുമ്പും ഉണ്ടായിരുന്നെങ്കിലും അദ്ദേഹമാണ് ലോകസമക്ഷം അദ്വൈതത്തിന്റെ ആന്തരിക വിശുദ്ധിയും സൗന്ദര്യവും ഉയർത്തിക്കാട്ടിയത്. ആത്യന്തിക സത്യം അതാണെന്നും, അതുമാത്രമാണെന്നും ആചാര്യൻ ആഹ്വാനം ചെയ്തു. തെളിഞ്ഞ ബുദ്ധിയും, യുക്തിയിൽ കടഞ്ഞെടുത്ത



ഗുരു ഗോവിന്ദസാമിയുടെ ഉപദേശാനുസാരം ശങ്കരന്റെ നിത്യ സ്മാരകമായ പ്രസ്ഥാനത്രയഭാഷ്യവും മറ്റു സ്വതന്ത്ര കൃതികളും രചിച്ച് കാശിയിലേക്ക് തിരിച്ചത്. പിന്നീടങ്ങോട്ടു 16 സംഭവബഹുലമായ വർഷങ്ങൾ താൻ വികസിപ്പിച്ചെടുത്ത വേദാന്തമെന്ന സമ്പൂർണ്ണ തത്വശാസ്ത്രം ആചാര്യൻ തന്റെ ദിഗ്വിജയ യാത്രയിലൂടെ പ്രചരിപ്പിച്ചു. ശങ്കരനോടു താത്വികമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ട മണ്ഡനമിശ്രൻ തുടങ്ങിയ എതിരാളികളെ തോല്പിച്ചു. പലരും ശിഷ്യരായി ആചാര്യനെ അനുഗമിച്ചു.

യുവയോഗിയുടെ യുക്തിഭദ്രവും, പ്രമാണസഹിതവുമായ പഴുതടച്ച വാദമുഖങ്ങളെ തരിമ്പും ഭേദിക്കാനാവാതെ തോൽവി സമ്മതിച്ചവർ പിന്നീട് വേദാന്ത ദർശനത്തിന്റെ വക്താക്കളായി. അതിലത്തുമില്ല . വിശേഷബുദ്ധിയാർന്ന മനുഷ്യന്റ

യുവയോഗിയുടെ യുക്തിഭദ്രവും, പ്രമാണസഹിതവുമായ പഴുതടച്ച വാദമുഖങ്ങളെ തരിമ്പും ഭേദിക്കാനാവാതെ തോൽവി സമ്മതിച്ചവർ പിന്നീട് വേദാന്ത ദർശനത്തിന്റെ വക്താക്കളായി.

സ്വത്വാനേഷണത്തിന്റെയും, നിത്യ സത്യത്തിന്റ സാക്ഷാൽക്കാരം തേടലിന്റേയും ഇതുവരെയുള്ള ഗവേഷണത്തിന്റെ ആകത്തുകയാണ് പ്രസ്ഥാനത്രയ ഭാഷ്യത്തിലൂടെ ആചാര്യൻ മുന്നോട്ടു വെക്കുന്നത് . അതുവരെ ജീവാത്മാവിനെ പറ്റി വിവിധ വിശ്വാസികൾ വ്യത്യസ്ത ചിന്തകൾ നിലനിർത്തി പോന്നു. ആചാര്യ സ്വാമികൾ സംശയമേതുമില്ലാതെ 'ജീവാത്മാവ് പരമാത്മാവിന്റെ ഒരംശമല്ല, പരമാത്മാവു തന്നെയാണെന്നു പ്രമാണ സഹിതം സമർത്ഥിച്ചു. പരമാത്മാവു ഒരിക്കലും കുറെ ജീവാത്മാക്കളുടെ കൂട്ടമാവാൻ വയ്യ. ഈ ദൃശ്യപ്രപഞ്ചം മുഴുവൻ ബ്രഹ്മത്തിന്റെ പ്രകട സ്വരൂപം മാത്രമാണെങ്കിൽ,എങ്ങനെ മറിച്ചാവാവും ?

1200 വർഷങ്ങൾക്കു മുമ്പ് കാലടിയിൽ നിന്നു ഏറ്റവും വലിയ അറിവായ' തന്നറിവു' നേടാനുള്ള വെമ്പലോടെ പുറപ്പെട്ട 'ഗ്രാമീണ ബാലൻ' കൈവരിച്ച ഏറ്റവും വലിയ നേട്ടം ഇന്ത്യയുടെ സാമൂഹ്യമായും, സാംസ്കാരികമായും വൈകാരികമായുമുള്ള ഏകീകരണമാണെന്നു പൊതുവെ അംഗീകരിക്കപ്പെട്ടതാണ്.

ശ്രീ ശങ്കരന്റെ കാലത്ത് ഭാരതം ഇന്നുള്ളതിലും വലുതും വിസ്തൃതവുമായിരുന്നു. 20 ലേറെ ഭാഷകൾ ,വംശീയമായി വ്യത്യസ്ത വിഭാഗക്കാർ , ഗോത്രവൈവിധ്യങ്ങൾ, ഭൂമിശാസ്ത പരമായി ഏറെ മേഖലകൾ- ഇവയെ ഏകീകരിക്കുക അത്യന്തം ശ്രമകരമായ ദൗത്യമാണ് .

ആചാര്യ സാമികൾ 16 വർഷത്തിനുള്ളിൽ 3 തവണ ഇന്ത്യയിൽ നെടുകെയും കുറുകെയും ശിഷ്യഗണങ്ങളുമായി ദിഗ്വിജയം നടത്തിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. അമ്മക്കു സുഖമില്ല ,അവർ വിളിക്കുന്നുവെന്നു അന്തർദൃഷ്ടിയിൽ കണ്ടു ശങ്കരൻ നാട്ടിലെത്തി അവരെ ശുശ്രൂഷിച്ചു ,പണ്ടു അവർക്കു കൊടുത്ത വാക്കു പാലിച്ചു. തദ്ദേശീയരായ യാഥാസ്ഥിതിക ബ്രാഹ്മണർ ആ യോഗിവര്യനെ ഒറ്റപ്പെടുത്തി,സഹകരിച്ചില്ല. മാതാവു മരിച്ചപ്പോഴും ഭ്രഷ്ട് തുടർന്നു, അപ്പോൾ പറഞ്ഞ കാരണം സംന്യാസി സ്സംസ്കാരകർമ്മങ്ങൾ ചെയ്യാൻ അർഹനല്ലയെന്നാണത്രെ! അദ്ദേഹം സ്വയം കർമ്മങ്ങളെല്ലാം നടത്തിയ ശേഷം, തന്റ ജീവിത ദൗത്യത്തിലേക്കു മടങ്ങി.

അതിന്റെ ഭാഗമായി ഭാരതത്തിന്റെ 4 ഭാഗത്തായി നാലു മഠങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചു. വടക്ക് ബദരിയിലും, പടിഞ്ഞാറ് ദ്വാരകയിലും, കിഴക്ക് പുരിയിലും, തെക്ക് ശൃംഗേരിയിലും. പുരിയിൽ ഋഗ്വേദം, ശൃംഗേരിയിൽ യജുസ്സ്,

ദ്വാരകയിൽ സാമം , ബദരിയിൽ (ജ്യോതിഷ് മഠം) അഥർവം ഇങ്ങനെ പ്രാധാന്യവും നൽകി. ഏകോപനം ദൃഢീകരിക്കാൻ ബദരിയിലെ പൗരോഹിത്യം ഇങ്ങു തെക്കു കേരളത്തിലെ പയ്യന്നൂർ ഗ്രാമത്തിൽ നിന്നും , പുരിയിലെ കർമ്മനിർവഹണം കർണ്ണാടകയിൽ നിന്നു വേണമെന്നും നിർദ്ദേശിച്ചു. വൈദികാചാരങ്ങളും, ജനസമ്പർക്കവും ഇങ്ങനെയായാൽ സമന്വയത്തിനു മാറ്റു കൂട്ടുമെന്നു ഭഗവദ്പാദർ ദീർഘദൃഷ്ടിയിൽ കണ്ടുകാണും . 1200 കൊല്ലങ്ങൾക്കു ശേഷം ഇന്നും നമുക്ക് 4000 കി.മീ. അകലെ കിടക്കുന്നവർ അയൽ വാസികളെപോലെ തോന്നിയെങ്കിൽ അതിലും വലിയ യൂണിഫിക്കേഷൻ മറ്റെന്താണ് .

ശങ്കരന്റെ കാലഘട്ടത്തിൽ സനാതന ധർമ്മത്തിന്റെ സമന്വയത്തിനു എതിരായിനിന്നിരുന്നത്, തനത് ജീർണ്ണതയും, ശൈവ വൈഷ്ണവ ശാക്തേയം പോലുള്ള അവാന്തര ശാഖകളും,തന്മൂലമുള്ള വിഭാഗീയതയും ബുദ്ധജൈന മതങ്ങൾക്കു വളക്കൂറായി. അവിടെയാണ് ശങ്കരൻ അദ്വൈതത്തിന്റെ വിത്തുപാകി ഒരു പുതിയ അവബോധം വളർത്തിയെടുത്തത് . അതിന് മുമ്പും പിമ്പും ഇതിഹാസങ്ങളും (രാമായണം മഹാഭാരതം) ഭാഗവതവുമാണ് ഭക്തി പ്രസ്ഥാനവും അതു വഴി സംസ്കാര സമന്വയവും നിലനിർത്തിയിരുന്നത്. ആദി ശങ്കരൻ അദ്വൈതത്തിൽ മോക്ഷസാധനമായി ഭക്തിയെ ഗണിച്ചിരുന്നില്ലെങ്കിലും, ആചാര്യൻ എതിർത്തിരുന്നില്ല. മറിച്ചു,അദ്വൈതമെന്ന നിത്യ സത്യത്തിലൂടെ സമന്വയത്തിനു ആക്കം കൂട്ടുകയാണ് ചെയ്തത്.

ഇന്ത്യയുടെ ഏകീകരണം മാത്രമല്ല, ഏകലോകം, സ്ഥിതിസമത്വം, ലിംഗതുല്യത തുടങ്ങിയ ഏകീകരണ മൂലകങ്ങളുടെ അടിസ്ഥാനം തേടിയാൽ ശങ്കരാചാര്യരുടെ അദ്വൈത പ്രസ്ഥാനത്തിലെത്തും .

ഇന്നു നിലവിലുള്ള കണക്കനുസരിച്ചു 116 കൃതികൾ ആചാര്യസ്വാമികളുടെ പേരിൽ പ്രചാരത്തിലുണ്ട് . അദ്ദേഹത്തിന്റെ കൃതികളെപ്പറ്റി സവിശേഷപഠനം നടത്തിയ ദയാനന്ദ സ്വാമികൾ മുതൽ വി.പനോളി വരെ തീർത്തും പറയുന്നു അവയിൽ 90 ലേറെ കൃതികൾ ആദിശങ്കരപ്രണീതമല്ലെന്ന് . ഒരു പക്ഷെ, ലോകത്തിൽ ഇത്രയേറെ കൃതികൾ ഒരാളുടെ പേരിൽ 'ഗോസ്റ്റ് റൈറ്റിങ്' ചെയ്യപ്പെട്ട മറ്റൊരു ആചാര്യൻ ഉണ്ടാവില്ല.

ബ്രഹ്മസൂത്രത്തിനും, ഭഗവത്ഗീതക്കും , പത്തു ഉപനിഷത്തുകൾക്കും ആചാര്യൻ രചിച്ച ഭാഷ്യം യഥാർത്ഥമാണ്. ഉടനെ ചേർത്തു പറയേണ്ടതാണ്, ബ്രഹ്മസൂത്രഭാഷ്യത്തിലെ 'അപശുദ്രാധികരണം' തീർത്തും പ്രക്ഷിപ്തമാണ് (ഒന്നാം അധ്യായത്തിലെ മൂന്നാം പാദത്തിൽ ഒമ്പതാം അധികരണം).

ഇതിലാണ് ശൂദ്രന് വേദ പഠനത്തിനു അർഹതയില്ലെന്നു പറയുന്നത്. ചൊല്ലുന്നവന്റ നാവരിയണമെന്നും മറ്റു ശിക്ഷകളും കാണാം. എല്ലാം ദുരുദ്ദേശത്തോടെ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടത് . 'മാണ്ഡൂക്യ ഭാഷ്യത്തിലും (പുറം 283) ഗീതാ ഭാഷ്യത്തിലും (പുറം 158, 159,243 ) സ്ത്രീക്കും വൈശ്യനും ശൂദ്രനും പരമപദം പ്രാപിക്കാം എന്നു വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള ആചാര്യൻ ഇങ്ങനെ തള്ളിപ്പറയില്ല'യെന്നു വി.പനൊളി വ്യക്തമാക്കുന്നുണ്ട്. (അറിയപ്പെടാത്ത ആദിശങ്കരൻ പേജ് 206)എന്നു മാത്രമല്ല ഈ വിഷയത്തിൽ 'സത്യപ്രകാശത്തിൽ' ദയാനന്ദ സരസ്വതി ' യഥേമാം വാചം ... എന്ന യജൂർവേദമന്ത്രം(26.2) ഉദ്ധരിക്കുന്നു.

സാരം–' നാം ബ്രാഹ്മണൻ ക്ഷത്രിയൻ എന്നിവർക്കും വൈശ്യനും ശൂദ്രനും തന്റെ ഭൃത്യന്മാർ സ്ത്രീകൾ എന്നിവർക്കും അതിശൂദ്രന്മാർക്കുമായിട്ടാണു വേദങ്ങളെ പ്രകാശിപ്പിച്ചിട്ടുള്ളത്. ആവിധത്തിൽ നിങ്ങളും ചെയ്തു കൊണ്ടിരിപ്പിൻ'. ഇത്രയും വേദപ്രാമാണ്യം ഈ വിഷയത്തിലിരിക്കെ ശങ്കരാചാര്യർ ഒരിക്കലും അപശൂദ്രാധികരണത്തെ അംഗീകരിക്കില്ല,ഭാഷ്യമെഴുതില്ല.

അപരോക്ഷാനുഭൂതി (102 ശ്ലോകം മുതൽ 144 വരെ പ്രക്ഷിപ്തം) , വിവേക ചൂഡാമണി, ഉപദേശസാഹസ്രി, വാക്യവൃത്തി, മനീഷാ പഞ്ചകം, വേദാന്ത കേസരി ഇത്രയും കൃതികളാണ് വി.പനൊളിയടക്കം മിക്ക പണ്ഡിതരും അംഗീകരിച്ചിട്ടുള്ളത് . അവയിലും ചില പ്രക്ഷിപ്തങ്ങൾ കടന്നു കൂടിയിട്ടുണ്ട് .

ഭജഗോവിന്ദം, സഹസ്രനാമഭാഷ്യം, ശാങ്കരസ്മൃതി മുതലായവയൊന്നും തന്നെ ആചാര്യ കൃതമല്ല.

ഇതിലെ ക്രൂരമായ വിനോദം അദ്ദേഹത്തിന്റെ പേരിൽ താന്ത്രിക ഗ്രന്ഥങ്ങളും ശാക്തേയ സ്തോത്രങ്ങളും അദ്വൈത സിദ്ധാന്തത്തിനു വിരുദ്ധമായ നിരവധി കൃതികളും (ഉദാ: സൗന്ദര്യലഹരി ) എഴുതിയെന്നതാണ്. തികച്ചും അസഭ്യമെന്നു പറയാവുന്ന കൃതിയാണ് അദ്ദേഹത്തിന്റെ പേരിലുള്ള ശാങ്കരസ്മൃതി. വൈദിക മതത്തിൽ ജാതിവ്യവസ്ഥയില്ല, ലിംഗഭേദമില്ല എങ്ങും സമത്വത്തിന്റെ കാഹളധ്വനി കേൾക്കാം .

പക്ഷെ, ഹിന്ദുമതത്തെ അപവാദത്തന്റെ മുൾമുനയിൽ നിർത്തിയതിന്റെ മുഖ്യപങ്ക് ആരൊക്കെയോ സ്വാർത്ഥലാഭത്തിനു വേണ്ടി പടച്ചുവിട്ട സമൃതിഗ്രന്ഥങ്ങളാണ്. ഇന്ന് ലഭിച്ചിട്ടുള്ള 57 സ്മൃതികളിൽ,സ്വാമി ദയാനന്ദ സരസ്വതി 'സത്യാർത്ഥപ്രകാശ'ത്തിൽ എഴുതി ' 57 സമൃതികളിൽ പ്രക്ഷിപ്തങ്ങളൊഴിവാക്കി മനുസ്മൃതി മാത്രമാണ് സ്വീകാര്യം. ബാക്കിയെല്ലാം ത്യാജ്യം.'

'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുസ്മൃതിയിലെ ശ്ലോകം പ്രക്ഷിപ്തത്തിൽ പെടുന്നതാണെന്നു വ്യക്തമാണ്. ശ്രീശങ്കരന്റെ സ്വീകാര്യതയും പ്രസിദ്ധിയും മുതലെടുക്കാനാണ് അല്പജ്ഞന്മാർ എന്തെങ്കിലും പടച്ചു ആ പുണ്യശ്ലോകന്റെ പേരിൽ ഇറക്കുന്നത്. ഹിന്ദുമതത്തിൽ അസ്പൃശ്യതയും, ജാതിവ്യവസ്ഥയും, പൌരോഹിത്യ മേൽക്കോയ്മയും, വേദ നിഷേധവും സമുദായത്തെ എത്ര കണ്ടു പിഴപ്പിച്ചു, ദുർബലമാക്കിയെന്നു ആ നരാധമൻമാർക്കറിയില്ല .

21–04–26 നു ആഘോഷിച്ച 1238 –ാം ശാങ്കരജയന്തി ദിനത്തിൽ ആചാരപാദത്തിൽ ഓർമ്മപ്പൂക്കൾ അർപ്പിച്ചു കൊള്ളുന്നു. ●

കെ.എം.എസ്. ഭട്ടതിരിപ്പാട്
ഗുരുപവൻ കാവനാട്ട്
കോട്ടപ്പടി, കോട്ടക്കൽ– 69503
9995172320

സ്വസ്തി

എക്സ്ക്ലൂസീവ്


# ഇനി വരുന്നത് 'മറക്കാൻ' പറ്റാത്ത കാലം




ഡോ. വിനോദ് മങ്ങത്തായ

ജഗതി ശ്രീകുമാർ ഇനിയും പഴയ പോലെ അഭിനയിക്കുമോ? കിലുക്കത്തിലെ നിശ്ചൽ... നന്ദനത്തിലെ സ്വാമി..

റോഡപകടത്തിൽ ഉണ്ടായ ഗുരുതരമായ പരിക്കുകൾ സുഖപ്പെട്ടു. ശരീരം പൂർണ്ണമായും റെക്കവർ ചെയ്തു. പക്ഷേ ജഗതി എന്ന മഹാനടന്റെ ബുദ്ധിലിങ്കു



*യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ്,*
*യു.എസ്.എ.*

> ഓർമ്മിക്കുവാൻ ഞാൻ
> നിനക്കെന്തു നൽകണം ...
> ഓർമ്മിക്കണം എന്ന
> വാക്കു മാത്രം.

കൾ നഷ്ടപ്പെട്ടു പോയിരുന്നു. മനസ്സ് അങ്ങുണരാത്ത അവസ്ഥ. ചികിത്സകൾ തുടരുന്നുണ്ട്. സക്സസ് ആവട്ടെ എന്ന് തന്നെ പ്രാർത്ഥിക്കാം.

മാറാൻ മനസ്സില്ലാത്ത മനസ്സ് മനുഷ്യർക്കെന്നും അത്ഭുതമായിരുന്നു. പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന ഡാറ്റ, കോഡും ഡീ കോഡും ചെയ്ത് നിയന്ത്രിക്കുന്ന ബ്രെയിൻ. കമാന്റുകൾ, അതിനെ ശരീരവുമായി ബന്ധിപ്പിക്കുന്ന ന്യൂറോണുകൾ.

കണ്ടതും കേട്ടതും (അഥവാ കാണുന്നതും കേൾക്കുന്നതും) റെക്കോർഡ് ചെയ്യുന്നതിന്റെ സ്ട്രാറ്റജി തികച്ചും സങ്കീർണം. ഇതെടുത്ത് പെരുമാറുന്നതാണ് ഓരോരുത്തരുടെയും 'സ്വ'ഭാവം. നിമിഷം പ്രതി എത്തുന്ന ശതകോടി വിവരങ്ങളിൽ ചിലത് കൊത്തിവെച്ചതുപോലെ സ്വീകരിക്കും. മറ്റു ചിലത് ഒരു സ്കാൻ വായനപോലെ മറക്കും. എന്ത്, ഏത്, എങ്ങിനെ ഉൾക്കൊള്ളുന്നു എന്നതാവാം മനുഷ്യബുദ്ധിയുടെ രഹസ്യം. എല്ലാവരിലും ഇത് ഒരു പോലെയല്ല എന്നത് മറ്റൊരത്ഭുതം. പാരമ്പര്യത്തിലും ജനറ്റിക്സിലും ആഴ്ന്നിറങ്ങിയ വേരുകൾ ഇതിനുണ്ട്. അമ്മയുടെ ഗർഭപാത്രത്തിലിരുന്ന് പത്മവ്യൂഹത്തി



ന്റെ രഹസ്യങ്ങൾ കൺസീവ് ചെയ്ത അഭിമന്യുവിന്റെ കഥ നമുക്കറിയാം. അറിവ് ഉൾക്കൊള്ളുന്നതും സോർട്ട് ചെയ്യുന്നതും ഡിലീറ്റ് ചെയ്യുന്നതും നമ്മുടെ പരിധിയിലല്ല എന്നതാണ് പ്രശ്നം.

ശരീരത്തിന്റെ ചലനശേഷിയും ഒപ്പം മനസ്സിന്റെ തെളിഞ്ഞ ബുദ്ധിയും ഓർമ്മയും വീണ്ടെടുക്കാൻ, നിലനിർത്താൻ, നമുക്കെന്തൊക്കെ ചെയ്യാം?

ആധുനികചികിത്സാ രീതികൾ നിരവധി രോഗങ്ങളെ അകറ്റി നിർത്തുന്നു എന്നത് ശരി. മനുഷ്യന്റെ ശരാശരി ആയുസ്സ് കൂടി. ശതാഭിഷേകങ്ങളും നവതിയും ധാരാളം. എന്നാൽ സോ കാൾഡ് ആരോഗ്യം ശരീരത്തിനു മാത്രമല്ലേ? പാർക്കിൻസൺസ്, അൽഷിമേഴ്സ്, ഡിമെൻഷ്യ തുടങ്ങിയ പേരുകളിൽ സിസ്റ്റത്തെ നശിപ്പിക്കുന്ന വൈറസുകൾ നമ്മെ അറ്റാക്ക് ചെയ്തുകൊണ്ടേയിരിക്കുന്നു.

മഞ്ഞണിപ്പൂനിലാവിനെ പേരാറ്റിൻ കരയിൽ മഞ്ഞളരച്ചു വെച്ച് നീരാടിച്ച കവി പി ഭാസ്ക്കരൻ വർഷങ്ങളാണ് മറവി രോഗത്തിൽ ജീവിച്ചത്. രോഗക്കിടക്കയിലുള്ള മാസ്റ്ററെ വിഖ്യാത ഗായിക എസ് ജാനകി കാണാൻ ചെന്നു. കവിയുടെ രചനയിൽ കെ.രാഘവൻ സംഗീതം നൽകി താൻ പാടിയ മലയാളിയുടെ എവർഗ്രീൻ ഗാനം ജാനകി ചൊല്ലി. വർഷങ്ങളായി അൽഷിമേഴ്സ് മരവിപ്പിച്ച ഭാസ്ക്കരൻ മാഷിന്റെ കണ്ണുകളിൽ ഒരോർമ്മത്തിളക്കം. മന്ത്രണം പോലെ കവി ചുണ്ടനക്കി. ആരാണിപ്പാട്ട് എഴുതിയത് എന്നായിരുന്നു ഭാസ്കരൻ മാഷ് അന്വേഷിച്ചതത്രെ.

ബ്രെയിനിൽ, സർഗ്ഗസൃഷ്ടിയുടെ അറകളിൽ നിന്നും ചിലത് മാത്രം ഡിലീറ്റഡ്? അതോ ന്യൂറോ




*വിവേക് അച്ഛൻ ശ്രീകാന്ത് പൂയ്യപ്പള്ളി കൃഷ്ണൻ, അമ്മ ഡോ. മാലിനി എന്നിവർക്കൊപ്പം*

സിസ്റ്റം സിഗ്നലുകൾ നൽകാത്തതാണോ? പേരക്കുട്ടികളുടെ പേരറിയാതെ വിഷമിക്കുന്ന മുത്തച്ഛൻ, കണ്ണിൽ വെച്ച കണ്ണടയും കൈയ്യിൽ കെട്ടിയ വാച്ചും തിരഞ്ഞ് വശം കെടുന്ന മുത്തശ്ശി.. അമ്പതു വർഷങ്ങളായി കുളിച്ചു തൊഴുന്ന ക്ഷേത്രത്തിലേക്ക് പോയി വരുമ്പോൾ ഒരു തിരിവു പിഴച്ച് ആൾക്കൂട്ടപ്പെരുവഴിയിൽ സ്വന്തം വീട് അന്വേഷിക്കുന്ന ഗൃഹനാഥൻ. ശരീരശേഷി നഷ്ടപ്പെട്ടില്ലെങ്കിലും 'ആരും പറഞ്ഞാൽ കേൾക്കാത്ത' കാരണവർ.. ഡിമെൻഷ്യയുടെ അവസ്ഥാന്തരങ്ങൾ ഏറെ വിചിത്രമാണ്.

ശരീരത്തിന്റെ ചലന ശേഷിയും ഒപ്പം മനസ്സിന്റെ തെളിഞ്ഞ ബുദ്ധിയും ഓർമ്മയും വീണ്ടെടുക്കാൻ, നിലനിർത്താൻ, നമുക്കെന്തൊക്കെ ചെയ്യാം? ഓർമ്മച്ചിന്തുകളിൽ തിരഞ്ഞ്, ഉപയോഗിക്കാതെ കറ പിടിച്ച മെമ്മറി സർക്യൂട്ട് പോയിന്റ്സ് കണ്ടെത്തി ക്ഷമാപൂർവ്വം റീ കണക്ട് ചെയ്യാൻ ബ്രെയിനിനെ സഹായിക്കണം. ലക്ഷ്യത്തിലെത്താൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂളുകളും ടെക്നോളജിയും ഉപയോഗിച്ച് പുതുവഴികൾ ഒരുക്കുകയാണ് ശാസ്ത്രം. ഒരർത്ഥത്തിൽ നമ്മളുടെ 'തലയിലെഴുത്ത്' കൃത്യമായി വായിച്ചാൽ ചികിത്സാരീതികൾ കുറേക്കൂടി ഫോക്കസ്ഡ് ആവാം. നമുക്കഭിമാനിക്കാം, ഈ പോരാട്ടത്തിന്റെ മുൻനിരക്കാരൻ ഒരു യുവനമ്പൂതിരിയാണ്.

## ന്യൂറോ സയന്റിസ്റ്റ് വിവേക് പൂയ്യപ്പള്ളി കൃഷ്ണൻ

മുത്തച്ഛൻ ഭവത്രാതൻ നമ്പൂതിരിപ്പാട് അൽഷിമേഴ്സിന്റെയും ഡിമെൻഷ്യയുടെയും പിടിയിൽപ്പെട്ടത് വിവേകിന് സഹിക്കാൻ പറ്റിയില്ല. മറവിരോഗത്തിന് ചികിത്സയില്ലല്ലോ എന്ന ആധിയിൽ കുടുംബം സങ്കടപ്പെട്ടു. വിവേക് അന്ന് ചെറിയ ഉണ്ണിയാണ്. തന്റെ ഏത് സംശയങ്ങൾക്കും ഉത്തരം തന്നിരുന്ന മുത്തച്ഛന്റെ ബുദ്ധി തളരുകയോ? പലതും മാറിപ്പറയുകയോ? കുഞ്ഞുവിവേകിന് സഹിക്കാനായില്ല. മുത്തശ്ശനെ മറവിയിൽ നിന്നും രക്ഷിക്കാൻ തനിക്ക് എന്തു ചെയ്യാൻ സാധിക്കുമെന്നായി അവന്റെ ചിന്ത. ലോകപ്രശസ്ത മെഡിക്കൽ ബയോകെമിസ്റ്റും നോബൽ സമ്മാന ജൂറിയുമായിരുന്ന ചെങ്ങന്നൂർ ഇടവൂർ മഠം ഡോ. മാധവ ഭട്ടതിരിപ്പാട് അവന്റെ അന്വേഷണത്തെ വേണ്ട പോലെ പ്രോത്സാഹിപ്പിച്ചു.



അമ്മാത്തെ മുത്തച്ഛൻ ഡോ. ഇടവൂർ മാധവ ഭട്ടതിരിപ്പാടിനൊപ്പം



*വിവേകിന്റെ മുത്തച്ഛൻ പി.കെ.ഭവത്രാതൻ നമ്പൂതിരിപ്പാട് ഗണിതത്തോടൊപ്പം ജ്യോതിശാസ്ത്രത്തിലും ബിരുദമെടുത്ത അധ്യാപകൻ. ഹരിപ്പാട് ഹൈസ്കൂളിൽ നിന്നും വിരമിച്ചു.*

ഹരിപ്പാട് പൂയ്യപ്പള്ളി മൂടയിലില്ലം. രാജ്യഭരണം കയ്യാളിയിരുന്ന വെട്ടിമന നമ്പൂതിരി സ്വരൂപത്തിന്റെ സ്ഥാനപ്പേരുകൾ ഇവർക്കുണ്ട്. ഹരിപ്പാട് പിത്തമ്പിൽ കൊട്ടാരമാണ് തറവാട്. കുടുംബക്ഷേത്രം പിത്തമ്പിൽ ശ്രീധർമ്മശാസ്താ ടെമ്പിൾ. അച്ഛൻ ശ്രീകാന്ത് പൂയ്യപ്പള്ളി കൃഷ്ണൻ റിട്ടയേർഡ് എഞ്ചിനീയർ. ടെക്നോപാർക്കിലെ ആദ്യത്തെ ഐ. ടി. എന്റർപ്രെനർ. മുത്തച്ഛൻ ഭവത്രാതൻ നമ്പൂതിരി റിട്ടയേർഡ് ടീച്ചർ. മുത്തശ്ശി ചെമ്പകശ്ശേരി ശാരദാമ്മ. റിട്ടയേർഡ് ഡിസ്ട്രിക്റ്റ് രജിസ്ട്രാർ. അച്ഛന്റെ അമ്മാത്തെ മുത്തശ്ശൻ കേശവൻ നമ്പൂതിരി വിശ്വകവി രവീന്ദ്രനാഥ ടാഗോറിന്റെ ശിഷ്യനായിരുന്നു. അഞ്ചു വർഷം ശാന്തിനികേതനിൽ ഒരുമിച്ചുണ്ടായതു ചരിത്രം. അമ്മ ഡോ. മാലിനി ഭട്ടതിരി മൗണ്ട് സിയോൺ മെഡിക്കൽ കോളേജിൽ കമ്യൂണിറ്റി മെഡിസിൻ ഹെഡ്. അമ്മാത്തെ മുത്തശ്ശൻ ഡോ. ഇടവൂർ മാധവഭട്ടതിരിപ്പാട് ലോകപ്രശസ്തനായ ബയോകെമിസ്റ്റും നോബൽ സമ്മാനത്തിന്റെ ജൂറിമെമ്പറും ആയ ഒരേയൊരു നമ്പൂതിരി. അമ്മാത്തെ മുത്തശ്ശി മാലതീദേവി ഭട്ടതിരി കാനഡയിൽ മെഡിക്കൽ ടെക്നോളജിസ്റ്റായി റിട്ടയർ ചെയ്തു. അമ്മാമൻ ഡോ. മനു എം ഭട്ടതിരി റേഡിയോ ഡയഗ്നോസ്റ്റിക് സ്പെഷലിസ്റ്റ്, ന്യൂക്ലിയർ മെഡിസിൻ കൺസൾട്ടന്റ്, ലോസ് ആഞ്ചലസ്, യു.എസ്.എ.

സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഡൽഹി ശിവ്നാടാർ യൂണിവേഴ്സിറ്റിയിൽ 4 വർഷ ബിരുദാനന്തര ബിരുദം. ഹരിയാനയിലെ നാഷണൽ ബ്രെയ്ൻ റിസർച്ച് സെന്ററിൽ 18 മാസത്തെ ഇന്റേൺഷിപ്പ്. യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിൽ അപ്ലൈഡ് കോഗ്നിഷൻ & ന്യൂറോസയൻസിൽ സ്കോളർഷിപ്പോടെ എം എസ്. മൂന്നു വർഷങ്ങൾ യു.എസ്സിൽ പ്രാക്ടീസ്. തുടർന്ന് ആയുർവേദത്തിൽ പരിശീലനം. ഇപ്പോൾ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലിനിക്കൽ റിസർച്ച് അസോസിയേറ്റ്. എല്ലാം വിവേക് സ്വയം അന്വേഷിച്ചു, കണ്ടെത്തി. പൂർണ്ണമായും സെൽഫ് മെയ്ഡ്.

## ന്യൂറോമോഡുലേഷൻ


സൈക്യാട്രിയും ന്യൂറോളജിയും സമാസമം ചേർത്ത ഒന്ന്. ഡിപ്രഷൻ, ആങ്സൈറ്റി തുടങ്ങി മറവിയുടെ എല്ലാ ചമയങ്ങളേയും പൊളിച്ചു പുറത്തു കൊണ്ടുവരുന്ന ശാസ്ത്രം. യു.എസിൽ ഏറെ പ്രചാരം. ഇന്ത്യയിൽ ആരോഗ്യരംഗത്തെ വലിയ കോർപ്പറേറ്റുകൾ അപ്പോളോ, വോക്ക് ഹാർട്ട് തുടങ്ങിയവ ഡൽഹിയിലും മുംബൈയിലും ബാംഗ്ലൂരും തുടങ്ങിക്കഴിഞ്ഞു. കേരളത്തിൽ എറണാകുളത്ത് മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ പ്ലാൻ ചെയ്യുകയാണ്.

ട്രാൻസ്ക്രെയ്നിയൽ & മാഗ്നറ്റിക് ഒപ്റ്റിക്കൽ സ്റ്റിമുലേഷൻ ടെക്നിക് മനോരോഗികൾക്ക് നോൺ ഇൻവേസീവ് ട്രീറ്റ്മെന്റ് ആയി ഉപയോഗിക്കുന്നു. വയോജനങ്ങൾക്കും ഗർഭിണികൾക്കും ചില മരുന്നുകൾ കഴിക്കുമ്പോൾ പാർശ്വഫലങ്ങളുണ്ടാവാം. അവർക്കും പുതിയ രീതി നല്ല റിസൽട്ട് തരുന്നു. പാർക്കിൻസൺസിനും ഒ.സി.ഡി.ക്കും മറ്റും മരുന്നുകളെക്കാൾ ഫലപ്രദം ന്യൂറോ മോഡുലേഷന്റെ പുത്തൻ ആപ്ളിക്കേഷനുകളാണ്.

ലോകത്തിലെ ഏറ്റവും ശക്തമായ സി.പി.യു ആണ് മനുഷ്യന്റെ തലച്ചോറ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ എല്ലാ ടൂളുകളും കൂടിയാലും ശരാശരി ബുദ്ധിയുള്ള ഒരു മനുഷ്യന്റെ ഐ.ക്യു.വിൽ എത്തുമെന്നു തോന്നുന്നില്ല. ചിന്തകൾ, വികാരങ്ങൾ, സൃഷ്ടിപരമായ കഴിവുകൾ, അതും പോര 'സ്വ'ഭാവമായി വിലയിരുത്തപ്പെടുന്ന (പ്രൊഫൈൽ) പെരുമാറ്റവും അതിന്റെ വിഷ്വൽ കമ്യുണിക്കേഷനായ ശരീരചലനങ്ങളും തീരുമാനിക്കുന്നത് ഇതേ മസ്തിഷ്ക്കമാണ്. നാഡീവ്യൂഹങ്ങളും അതു സൃഷ്ടിയ്ക്കുന്ന ആവേഗങ്ങളും കെട്ടിപ്പിണഞ്ഞുണ്ടാകുന്ന ഓർമ്മക്കുടുക്കുകളുടെ കുരുക്കഴിയ്ക്കുന്നത് വല്ലാത്തൊരു ടാസ്ക് ആയിരിയ്ക്കും.

ന്യൂറോ സിസ്റ്റത്തിന്റെ കേടുപാടുകൾ തീർക്കാനുള്ള മോഡേൺ സയൻസിന്റെ ഉത്തേജക / മരവിപ്പിക്കൽ രീതികൾ 1810 മുതൽ തുടങ്ങുന്നു. നാഡികളെ ഉദ്ദീപിപ്പിക്കുമ്പോൾ തലച്ചോറിന്റെ മറ്റാരു ഭാഗത്തെ തളർത്തി നിയന്ത്രിച്ചാണ് പണ്ട് ചികിത്സ സാധ്യമാക്കിയിരുന്നത്.

ഇലക്ട്രിക്ക് ഷോക്ക് ട്രീറ്റ്മെന്റുകൾ എല്ലാവർക്കും പേടിസ്വപ്നമായി. 1980 കളിലാണ് ഡീപ് ബ്രെയ്ൻ സ്റ്റിമുലേഷൻ എന്ന സാങ്കേതികവിദ്യ പാർക്കിൻസൺസ് രോഗത്തിന് പ്രതിവിധിയായി ശാസ്ത്രം സ്വീകരിക്കുന്നത്. അക്കാലം മാനസികാസ്വാസ്ഥ്യങ്ങൾക്ക് ശക്തിയേറിയ ഗുളികകളും ചില സാഹചര്യങ്ങളിൽ




*വിവേകിന്റെ അമ്മാത്തെ മുത്തച്ഛനെപ്പറ്റി സ്വസ്തി 2021 ജൂലൈ ലക്കം*

ശരീരത്തിന്റെ ചലന ശേഷി വീണ്ടും ലഭിക്കാൻ (പാർക്കിൻസൺ ഡിസീസ്) ന്യൂറോ മോഡുലേഷൻ ഏറെ സഹായകമാണ്. പക്ഷാഘാതം കൊണ്ട് തകരാറിലായ കോശങ്ങളെ സമയമെടുത്ത് സുഖപ്പെടുത്തുമ്പോൾ രോഗിക്ക് സംസാരശേഷിയും തിരിച്ചുകിട്ടാറുണ്ട്.

–ഡോ. വി.കെ.ഭവദാസൻ.
ന്യൂറോ സർജൻ റിട്ട.
അമല മെഡിക്കൽ
കോളേജ്, തൃശൂർ

സർജറിയും വേണ്ടി വരുമായിരുന്നു. എന്നിട്ടും ആയുഷ്ക്കാലം രോഗിയായി നിൽക്കേണ്ടി വരുന്നത് സാധാരണം. പുതുതായി രൂപപ്പെട്ട ന്യൂറോ മോഡുലേഷൻ ചികിത്സാരീതി കുറെ കൂടി പേഷ്യന്റ് ഫ്രന്റ്ലി ആയി.

ബ്രെയിനിലെ നാഡികൾക്ക് ക്ഷതം വരുമ്പോൾ / പൊട്ടുമ്പോൾ ശരീരത്തിന്റെ ഒരു ഭാഗം തളരുന്നു. സംസാരവും കാഴ്ചയും തകരാറിലാവാം. മറ്റു ചിലപ്പോൾ കൃത്യമായ ശാരീരിക പ്രശ്നങ്ങളൊന്നുമില്ലെങ്കിലും രോഗി ചലിക്കാതിരിക്കും. ശരീരവും മനസ്സും ഒരു ഫ്രീക്വൻസിയിൽ ട്യൂൺ ആവുന്നില്ല എന്നത് സങ്കീർണമായ പ്രശ്നമാണ്.

ബ്രെയ്നിൽ കോഡ് ചെയ്യപ്പെട്ടതും, എന്നാൽ സോർട്ട് ചെയ്തെടുക്കാൻ പറ്റാത്തതുമായ പല ഡാറ്റകളും റീട്രീവ് ചെയ്യാൻ ഒരു റിവേഴ്സ് പ്രോസസിന് കഴിഞ്ഞേയ്ക്കാം.

മറന്നുപോയവ ഓർത്തെടുക്കാൻ ഏതു വഴികളിലൂടെ സഞ്ചരിക്കണം എന്നതുതന്നെ അറിയാൻ നിരന്തരമായ നിരീക്ഷണവും ജാഗ്രതയും ആവശ്യം. മണിച്ചിത്രത്താഴിലെ മോഹൻലാലിന്റെ സംഭാഷണം പോലെ / ആരും സഞ്ചരിയ്ക്കാത്ത വഴികളിലൂടെയൊക്കെ ന്യൂറോചികിത്സകൻ പോകേണ്ടി വരും.

'ചന്ദ്രലേഖ'യിലെ നായിക, 'മൂന്നാംപിറ'യിലെ കമലാഹാസൻ, 'തന്മാത്ര'യിലെ മോഹൻലാൽ. അൽഷിമേഴ്സ് പ്രമേയമായി 2020 ൽ ഓസ്കാർ നേടിയ 'ദ ഫാദർ' ഓർമ്മക്കേടുകളുമായി നമ്മെ പിടിച്ചുലച്ച എത്രയോ കഥാപാത്രങ്ങൾ മലയാളമടക്കമുള്ള ലോക സിനിമകളിലുണ്ട്. പ്രശ്നങ്ങളും അതിന്റെ പരിഹാരവും പക്ഷേ സിനിമാക്കഥ പോലെ അത്ര സിമ്പിളല്ല എന്ന് മാത്രം.

ഓർമ്മകൾ നഷ്ടപ്പെട്ടവരുടെ മനസ്സുണർത്താൻ ഒരു ദൃശ്യത്തിനോ ഒരു ശബ്ദത്തിനോ കഴിഞ്ഞേക്കാം. അപ്പോൾ ബ്രെയിനിൽ സംഭവിക്കുന്ന മാറ്റങ്ങൾ കണ്ടിന്യൂസ് ആയി റീഡ് ചെയ്യാൻ ടെക്നോളജിയും ചിലവു കൂടിയ ഉപകരണങ്ങളും

**ന്യൂറോ സയൻസ് ബിരുദങ്ങൾ ഇന്ത്യയിൽ**


1. നാഷണൽ ബ്രെയിൻ റിസർച്ച് സെന്റർ (എൻ.ബി.ആർ.സി.)
2. നിംഹാൻസ്, ബാംഗ്ലൂർ
3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ
4. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, മുംബൈ
5. ജെയിൻ യൂണിവേഴ്സിറ്റി
6. ക്രൈസ്റ്റ് യൂണിവേഴ്സിറ്റി
7. ബനാറസ് യൂണിവേഴ്സിറ്റി
8. അമിറ്റി യൂണിവേഴ്സിറ്റി

**രാജ്യത്തിന്റെ പുറത്തുനിന്നുള്ള ബിരുദങ്ങൾ**

1. ഹാർവാർഡ് യൂണിവേഴ്സിറ്റി
2. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി
3. കാലിഫോർണിയ സർവ്വകലാശാല (യു.സി.എസ്.എഫ്)
4. മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി



*ഡോ. ജോൺ ഹാർട്ട് എം.ഡി.*
*ന്യൂറോ സയൻസിൽ*
*വിവേകിന്റെ മെന്റർ*




*കോൺവൊക്കേഷൻ- ശിവ്നാടാർ യൂണിവേഴ്സിറ്റി*

ഇന്ന് ലഭ്യമാണ്. ചിന്താധാരകളെ ഉത്തേജിപ്പിക്കുന്ന സിമ്പിൾ ഡിവൈസുകളും ഉണ്ടാക്കാം. ബാല്യ കൗമാരങ്ങളിൽ ഉൾക്കൊണ്ട പലതും തിരിച്ചു പിടിക്കണമെങ്കിൽ ക്ഷമയോടെ ഒരു റിവേഴ്സ് യാത്ര വേണ്ടി വരാം. ഓരോരുത്തരുടെയും ജീവിതവഴികളെ ട്രേസ് മാപ്പിംഗ് നടത്തി മാത്രം സാധ്യമാക്കാവുന്ന തിരിച്ചു പിടിക്കൽ. ഒരു തരം റൂട്ട് കോസ് അനാലിസിസ്.

പ്രിവൻഷ്യൻ ഈസ് ബെറ്റർ ദാൻ ക്യൂർ എന്നുണ്ടല്ലോ. അൽഷിമേഴ്സിനെ, പാർക്കിൻസൺസിനെ,ഡിമൻഷ്യയെ നേരിടാൻ മുന്നൊരുക്കങ്ങൾ സാധ്യമോ?

**കരിയർ സാധ്യതകൾ**

മേഖല: ഹ്യൂമൺ കമ്പ്യൂട്ടർ ഇന്ററാക്ഷനിൽ റിസർച്ച്

ഗൂഗിൾ, മൈക്രോസോഫ്റ്റ് തുടങ്ങിയ പ്രധാന കമ്പനികളിൽ ഡവലപ്പർ

മെഡിക്കൽ റിസർച്ച്, അധ്യാപനം തുടങ്ങി ആയിരക്കണക്കിന് അവസരങ്ങൾ

ശരാശരി ശമ്പളം: തുടക്കത്തിൽ വർഷം നാലു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ. വൈദഗ്ധ്യമനുസരിച്ച് കനത്ത വേതനം ലഭിക്കുന്നവരുണ്ട്. പി.ജി., റിസർച്ച്, പോസ്റ്റ് ഡോക്ടറൽ കോഴ്സുകൾക്ക് ആകർഷകമായ സ്റ്റൈപ്പന്റും ലഭ്യമാണ്.

പേരുകൾ മറന്നാലും ഏഴാം വയസ്സിൽ പഠിച്ച ഗായത്രിയും തേവാരവും തെറ്റാതെ ജപിക്കുന്ന മുത്തശ്ശന്മാർ നമ്മുടെ മുന്നിലുണ്ട്. ശതാഭിഷേകനിറവിലും ശരീരത്തേക്കാൾ മനസ്സിന് യുവത്വം ദീക്ഷിക്കുന്നത് അപൂർവ്വമല്ല നിത്യ സാധനകളുടെ പവിത്രതയും കാർക്കശ്യവുമാണ് ഇതിന് കാരണമെങ്കിൽ മറവിക്കെതിരെ ഡവലപ് ചെയ്യാൻ പറ്റുന്ന ടൂളുകളല്ലെ ഇതെല്ലാം ? ഓരോരുത്തരുടെയും സോഫ്റ്റും ഹാർഡുമായ ചിന്തകളിലേക്ക് ക്ഷമയോടെ ഊർന്നിറങ്ങി കസ്റ്റമൈസ് ചെയ്യുന്ന ചില സമ്പ്രദായങ്ങൾ, അവയുടെ സാധ്യത



*വിവേക് പൂയ്യപ്പള്ളി കൃഷ്ണൻ*

The most Adventurous Journey of Your Life is To Find Yourself In Yourself By Yourself.

കൾ.... തലച്ചോറിനേയും നാഡികളേയും ഉദ്ദീപിപ്പിച്ച് നിലനിർത്തൽ ... 'ആറോതി നൂററുരുവിട്ട്' ഏഴാം വയസ്സിൽ തന്നെ വേദവും മന്ത്രങ്ങളും പഠിച്ച് നിരന്തരം മനനം ചെയ്യുന്ന ബ്രാഹ്മണന് മറവിയെ ചലഞ്ച് ചെയ്യുന്ന, ഓർമ്മകളെ റിട്രീവ് ചെയ്യുന്ന പുതു പാഠ്യപദ്ധതികളിൽ നേതൃത്വം കൊടുക്കാൻ സാധിക്കും.

അറിയുക, പുതുലോകത്തിന്റെ വിലയേറിയ കരിയർ മേഖലകൾ എൻജിനീയറിംഗും മെഡിസിനും മാത്രമല്ല. ന്യൂറോ മോഡുലേഷൻ തുറന്നുതരുന്ന സാധ്യതകൾ നിരവധി. ടാലന്റഡ് ഫ്യൂച്ചറിസ്റ്റിക്. മോഡുലേറ്റ് ചെയ്യപ്പെടുന്നത് വരും ലോകത്തിന്റെ തലയിലെഴുത്ത്. ●

വിവേക് പൂയ്യപ്പള്ളി കൃഷ്ണൻ
ഫോൺ (വാട്സ്ആപ്പ് മാത്രം): 9778455177
അച്ഛൻ ശ്രീകാന്ത് പൂയ്യപ്പള്ളി കൃഷ്ണൻ, ഫോൺ: 9895355177
വിനോദ് മങ്ങത്തായ
ഫോൺ: 9895621493



*പാലത്തിന്റെ ചിത്രം*

# മുതലനായാട്ട് @ തൃപ്പൂണിത്തുറ

**രമേശൻ തമ്പുരാൻ**



തൃപ്പൂണിത്തുറ കോട്ടയ്ക്കകത്തിന്റെ വടക്കും കിഴക്കും തെക്കും കോട്ടവാതിലുകൾ ഉണ്ടായിരുന്നു. തെക്കുഭാഗത്തെ കോട്ടയോടു ചേർന്ന് ഒരു കിടങ്ങുമുണ്ട്. പടിഞ്ഞാറെ അതിർത്തിയാണ് ഈ പുഴ.

പൂർണ്ണാനദിയെന്നും പൂർണ്ണീനദിയെന്നും പേരുള്ള ഇത് തൃപ്പൂണിത്തുറക്കാർക്ക് പടിഞ്ഞാറെപ്പുഴയാണ്. സർക്കാർ രേഖകളിൽ തട്ടപ്പിള്ളിക്കാട്ടുപുഴ എന്നാണ് കാണുന്നത്. വാസ്തവത്തിൽ കായലിന്റെ ഉപ്പുവെള്ളം നിറഞ്ഞ ഒരനുബന്ധജലാശയമാണിത്.

പുഴയുടെ രണ്ടു കരകളേയും ബന്ധിപ്പിക്കുന്ന പാലം പണ്ട് നീണ്ടൊരു തെങ്ങിൻതടി മാത്രമായിരുന്നുവത്രെ.

അക്കാലത്ത് ഈ പുഴയിൽ ധാരാളം മുതലകളുണ്ടായിരുന്നു. രാത്രികാലങ്ങളിൽ കരയിൽ കയറി വന്ന് പശുക്കുട്ടികളേയും ആടുകളേയും പിടിച്ചു കൊണ്ടു പോകുമായിരുന്നു

അക്കാലത്തെ ധീരയുവാക്കളുടെ ഒരു വിനോദമായിരുന്നു മുതലനായാട്ട്. വഞ്ചിയിൽ കയറിപ്പോയി തോക്കുപയോഗിച്ച് അവയെ വെടിവച്ചു കൊല്ലുന്നതായിരുന്നു ഒരു രീതി. തൃപ്പൂണിത്തുറ കോവിലകത്തെ വിഷവൈദ്യൻ കൊച്ചുണ്ണിത്തമ്പുരാൻ ഒരു മികച്ച മുതലനായാട്ടുകാരനായിരുന്നു. ഉന്നം പിഴയ്ക്കാത്ത വെടിയായിരുന്നുവത്രെ അദ്ദേഹത്തിന്റേത്.

മുതലകളെ പിടിക്കാനുള്ള മറ്റൊരു മാർഗ്ഗമായിരുന്നു 'കാളൻ' വെയ്ക്കൽ. എലിപ്പത്തായത്തിന്റെ മാതൃകയിൽ കൂറ്റൻ കൂട് നിർമ്മിച്ച്, അതിൽ മുതലയെ ആകർഷിക്കുന്ന വിധത്തിലുള്ള ഭക്ഷണം വെച്ച് പുഴയുടെ തീരത്ത് വെയ്ക്കും. ഇതിന് കാളൻ വയ്ക്കുക എന്നാണ് പറയുക.

ഈ വിദ്യയിൽ വിദഗ്ദ്ധനായിരുന്നു നേരത്തെ പറഞ്ഞ കൊച്ചുണ്ണിത്തമ്പുരാന്റെ അനിയനായ കുഞ്ഞിക്കിടാവ് തമ്പുരാൻ. മുതല കെണിയിൽ കുടുങ്ങിക്കഴിഞ്ഞാൽ അദ്ദേഹത്തിന്റെ കിങ്കരന്മാർ ആ മുതലക്കൂട് ഒരു ഉന്തുവണ്ടിയിൽ കയറ്റി കോട്ടയ്ക്കകത്തെ ഓരോ കോവിലകത്തിനു മുമ്പിലും പ്രദർശിപ്പിച്ച ശേഷം വീണ്ടും മുതലയെ പുഴയിലേയ്ക്കു തന്നെ തുറന്നു വിടും. സാത്വികനായ അദ്ദേഹം മുതലകളെ കൊല്ലാറില്ല. അദ്ദേഹത്തിന് അതൊരു നേരമ്പോക്ക് മാത്രമായിരുന്നു. കാളൻ തമ്പുരാൻ എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. പാവങ്ങളുടെ ഡോക്ടർ എന്നറിയപ്പെട്ടിരുന്ന, തൃശൂരിലെ പ്രസിദ്ധഭിഷഗ്വരനായിരുന്ന വി. കെ. നാരായണ മേനോൻ ഇദ്ദേഹത്തിന്റെ പുത്രനാണ്.



*ഒരുവശത്തെ നടപ്പാത പൊളിഞ്ഞു വീണ പാലമാണ് ചിത്രത്തിൽ*




*പാലത്തിൽ സ്ഥാപിച്ചിട്ടുള്ള, നിർമ്മാണവർഷവും മറ്റു വിവരങ്ങളും രേഖപ്പെടുത്തിയ ഫലകം*

കൊച്ചിക്കായലിൽ അക്കാലത്ത് ധാരാളം മുതലകളുണ്ടായിരുന്നു. മലയാളത്തിലെ ആദ്യകാല കഥകളിലൊന്നായ സി. എസ്. ഗോപാലപ്പണിക്കരുടെ 'ഒരു മുതലനായാട്ട്' എന്ന കഥ കൊച്ചിക്കായലിലെ ഒരു മുതലവേട്ടയെപ്പററിയുള്ളതാണ്. അടുത്ത കാലത്ത് എൻ. എസ്. മാധവൻ എഴുതിയ ഭീമച്ചൻ എന്ന മനോഹരമായ കഥയും കൊച്ചിക്കായലിലെ മുതലവേട്ടയെ സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ ആ മുതലകളൊക്കെ എവിടെപ്പോയി ആവോ?

ഇനി പാലത്തിലേയ്ക്ക് വരാം.

പണ്ട് തെങ്ങിൻ തടി കൊണ്ടുള്ള പാലമായിരുന്നു എന്ന് നേരത്തേ പറഞ്ഞിരുന്നല്ലോ. പിന്നീട്, രണ്ടു ഭാഗത്തേയ്ക്കും ഉയർത്തിവയ്ക്കാൻ പാകത്തിന് ഒരു പാലം പണിഞ്ഞിരുന്നു എന്ന് ആരോ പറഞ്ഞു കേട്ടിട്ടുണ്ട്. പക്ഷെ അതിനെപ്പറ്റിയുള്ള രേഖകളോ മറ്റു തെളിവുകളോ കണ്ടിട്ടില്ല. അതിനാൽ അതിനെ നമുക്ക് വിട്ടുകളയാം.

1890 ൽ ലണ്ടനിലെ വെസ്റ്റ് വുഡ് ബെയ്‌ലി എഞ്ചിനീയറിങ് കൺസ്ട്രക്ഷൻ കമ്പനിയാണ് ഇപ്പോഴുള്ള പാലം പണിഞ്ഞത്. ചിങ്ങമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ എന്ന് പിന്നീടറിയപ്പെട്ട കേരളവർമ്മ മഹാരാജാവിന്റെ ഭരണ കാലത്തായിരുന്നു (1888 - 1895) നിർമ്മാണം.

പണ്ട് ഈ ഇടുങ്ങിയ പാലത്തിലൂടെ ബസ്സും ലോറിയും വരെ പോയിരുന്നു. വലിയ വാഹനങ്ങൾ വരുമ്പോൾ കാൽനടക്കാർക്ക് ഒതുങ്ങി നില്ക്കാൻ പോലും സ്ഥലമില്ലായിരുന്നു. വർഷം മുമ്പ് പാലത്തിന്റെ രണ്ടു വശത്തും നടപ്പാതകൾ നിർമ്മിച്ചു. ചേർത്തലയിലെ ഓട്ടോകാസ്റ്റ് കമ്പനിയാണ് അത് നിർമ്മിച്ചത്. പരിതാപകരമായിരുന്നു അതിന്റെ പണി എന്ന് പറയാതെ വയ്യ. കുറച്ചു വർഷങ്ങൾ കഴിഞ്ഞപ്പോൾ നടപ്പാത നടക്കാൻ പറ്റാത്ത വിധത്തിലായി. ഒരു വശത്തെ പാത അടച്ചിട്ടു. മറ്റേതിലൂടെയുള്ള യാത്രയെപ്പറ്റി ആലോചിച്ചാൽ തന്നെ പേടിയാവും.

ഏഴെട്ടു വർഷം മുമ്പ് പാലത്തിലൂടെയുള്ള വലിയ വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചു. മൂന്നാല് വർഷം മുമ്പ് യാത്ര ഇരുചക്രവാഹനങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തി. പാലത്തിന് ബലക്ഷയമുണ്ടെന്നായിരുന്നു പൊതുമരാമത്ത് വകുപ്പിന്റെ കണ്ടെത്തൽ.

ഇരുമ്പു പാലം അപകടത്തിൽ എന്ന വാർത്തകൾ മാധ്യമങ്ങളിൽ നിറഞ്ഞു. അത് പൊളിച്ച് പുതിയ പാലം പണിയുമെന്ന് അന്നത്തെ തൃപ്പൂണിത്തുറ എം. എൽ. എ. ശ്രീ. എം. സ്വരാജ് പ്രഖ്യാപിച്ചു. പഴക്കവും പൈതൃക മൂല്യവുമുള്ള പാലം പൊളിക്കരുതെന്ന് മറ്റു ചിലർ ആവശ്യപ്പെട്ടു. ഇപ്പോഴത്തെ പാലം ഇളക്കിയെടുത്ത് ഹിൽ പാലസ് മ്യൂസിയത്തിൽ കൊണ്ടുപോയി പുന:സ്ഥാപിക്കുമെന്ന് എം. എൽ. എ. പറഞ്ഞു. പാലവും അതിനോടനുബന്ധിച്ച് റോഡും വീതി കൂട്ടുമ്പോൾ വീടുകൾ നഷ്ടപ്പെടുന്നവർ പരാതി നല്കുകയും ചെയ്തു.

പാലത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള റസിഡന്റ്സ് അസോസിയേഷൻ ഐ. ഐ. ടി. യിൽ നിന്ന് വിരമിച്ച, അണ്ടർ വാട്ടർ സ്പെഷലിസ്റ്റായ ഒരു സ്ട്രക്ച്ചറൽ എഞ്ചിനീയറെക്കൊണ്ട് പാലം പരിശോധിപ്പിച്ചു. 50 കൊല്ലം കൂടി യാതൊരു കുഴപ്പവുമില്ലാതെ പാലം നിലനില്ക്കുമെന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്തു.

ആ റിപ്പോർട്ട് പാലത്തിന്റെ രണ്ടു വശത്തുമുള്ള അന്നത്തെ എം. എൽ. എ. മാർക്ക് (എം. സ്വരാജിനും, പി. ടി. തോമസിനും) സമർപ്പിച്ചു.

ഇങ്ങനെയൊക്കെയാണ് ഇന്നു വരെയുള്ള കാര്യങ്ങൾ. പാലത്തിന്റേയും അനുബന്ധ റോഡിന്റേയും പ്ലാൻ തയ്യാറായിക്കഴിഞ്ഞു എന്നാണ് ഇപ്പോൾ കേൾക്കുന്നത്.

പാലത്തിന്റെ ഭൂതവും വർത്തമാനവും നമ്മൾ കണ്ടു കഴിഞ്ഞു.

ഭാവി എന്താകുമോ എന്തോ? ●

രമേശൻ തമ്പുരാൻ
'ബംഗ്ലാവ് പാലസ്, KRA127,
കോട്ടക്കകം, തൃപ്പൂണിത്തുറ,
682301



*ഗായത്രി കൂട്ടായ്മയുടെ കണ്ണൂർ ക്ഷേത്ര ദർശനം*

# ദില്ലിയിൽ തുടക്കം, കേരളത്തിൽ മുഴക്കം 'ഗായത്രീ' ജപം തുടരുകയാണ്

**പൊത്തോപ്പുറം കേശവൻ ജയന്തൻ**



ആദ്യമായി ഒരു നമ്പൂതിരി ഡൽഹിക്കു കുടിയേറിയത് 1950-കളുടെ മദ്ധ്യത്തിലാണ് - പിണ്ടാലി പരമേശ്വരൻ. പിന്നീട് ഡോ. ഒളപ്പമണ്ണ (O.M.) അനുജൻ, ഡോ. ആകവൂർ നാരായണൻ, ശ്രീ മുണ്ടയൂർ ശങ്കര ശർമ്മ, പ്രൊഫ. അരിത്തോട്ടം പരമേശ്വരൻ, അഡ്വക്കേറ്റ് പാഴൂർ പരമേശ്വരൻ, ശ്രീ കോതമംഗലം വാസുദേവൻ, ശ്രീ എൻ. ഭാസ്കരകുമാർ, ശ്രീ കോട്ടവട്ടം വിജയകുമാർ തുടങ്ങി എത്രയോ മഹാരഥന്മാർ തങ്ങളുടെ കർമ്മഭൂമിയായി പല സമയങ്ങളിൽ ഡൽഹിയെ തിരഞ്ഞെടുത്തു!

1985-ൽ ഡൽഹിയിലെ നമ്പൂതിരിമാർ ഒരുമിച്ചുകൂടി തങ്ങളുടേതായ ഒരു സംഘടനയുണ്ടാക്കി. ബ്രാഹ്മണർ മാത്രമേ അംഗങ്ങളായി ഉണ്ടായിരുന്നുള്ളു എങ്കിലും ഒരു സാമുദായികസംഘടനയെന്നതിലുപരി ഒരു സാംസ്കാരികസംഘടന ആയിട്ടായിരുന്നു ഗായത്രിയുടെ ജനനവും വളർച്ചയും. ഡൽഹിയിലെ സാഹചര്യത്തിൽ അതായിരുന്നു സാദ്ധ്യവും അഭികാമ്യവും ആയിരുന്നത്. പിണ്ടാലി പരമേശ്വരൻ അദ്ധ്യക്ഷനും ഒളപ്പമണ്ണ അനുജൻ, അകവൂർ നാരായണൻ എന്നിവർ ഉപാദ്ധ്യക്ഷന്മാരും അഡ്വ. പാഴൂർ പരമേശ്വരൻ സെക്രട്ടറിയും കോതമംഗലം വാസുദേവൻ ഖജാൻജിയും ആയ ആദ്യത്തെ നിർവ്വാഹകസമിതിയേയും തിരഞ്ഞെടുത്തു. അടുത്ത വർഷം, 1986-ൽ, കേന്ദ്രമന്ത്രി നരസിംഹ റാവു, ഇ,എം.എസ്. നമ്പൂതിരിപ്പാട്, മഹാകവി ഒളപ്പമണ്ണ, സുപ്രസിദ്ധ ഇന്ത്യൻ നയതന്ത്രജ്ഞൻ എ.കെ. ദാമോദരൻ തുടങ്ങിയവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഗായത്രിയുടെ ഔപചാരികമായ ഉദ്ഘാടനം നടത്തി. ആ ചടങ്ങിൽ വച്ചാണ് ഒ.എം.സി. നാരായണൻ നമ്പൂതിരിപ്പാടിന്റെ, എട്ടു വാല്യങ്ങളുള്ള, ഋഗ്വേദ ഭാഷാ ഭാഷ്യം എന്ന മഹാഗ്രന്ഥത്തിന്റെ എട്ടാം വാല്യം പ്രകാശനം ചെയ്തത്.

> ഒരു സാമുദായികസംഘടനയെന്നതിലുപരി ഒരു സാംസ്കാരികസംഘടന ആയിട്ടായിരുന്നു ഗായത്രിയുടെ ജനനവും വളർച്ചയും.

അംഗസംഖ്യയിൽ ചെറുതായിരുന്നെങ്കിലും പ്രവർത്തനമേന്മ കൊണ്ട് ഡൽഹിയിലെ മറ്റു മലയാളി സംഘടനകളോടൊപ്പം എത്താൻ ഗായത്രിക്ക് ഏറെ കാത്തിരിക്കേണ്ടി വന്നില്ല. അഖിലേന്ത്യാതലത്തിൽ നടത്തിയ ചെറുകഥ-കവിത മത്സരങ്ങൾ സംഘടനയുടെ പ്രചാരം വർദ്ധിപ്പിച്ചു. അമച്വർ (amateur) സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ നാടകമത്സരങ്ങൾ ദേശീയ തലസ്ഥാന മേഖലയിൽ സംഘടനയുടെ സ്വീകാര്യത കൂട്ടാൻ കാരണമായി. ഗായത്രിയുടെ

രജതജൂബിലി 2011-ൽ നടത്തി. കേരളത്തിൽ തെക്കു മുതൽ വടക്കു വരെയുള്ള ക്ഷേത്രങ്ങളിലെ പ്രധാനപ്പെട്ട ചടങ്ങുകളും ആഘോഷങ്ങളും ഉൾക്കൊള്ളിച്ച് അവതരിപ്പിച്ച 'ക്ഷേത്രായനം' എന്ന നൃത്തനാടകം ദേശീയ തലസ്ഥാന മേഖലയിലെ മലയാളികൾക്ക് തികച്ചും ഒരു പുതിയ അനുഭവമായിരുന്നു. കേരളത്തിൽ നിന്നു വന്ന വിദഗ്ധ കലാകാരന്മാർ അവതരിപ്പിച്ച തെയ്യം, തിടമ്പുനൃത്തം, ഓട്ടൻതുള്ളൽ, കൂത്ത്, മുതലായവ രാജ്യതലസ്ഥാനത്തെ മലയാളികൾക്ക് വിനോദത്തോടൊപ്പം പുതിയ അനുഭവവും സമ്മാനിച്ചു.

പിന്നീട്, പെൻഷൻ പറ്റിയ ഗായത്രി കുടുംബങ്ങളും, ജോലിമാറ്റം കിട്ടിയ ഒരു കുടുംബവും, ഓരോരുത്തരായി നാട്ടിലേക്കുള്ള മടക്കക്കുടിയേറ്റം ആരംഭിച്ചു. ഗായത്രിയുടെ ദീർഘകാലസെക്രട്ടറി ആയിരുന്ന ശ്രീ ചിറ്റേഴത്ത് പരമേശ്വരന്റെ മനസ്സിൽ ഉദിച്ച ആശയത്തിൽ നിന്ന് പിന്നീട് കേരളത്തിലെ 'ഗായത്രി കൂട്ടായ്മ' രൂപം കൊണ്ടു. കേരളത്തിലെ ഗായത്രി കുടുംബങ്ങൾ തമ്മിലുള്ള ആശയവിനിമയം തുടരാനും തമ്മിലുള്ള ബന്ധം സുദൃഢമാക്കുവാനും ഇതു സഹായിച്ചു. ഇപ്പോൾ നൂറ്റമ്പതിലേറെ കുടുംബങ്ങൾ ഇതിൽ അംഗങ്ങളാണ്. ശ്രീ വേണാട് വാസുദേവൻ, ശ്രീ സി.കെ. പരമേശ്വരൻ, ശ്രീ വി.കെ. നീലകണ്ഠൻ അടികൾ, ശ്രീ പി.കെ. ജയന്തൻ, ശ്രീ എൻ.ടി. ആനന്ദൻ, ശ്രീമതി കിഴക്കേടം സാവിത്രി വാസുദേവൻ, ശ്രീമതി രജിത ഹരി, ശ്രീ ചന്ദ്രശേഖരൻ നമ്പൂതിരി എന്നിവർ ഗായത്രി കൂട്ടായ്മയുടെ സാരഥ്യം വഹിക്കുന്നു.

എല്ലാ വർഷവും എല്ലാവരും തൃശ്ശൂർ വച്ച് ഒരുമിച്ചു കൂടാറുണ്ട്.




*കുടുംബ സംഗമത്തിലെ വിഷ്ണു സഹസ്രനാമാർച്ചന*

ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ളത് തൃശ്ശൂരു നിന്നാണ്. ദൂരെ നിന്നു വരുന്നവർക്ക് താമസസൗകര്യം ഒരുക്കാൻ തൃശ്ശൂരുള്ള അംഗങ്ങൾ ഉത്സാഹത്തോടെ മുമ്പോട്ടു വരുന്നു. രണ്ടു ദിവസത്തെ കുടുംബസംഗമം പരസ്പരം സന്തോഷവും സങ്കടവും പങ്കിടാൻ മാത്രമല്ല, തങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ പ്രദർശിപ്പിക്കാനും കൂടിയുള്ള വേദിയാണ്. പാട്ട്, നൃത്തം, കവിത, സ്കിറ്റ്, അക്ഷരശ്ലോകസദസ്സ് തുടങ്ങിയവ കൂടാതെ കായികമത്സരങ്ങളും വിനോദത്തിനു വേണ്ടിയുള്ള കളികളും നടത്താറുണ്ട്. അംഗങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കുക, താല്പര്യപൂർവ്വം മുമ്പോട്ടു വരുന്ന എല്ലാ അംഗങ്ങളുടേയും പരിപാടികൾ അവതരിപ്പിക്കുക എന്നിവയാണ് കൂട്ടായ്മയുടെ നയം. കുടുംബാംഗങ്ങളുടെ കഴിവുകൾ കുടുംബത്തിലുള്ളവരുടെ മുമ്പിലല്ലാതെ പിന്നെ എവിടെയാണ് അവതരിപ്പിക്കുക?

എല്ലാ പ്രായത്തിലുള്ളവർക്കും പ്രയോജനകരമായ ആരോഗ്യസംബന്ധിയായ അവതരണങ്ങളും എല്ലാ വർഷവും നടത്താറുണ്ട്. 2024-ൽ നടത്തിയ സംഗമത്തിൽ ഡൽഹിയിലെ അന്താരാഷ്ട്ര കഥകളി കേന്ദ്രത്തിന്റെ മുൻപ്രിൻസിപ്പാളും ഗായത്രിയുടെ ഉറ്റസുഹൃത്തും അഭ്യുദയകാംക്ഷിയുമായ ശ്രീ സദനം ബാലകൃഷ്ണനെ ആദരിക്കാനുള്ള അവസരവും കൈ വന്നു.

ഓരോ തവണയും യാത്ര പറഞ്ഞു പിരിയുമ്പോൾ അടുത്ത വർഷം വീണ്ടും കൂടുന്നതിനെക്കുറിച്ചുള്ള പ്രതീക്ഷയാണ് എല്ലാവർക്കും.

തീർത്ഥയാത്രകളും വിനോദയാത്രകളും സംഘടിപ്പിക്കുന്നതും കൂട്ടായ്മയുടെ പതിവുപരിപാടികളിൽ പെടുന്നു. കന്യാകുമാരിയിലേക്ക് വിനോദയാത്ര, കൊച്ചിയിൽ കടൽ യാത്ര, ആലപ്പുഴ വേമ്പനാട്ടു കായൽ യാത്ര, കണ്ണൂരിലുള്ള ക്ഷേത്രങ്ങളിൽ ദർശനം, നാല് ദിനരാവുകൾ നീണ്ട ആൻഡമാൻ യാത്ര, തുടങ്ങിയവയൊക്കെ ഇതിൽ ഉൾപ്പെടുന്നു. വയനാട്ടിലേക്കും ഗുജറാത്തിലേക്കും, കൂടാതെ ഇൻഡോനേഷ്യയിലെ ബാലിദ്വീപിലേക്കുമുള്ള യാത്രകളുടെ തയ്യാറെടുപ്പുകൾ നടക്കുന്നു.

ജീവിതത്തിന്റെ സായാഹ്നത്തിൽ ഒറ്റപ്പെടലിന് അടിമപ്പെടാതെ, ജീവിതം കൂടുതൽ ആസ്വദിക്കാനും സജീവമായിരിക്കാനും കുടുംബബന്ധങ്ങൾ സുദൃഢമാക്കുവാനും സന്തോഷവും ഉത്സാഹവും വർദ്ധിപ്പിക്കാനും നാലു പതിറ്റാണ്ടുകൾക്ക് മുമ്പു ഡൽഹിയിൽ വച്ചു തുടങ്ങിയ കുടുംബബന്ധം എക്കാലവും, കേരളത്തിലും, നിലനിർത്താനും ആണ് കൂട്ടായ്മയുടെ ശ്രമം. ●

*കൂട്ടായ്മയുടെ ആൻഡമാൻ യാത്ര*



പൊത്തോപ്പുറം കേശവൻ ജയന്തൻ
സരസിജം, കനാൽ റോഡ്,
പട്ടരുകുന്ന്, വെളിയന്നൂർ പി.ഓ.
ഉഴവൂർ വഴി, കോട്ടയം ജില്ല.
9810453289
ഭാമ 6282 074 664



Vaidyaratnam P.S. Varier's
ARYA VAIDYA SALA KOTTAKKAL
ESTD 1902
Kottakkal
ayurveda
SAFFRONSILK
SKIN CARE SERUM
Timeless Tradition - Graceful Glow
Daily care for Silky Skin
10 ml
10ml
Kottakkal
SAFFRONSILK
WITH PREMIUM SAFFRON
Non sticky in nature.
Reduces pigmentation, wrinkles, pimples and moles.
Improves skin texture.
Scan the QR code
to shop now
shop.aryavaidyasala.com
SAFFRON
LOTUS
SANDALWOOD
GOAT MILK
VETIVER, MANJISHTA, LAC, YASHTI, FRACTIONATED COCONUT OIL
കാലാതീതമായ ആയുർവേദ പാരമ്പര്യത്താലും
123 വർഷത്തെ കോട്ടക്കൽ ആര്യവൈദ്യശാലയുടെ മികവിനാലും സമ്പന്നം
Available at all Arya Vaidya Sala outlets, dealer networks, leading stores and online.
Head office: Kottakkal (PO), Malappuram (Dist.), Kerala - 676 503, INDIA
aryavaidyasala.com marketing@aryavaidyasala.com 0483-2806523



തിരുനാവായിൽ നടന്ന മഹാമാഘ മഹോത്സവത്തിൽ

# മനുഷ്യത്വത്തെ മതമാക്കിയ കർമ്മയോഗി

## ബ്രഹ്മർഷി മോഹൻജി

**അനുജൻ ടി.എം.**



1970 കളുടെ തുടക്കം. കേരളത്തിലെ പ്രശസ്തമായ ഒരു വിദ്യാലയത്തിൽ ഒന്നാംക്ലാസിലെ കുറുമ്പന്മാരുടേയും കുറുമ്പികളുടേയും ഉള്ളിലിരിപ്പ് അറിയാനുള്ള ശ്രമത്തിലാണ് ക്ലാസ് ടീച്ചർ. മക്കൾക്ക് വലുതാവുമ്പോൾ ആരാവാനാണ് ആഗ്രഹമെന്ന ടീച്ചറുടെ ചോദ്യത്തിനുമുന്നിൽ തുരുതുരാ ഉത്തരങ്ങൾ വന്നു... ടീച്ചർ, ഡ്രൈവർ, എൻജിനിയർ, ഡോക്ടർ ... ഇടബെഞ്ചിലൊന്നിൽ ഒതുങ്ങിയിരുന്ന് ഇതിലൊന്നും ശ്രദ്ധിക്കാതെ മനസ്സുകൊണ്ട് ലോകത്തെവിടേയോ സഞ്ചരിച്ചിരുന്ന ഒരു കോലൻ മുടിക്കാരനിലും ടീച്ചറുടെ ചോദ്യമെത്തി. എന്നാൽ, അവന്റെ മറുപടി ഞെട്ടിക്കുന്നതായിരുന്നു ... 'എനിക്ക് ഒറ്റക്കാവണം.'

ഒറ്റനിമിഷം ടീച്ചർ 'അപകടം' മണത്തു. അമ്മയെ വിളിച്ചുവരുത്തി. ഈ കുട്ടിക്ക് മാനസികവളർച്ച പോരെന്നും മറ്റുള്ളവരുമായി ചേർന്ന് മുന്നോട്ടുപോകാനാവില്ലെന്നുമുള്ള



*മോഹൻജി*

> 92 രാജ്യങ്ങൾ, ലക്ഷക്കണക്കിന് 'ജൻ സി' ഫോളോവേഴ്സ്. അമ്മുവിന്റെ അച്ഛൻ ഇന്ന് മെറ്റയെപ്പോലും വിസ്മയിപ്പിച്ച വിശ്വസേവകനാണ്.

ആ അധ്യാപികയുടെ വാക്കുകൾ ആ മാതൃഹൃദയത്തിൽ ആഞ്ഞുതറച്ചു. ഭർത്താവ് വളരെ തിരക്കുള്ള ഓർത്തോപീഡിക്/പോലീസ് സർജൻ. ഒന്നിനും സമയമില്ല, മാത്രമല്ല, ഇത്തരം കാര്യങ്ങളിൽ ഒരു അഭിപ്രായം ചോദിക്കാനും ഒത്തുകിട്ടാറില്ല. പിന്നെന്തുചെയ്യും. അവർക്കുമുന്നിൽ ആശ്രയം സ്വന്തം അച്ഛനായിരുന്നു. അച്ഛൻ ശങ്കരൻ നമ്പൂതിരിപ്പാട് മദ്രാസ് ഗവൺമെന്റിന്റെ കീഴിലുള്ള എച്ച്. ആർ. ആന്റ് സി.ഇ. വകുപ്പ് എക്സിക്യൂട്ടീവ് ഓഫീസറും കുണ്ടൂർകുന്ന് സ്കൂൾ സമുച്ചയത്തിന്റെ സ്ഥാപകനും ജ്യോതിഷ പണ്ഡിതനുമായിരുന്നു. ഒരു അവധിദിവസം അവർ സ്വന്തം വീട്ടിലേക്ക് മകനെയും കൊണ്ട് വന്നു. അച്ഛന്റെ മുന്നിൽ പരാതികളുടെ ഭാണ്ഡക്കെട്ട് നിരത്തി. ടീച്ചർ പറയുന്നത് സ്കൂൾ മാറ്റണമെന്നാണ് എന്താണ് ചെയ്യേണ്ടത് എന്നറിയില്ല.. അച്ഛൻ പറയണം..

എല്ലാം ശാന്തമായി കേട്ട ആ മനീഷി തന്റെ പരമ്പരയിലെ ഇളം മുറക്കാരനിലെ സ്പാർക്ക് ആണ് തിരിച്ചറിഞ്ഞത്. ടീച്ചർക്കും നിനക്കുമെന്നല്ല ഇവനെ ആർക്കും ശരിക്ക് മനസ്സിലായിട്ടില്ല. ഒരു ദിവസം ഇവൻ



*മോഹൻജി പത്നി ദേവി മോഹൻ, മകൾ മില എന്നിവരോടൊപ്പം*

ലോകം മുഴുവൻ അറിയപ്പെടുന്ന ആളായി മാറും. ഇപ്പോൾ ഉപദ്രവിക്കേണ്ട... വെറുതെ വിട്ടേക്കൂ... എന്ന്. അവിടെ നിന്ന് ലഭിച്ച ആ ആത്മവിശ്വാസത്തിൽ അമ്മ മകനെയും കൊണ്ട് താമസസ്ഥലത്തേക്ക് മടങ്ങി...

അന്നത്തെ ആ ആറുവയസ്സുകാരനാണ് ഇന്ന് മധ്യവയസ്സ് പിന്നിട്ട് ലോകത്ത് കഷ്ടപ്പെടുന്ന, ആലംബമാഗ്രഹിക്കുന്ന, ഒരു നേരത്തെ ഭക്ഷണത്തിനുപോലും അന്യനെ ആശ്രയിക്കേണ്ടി വരുന്ന ജീവിത സാഹചര്യങ്ങളിൽ വലിയ പ്രതിസന്ധി നേരിട്ട് ഉഴലുന്ന, ജനലക്ഷങ്ങൾക്ക് ആശ്രയവും സാന്ത്വനവുമാവുന്ന മോഹൻജി.

മനുഷ്യത്വമെന്നത് കേവലം വാക്കല്ലെന്നും നിരന്തര കർമ്മത്തിലൂടെ പ്രകടിപ്പിക്കേണ്ടതാണെന്നും സ്വജീവിതം കൊണ്ട് അടയാളപ്പെടുത്തി മനുഷ്യത്വത്തെ ഏറ്റവും വലിയ മതമായി പ്രഖ്യാപിച്ച കർമ്മയോഗി.

സ്വാർത്ഥതയും അശാന്തിയും നിറഞ്ഞ കാലഘട്ടത്തിൽ, തലമുറകളുടെ അവബോധത്തെ നിസ്വാർ



*മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്നും മോഹൻജി ബ്രിക്സ് അവാർഡ് ഏറ്റുവാങ്ങുന്നു*

ത്ഥതയുടെ ഉദാത്തതലങ്ങളിലേക്ക് ഉയർത്തുകയെന്ന പാവന ദൗത്യം നിർവഹിച്ച്, ചിന്തയിലും വാക്കിലും പ്രവൃത്തിയിലും അഹിംസ പുലർത്തുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ ആത്മീയ പരിശീലനമെന്നും പ്രചരിപ്പിക്കുന്ന അദ്ധ്യാത്മികാചാര്യൻ,

കോർപ്പറേറ്റ് പ്രൊഫഷണലും കുടുംബനാഥനുമായിരുന്നിട്ടും ആത്മീയതയെന്നത് ലോകം വെടിഞ്ഞ് കാടു കയറലല്ല, നിത്യജീവിതത്തിന്റെ സമസ്തവശങ്ങളിലും പുലർത്തേണ്ട വിശുദ്ധിയാണെന്ന് തെളിയിച്ച വ്യക്തിത്വം. സഹകരിക്കാൻ ആഗ്രഹിക്കുന്നവർക്കായി ദയയും കാരുണ്യവും മുൻനിർത്തിയ കർമങ്ങളിലൂടെ സമൂഹത്തെ വികസിപ്പിക്കാൻ നിരവധി വേദികളും ആഗോള സംഘടനകളും സ്ഥാപിച്ച ബ്രഹ്മർഷി മോഹൻജി

1965 ൽ പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്തിലെ കുണ്ടൂർക്കുന്നിൽ പ്രശസ്ത അസ്ഥിരോഗ വിദഗ്ധൻ ഡോ.പി.കേശവൻ നമ്പൂതിരി, തേനേഴി ശ്രീദേവി അന്തർജനം എന്നിവരുടെ മകനായാണ് മോഹൻജിയുടെ ജനനം. കോട്ടയം, കണ്ണൂർ, പാലക്കാട്, കോഴിക്കോട് ജില്ലാ ആശുപത്രികളിൽ ഓർത്തോസർജനായും സർക്കാർ ഡോക്ടർമാരുടെ സംഘടനയായ കെജിഎംഒഎയുടെ സംസ്ഥാന പ്രസിഡന്റ്, മാഗസിൻ എഡിറ്റർ എന്നീ നിലകളിലും ഡോ.പി.കെ.നമ്പൂതിരി പ്രവർത്തിച്ചിരുന്നു. മോഹൻജിയുടെ പ്രസംഗങ്ങൾ ഉൾപ്പെടെ പരിഭാഷപ്പെടുത്തി ഡോ.പി.കെ.നമ്പൂതിരി ഗുരുലൈറ്റ് പബ്ലിക്കേഷനിലൂടെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. 91ാം വയസിൽ അദ്ദേഹം നിര്യാതനായി. മോഹൻജിയുടെ സഹോദരൻ പി.കെ.മനോജ് യുഎസ്എയിലെ ഷാർലെറ്റിൽ ആർക്കിടെക്ടായി ജോലി ചെയ്യുന്നു.

പിതാവിന്റെ സ്ഥലം മാറ്റത്തിനനുസരിച്ച് വിവിധ സ്കൂളുകളിലായിരുന്നു മോഹൻജിയുടെ വിദ്യാഭ്യാസം. കണ്ണൂർ ചൊവ്വ ഗവ.ഹൈസ്കൂളിൽ നിന്ന് എസ്എസ്എൽസി പാസ്സായ ശേഷം കണ്ണൂർ എസ്എൻ കോളേജിൽ പ്രീഡിഗ്രിയും കോഴിക്കോട് സർവകലാശാലക്കു കീഴിലുള്ള മലബാർ ക്രിസ്ത്യൻ കോളേജ്, ഫറോക്ക് കോളേജ് എന്നിവയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും നേടി. കേരള സർവകലാശാലയിൽ നിന്നാണ് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം നേടിയത്. തുടർന്ന് കൊച്ചി, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ പ്രമുഖ ഷിപ്പിംഗ് കമ്പനികളിൽ പ്രവർത്തിച്ച് സിഇഒ, കൺട്രി ലീഡർ സ്ഥാനങ്ങൾ വരെ ഉയർന്നു.

അതിനിടെയായിരുന്നു വിവാഹം. മകൾ അമ്മു (ശ്രീദേവി) 2000ൽ ഒരു വാഹനാപകടത്തിൽ മരിച്ചതോടെ കുടുംബജീവിതത്തിലും ജോലിയിലും താളപ്പിഴകൾ വന്നത് വിവാഹമോചനത്തിൽ കലാശിക്കുകയായിരുന്നു. ഒരു തരത്തിലും താങ്ങാനാവുന്നതായിരുന്നില്ല അതിന്റെ ആഘാതം. കുടുംബമാകെ തളർന്നുപോയി. അച്ഛൻ സർജറിയും പരിശോധനയും നിർത്തി. അമ്മയാ

*മോഹൻജി ഗണേശ്പുരി ആശ്രമത്തിലെ വളർത്തു മൃഗങ്ങളോടൊപ്പം*



## മോഹൻജി...

മോഹൻജി ലോകത്തിന്റെ ഒരു സുഹൃത്ത്. സ്വാർത്ഥതയിൽ നിന്ന് നിസ്വാർത്ഥതയിലേക്ക് തലമുറകളുടെ അവബോധം വളർത്താൻ ശ്രമിക്കുന്ന ഗുരു. ജനഹൃദയങ്ങളിൽ ദയ ഉണർത്തുക എന്നതാണ് അദ്ദേഹത്തിന്റെ ദൗത്യം. കാരുണ്യം, അഹിംസ തുടങ്ങിയ മനുഷ്യശേഷിയുടെ ഏറ്റവും ഉയർന്ന മൂല്യങ്ങൾ കൈവരിക്കുന്നതിനായി മനുഷ്യരെ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ജീവിതം സേവനത്തിനായി സമർപ്പിച്ചിരിക്കുന്നത്.

ദയയുള്ള മനുഷ്യരിലേക്കുള്ള പരിവർത്തനം നടത്തുക. മനുഷ്യർക്ക് ഏറ്റവും നല്ല മതം മനുഷ്യത്വമാണെന്നും എല്ലാ ജീവജാലങ്ങൾക്കും ഇവിടെ ജീവിക്കാൻ അർഹതയുണ്ടെന്നും അഹിംസയാണ് ഏറ്റവും നല്ല ആചാരമെന്നും അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു. ആ ലക്ഷ്യത്തിലേക്കായി ഒരു വീഗൻ റെസ്റ്റോറന്റ് ശൃംഖല, വീഗൻ ഫസ്റ്റ് -2019-ൽ ന്യൂഡൽഹിയിൽ അന്താരാഷ്ട്ര വീഗൻ കോൺഫറൻസിന് ആതിഥേയത്വം വഹിച്ച ഇന്ത്യയിലെ ആദ്യത്തെ വീഗൻ പോർട്ടൽ, അഹിംസ വെയർ -വീഗൻ, ക്രൂരതയില്ലാത്ത വസ്ത്രങ്ങൾക്കുള്ള ലേബൽ)- എന്നിവയ്ക്ക് അദ്ദേഹം പ്രചോദനം നൽകി. 'നീ നീയാകുക' പൂർണ്ണമായും നീയായിരിക്കുക എന്നതാണ് ആ ജീവിതം നമ്മളെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. സ്വന്തം മനസ്സിന്റെ നിയന്ത്രണമാണ് യഥാർത്ഥ നിയന്ത്രണം. ആത്മീയത പ്രകടമാകുന്നത് നാം ജീവിക്കുന്നതും നമ്മുടെ ദൈനംദിന ജീവിതത്തിൽ അനുഭവിക്കുന്നതുമായ അവബോധത്തിലൂടെയാണ്. മുൻവിധികളില്ലാതെ, നവജാതനെപ്പോലെ അത്ഭുതത്തോടും ജിജ്ഞാസയോടും കൂടി ജീവിതത്തിലെ ഓരോ സാഹചര്യത്തെയും സമീപിക്കുന്നതിൽ അദ്ദേഹം വിശ്വസിക്കുന്നു. ഒരേസമയം കടമയുള്ള മകനും സ്നേഹനിധിയായ ഭർത്താവും വാത്സല്യമുള്ള അച്ഛനും പിന്തുണയ്ക്കുന്ന സുഹൃത്തും പ്രോത്സാഹജനകമായ വഴികാട്ടിയും സ്ഥിരോത്സാഹിയായ പൗരനുമാണ് അദ്ദേഹം.



മോഹൻജി കുടുംബാംഗങ്ങളോടൊപ്പം

വട്ടെ ഒരേ ഇരുപ്പ് തന്നെ. വീട്ടിൽ വർത്തമാനംപോലും നിലച്ചു.

ശേഷം വനമാലി അമ്മ എന്ന സന്യാസിനിയെ പരിചയപ്പെട്ടതോടെയാണ് അദ്ധ്യാത്മിക മേഖലയിലേക്ക് മോഹൻജി വഴിമാറുന്നത്. നിശബ്ദതയും ആന്തരിക ശൂന്യതയും തേടി ഏകനായി ഹിമാലയ സാനുക്കളിൽ അലയവേ പിന്നീട് ജോലി രാജിവച്ച് പൂർണ്ണസമയ അദ്ധ്യാത്മിക ജീവിതത്തിലേക്ക് നീങ്ങി. 'അതേക്കുറിച്ച് മോഹൻജി തന്നെ പറയും. എന്തുചെയ്യണമെന്ന് അറിയാത്ത അവസ്ഥയായിരുന്നു... കുറച്ചുദിവസം വെറുതെ ഇരുന്നു. പിന്നെ വരുന്നവരോടെല്ലാം സംഭവം ആവർത്തിച്ച് മടുത്തു. അവിടെ എന്റെ ചിന്തയിൽ മാറ്റം തുടങ്ങുകയായിരുന്നു. ഞാൻ ഏറെ ആലോചിച്ചു. എന്തുകൊണ്ട് ഇത്രയും പ്രായമുള്ള ഞങ്ങളെയെല്ലാം ഒഴിവാക്കി ഇത്ര ചെറിയൊരു ജീവൻ ദൈവം തിരിച്ചെടുത്തു. അപ്പോൾ ഈ ലോകത്ത് ഒന്നും ശാശ്വതമല്ല, നമ്മൾ ഈ കാണുന്ന ദൃശ്യങ്ങളും ശബ്ദവും രുചിയും സന്തോഷങ്ങളും ഒന്നും. ഇതൊന്നും നമുക്ക് എത്രകിട്ടിയാലും മതിയാവില്ല. തത്കാലം ജോലിയും മറ്റും ഒഴിവാക്കി അമ്മക്കും അച്ഛനുമൊപ്പം നിൽക്കാം. എന്നാൽ, അത് ശാശ്വത പരിഹാരമാണോ അല്ല. അത് അന്വേഷിച്ചുള്ള യാത്രയാണ് വടക്ക് ഹിമാലയൻ സാനുക്കളിലെത്തിച്ചത്. അവിടെ മഹാബാബമാരെ കണ്ടും സദ്സംഗം ശ്രവിച്ചും കിട്ടിയ നേരനുഭവങ്ങളാണ് 'I WANT TO BE ALONE' എന്നതിൽ നിന്ന് അദ്ദേഹത്തെ 'CONNECT YOUR SPINE' ലേക്കും ആശ്രയം തേടുന്നവരുടെ മനസ്സിലേക്കും എത്തിച്ചത്. മോഹൻജി എന്ന ലോകഗുരുവായി അദ്ദേഹത്തെ മാറ്റിയെടുക്കുന്നത്. ഒറ്റവാക്കിലോ അല്ലെങ്കിൽ വാചകത്തിലോ ആവും നിങ്ങളുടെ ജീവിതം മാറിമറിയുകയെന്ന് മോഹൻജി




'മൌറീഷ്യസ്സിലെ മോഹൻജി സെന്ററിൽ'

* 'മോഹൻജി 2011-ൽ ഒരു ദിവസം എന്റെ വീട്ടിലേക്ക് വന്നു. ജീൻസും ടീഷർട്ടും ഷൂസുമായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. നീണ്ട തലമുടി. ഇത് കണ്ട് 'ഒരു ഗുരു ഇതുപോലെ എന്താണ്' എന്ന് ഞാൻ സംശയിച്ചു! എന്തായാലും ഞാൻ അദ്ദേഹത്തിന്റെ പാദത്തിൽ നമസ്കരിച്ചു. അദ്ദേഹം അകത്തുവന്ന് സോഫമേലിരുന്നു. എന്നിട്ട് എന്നെ നോക്കി പറഞ്ഞു 'എന്നെ കാണുമ്പോൾ ചിലർ സംശയിക്കുന്നു, നീളമുള്ള മുടി, ഷർട്ട്, ജീൻസ്, ഷൂ എന്നിവ ധരിച്ച ഒരാൾ എങ്ങിനെ ഒരു ഗുരു ആകുന്നു' -ഇതുകേട്ട് എന്റെ ദുഷ്‌വിചാരമോർത്ത് ഞാൻ ലജ്ജിച്ചു, അദ്ദേഹത്തിനോട് ക്ഷമ ചോദിച്ചു.- തായിജി, വസന്ത ഭാവ്രാജു (മോഹൻജിയുടെ ഭക്ത) (തന്റെ ആത്മീയ അനുഭവങ്ങൾ ഉൾപ്പെടുത്തി 'മോഹൻജി-സച്ചരിതം' എന്ന പുസ്തകം എഴുതിയിട്ടുണ്ട്)

* നിങ്ങൾ സ്വന്തം നട്ടെല്ലിന്റെ ശക്തി തിരിച്ചറിയുക. പിന്നെ ഇരിക്കുമ്പോഴും കിടക്കുമ്പോഴുമെല്ലാം അത് താനെ നമുക്ക് അനുഭവിക്കാറാവും.

* ധീരന്മാർ അവരുടെ വ്യക്തിമുദ്ര പതിപ്പിക്കുന്നു. ഭീരുക്കൾ അജ്ഞാതരായി മരിക്കുന്നു.

* എല്ലാ ജീവികളിലും ദൈവത്തെ കാണുമ്പോൾ, നമ്മുടെ ഹൃദയങ്ങളിൽ പ്രണയം മാത്രമേ ഉണ്ടാകൂ, കാരണം നമ്മൾ എല്ലാ ജീവികളിലൂടെയും ദൈവത്തെ പ്രണയിക്കുന്നു.

* നിങ്ങൾ എന്നെ എന്തായി കണക്കാക്കുന്നുവോ അതാണ് ഞാൻ.

* ഒപ്പം നിൽക്കാൻ ആഗ്രഹിക്കുന്നവർക്ക് ദയയും കാരുണ്യവും നിറഞ്ഞ പ്രവൃത്തികളിലൂടെ സമൂഹത്തിന് മൂല്യം കൂട്ടാൻ നിരവധി വേദികൾ മോഹൻജി സൃഷ്ടിച്ചിട്ടുണ്ട്. അതിനെല്ലാം മാതൃകയായി അദ്ദേഹം പ്രവർത്തിക്കുന്നു.

പറയും.

വളർന്നുവരുമ്പോൾ താൻ ഒരു ഗുരുവായി മാറുമെന്നോ ആത്മീയ പാതയാവും തിരഞ്ഞെടുക്കുകയെന്നോ പൂർവാശ്രമത്തിൽ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഒറ്റ വാക്കിൽ അദ്ദേഹം മറുപടി പറയും ഇല്ല. പക്ഷേ, ചിലപ്പോൾ അതിനുള്ള ഒരു സ്പാർക്ക് മനസ്സിൽ എവിടെയോ ഉണ്ടായിരുന്നിരിക്കാം. അതാവാം വലുതാവുമ്പോൾ ഒറ്റക്കാവണമെന്ന് ആറാം വയസ്സിൽ തന്നെ ടീച്ചറോട് നിഷ്കളങ്കമായി വെളിപ്പെടുത്താൻ പ്രേരിപ്പിച്ചത്. അന്ന് മുത്തച്ഛൻ എടുത്ത തീരുമാനം എന്നെ വളരെയധികം സഹായിച്ചു.

2007ൽ ദുബൈയിൽ വച്ചുണ്ടായ ഒരു ചടങ്ങിലാണ് സെർബിയൻ സ്വദേശി ബിൽയാന റാഡോണികിനെ കണ്ടുമുട്ടുന്നത്. മൂന്നു വർഷത്തിനു ശേഷം അവർ വിവാഹിതരായി. ദേവി മോഹൻ എന്ന പേരു സ്വീകരിച്ചു. അന്തർമുഖനായിരുന്ന മോഹൻജിയെ പൊതുജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വന്നതും ആദ്യ മെഡിറ്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചതും ദേവിയാണ്. ഈ വിവാഹത്തിൽ മില എന്ന മകളുണ്ട്. യൂഗോസ്ലാവിയൻ യുദ്ധത്തിൽ അഭയാർഥിയായ നിലയിലുള്ള തന്റെ കഷ്ടപ്പാടിനെ പ്രതിഫലിപ്പിച്ച് 'എ ഹോം ഫോർ എ റെഫ്യൂജി' എന്ന ആത്മകഥ ദേവി രചിച്ചിട്ടുണ്ട്. 'ഫൊറെഞ്ചി പാറ്റ്ലിൻ' എന്ന മറാത്തി ഫീച്ചർ സിനിമയിൽ അഭിനയിച്ചതിന് മികച്ച നടിക്കുള്ള അവാർഡും രാഷ്ട്രഭൂഷൺ അവാർഡും ദേവിക്ക് ലഭിച്ചിട്ടുണ്ട്.

അകാലത്തിൽ വിട്ടു പോയ മകൾ അമ്മുവിന്റെ ഓർമയിൽ 2003ൽ മോഹൻജി സ്ഥാപിച്ച ജീവകാരുണ്യ സംഘടനകളാണ് അമ്മുകെയർ ചാരിറ്റബിൾ ട്രസ്റ്റ്, ആക്ട് ഫൗണ്ടേഷൻ എന്നിവ. പിതാവ് ഡോ.പി.കെ.നമ്പൂതിരിയായിരുന്നു അമ്മുകെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥാപക പ്രസിഡന്റ്. കാശി, ഹരിദ്വാർ, ശിരിഡി തുടങ്ങി 25 സംസ്ഥാനങ്ങളിലെ വിവിധയിടങ്ങളിൽ അമ്മു കെയർ ട്രസ്റ്റ് നിത്യ അന്നദാനം നടത്തി വരുന്നുണ്ട്. വസ്ത്രദാനം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയെല്ലാം ഈ സംഘടനകൾക്കു കീഴിൽ നടന്നു വരുന്നു. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്ട് ഫൗണ്ടേഷൻ 31 രാജ്യങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

മോഹൻജി ഫൗണ്ടേഷൻ, ഹിമാലയൻ സ്കൂൾ ഓഫ് ട്രഡീഷണൽ (യോഗ, ഡാൻസ്, ഭാഷ, ആയോധന കലകൾ), വേൾഡ് ട്രൈബൽ അലയൻസ്, ഏർളി ബേർഡ്സ് ക്ലബ്,



*മോഹൻജി പ്രയാഗ് രാജിലെ മഹാകുംഭമേളയിൽ*



*നടൻ ജാക്കി ഷെരൂഫിന് ഒപ്പം*

വേൾഡ് കോൺഷ്യസ് നെസ് അലയൻസ്, വേദിക് കിഡ്സ് എന്നീ സംഘടനകളും രൂപീകരിച്ചിട്ടുണ്ട്. മധ്യപ്രദേശിലെ ഹർദയിൽ ഭക്തിയോഗ, ജ്ഞാനയോഗ, കർമയോഗ, ധ്യാനയോഗ എന്നിവയുടെ പ്രചരണാർഥം, മോഹൻജി ശാന്തികേന്ദ്ര, ശിരിഡി ക്ഷേത്ര നിർമാണം എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇരുപത്തി രണ്ടിലധികം രാജ്യങ്ങളിൽ മോഹൻജി ഫൗണ്ടേഷൻ ഔദ്യോഗികമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ജാതിമത വ്യത്യാസമെന്യേ മോഹൻജിക്ക് അനുയായിവൃന്ദമുണ്ട്. പ്രപഞ്ചത്തോടുള്ള നന്ദിസൂചകമായി, താൻ വികസിപ്പിച്ചെടുത്ത ആത്മീയ സാങ്കേതിക വിദ്യകളും ധ്യാനമുറകളും ലോകമെമ്പാടുമുള്ള സമൂഹത്തിന് തികച്ചും സൗജന്യമായാണ് ലഭ്യമാക്കുന്നത്.

'നിങ്ങൾ നിങ്ങളായിരിക്കുക' എന്നതാണ് മോഹൻജി ലോകത്തിന് നൽകുന്ന ഏറ്റവും ശക്തമായ സന്ദേശം. ഓരോ വ്യക്തിയും പ്രപഞ്ചത്തിലെ അതുല്യവും സവിശേഷവുമായ ഒരു പ്രതിഭാസമാണെന്നു തിരിച്ചറിഞ്ഞ്, സമൂഹത്തിന് മൂല്യം കൂട്ടുന്ന കാരുണ്യപ്രവൃത്തികളിലൂടെ സ്വയം പ്രകടിപ്പിക്കാൻ മോഹൻജി ആഹ്വാനം ചെയ്യുന്നു. കേവല മനുഷ്യരാശി എന്ന അവസ്ഥയിൽ നിന്ന് ദയയുള്ള മനുഷ്യരിലേക്കുള്ള ആന്തരിക പരിവർത്തനമാണ് മോഹൻജിയുടെ ദർശനങ്ങളുടെ കാതൽ.

വിശുദ്ധി, വിശ്വാസം, നിരുപാധികമായ സ്നേഹം, നിസ്വാർത്ഥ സേവനം എന്നിവയാണ് സന്തുലിത മനുഷ്യജീവിതത്തിന്റെ അടിത്തറയായി മോഹൻജി ചൂണ്ടിക്കാണിക്കുന്നത്. പ്രപഞ്ചത്തോട് പുലർത്തുന്ന കൃതജ്ഞതാബോധത്തെയാണ് മോഹൻജി ഏറ്റവും ഉയർന്ന പ്രാർത്ഥനയായി കാണുന്നത്. അത് മനുഷ്യന്റെ ആന്തരിക സമ്പത്ത് വർദ്ധിപ്പിച്ച് ദൈവീക കൃപയും സമൃദ്ധിയും ആകർഷിക്കുന്നതായും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. എല്ലാവരും ഇതേ രീതിയിൽ ചിന്തിക്കാനും, ലോകത്തിന് തങ്ങൾ നൽകിയ നന്മകളെ അടിസ്ഥാനമാക്കി ഭൂമിയിലെ സ്വന്തം നിലനിൽപ്പിന്റെ മൂല്യം നിരന്തരം വിലയിരുത്താനും മോഹൻജി പ്രേരിപ്പിക്കുന്നു.

വാക്കുകളിലൊതുങ്ങുന്ന അഹിംസയ്ക്കപ്പുറം, പ്രകൃതിക്കും ജീവജാലങ്ങൾക്കുമുള്ള വേദനയും കഷ്ടപ്പാടുമൊഴിവാക്കാൻ മനുഷ്യർ ബോധപൂർവ്വമായ തിരഞ്ഞെടുപ്പുകൾ നടത്തണമെന്നാണ് മോഹൻജിയുടെ സന്ദേശം. ആത്മീയ പ്രചരണത്തിനുപുറമേ ലോകത്തെ പലയിടങ്ങളിലുമുള്ള വ്യവസായ സംരംഭകരോടും തന്റെ ആശയങ്ങൾ മോഹൻജി അവതരിപ്പിച്ചിട്ടുണ്ട്. ഇൻഡോ ട്രാൻസ് വേൾഡ് ചേംബർ ഓഫ് കോമേഴ്സ്, ജാപ്പനീസ് സഹകരണത്തോടെയുള്ള റൈസിങ് സൺ കോൺക്ലേവ്, കോൺഷ്യസ് ജെന്റിൽമാൻ (സ്പെയിൻ), ഗ്ലോബൽ സൗത്ത് മാരിടൈം ഹെരിട്ടേജ് സമ്മിറ്റ്(ലണ്ടൺ), ബ്രിട്ടീഷ് പാർലിമെന്റിലെ ഹൗസ് ഓഫ് ലോഡ്സ്, ഹൗസ് ഓഫ് കോമൺസ് എന്നിവയെ മോഹൻജി അഭിസംബോധന ചെയ്തിട്ടുണ്ട്.

ക്രൂരതയില്ലാത്ത, പ്രായോഗിക സസ്യാധിഷ്ഠിത ബദലുകൾ സമൂഹത്തിന് നൽകുന്ന വ്യവസായ സംരംഭങ്ങൾക്കും മോഹൻജി പ്രചോദനമായി. ആഗോള തലത്തിലുള്ള വീഗൻ റെസ്റ്റോറന്റ് ശൃംഖലയായ അഹിംസ വീഗൻ, ഇന്ത്യയിലെ ആദ്യത്തെ വീഗൻ പോർട്ടലായ വീഗൻ ഫെസ്റ്റ്, പ്രകൃതി സൗഹൃദ വസ്ത്ര ബ്രാൻഡായ അഹിംസ വെയർ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. 2011ൽ ന്യൂ ഡൽഹിയിൽ അന്താരാഷ്ട്ര വീഗൻ കോൺഫറൻസും സംഘടിപ്പിച്ചിരുന്നു. യു.കെ. യുഎസ്എ, ശ്രീലങ്ക, ഡെൻമാർക്ക്, സെർബിയ തുടങ്ങി പതിനാലു രാജ്യങ്ങളിൽ 'മോഹൻജി സെന്റേഴ്സ് ഓഫ് പീസ്' കേന്ദ്രങ്ങൾ ഇന്ന് പ്രവർത്തിക്കുന്നു.

ഗോത്രവർഗക്കാരുടെ സാംസ്കാരിക ഉന്നമനത്തിനായി സൗത്ത് ആഫ്രിക്കയിൽ നടന്ന വേൾഡ് ട്രൈബൽ അലയൻസ് (WTA) സ്ഥാപിച്ചു. പുരാതന പാരിസ്ഥിതിക ജ്ഞാനം സംരക്ഷിക്കുന്നതിനും, പ്രകൃതിയുമായുള്ള ബന്ധം പുനസ്ഥാപിക്കുന്നതിനും ലോകമെമ്പാടുമുള്ള ഗോത്രമൂപ്പന്മാരെ ഒന്നിപ്പിക്കുന്നതാണ് ലോക ഗോത്ര സഖ്യം. വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനു പകരം പരിസ്ഥിതി ഐക്യത്തോടെയും സുസ്ഥിരതയോടെയും ജീവിക്കാൻ സമൂഹത്തെ പഠിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിലാണ് ആദ്യ ഒത്തുചേരൽ

നടന്നത്.

അനാഥരായ വയോജനങ്ങൾക്കായി തിരുവണ്ണാമലയിൽ മോഹൻജി ഹോം ഫോർ സീനിയേഴ്സ് എന്ന കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. ലോകത്താകമാനം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, മോഹൻജി ദത്ത തപോവൻ കേന്ദ്രങ്ങളുടെ സ്ഥാപനം എന്നിവയും നടന്നു വരുന്നു. പാലക്കാട് കുണ്ടൂർക്കുന്നിൽ സ്ഥാപിച്ച പാതിരിശേരി ധർമശാസ്ത ക്ഷേത്രത്തിൽ ഷിർദ്ദി സായി പ്രതിഷ്ഠയും നടത്തിയിട്ടുണ്ട്.


പ്രയാഗ് രാജിൽ നടന്ന മഹാകുംഭമേളയിൽ സ്ഥാപിച്ച മോഹൻജി വില്ലേജിലൂടെ അമ്മു കെയർ വളണ്ടിയർമാരും മോഹൻജി യൂത്ത് ക്ലബും ചേർന്ന് പതിനായിരക്കണക്കിനു പേർക്കാണ് താമസവും അന്നദാനവും ഒരുക്കിയത്. തിരുനാവായിലുണ്ടായ മഹാമാഘ മഹോത്സവത്തിൽ മോഹൻജിയുടെ നേതൃത്വത്തിൽ കാശിയിൽ നിന്നെത്തിയ സംഘം നിള ആരതിയും ലക്ഷക്കണക്കിനു പേർക്ക് അന്നദാനവും നടത്തിയിരുന്നു.

ഗുരുവായൂർ ക്ഷേത്ര മാതൃകയിൽ വാസ്തുശാസ്ത്ര വിധി പ്രകാരം വൃന്ദാവനിൽ ശ്രീകൃഷ്ണക്ഷേത്ര നിർമാണത്തിനും മോഹൻജി ഭാരത് ഫൗണ്ടേഷൻ തുടക്കം കുറിച്ചു കഴിഞ്ഞു. പാർശ്വ വത്കരിക്കപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി അമ്മു കെയർ ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ രാജ്യവ്യാപകമായി മോഹൻജി കാആംഗൻ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

ലോകത്തിന് നൽകിയ നിസ്തുല, നിസ്വാർത്ഥ സേവനങ്ങളെ മുൻനിർത്തി അന്താരാഷ്ട്ര തലത്തിൽ നിരവധി പ്രമുഖ സംഘടനകളുടെ ആദരവും പുരസ്കാരങ്ങളും മോഹൻജിക്ക് ലഭിച്ചിട്ടുണ്ട്. വീഗൻ ഇന്ത്യയുടെ ഗ്ലോബൽ വോയ്സ് ഓഫ് കംപാഷൻ അവാർഡ്(2025), സൗത്ത് ആഫ്രിക്കയിലെ ശിവാനന്ദ വേൾഡ് പീസ് ഫൗണ്ടേഷന്റെ ഹുമാനിറ്റേറിയൻ അവാർഡ്(2018), ഗ്ലോബൽ കംപാഷൻ അംബാസഡർ അവാർഡ്(2024), ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റിയുടെ മഹാവീർ അവാർഡ് (2022), വിവേകാനന്ദ ഇന്റർനാഷണൽ റിലേഷൻസ് പീസ് അവാർഡ്(2024), ചിഷ്ടി ഫൗണ്ടേഷൻ ഗ്ലോബൽ പീസ് അവാർഡ്(2022) എന്നിവ അതിൽ പ്രധാനപ്പെട്ടതാണ്. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്നാണ് ബ്രിക്സ് അവാർഡ് (2024) ഏറ്റുവാങ്ങിയത്. മാനവിക, സമാധാന, പാരിസ്ഥിതിക മേഖലകളിലെ സംഭാവനകൾ മുൻ നിർത്തി രാജസ്ഥാനിലെ പസഫിക് അക്കാദമി ഓഫ് ഹയർ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റി 2024 ൽ മോഹൻജിക്ക് ഹോണററി ഡോക്ടറേറ്റ് നൽകിയിരുന്നു. 2023 ൽ യുഎസിലെ ഫ്രിസ്കോ സിറ്റി (കോളിൻ കൗണ്ടി, ദല്ലാസ്, ടെക്സാസ്) ഏപ്രിൽ 16മോഹൻജി ഡേ ആയി ഔദ്യോഗിക പ്രഖ്യാപനം നടത്തിയിരുന്നു.

ആന്ധ്രാപ്രദേശിലെ കുറുവാപുരത്തെ സ്വാമി വിത്തൽ ബാബാജി മോഹൻജിക്ക് 'രാജർഷി' പട്ടവും കർണ്ണൂലിലുള്ള ഗുരുജി അവധൂത നാദാനന്ദ 'ബ്രഹ്മർഷി' പദവിയും നൽകി ആദരിച്ചിട്ടുണ്ട്. തന്റെ സന്ദേശങ്ങളും ആശയങ്ങളും ഗുരുലൈറ്റ് പബ്ലിക്കേഷനിലൂടെ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു വരുന്നു. പവർ ഓഫ് പ്യൂരിറ്റി, ദി സൈലൻസ് ഓഫ് ശിവ, മസ്ത് ദി എക്സ്റ്റാറ്റിക്, കൈലാസ് വിത്ത് മോഹൻജി, കൈലാസ് ഇന്നർ കോറ, ബാബ, അൺസ്ക്രിപ്റ്റഡ് എന്നിവ പ്രധാന പുസ്തകങ്ങളാണ്.

യുഗങ്ങളായി ആത്മീയ ഗുരുക്കന്മാർ മുന്നോട്ടുവെച്ച പരമമായ സത്യങ്ങളെ, അർത്ഥമോ ആഴമോ നഷ്ടപ്പെടാതെ സമകാലിക സമൂഹത്തിനനുയോജ്യമായ രീതിയിൽ പുനരവതരിപ്പിക്കുന്നതു വഴി ശക്തമായ വിമോചന പാരമ്പര്യത്തിന്റെ ദൂതൻ മാത്രമായി മോഹൻജി സ്വയം കണക്കാക്കുന്നു. മതങ്ങളുടെയും ദേശീയതകളുടെയും അതിർവരമ്പുകളെ അനായാസം മറികടക്കുന്നതാണ് മോഹൻജിയുടെ സന്ദേശങ്ങൾ. ബുദ്ധിയിൽ നിന്നല്ല, മറിച്ച് ഹൃദയത്തിൽ നിന്നും സംസാരിച്ച് ഗുണാത്മകതയും കാരുണ്യവും കൊണ്ട് സ്പന്ദിക്കുന്ന ശോഭനമായ ഒരു പ്രകാശലോകം കെട്ടിപ്പടുക്കാൻ, അക്ഷീണം പുതിയ വഴികൾ വെട്ടിത്തുറന്ന് മോഹൻജി മുന്നോട്ട് നടക്കുന്നു. കൂടെ ലോകത്തെയും നന്മയിലേക്ക് നയിക്കുന്നു. ●


*മോഹൻജി ഡേ പ്രഖ്യാപനം സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു*

അനുജൻ ടി.എം. തേനേഴി മന,
പി.ഒ കുണ്ടൂർക്കുന്ന്, മണ്ണാർക്കാട്
678583, മൊബൈൽ: 9744056165

ചെറുകഥ

# 'ങ്ങുന്നേ ചോഴ്യാണേയ്'

**കുന്നം ചന്ദ്രൻ, ഒല്ലൂക്കര**



രാമുവിന്റെ സംസാരത്തിന് ഒരു പ്രത്യേകതയുണ്ട്. ഭാഷയുടെ പല സ്വരാക്ഷരങ്ങളും 'ങ' എന്ന അക്ഷരത്തിന്റെ അകമ്പടിയോടെയാണ് അയാൾ ഉച്ചരിക്കുന്നത്. അത് സ്ഫുടമോ സ്പഷ്ടമോ ആണെന്നല്ല. നേരെമറിച്ചോ, അത് അയാളുടെ ഉച്ഛ്വാസവായുവിൽ കലർന്ന ഒരു പതിഞ്ഞ വിന്യാസം മാത്രം. നേർത്ത ശ്രുതി പോലെ! ഒരു കൊച്ചു കാറ്റിൽ ചേർന്നലിഞ്ഞ സുഗന്ധം പോലെ. അത്രയേയുള്ളൂ.

'ങ്ങെന്താ ചന്ദ്രാ വിശേഷം?' അയാൾ ചോദിക്കും.

'സുഖം തന്നെ രാമു,'

'ങ്ങെവിടാ ജോലി?' ഞാൻ മറുപടി പറയും.

രാമു എന്റെ സഹപാഠിയായിരുന്നു. എന്റെ കൂട്ടുകാരനായിരുന്നു. എനിക്ക് വേണ്ടപ്പെട്ടവനായിരുന്നു. തിരുവാതിരച്ചോഴികളെ അണിയിച്ചൊരുക്കുന്നതിൽ അവൻ വിദഗ്ധനായിരുന്നു. ഉണങ്ങിയ വാഴയിലകൊണ്ട് ദേഹം മുഴുവൻ ചുറ്റിക്കെട്ടി, ഒരു മുഖാവരണവും വെച്ചു കഴിഞ്ഞാൽ ചോഴിയായി, മഹാദേവന്റെ ഭൂതഗണമായി.

ഒരിക്കൽ ഞാനും ഒരു ചോഴിയായി. വാദ്യങ്ങളുടെ അകമ്പടിയോടെ ഞങ്ങൾ വീടുകൾതോറും കയറിയിറങ്ങി. പലരും സമ്മാനിച്ച ഇളനീരും പഴവും നിറഞ്ഞ സഞ്ചി തോളിലേറ്റി ഞാനും നൃത്തമാടി. അവൻ ഈണത്തിൽ പാടുന്ന ശീലുകൾ ഞാൻ ഏറ്റുപാടി.

'ങ്ങുന്നേ ചോഴ്യാണേയ്,
ങ്ങ്ഞെളനീരുംങ്ങാറുപഴോം.'

പിന്നീട് വർഷങ്ങളോളം ഞാൻ അവനെ കണ്ടിട്ടേയില്ല. ജീവിതം സമ്മാനിക്കുന്ന വേറിട്ട വഴികളിൽ സഞ്ചരിക്കുമ്പോൾ അത് എങ്ങനെ സാദ്ധ്യമാകും?



*തൃശൂർ, പാലക്കാട് ജില്ലകളിൽ പ്രചാരത്തിലുള്ള അനുഷ്ഠാനകലാരൂപം ചോഴി*

നാളെ ധനുമാസത്തിലെ തിരുവാതിര. സന്ധ്യാസൂര്യനെ നോക്കി പൂമുഖത്തെ ചാരുകസേരയിൽ കിടന്നു. ഒന്ന് മയങ്ങി. അകലെനിന്ന് ഏതോ തിരുവാതിരപ്പാട്ടിന്റെ അവ്യക്തമായ ഈരടികൾ എനിക്ക് കേൾക്കാം. പെട്ടെന്ന് എനിക്ക് രാമുവിനെ ഓർമ്മ വന്നു. ഇന്ന് ചോഴികൾ വരുമോ?' അവൻ എങ്ങനെ വരാൻ? എന്നെപ്പോലെ അവനും വൃദ്ധനായിക്കാണുമല്ലോ?.' ഞാൻ നിരാശയോടെ ചിന്തിച്ചു.

പക്ഷേ, ഇതാ ചോഴികളുടെ ആരവം എനിക്ക് ഇപ്പോൾ കേൾക്കാം. നിറഞ്ഞ പ്രതീക്ഷകളോടെ ഞാൻ ആ ചെറിയ സംഘത്തെ ഉറ്റുനോക്കി. ഇതാ രാമു വന്നിരിക്കുന്നു!

'ങ്ങുന്നേ ചോഴ്യാണേയ്,
ങ്ങ്ഞെളനീരുംങ്ങാറുപഴോം.'

'രാമു,' ഞാൻ ഉറക്കെ വിളിച്ചു.

ഒരു നിമിഷം ആ കൂട്ടത്തിലെ ഒരാൾ സ്തബ്ധനായെന്ന് തോന്നുന്നു. പിന്നീട് മുഖംമൂടി മാറ്റി ഭവ്യതയോടെ അയാൾ പറഞ്ഞു,

'ഞാൻ രാമുവല്ല, അച്ഛൻ മരിച്ചിട്ട് കുറേ കാലമായി. എങ്കിലും അച്ഛന്റെ നേർച്ചയുടെ തുടർച്ചയായി ഞാൻ ഇന്നും ചോഴി കെട്ടുന്നു. പക്ഷേ, ഈ തെറ്റായ ഉച്ചാരണ ശൈലി എന്നിൽ അലിഞ്ഞു ചേർന്നിരിയ്ക്കുന്നു. അതിന്റെ നൂറ് നൂറ് ഭാവങ്ങൾ ഞാനറിയാതെ എന്നെ കീഴടക്കിയിരിക്കുന്നു. ഇതിൽ നിന്ന് എനിക്ക് മുക്തിയില്ല. കുട്ടിക്കാലം മുതൽ ഞാൻ കേട്ടു വളർന്നതല്ലേ?'

പിന്നീട് അയാൾ നിശ്ശബ്ദനായി. ആ നിശ്ശബ്ദതയ്ക്ക് ഒരായിരം നാക്കുകൾ ഉണ്ടായിരുന്നു. ഒരായിരം വികാരങ്ങളുടെ വേലിയേറ്റവും. സ്നേഹോഷ്മളതയുടെ, ആദരവിന്റെ, നഷ്ടബോധങ്ങളുടെ, അങ്ങനെ... അങ്ങനെ.

ആ നിശ്ശബ്ദത ഞാനും ഏറ്റുവാങ്ങി. പിന്നീട് കരുതി വെച്ചിരുന്ന ഉപഹാരങ്ങളുടെ കുട്ടിച്ചാക്ക് ഞാൻ അയാളുടെ സഞ്ചിയിൽ വെച്ചു കൊടുത്തു. ഒപ്പം കുറച്ചു നാണയങ്ങളും.

അയാൾ കൈകൂപ്പി, മുഖാവരണം അണിഞ്ഞ് പിൻതിരിഞ്ഞ് നടക്കാൻ തുടങ്ങി. ഒരു വിതുമ്പലോടെ അയാൾ വീണ്ടും പാടാൻ തുടങ്ങി,

' ങ്ങുന്നേ ചോഴ്യാണേയ്,
ങ്ങ്ഞെളനീരും ങ്ങാറുപഴോം.'

ഉച്ചത്തിൽ പാടി മറ്റുള്ളവരും,

'അങ്ങുന്നേ ചോഴ്യാണേയ്,
അഞ്ഞെളനീരും ആറ് പഴോം.'

അകന്നുപോകുന്ന അവരെ നോക്കി, മനസ്സിന്റെ തേങ്ങൽ അടക്കി, ഞാൻ കൈകൂപ്പി പ്രാർത്ഥിച്ചു,

'ഭൂതഗണങ്ങളേ, സകലതിനും പൊരുളായ മഹാദേവാ, ഇതാ എന്റെ സാഷ്ടാംഗ പ്രണാമം.

ത്ര്യയംബകം യജാമഹേ
സുഗന്ധിംപുഷ്ടിവർദ്ധനം,
ഉർവ്വാരുകമിവ ബന്ധനാൻ
മൃത്യോർമുക്ഷീയമാമൃതാത്.' ●

കുന്നം ചന്ദ്രൻ
കുന്നത്തുമന, ഒല്ലൂക്കര പി.ഒ
തൃശൂർ ജില്ല, പിൻ 680 655
മൊബൈൽ: 9400572514

കവിത

# വിടരാത്ത ഓണപ്പൂക്കൾ



ഒളപ്പമണ്ണ

കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ-
പ്പൊട്ടിവിടർന്നൂ പൊന്നോണം
നടുമുറ്റത്തുള്ളോണത്തപ്പ-
ന്നട നേദിച്ചൂ മുത്തശ്ശി.
മിഴിയിണ മാതാവേകിയ മഷികൊ-
ണ്ടെഴുതി,ക്കറുകപ്പൂ ചൂടി
കാമിനി പെട്ടി തുറന്നിട്ടേകിയ
കോടിയലക്കിയ മുണ്ടോടെ,
വെളിയിലിറങ്ങി നടന്നേൻ, പൊന്നിള-
വെയിലിൽപ്പൂക്കും മനമോടേ,
ആനന്ദിക്കുകയില്ലേയിപ്പൊ-
ന്നോണക്കാലത്തെല്ലാരും?



ഇന്നാണല്ലോ പാതാളം വി-
ട്ടിങ്ങോട്ടെത്തുക മാവേലി!
ആരും കരയരു,താരും കരയരു-
തദ്ദേഹത്തിൻ തിരുമുമ്പിൽ!



കവിത

# തോറ്റുപോയവർ



ഉണ്ണികൃഷ്ണൻ വാകയാട്ടില്ലം

മാമരം കാണുന്നുണ്ടോ..
ചില്ലകൾ കാണുന്നുണ്ടോ..
പക്ഷിയെ കാണുന്നുണ്ടോ..?
ആചാര്യൻ ചോദിക്കുന്നു.


'മാമരം കണ്ടില്ലതിൻ
ചില്ലകൾ കണ്ടില്ല ഞാൻ
പക്ഷിയെ കണ്ടില്ലല്ലോ '
അർജ്ജുനൻ നിരാശനായ്.

ദൈന്യമായെന്നെ നോക്കും
രണ്ടുകണ്ണുകൾ മാത്രം
കാൺമൂ ഞാനാചാര്യരേ,
ആയുധം മടക്കട്ടെ !



## അനുസ്മരണം

### എ.സി. ശ്രീഹരി



പ്രശസ്ത കവി എ.സി. ശ്രീഹരി. നമ്പൂതിരിയാണെന്ന് ചുരുക്കം പേർക്കേ അറിയൂ . അദ്ദേഹത്തിന്റെ കവിതകൾ ഡി.സി. ബുക്ക്സ് 1999-ൽ പ്രസിദ്ധീകരിച്ച 'യുവകവിതക്കൂട്ടം' എന്ന പുസ്തകത്തിലും, സാഹിത്യ പ്രവർത്തക സഹകരണ സംഘം 2001-ൽ പ്രസിദ്ധീകരിച്ച 'കവിതയുടെ നൂറ്റാണ്ട്' എന്ന പുസ്തകത്തിലും വന്നിട്ടുണ്ട്. എ.സി. ശ്രീഹരിയുടെ കവിതകൾ കേരളത്തിലെ സർവ്വകലാശാലകളിൽ പാഠപുസ്തകമായി പഠിപ്പിക്കുന്നുണ്ട് 1969 നവംബർ 24 കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനടുത്ത് ആലപ്പടമ്പ് ഗ്രാമത്തിൽ എ.സി. ദാമോദരൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും മകനായി ജനിച്ചു. കുറുവേലി വിഷ്ണുശർമ്മ എ.എൽ.പി. സ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം. മാത്തിൽ ഗവ.ഹയർസെക്കൻഡറി സ്കൂൾ, നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജ്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ തുടർ വിദ്യാഭ്യാസം. പയ്യന്നൂർ കോളേജിൽനിന്ന് ഇംഗ്ലീഷിൽ ബിരുദവും സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരിയിൽനിന്ന് ബിരുദാനന്തരബിരുദവും നേടി. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എം.ഫിൽ. 2015-ൽ കണ്ണൂർ സർവ്വകലാശാലയിൽനിന്ന് 'മലയാള ജനപ്രിയ കലാസിനിമയിലെ ആണത്തനിർമ്മാണം' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കി. ഇപ്പോൾ പയ്യന്നൂർ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു.

**പുരസ്കാരങ്ങൾ**

എൻ.എൻ. കക്കാട് അവാർഡ്(1996), വി.ടി.കുമാരൻ അവാർഡ്(1997), വൈലോപ്പിള്ളി അവാർഡ്(1999)

**പുസ്തകങ്ങൾ**

വായനാവികൃതി-കവിതാസമാഹാരം, ഇടച്ചേരി (തിരക്കവിത)



*വിവാഹാശംസകൾ*

## കേശവദാസ് ആറ്റുപുറം- ഉമാദേവി ചെമ്പാഴി

2026 ഏപ്രിൽ 26 (1201 മേടം 13)
ഞായറാഴ്ച

***വന്നുദിച്ച ശുഭമേടമാസപതിമൂന്നിനുള്ളവരഭാനുമാൻ***
***തന്നനുഗ്രഹസഹസ്രരശ്മി പതിയട്ടെ പുത്രിയുടെ മൂർദ്ധനി;***
***വന്നിതാറ്റുപുറഗേഹമാർന്നതിര്യകേശവന്റെനെറുകിങ്കലും;***
***ചേർന്നിടട്ടേയിരുപേർക്കുമേ സകലഭാഗ്യവും സഫലസൗഖ്യവും.***

*ആശംസകളോടെ*
ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട് &
ശോഭ ഉണ്ണികൃഷ്ണൻ
9447926612, 9497181267, 9400033179

## സപ്തതി ആശംസകൾ



2026 ഏപ്രിൽ 23ന് സപ്തതി ആഘോഷിച്ച
അരീക്കോട് (വെറ്റിലപ്പാറ)

**പാലൂര് മന നാരായണൻ നമ്പൂതിരിക്ക്**

ആശംസകൾ നേർന്നുകൊണ്ട്
സ്നേഹപൂർവ്വം: നിർമ്മല കെടി
സൗമ്യ പി എൻ, ദിവ്യ പി എൻ,
ശങ്കരനാരായണനുണ്ണി കെ എം,
ശ്രീകാന്ത് ഇ എം, ചിന്മയി, ചിദാനന്ദ്,
അദ്വൈത് ഇ എം, അക്ഷത് ഇ എം

## അശീതി ആശംസകൾ

## മരുതൂർ ലീല അന്തർജനം

അണ്ണല്ലൂർ വടക്കേടത്ത് മനയിൽ 1946 മെയ് 13 ന് മേടത്തിലെ ചോതി നക്ഷത്രത്തിൽ ജനിച്ചു പിതാവ് വടക്കേടം ജാതവേദൻ നമ്പൂതിരി. മാതാവ് അമ്പഴക്കാട് മഹൾ (സാവിത്രി അന്തർജനം) അഷ്ടമിച്ചിറ ഹൈസ്കൂളിൽ നിന്ന് മെട്രിക്കുലേഷൻ വിജയിച്ചു 1965 ആഗസ്ത് 24ന് (1141 ചിങ്ങം 8 ) മരുതൂർ നാരായണൻ നമ്പൂതിരിയെ വിവാഹം കഴിച്ചു സതീശ്, സുരേഷ് എന്നീ രണ്ടു കുട്ടികൾ. പരേതരായ വടക്കേടം നീലകണ്ഠൻ നമ്പൂതിരി വാസുദേവൻ നമ്പൂതിരി എന്നിവർ ജ്യേഷ്ഠസഹോദരന്മാരും കറേക്കാട് ശ്രീദേവി അന്തർജനം നേർ സഹോദരിയും, ഡോ: വി.ജെ പത്മനാഭൻ. ശങ്കരൻ, മംഗലത്ത് മനരതി എന്നിവർ താഴെയുള്ള സഹോദരരുമാണ്.



സതീഷ്
മരുതൂർ
9447268730

## 83–ാം പിറന്നാൾ

# രാമൻ മൂസത്

**(റിട്ട. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ)**

2026 മെയ് 24ന് 83–ാം പിറന്നാൾ ആഘോഷിച്ച മുതുവല്ലൂർ തലയൂരില്ലത്ത് ശ്രീ രാമൻ മൂസതിനു (കൈപ്പള്ളി) ആശംസകൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം: ദുർഗ തലയൂർ, താര തലയൂർ, അർജ്ജുൻ കശ്യപ്, കൃത്തിക് കശ്യപ്, ശങ്കർ പെരികമന, ആതിര ശങ്കർ, അതുൽ ശങ്കർ, മിഥുൻ, അനീഷ് കൈപ്പള്ളി, ശ്രുതി അഷ്ടത്തു മന, സൗമിനി കൈപ്പള്ളി, അശ്വിനി കൈപ്പള്ളി

തലയൂർ രാമൻ മൂസത്
9447467940



# അൻപതാം വിവാഹ വാർഷികം



## തിരുമംഗലം കൃഷ്ണൻ നമ്പൂതിരി
## രാധ അന്തർജനം

മൊബൈൽ: 9497651590



അക്കരെ കൊട്ടിയൂർ ക്ഷേത്രം

# ഇരുകര തൊട്ടാലേ ഇഹപര ജീവിതപ്പുഴ നീന്തിക്കേറുവാനാവൂ

മാന്തിട്ട വിഷ്ണു



വടക്കൻ കേരളത്തിൽ, കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട രണ്ട് ക്ഷേത്രങ്ങളാണ് കൊട്ടിയൂർ പെരുമാൾ ക്ഷേത്രവും തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രവും.

കൊട്ടിയൂരിൽ, വയനാട്ടിൽ നിന്ന് ഒഴുകിയെത്തുന്ന ബാവലിപ്പുഴയുടെ ( വാവലിപ്പുഴ) ഇരുകരകളിലുമായി മഹാദേവൻ കുടികൊള്ളുന്നു.

ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ ഉമാമഹേശ്വര സങ്കല്പവും അക്കരെ കൊട്ടിയൂരിൽ ദക്ഷയാഗ കഥയെ ഓർമ്മിപ്പിക്കുന്ന സങ്കല്പവുമാണുള്ളത്.

മഹാദേവന്റെ വൈശാഖ മഹോത്സവം ആഘോഷിക്കുന്നത് അക്കരെ കൊട്ടിയൂർ 'ക്ഷേത്രത്തിലാണ്.'

അക്കരെ കൊട്ടിയൂരിൽ വൈശാഖ മഹോത്സ ദിവസങ്ങളിൽ മാത്രമാണ് ആരാധന നടക്കുന്നത്.

വൈശാഖ ഉത്സവ നാളുകളിൽ ഇക്കരെ കൊട്ടിയൂരിൽ പൂജകൾ പതിവില്ല.

ഇടവത്തിലെ ചോതി നക്ഷത്രം തൊട്ട് അടുത്ത ചിത്തിര നക്ഷത്രം വരെയുള്ള 28 ദിവസങ്ങളിലാണ് വൈശാഖ ഉത്സവം കൊണ്ടാടുന്നത്.

**ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ ഉമാമഹേശ്വര സങ്കല്പവും അക്കരെ കൊട്ടിയൂരിൽ ദക്ഷയാഗ കഥയെ ഓർമ്മിപ്പിക്കുന്ന സങ്കല്പവുമാണുള്ളത്.**

ഈ ക്ഷേത്രവുമായി പുരളിമലയിലെ കട്ടൻ രാജവംശത്തിന് ചരിത്രപരമായ ബന്ധങ്ങളുണ്ട്. അതിനാൽ കട്ടിയൂർ എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. പിന്നീടത് കൊട്ടിയൂരായി മാറി.

ശ്രീപരമേശ്വരനെ അപമാനിക്കാനായി ദക്ഷൻ നടത്തിയ യാഗം അക്കരെ കൊട്ടിയൂരിലെ മണിത്തറയിൽ വെച്ചാണ് നടന്നത് എന്നാണ് വിശ്വാസം.

യാഗത്തിന് ദക്ഷൻ മഹാദേവനെ ക്ഷണിച്ചില്ലെങ്കിലും സതീദേവി യാഗശാലയിലെത്തുന്നു. ദക്ഷൻ മകളെ കളിയാക്കുന്നു. അപമാനം സഹിക്കാനാവാതെ സതീദേവി യാഗാഗ്നിയിൽ പ്രവേശിച്ച് പ്രാണൻ വെടിയുന്നു. ശ്രീപരമേശ്വരൻ വിവരമറിഞ്ഞ് അത്യന്തം കോപാകുലനായി..

വീരഭദ്രനും കാളിയും കൂടി യാഗശാല നശിപ്പിക്കുന്നു.. വീരഭദ്രൻ ദക്ഷന്റെ തലയറുത്ത് വലിച്ചെറിയുന്നു. തുടർന്ന് ദേവന്മാർ ഇടപെട്ട് മഹാദേവനെ ശാന്തനാക്കുന്നു.

വാമഭാഗം നഷ്ടപ്പെട്ട മഹാദേവൻ ദക്ഷിണാമൂർത്തിയായി ധ്യാനഭാവം സ്വീകരിക്കുന്നു.

(വാമഭാഗം ഇടതുവശവും ദക്ഷിണഭാഗം വലതുവശവുമാണ്. )

ദക്ഷിണാമൂർത്തി ഭാവത്തിൽ ശ്രീപരമേശ്വരൻ,

സംശയവുമായി എത്തുന്ന മുനിമാർക്ക് വേദാന്തതത്ത്വം ഉപദേശിക്കുന്നു...

സംശയങ്ങളുമായി ദക്ഷിണാമൂർത്തിയുടെ സാമീപത്തെത്തുമ്പോൾത്തന്നെ ശിഷ്യന്മാർക്ക് ജ്ഞാനോദയം ഉണ്ടാകും...

ഗുരുവിന്റെ മൗനം തന്നെ വ്യാഖ്യാനമായിത്തീരുന്നതായി ശിഷ്യർക്കനുഭവപ്പെടും...

പേരാലിന്റെ ചുവട്ടിൽ, തെക്കോട്ടുതിരിഞ്ഞ്, ചിന്മുദ്രയുമായി ഇരിക്കുന്ന

മഹാദേവനെ ലോകഗുരു ആയി സ്വീകരിക്കുന്ന സങ്കല്പം എന്നുപറയാം.

ഗുരോസ്തുമൗനം വ്യാഖ്യാനം,

ശിഷ്യാസ്തു ഛിന്നസംശയാഃ

ഈ വാക്യം ശ്രീപരമേശ്വരന്റെ ദക്ഷിണാമൂർത്തി ഭാവത്തെ വിശദീകരിക്കുന്നു...

സതീദേവിയുടെ വിയോഗം മൂലം മഹാദേവന് ക്രോധഭാവവും തുടർന്ന് ധ്യാനാവസ്ഥയിലുള്ള ജ്ഞാനഭാവവുമാണ് എന്ന സങ്കല്പമുള്ളതിനാൽ ഉത്സവത്തിന് മകം നാളിലെ കലം വരവ് മുതൽ സ്



*തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം*

ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനമില്ല.

പിന്നീട് നടന്ന ശിവ- പാർവ്വതി പരിണയത്തിനുശേഷമാണ് പരാശക്തി മഹാദേവനോട് ചേരുന്നത്... അർദ്ധനാരീശ്വര ഭാവം... ഉമാമഹേശ്വരന്മാർ... വാക്കിൽ അർത്ഥം ലയിച്ചുചേർന്നിരിക്കുന്നതുപോലെ പരസ്പരപൂരകങ്ങൾ..

അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ ശിവലിംഗം സ്വയംഭൂ ആണ്.

ബാവലിപ്പുഴയുടെ വടക്കെ തീരത്തുള്ള, തിരുവഞ്ചിറ എന്നു പേരുള്ള ജലാശയത്തിന്റെ മദ്ധ്യത്തിലുള്ള മണിത്തറയിലാണ് ശിവലിംഗമുള്ളത്. ഈ ജലായശയത്തിലെ തന്നെ മറ്റൊരു തറയായ അമ്മാറക്കല്ലിലാണ് ആദിപരാശക്തിയായ ശ്രീ പാർവ്വതിയെ ആരാധിക്കുന്നത്.

ഓലക്കുട ചൂടിയാണ് ദേവി ഇവിടെ കുടികൊള്ളുന്നത്.

രണ്ടു തറകൾക്കുചുറ്റും ബാവലിപ്പുഴയിലെ വെള്ളം ഒഴുകിക്കൊണ്ടിരിക്കും. ഈ നീരൊഴുക്കിലൂടെ നടന്ന് മഹാദേവനേയും ശ്രീപാർവ്വതിയേയും പ്രദക്ഷിണം വെയ്ക്കാം.

തുമ്പയും, തുളസിയും, കൂവളത്തിലയുമാണ് മണിത്തറയിൽ പൂജകൾക്കും പുഷ്പാഞ്ജലിക്കും ഉപയോഗിക്കുന്നത്.

**ബാവലിപ്പുഴയുടെ വടക്കെ തീരത്തുള്ള, തിരുവഞ്ചിറ എന്നുപേരുള്ള ജലാശയത്തിന്റെ മദ്ധ്യത്തിലുള്ള മണിത്തറയിലാണ് ശിവലിംഗമുള്ളത്.**

ക്ഷേത്രത്തിലെ പ്രധാന ചടങ്ങായ നീരെഴുന്നള്ളത്തിനു ജലം കൊണ്ടുപോകുന്നത് കാട്ടുകൂവയുടെ ഇലയിലാണ്. അതിനൊരു കാരണവുമുണ്ട്.

ഒരു കുറിച്യ യുവാവ് ഒരിക്കൽ അരിവാള് മൂർച്ഛ കൂട്ടാനായി ഒരു പാറപ്പുറത്ത് ഉരസിയപ്പോൾ രക്തം പ്രവഹിക്കുന്നത് കണ്ടു. ഇതറിഞ്ഞെത്തിയ പടിഞ്ഞീറ്റ നമ്പൂതിരി ബാവലി പുഴയിൽ കുളിച്ച് കൂവയില കുമ്പിളിൽ  പുഴയിലെ വെള്ളമെടുത്ത് രക്തമൊഴുകുന്ന സ്ഥലത്ത് അഭിഷേകം നടത്തിയത്രേ. അങ്ങനെയാണ് കൊട്ടിയൂർ ഉത്സവത്തിന് കൂവയിലയ്ക്ക് പ്രാധാന്യം വരുന്നത്.

എല്ലാ സമുദായങ്ങൾക്കും പ്രാധാന്യവും പ്രാതിനിധ്യവും നൽകിക്കൊണ്ട്, പ്രകൃതിയോട് ചേർന്നു നിൽക്കുന്ന ആരാധനാ രീതികളാണ് കൊട്ടിയൂർ ഉത്സവത്തിന്റെ പ്രത്യേകത.

പ്രകൃതിദത്ത സാമഗ്രികളായ മുള, ഓട, പനയോല എന്നിവ ഉപയോഗിച്ചാണ് അക്കരെ കൊട്ടിയൂരിൽ സ്വയംഭൂ ശിവലിംഗത്തിനുള്ള താൽക്കാലിക ശ്രീകോവിൽ നിർമ്മിക്കുന്നത്. തന്ത്രിമാർക്കും പൂജകൾ, പുഷ്പാഞ്ജലി തുടങ്ങിയ കർമ്മങ്ങൾ ചെയ്യുന്ന  ബ്രാഹ്മണർക്കും ഉത്സവുമായി ബന്ധപ്പെട്ട സ്ഥാനികൾക്കുമൊക്കെയുള്ള കയ്യാലകളും നിർമ്മിക്കുന്നത് ഈ രീതിയിൽ തന്നെ.

ഉത്സവം കഴിയുന്ന ദിവസം ഇവയെല്ലാം പുഴയിൽ സമർപ്പിക്കുകയും ചെയ്യും... യാഗശാല അഗ്നിക്ക് സമർപ്പിക്കുന്നതുപോലെ...

സ്ഥിരമായ ശ്രീകോവിൽ ഇല്ലാതെ മണിത്തറയിലാണ് പാരമ്പര്യ രീതിയിലുള്ള പൂജകളും കലശാഭിഷേകവുമൊക്കെ നടക്കുക.

ശീവേലിക്ക് ശിവപെരുമാളും ശ്രീപാർവ്വതി ദേവിയും രണ്ട് ആനപ്പുറത്തായി മണിത്തറയ്ക്കു ചുറ്റിലും അമ്മാറക്കൽതറയ്ക്കു ചുറ്റിലും നീരൊഴുക്കിനൊപ്പം പ്രദക്ഷിണം ചെയ്യുന്നത് ഭക്തിനിർഭരമായ ഒരു കാഴ്ച തന്നെയാണ്.

പല ഘട്ടങ്ങളായി നടക്കുന്ന വൈശാഖമഹോത്സവത്തിലെ പ്രധാന ചടങ്ങുകൾ ഒന്നു സൂചിപ്പി

ക്കാം.

വാളെഴുന്നള്ളത്ത്: വയനാട്ടിലെ മുതിരേരി കാവിൽ നിന്നും വാള് കൊട്ടിയൂരിലേക്ക് എത്തിക്കുന്ന തോടെയാണ് ഉത്സവ ചടങ്ങുകൾക്ക് തുടക്കമാകുന്നത്. വീരഭദ്രൻ ഈ വാളുകൊണ്ടാണത്രേ ദക്ഷന്റെ ശിരസ്സറുത്തത്.

**നെയ്യാട്ടം:**

അക്കരെ കൊട്ടിയൂർ ക്ഷേത്രം തുറക്കുന്ന ദിവസം (ഇടവത്തിലെ ചോതി നക്ഷത്രം) സ്വയംഭൂവായ ശിവലിംഗത്തിൽ നെയ്യ് അഭിഷേകം ചെയ്യുന്ന ചടങ്ങ്.

**ഭണ്ഡാരം എഴുന്നള്ളത്ത്:** ഭഗവാന്റെ സ്വർണ്ണം, വെള്ളി കലശകുംഭങ്ങൾ, സ്വർണ്ണ തിരുവാഭരണങ്ങൾ എന്നിവ വഹിച്ചുകൊണ്ടുള്ള ഭണ്ഡാരം കൊട്ടിയൂരിലേയ്ക്ക് എഴുന്നള്ളിക്കുന്ന ചടങ്ങ്.

മണത്തണയിലെ കരിമ്പന ഗോപുരത്തിൽ നിന്ന് ആരംഭിക്കുന്ന ചടങ്ങിൽ ഊരാളന്മാരും സ്ഥാനികരും മറ്റു പ്രധാന വ്യക്തികളും സന്നിഹിതരായിരിക്കും. ഗജവീരന്മാർ മേളവാദ്യഘോഷങ്ങൾ– ഇവയുടെ അകമ്പടിയോടെയാണ് ഭണ്ഡാരവും വാളുകളും മണിത്തറയിലേയ്ക്ക് എഴുന്നള്ളിക്കുന്നത്.

ഇക്കരകൊട്ടിയൂരിൽ നിന്ന് മഹാദേവനും പാർവ്വതീസമേതനായി അക്കരെ കൊട്ടിയൂരിൽ എത്തിച്ചേരും എന്നാണ് സങ്കല്പം. ഈ ചടങ്ങിനോടൊപ്പം സ്ത്രീകൾക്കും അക്കരെ കൊട്ടിയൂരിൽ പ്രവേശിക്കാം.

**ഇളനീർ വെപ്പ്:**

ഭക്തർ വിവിധ സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന ആയിരക്കണക്കിന് ഇളനീരുകൾ ശിവലിംഗത്തിന് മുന്നിൽ സമർപ്പിക്കുന്ന പ്രധാന ചടങ്ങ്. ബാവലിപ്പുഴയിൽ മുങ്ങിക്കുളിച്ച് ഒരു കാവിൽ കെട്ടിയാണ് ഭക്തർ ഇളനീരുകൾ സമർപ്പണത്തിനായി കൊണ്ടുവരുന്നത്.

**ഇളനീരാട്ടം:**

ഭക്തർ സമർപ്പിച്ച ഇളനീരുകൾ കൊണ്ട് ശിവലിംഗത്തിൽ അഭിഷേകം നടത്തുന്ന ചടങ്ങ്.

**രോഹിണി ആരാധന:**

സതി ദേവിയെ നഷ്ടപ്പെട്ടതിനെ തുടർന്ന് കോപാകുലനായ മഹാദേവനെ മഹാവിഷ്ണു ആലിംഗനം ചെയ്ത് ആശ്വസിപ്പിക്കുന്നു. ഈ സങ്കല്പത്തിലാണ് കുറുമാത്തൂർ നമ്പൂതിരിപ്പാട് രോഹിണി നാളിൽ ആലിംഗന പുഷ്പാഞ്ജലി നടത്തുന്നത്– ഉത്സവത്തിലെ വിശേഷപ്പെട്ട ഒരു ചടങ്ങ്.

ശിരസ്സാണോ ഉടലാണോ മനുഷ്യന്റെ ഐഡന്റിറ്റിക്ക് അടിസ്ഥാനം... എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന ബ്രെയിൻ ശിരസ്സിലാണ്. പക്ഷേ ഹൃദയം കഴുത്തിന് താഴെയുള്ള ഉടലിലും...

ദക്ഷയാഗത്തിൽ ദുഃഖിതനായ പരമശിവനെ സമാധാനിപ്പിക്കുന്നതിനായി ബ്രഹ്മാവ് പൂജ ചെയ്യുന്നു എന്ന സങ്കൽപ്പത്തിലാണ് ആലിംഗന പുഷ്പാഞ്ജലി എന്നും വിശ്വാസമുണ്ട്.

**മകം കലം വരവ്:** കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ വളരെ പ്രധാനപ്പെട്ട ചടങ്ങുകളിലൊന്നാണ് മകം കലം വരവ്. കലശപ്പൂജകൾക്കാവശ്യമായ മൺകലങ്ങൾ അക്കരെ ക്ഷേത്രത്തിലേക്ക് എത്തിക്കുന്ന ചടങ്ങാണിത്.

കുലാല സമുദായത്തിലെ സ്ഥാനികരുടെ നേതൃത്വത്തിലാണ് ഈ മൺകലങ്ങൾ കൊട്ടിയൂരിൽ എത്തിക്കുന്നത്.

ഈ ചടങ്ങ് നടക്കുന്ന മകം നാളിൽ ഉച്ചപ്പൂജയ്ക്ക് ശേഷം സ്ത്രീകൾക്ക് ക്ഷേത്രത്തിൽ പ്രവേശനമില്ല.

കൊട്ടിയൂർ ഉത്സവത്തിലെ പ്രധാനപ്പെട്ട നിവേദ്യമാണ് ചതുശ്ശത പായസം.(വലിയ വട്ടള പായസം).

നാല് ദിവസങ്ങളിലെ പന്തീരടിപ്പൂജയ്ക്കൊപ്പമാണ് ചതുശ്ശത നിവേദ്യം ഭഗവാന് സമർപ്പിക്കുന്നത്.

**തൃക്കലശാട്ട്:**

ഉത്സവത്തിന്റെ അവസാന നാളിൽ മണ്ഡപത്തിൽ നിവേദിച്ച കലശകുംഭങ്ങൾ മണിത്തറയിലേയ്ക്ക് പരമ്പരാഗത വാദ്യങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളിക്കും. തുടർന്ന് സ്വയംഭൂവിഗ്രഹത്തിൽ തന്ത്രിമാർ കളഭാഭിഷേകം നടത്തും, പൂർണ്ണ പുഷ്പാഞ്ജലിയും.

ഇതോടെ കൊട്ടിയൂർ വൈശാഖമഹോത്സവത്തിന് സമാപ്തിയാകും. ഭണ്ഡാരം തിരിച്ച് ഇക്കരകൊട്ടിയൂരിലേയ്ക്ക് എഴുന്നള്ളിക്കുകയും ചെയ്യും.

ദക്ഷന്റെ അഹങ്കാരം നിറഞ്ഞ ശിരസ്സ് അറ്റുവീണ യാഗശാല– അക്കരകൊട്ടിയൂരിലെ മണിത്തറ..

മണിത്തറയ്ക്ക് ചുറ്റും ഒഴുകുന്ന ബാവലിപ്പുഴയിലെ വെള്ളത്തിലൂടെ പ്രദക്ഷിണം വെയ്ക്കുമ്പോഴൊക്കെ ഒരുസംശയം മനസ്സിൽ അവശേഷിക്കാറുണ്ട്–

ശിരസ്സാണോ ഉടലാണോ മനുഷ്യന്റെ ഐഡന്റിറ്റിക്ക് അടിസ്ഥാനം... എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന ബ്രെയിൻ ശിരസ്സിലാണ്. പക്ഷേ ഹൃദയം കഴുത്തിന് താഴെയുള്ള ഉടലിലും...

ആടിന്റെ തലവെച്ചാൽ പിന്നെ പ്രജാപതിയെ ദക്ഷൻ എന്നു വിളിക്കാമോ...

മറ്റൊരു സംശയം തോന്നാറുള്ളത്

ചമകത്തിലെ മേ, മേ... പ്രയോഗത്തിലാണ്.

ചിത്തം ച മേ ആധീത ച മേ
വാക്ച മേ മന ശ്ച മേ
ചക്ഷുശ്ച മേ ശ്രോത്രം ച മേ
ദക്ഷശ്ച മേ ബലം ച മേ

അഹങ്കാരമെല്ലാം നശിച്ച്, ശുദ്ധമനസ്സുമായി ദക്ഷൻ മഹാദേവന് സമർപ്പിക്കുന്ന പ്രാർത്ഥനയാണോ ചമകം.

എല്ലാ ഐശ്വര്യങ്ങളും എനിക്ക് (മേ) നൽകിയാലും എന്ന പ്രാർത്ഥനയാണ് ചമകത്തിന്റെ കാതൽ.

ഇക്കരെ കൊട്ടിയൂരിൽ, റോഡരികിലുള്ള കടകളിൽ വില്പനയ്ക്കായി തൂക്കിയിട്ടിരിക്കുന്ന ഓടപ്പൂക്കൾ കൊട്ടിയൂർ ഉത്സവത്തിലെ മറ്റൊരു പ്രത്യേകതയാണ്– കൊട്ടിയൂരിൽ മാത്രം കാണുന്ന കാഴ്ച.

നടയടഞ്ഞുകിടക്കുന്ന ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലും 'ദർശനം' പതിവുണ്ട്– അടഞ്ഞു



*തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം*

കിടക്കുന്ന നടയിൽ അല്പനേരം, കൂപ്പുകൈകളോടെ.

തളിപ്പറമ്പിലെ രാജരാജേശ്വര ക്ഷേത്രവും ഉത്തരകേരളത്തിലെ പ്രധാനപ്പെട്ടൊരു ക്ഷേത്രമാണ്.

മഹാദേവൻ രാജരാജേശ്വര ഭാവത്തിൽ കുടികൊള്ളുന്ന ക്ഷേത്രം.

തിരുനടയിൽ നെയ്യമൃത് സമർപ്പണമാണ് ക്ഷേത്രത്തിലെ പ്രധാന വഴിപാട്.

സോപാനപ്പടികൾ കയറി നെയ്യമൃതിന്റെ ചെറിയ കുടങ്ങൾ പടിയിൽ സമർപ്പിക്കാം.

ഷഡ് ചക്രങ്ങളുടെ സങ്കല്പത്തിലായിരിക്കും സോപാന പടികൾ കയറുന്നത്.

ഷഡ് ചക്രങ്ങൾക്കുമുപരി- സഹസ്രാരപദ്മത്തിലാണല്ലോ പരമാത്മാവ് കുടികൊള്ളുന്നത്.

നെയ്യമൃത് സമർപ്പിച്ച് തൊഴുത്, പ്രദക്ഷിണമായി തെക്കുഭാഗത്തെത്തി ശ്രീകോവിലിലെ ദക്ഷിണാമൂർത്തി സങ്കല്പത്തിലുള്ള നടയിൽ തൊഴുത്,

പടിഞ്ഞാറുഭാഗത്ത് അടഞ്ഞുകിടക്കുന്ന ശ്രീപാർവ്വതിയുടെ നടയിലും തൊഴുത്,

വടക്കുഭാത്തെ നടവഴി പുറത്തു കടക്കണം.

പ്രദക്ഷിണം മുഴുവിപ്പിക്കാനായി തിരിഞ്ഞു നടക്കാറില്ല.

ഭഗവാൻ രാജരാജേശ്വരനാണ്.

മഹാരാജാവിന്റെ ഭാവം.രാജാവിന് പ്രദക്ഷിണം പതിവില്ല. അതിനാൽ വടക്കേ നട വഴി പുറത്തു കടക്കുന്നു.

ക്ഷേത്രത്തിൽ രാവിലെ സ്ത്രീകൾക്ക് പ്രവേശനമില്ലാത്തതിനൊരു കാരണവും പറഞ്ഞു കേട്ടിട്ടുണ്ട്- രാജസദസ്സിൽ രാവിലെ സ്ത്രീകൾ പ്രവേശിക്കാറില്ലത്രേ.

രാത്രിയിൽ, അത്താഴപ്പൂജയ്ക്ക് ശേഷം ഉമാമഹേശ്വര ഭാവമായതിനാൽ സ്ത്രീകൾക്ക് ക്ഷേത്രത്തിൽ പ്രവേശിച്ച് ദർശനം നടത്താം.

അത്താഴപ്പൂജയ്ക്ക് ശേഷം ഭഗവാൻ അടുത്തുള്ള ചെറുകുന്നിലെ അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിലേയ്ക്ക് എഴുന്നള്ളും എന്നൊരു സങ്കല്പവുമുണ്ട്.

വിഷുവിനോടനുബന്ധിച്ച്, തൊട്ടടുത്തുള്ള തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉത്സവ ബിംബം രാജരാജേശ്വര ക്ഷേത്രത്തിലേക്ക് കൊണ്ടുവരാറുണ്ട്. തുടർന്ന് ശിവനും വിഷ്ണുവും ചേർന്ന ശങ്കരനാരായണ പൂജയും നടക്കുന്നു.

ക്ഷേത്രത്തോട് ചേർന്ന് വലിയൊരു ചിറയും ചിറയുടെ കരയിൽ ശാസ്താവിന്റെ ക്ഷേത്രവുമുണ്ട്.

കൗതുകം ഉളവാക്കുന്ന ചടങ്ങുകളുമായി രാജരാജേശ്വര ക്ഷേത്രം തളിപ്പറമ്പിൽ രാജകീയ പ്രൗഢിയോടെ, പെരിഞ്ചല്ലൂർ ഗ്രാമപ്പെരുമയുമായി നിലകൊള്ളുന്നു.

രാജരാജേശ്വര ക്ഷേത്രത്തിൽ നിന്ന് ഏകദേശം 5 കി മി അകലെയായി കാഞ്ഞിരങ്ങാട് വൈദ്യനാഥ ക്ഷേത്രമുണ്ട്. ഈ ക്ഷേത്രത്തിലും സോപാനപ്പടികളിൽ കയറി ദർശനം നടത്താം.

രാജരാജേശ്വര ക്ഷേത്രത്തിന് സമീപത്തായി, പ്രശസ്തമായ ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രവും തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രവുമുണ്ട്.

ബാവലിപ്പുഴ, അക്കരെകൊട്ടിയൂരിൽ ദക്ഷയാഗ സങ്കല്പവുമായി മണിത്തറയിലെ സ്വയംഭൂ ശിവലിംഗം, ചുറ്റുമുള്ള കൈയ്യാലകൾ, അല്പം ദൂരെയായി ഉയർന്നു നിൽക്കുന്ന ചെറിയ മലനിരകൾ, കുന്നിൻ ചെരുവിൽ വിശ്രമിക്കുന്ന കാലവർഷ മേഘങ്ങൾ.

നല്ല കുറേ യാത്രാനുഭവങ്ങളുമായി ഇക്കൊല്ലവും കൊട്ടിയൂർ വൈശാഖ മഹോത്സവത്തോടനുബന്ധിച്ച് ഈ ക്ഷേത്രങ്ങളിലെല്ലാം ദർശനം നടത്താനുള്ള ഭാഗ്യമുണ്ടായി. ●

മാന്തിട്ട വിഷ്ണു
മാന്തിട്ട മന, വെങ്കിടങ്ങ്, തൃശൂർ ജില്ല ഫോൺ: 8714839298



# ദേവികയും അശ്വിനും

ശ്രീകൃഷ്ണപുരം എളേടത്തുമന ബാബുരാജി
ന്റെയും, ഇന്ദു ബാബുരാജിന്റേയും മകൾ
ദേവികയും ടി. പി. സത്യന്റെയും ഗീതയുടെ
യും മകൻ അശ്വിനും 2026 മെയ് പത്ത്
ഞായറാഴ്ച വിവാഹിതരായി.
വധൂവരന്മാർക്ക് ആശംസകൾ.

# രാഹുൽകൃഷ്ണയും ശ്രുതിയും

**രാഹുൽ കൃഷ്ണ എം.**
S/o കൃഷ്ണനുണ്ണി എം.
& ഉമാദേവി അന്തർജനം
മണിയഞ്ചേരി ഇല്ലം, ചേവായൂർ

**ശ്രുതി ബി.ടി.**
D/o ത്രിലോചനൻ (Late) & ബിന്ദു,
ശ്രുതിലയം, മാർത്താണ്ഡം

2026 മെയ് 13 ന് മണിയഞ്ചേരി
ഇല്ലത്ത് വെച്ച് വിവാഹിതരായി.
ഫോൺ: 9961823923



# മഞ്ഞും മേഘവും മലഗ്രാമങ്ങളും...
# വടക്കുകിഴക്കൻ ഇന്ത്യയുടെ ഹൃദയത്തിലൂടെ ഒരു യാത്ര



*വേരുകൾ കൊണ്ടൊരു പാലം*

**ഹരികൃഷ്ണൻ പോറ്റി**



മേഘങ്ങൾ മലമുകളിൽ ഇറങ്ങി വിശ്രമിക്കുന്ന ദേശം. പച്ചപ്പിനിടയിൽ വെള്ളിവരപോലെ ഒഴുകുന്ന വെള്ളച്ചാട്ടങ്ങൾ. മഞ്ഞിൽ മറഞ്ഞ അതിർത്തിപ്പാതകൾ. ഓരോ വളവും പുതിയൊരു കാഴ്ച സമ്മാനിക്കുന്ന മലനിരകൾ. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ മേഘാലയ, അസം, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിലൂടെ നടത്തിയ പതിനൊന്ന് ദിവസത്തെ യാത്ര, ഒരു വിനോദസഞ്ചാരം മാത്രമായിരുന്നില്ല. മനുഷ്യരെയും സംസ്കാരങ്ങളെയും പ്രകൃതിയെയും കൂടുതൽ അടുത്തറിയാനുള്ള അനുഭവയാത്രയായിരുന്നു അത്.

2026 ഏപ്രിൽ രണ്ടാം തീയതി. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നാരംഭിച്ച യാത്രയിൽ ഞങ്ങൾ 13 പേർ. കുടുംബങ്ങളും സുഹൃത്തുക്കളുമൊത്ത് ഏറെ നാളായി ആലോചിച്ച സ്വപ്നയാത്ര. ലക്ഷ്യം – മഴയും മേഘവും മലകളും ചേർന്നൊരു ലോകം. വൈകുന്നേരം ഗുവാഹത്തി വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ ബ്രഹ്മപുത്രയുടെ ഈർപ്പമുള്ള കാറ്റ് ഞങ്ങളെ വരവേറ്റു. അവിടെ നിന്ന് രാത്രിയാത്രയായി മേഘാലയയുടെ തലസ്ഥാനമായ ഷില്ലോങ്ങിലേക്ക്. വളവുകളും താഴ്വരകളും കടന്ന് രാത്രി പത്ത് മണിയോടെ ഞങ്ങൾ ഹോട്ടലിലെത്തി.

> ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ മേഘാലയ, അസം, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിലൂടെ നടത്തിയ പതിനൊന്ന് ദിവസത്തെ യാത്ര, ഒരു വിനോദസഞ്ചാരം മാത്രമായിരുന്നില്ല. മനുഷ്യരെയും സംസ്കാരങ്ങളെയും പ്രകൃതിയെയും കൂടുതൽ അടുത്തറിയാനുള്ള അനുഭവയാത്രയായിരുന്നു അത്.

'Scotland of the East' എന്ന വിശേഷണം ഷില്ലോങ്ങിന് എന്തുകൊണ്ടാണ് ലഭിച്ചതെന്ന് പിറ്റേന്ന് രാവിലെ ജനാല തുറന്നപ്പോഴേ മനസ്സിലായി. മൂടൽമഞ്ഞ് പുതച്ച മലനിരകളും പൈൻ മരങ്ങളും നിശ്ശബ്ദമായ വഴികളും ചേർന്നൊരു യൂറോപ്യൻ ഭാവം. രാവിലെ തന്നെ ഞങ്ങൾ ചിറാപ്പുഞ്ചിയിലേക്ക് യാത്ര തിരിച്ചു. വഴിയിലുടനീളം മേഘങ്ങൾ റോഡിലേക്ക് ഇറങ്ങി വന്നു. ഇടയ്ക്കിടെ



*സെലാ ടണൽ*



*എലഫെന്റ് ഫാൾസ്*

മഴ തഴുകിപ്പോയെങ്കിലും പ്രകൃതിയുടെ നിറങ്ങൾ കൂടുതൽ തഴച്ചു നിന്നു.

ആദ്യമായി കണ്ടത് എലിഫന്റ് ഫാൾസ്. മൂന്ന് നിലകളായി താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടം. ചുറ്റുമുള്ള പച്ചപ്പും വെള്ളത്തിന്റെ ശബ്ദവും ചേർന്ന് ഒരു സംഗീതമെന്ന പോലെ തോന്നി. അതിനുശേഷം സെവൻ സിസ്റ്റർ ഫാൾസും നോഹ്കാലികായ് ഫാൾസും. മലമുകളിലെ മേഘങ്ങൾക്കിടയിലൂടെ പാറകൾ ചീറി താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടങ്ങൾ കണ്ടുനിൽക്കുമ്പോൾ സമയം തന്നെ മറന്നുപോയി. സോഹ്റയിൽ എത്തുമ്പോൾ മഴയേക്കാൾ മനോഹരമായിരുന്നത് കോടമഞ്ഞായിരുന്നു. മലനിരകളിലൂടെ ഒഴുകിയെത്തുന്ന മഞ്ഞ് നിമിഷങ്ങൾക്കകം മുഴുവൻ കാഴ്ചയും മറച്ചു വീണ്ടും മാറിപ്പോകും. പ്രകൃതി ഒരു വലിയ നാടകവേദി പോലെ.

ചിറാപ്പുഞ്ചിയിലെ മൗസ്കൈ ഗുഹ യാത്രയിലെ ഏറ്റവും സാഹസികമായ അനുഭവങ്ങളിലൊന്നായിരുന്നു. ചുണ്ണാമ്പുകല്ലുകൾ കൊണ്ട് രൂപപ്പെട്ട ഇടുങ്ങിയ വഴികൾ. ചില ഭാഗങ്ങളിൽ കുനിഞ്ഞും ചിലിടങ്ങളിൽ കൈകൾ ചുവരിൽ ചാർത്തിയും മാത്രമേ മുന്നോട്ട് പോകാൻ കഴിയൂ. ഗുഹയ്ക്കുള്ളിലെ പാറരൂപങ്ങൾ വിചിത്രമായ ശിൽപ്പങ്ങളെപ്പോലെ തോന്നി. നൂറുകണക്കിന് വർഷങ്ങളായി വെള്ളത്തുള്ളികൾ തീർത്ത പ്രകൃതിയുടെ കലാസൃഷ്ടികൾ. ഗുഹയിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയപ്പോൾ മുന്നിൽ വീണ്ടും മേഘങ്ങൾ. മലകളും മഞ്ഞും ചേർന്ന് വരച്ച ആ ദൃശ്യം യാത്രയിലെ ഏറ്റവും മനോഹരമായ ഫ്രെയിമുകളിൽ ഒന്നായി മനസ്സിൽ പതിഞ്ഞു.

അടുത്ത ദിവസം ഞങ്ങൾ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിക്കരികിലെ മൗലിനോങ് ഗ്രാമത്തിലേക്ക് യാത്ര തിരിച്ചു. ഹെയർപിൻ വളവുകളും ആഴമുള്ള താഴ്വരകളും പിന്നിട്ട് എത്തുമ്പോൾ മുന്നിൽ ഒരു ചിത്രഗ്രാമം. മുളകൊണ്ടുള്ള ചവറ്റുകുട്ടകൾ. പൂക്കൾ നിറഞ്ഞ വഴികൾ. ചെറിയ മരവീടുകൾ. എല്ലാം അതീവ വൃത്തിയോടെ. 'God's Own Garden' എന്ന് ഗ്രാമത്തിന് നൽകിയ പേര് യാഥാർത്ഥ്യമായിത്തന്നെ തോന്നി. ഗ്രാമത്തിനടുത്തുള്ള ലിവിംഗ്

റൂട്ട് ബ്രിഡ്ജ് മറ്റൊരു അത്ഭുതം. മരങ്ങളുടെ ജീവനുള്ള വേരുകൾ ചേർത്ത് വർഷങ്ങളെടുത്ത് നിർമ്മിച്ച പാലം. പ്രകൃതിയോടൊപ്പം ജീവിക്കാൻ പഠിച്ച ഖാസി




*സെല വാർ മെമ്മോറിയൽ*
*അരുണാചൽ പ്രദേശം*

## യാത്രാവിവരം

സന്ദർശിച്ച പ്രധാന സ്ഥലങ്ങൾ: ഷില്ലോങ്ങ്, ചിറാപ്പുഞ്ചി, മൗലിനോങ്, കാസിരംഗ, ബോംഡില, തവാങ്, ബുംല പാസ്.

സന്ദർശിക്കാൻ അനുയോജ്യമായ സമയം: മാർച്ച് മുതൽ മേയ് വരെ, അല്ലെങ്കിൽ ഒക്ടോബർ മുതൽ നവംബർ വരെ

പ്രധാന ആകർഷണങ്ങൾ: മേഘാലയയിലെ വെള്ളച്ചാട്ടങ്ങൾ, ലിവിംഗ് റൂട്ട് ബ്രിഡ്ജ്, കാസിരംഗ സഫാരി, സെല പാസ്, ബുംല അതിർത്തി, തവാങ് മൊണാസ്മി

രചയിതാവിനെക്കുറിച്ച്, ഹരികൃഷ്ണൻ പോറ്റി കേരളത്തിലെ തപാൽ വകുപ്പിൽ ജോലി ചെയ്യുന്നു. യാത്രയും ഫോട്ടോഗ്രഫിയും ഏറെ ഇഷ്ടപ്പെടുന്ന അദ്ദേഹം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ സംസ്കാരവും പ്രകൃതിയും ജീവിതരീതികളും ക്യാമറയിലും എഴുത്തിലും പകർത്തുന്നു.

ഗോത്രവിഭാഗത്തിന്റെ ബുദ്ധിയും ക്ഷമയും അവിടെ കാണാം. താഴേക്ക് ഇറങ്ങി തെളിഞ്ഞ വെള്ളമുള്ള അരുവിക്കരയിൽ കുറച്ചുസമയം ചെലവഴിച്ചു. വെള്ളത്തിനടിയിലെ ഓരോ കല്ലും വ്യക്തമായി കാണാമായിരുന്നു.

ഷില്ലോങ്ങിനടുത്തുള്ള ഒരു ഗ്രാമം സന്ദർശിച്ചപ്പോൾ അവിടുത്തെ ജീവിതരീതി കൂടുതൽ അടുത്തറിയാൻ കഴിഞ്ഞു. ചെറിയ വീടുകൾ. കൃഷിയിടങ്ങൾ. പശുക്കളും കോഴികളും, എന്നാൽ മുഖങ്ങളിൽ സമാധാനം. മുളയും ടിന്നും ഉപയോഗിച്ച് നിർമ്മിച്ച വീടുകൾക്കു ചുറ്റും പൂച്ചെടികൾ. വീടുകളുടെ മുന്നിൽ ഇരുന്ന് സംസാരിക്കുന്ന ആളുകൾ. ജീവിതം എത്ര ലളിതമായാലും സന്തോഷം കണ്ടെത്താൻ കഴിയുമെന്ന് അവിടെ മനസ്സിലായി.

മേഘാലയയിൽ നിന്ന് അസമിലേക്കുള്ള യാത്രയിൽ ഉമിയം തടാകം ഞങ്ങളെ വിസ്മയിപ്പിച്ചു. മലകൾക്കിടയിൽ കണ്ണാടി പോലെ കിടക്കുന്ന നില ജലം. വൈകുന്നേരത്തോടെ കാസിരംഗയിൽ എത്തി. പിറ്റേന്ന് പുലർച്ചെ ജീപ്പ് സഫാരി. മൂടൽമഞ്ഞിനിടയിൽ പുല്ലുതെങ്ങുകൾ ചലിക്കുന്നതു കണ്ടപ്പോൾ ഡ്രൈവർ ജീപ്പ് നിർത്തി. കുറച്ച് അകലെയായി ഒറ്റക്കൊമ്പൻ കാണ്ടാമൃഗം. ജീവിതത്തിൽ ആദ്യമായി അത്ര അടുത്ത് കാണുന്ന നിമിഷം. കാട്ടുവഴികളിലൂടെ സഞ്ചരിക്കുമ്പോൾ മാൻകൂട്ടങ്ങളും പക്ഷികളും കാട്ടാനകളും കാണാൻ കഴിഞ്ഞു. പ്രകൃതിയുടെ സ്വന്തം രാജ്യം പോലെ കാസിരംഗ അനുഭവപ്പെട്ടു.

അടുത്ത ദിവസം രാവിലെ ആറുമണിക്ക് ആനസവാരിക്കായി ഞങ്ങൾ തയ്യാറായി. മൂടൽമഞ്ഞിലൂടെ കാടിനുള്ളിലേക്ക് കടന്നുപോകുന്ന ആനകളുടെ നടപ്പ് ഒരുതരം സിനിമാറ്റിക് അനുഭവം പോലെ തോന്നി. കാട്ടിനുള്ളിൽ വളരെ അടുത്തായി വീണ്ടും കാണ്ടാമൃഗങ്ങളെ കാണാൻ കഴിഞ്ഞു. ആനയുടെ മീതെ ഇരുന്ന് കാടിന്റെ നിശ്ശബ്ദത കേൾക്കുമ്പോൾ മനുഷ്യൻ പ്രകൃതിയുടെ മുന്നിൽ എത്ര ചെറുതാണെന്ന് മനസ്സിലാകും.

ആസാമിന്റെ സമതലങ്ങളിൽ നിന്ന് അരുണാചൽ പ്രദേശിലേക്കുള്ള യാത്രയോടെ കാഴ്ചകൾ പൂർണമായി മാറി. ബ്രഹ്മപുത്ര നദിക്കു കുറുകെയുള്ള നീളൻ പാലം കടന്ന് മലമുകളിലേക്ക് കയറിത്തുടങ്ങി. ഭാലുക്പോങ് ചെക്ക്പോസ്റ്റ് കടന്നതോടെ തണുപ്പ് ശക്തമായി. വൈകുന്നേരം ബോംഡിലയിലെ ഹോട്ടലിലെത്തുമ്പോൾ മഞ്ഞുകാറ്റ് മുഖത്തടിച്ചു. അരുണാചൽ പ്രദേശ് – ഉദയസൂര്യന്റെ നാട്. ഇന്ത്യയിൽ ആദ്യം സൂര്യപ്രകാശം എത്തുന്ന ഭൂമി.

തവാങ്ങിലേക്കുള്ള യാത്ര ജീവിതത്തിൽ മറക്കാനാവാത്ത അനുഭവമായി മാറി. ഓരോ കിലോമീറ്ററും ഉയരത്തിലേക്ക്. മലകൾക്കിടയിലൂടെ ഒഴുകുന്ന മേഘങ്ങൾ. 14,000 അടി ഉയരത്തിലുള്ള സെല പാസ്സിലെത്തിയപ്പോൾ ആദ്യമായി മഞ്ഞുപാളികൾ നേരിൽ കണ്ടു. റോഡിന്റെ ഇരുവശവും വെളുത്ത മഞ്ഞ്. കാറ്റിന്റെ തണുപ്പ് അസ്ഥികളിലേക്ക് ഇറങ്ങുന്ന പോലെ. സെല തടാകം പകുതി മഞ്ഞായി കിടക്കുന്നത് കണ്ടപ്പോൾ ക്യാമറ താഴെവയ്ക്കാൻ പോലും മനസ്സില്ല.

അടുത്ത ദിവസം ഇന്ത്യ–ചൈന അതിർത്തിയായ ബുംല പാസ്സിലേക്ക് യാത്ര. മഞ്ഞുവീഴ്ച കാരണം റോഡുകൾ മുഴുവൻ വെളുത്തിരുന്നു. 15,200 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന അതിർത്തിപ്രദേശം. –6°C താപനില. അവിടെ നിൽക്കുന്ന ഇന്ത്യൻ സൈനികരെ കണ്ടപ്പോൾ മനസ്സിൽ സ്വാഭാവികമായി ആദരവ് നിറഞ്ഞു. ചൂട് ചായയും മാഗിയും നൽകി ഞങ്ങളെ സ്വീകരിച്ച സൈനികരുടെ പുഞ്ചിരി ഇന്നും മനസ്സിലുണ്ട്.

മടക്കയാത്രയ്ക്ക് മുമ്പ് ഞങ്ങൾ തവാങ് മൊണാസ്ട്രി സന്ദർശിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ ബുദ്ധമത കേന്ദ്രങ്ങളിൽ ഒന്ന്. മഞ്ഞുമലകളെ നോക്കി നിൽക്കുന്ന ആശ്രമം. പ്രാർത്ഥനാകൊടികൾ കാറ്റിൽ പതുങ്ങി നിൽക്കുന്നു. അകത്ത് സ്വർണ്ണനിറമുള്ള വലിയ ബുദ്ധപ്രതിമ. അവിടെ ചിലവഴിച്ച നിമിഷങ്ങൾ യാത്രയുടെ മുഴുവൻ ശബ്ദങ്ങളിൽ നിന്നുമുള്ള ഒരു നിശ്ശബ്ദ ഇടവേളപോലെ അനുഭവപ്പെട്ടു.

ഗുവാഹത്തിയിലേക്ക് മടങ്ങിയെത്തിയ ശേഷം ബ്രഹ്മപുത്ര നദിയിലൂടെ ക്രൂയിസ് യാത്ര നടത്തി. സന്ധ്യാസൂര്യന്റെ വെളിച്ചത്തിൽ തിളങ്ങുന്ന നദിയും നഗരത്തിന്റെ ലൈറ്റുകളും ചേർന്ന് മനോഹരമായൊരു അവസാന ഫ്രെയിം സമ്മാനിച്ചു. യാത്ര അവസാനിച്ചെങ്കിലും മനസ്സിൽ ഇപ്പോഴും മലമുകളിൽ ഒഴുകുന്ന മേഘങ്ങൾ ബാക്കി.

വടക്കുകിഴക്കൻ ഇന്ത്യ നമ്മെ പഠിപ്പിക്കുന്നത് പ്രകൃതിയുടെ സൗന്ദര്യം മാത്രമല്ല; ലാളിത്യവും സഹിഷ്ണുതയും മനുഷ്യരുടെ പുഞ്ചിരിയും കൂടിയാണ്. ഒരിക്കൽ എങ്കിലും ഈ മഞ്ഞും മേഘവും നിറഞ്ഞ ദേശങ്ങളിലൂടെ സഞ്ചരിക്കണം. കാരണം ചില യാത്രകൾ കാണാനല്ല, അനുഭവിക്കാനാണ്. ●

ഹരികൃഷ്ണൻ പോറ്റി
എടമന, പേയാട്, തിരുവനന്തപുരം
മൊബൈൽ: 8281802223

# വി ടി യെ മറന്നോ?

കെ.എം.പ്രശാന്തൻ

കേരളത്തിൽ ഒരാൾ നവോത്ഥാന നായകനായി മാറാൻവേണ്ട അടിസ്ഥാന യോഗ്യത എന്താണ്....? ഒന്നാമതായി നായകൻ ജനിച്ച സമുദായത്തിൽ അദ്ദേഹം ദൈവമായി ആരാധിക്കപ്പെടണം.

രണ്ടാമതായി ആ സമുദായം ശക്തമായ ഒരു വോട്ടുബാങ്ക് ആയിരിക്കണം.

സംശയമുള്ളവർ വി ടി ഭട്ടതിരിപ്പാടിനോട് സമകാലിക കേരളം കാണിക്കുന്ന സമീപനം മാത്രം ഒന്ന് ശ്രദ്ധിച്ചാൽ മതി.

ആധുനിക കേരളത്തിന്റെ ശില്പിയാണ് വി ടി. ഇത്രത്തോളം സ്ഫോടനാത്മകമായി യാഥാസ്ഥിതികതയെ വെല്ലുവിളിച്ച ഒരു മനുഷ്യൻ കേരളത്തിലുണ്ടായിട്ടില്ല. ജാതിശ്രേണിയുടെ ഉയർന്ന ഇരുണ്ടലോകത്ത് പ്രാകൃതമായി ജീവിച്ചുവന്ന ഒരു വിഭാഗത്തെ മനുഷ്യരാക്കി മാറ്റാൻ വിടി നടത്തിയ പോരാട്ടത്തിന് സമാനമായ ഒന്നും ചരിത്രത്തിൽ പോലുമില്ല.

ശൈശവ വിവാഹത്തിനും വൃദ്ധവിവാഹത്തിനും എതിരെ തീയുണ്ടകൾ വർഷിച്ച വി ടി വിധവാവിവാഹത്തിനായി യുദ്ധം തന്നെ നടത്തി.

അന്തർജ്ജനങ്ങളെ അന്ധകാര അകത്തളങ്ങളിൽ നിന്ന് അരങ്ങത്തെ വെളിച്ചത്തിലേക്ക് കൈപിടിച്ച് കൊണ്ടുവന്നതും വി ടിയിലെ വിപ്ളവകാരിയായിരുന്നു.

വിധവകളെ കൈത്തൊഴിൽ അഭ്യസിപ്പിച്ച് ജീവിതത്തെ തന്റേടത്തോടെ നേരിടുവാൻ പഠിപ്പിച്ചതും വിടിയാണ്.

മറക്കുടയ്ക്കുള്ളിലെ മഹാനരകത്തിൽ നിന്ന് നമ്പൂതിരി സ്ത്രീകളെ രക്ഷപെടുത്തിയ വിമോചനനായകനോട് ലളിതാംബിക അന്തർജ്ജനം ഉൾപ്പെടെയുള്ള എഴുത്തുകാർ വരെ കടപ്പെട്ടിരിക്കുന്നു.

കണ്ണീരുറഞ്ഞു മരവിച്ചുപോയ നാരീജന്മങ്ങളെ കിനാവുകാണാൻ പ്രാപ്തരാക്കിയത് മഹാനായ വി ടി ഭട്ടതിരിപ്പാടാണ്


സവർണ്ണതയുടെ എല്ലാ ജടിലതകളെയും നിഷ്കരുണം ആക്രമിച്ച വിടിയാണ് കേരളമണ്ണിലേക്ക് ആദ്യമായി അധുനികതയെ വിളിച്ചു കയറ്റിയത്.

പക്ഷെ വിടിയുടെ പേരിൽ കേരളത്തിൽ സ്കൂളില്ല കോളേജില്ല കുടിപ്പള്ളിക്കുടമില്ല യൂണിവേഴ്സിറ്റിയില്ല.

വിടിയുടെ ജയന്തിയും മരണദിനവും കേരളം എന്നേ മറന്നുപോയിരിക്കുന്നു.

നവോത്ഥാനത്തെ പറ്റി വായിട്ടടിക്കുന്ന ഒരു രാഷ്ട്രീയ നേതാവും വിടിയുടെ പേര് ഉച്ചരിക്കാറില്ല.

വിടിയുടെ പോരാട്ടഫലമായി മനുഷ്യരായി മാറിയ കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ വിദൂരസ്മരണകളിൽ പോലും അദ്ദേഹമില്ല. പൊയ്പ്പോയ ദുരാചാരങ്ങളെ ഗൃഹാതുര നോവോടെ അയവിറക്കുന്ന മലയാള ബ്രാഹ്മണ്യത്തിന് വി ടി ഭട്ടതിരിപ്പാട് ഒരു ഹീറോയേയല്ല.



സവർണ്ണതയെ വെല്ലുവിളിച്ച
മതത്തെ വെല്ലുവിളിച്ച
ദൈവത്തെ വെല്ലുവിളിച്ച

വിടി സ്വന്തം സമുദായത്തിലും കേരളത്തിലും അന്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു.

ശ്രീനാരായണഗുരു അന്തരിക്കുമ്പോൾ വി ടി ഭട്ടതിരിപ്പാടിന് ഏതാണ്ട് മുപ്പത്തിയഞ്ച് വയസ്സ് പ്രായമേയുണ്ടായിരുന്നുള്ളു. നാരായണഗുരു ഒരു ജീവിതകാലം കൊണ്ട് മുഴുവൻ നടത്തിയ സാമൂഹിക പരിഷ്ക്കരണത്തിനേക്കാൾ ആയിരം മടങ്ങ് പ്രഹരശേഷിയുള്ള സവർണ്ണധ്വംസനം വെറും മുപ്പത്തിയഞ്ച് വയസ്സിനുള്ളിൽ രാമൻ ഭട്ടതിരിപ്പാട് നടത്തിക്കഴിഞ്ഞിരുന്നു.

വിടിയുടെ വെടിമരുന്ന് പ്രയോഗത്തിലൂടെ വെളിച്ചം കയറിയ നമ്പൂതിരിസമുദായത്തിൽ അദ്ദേഹം ആൾദൈവമായി മാറിയില്ല. സ്വന്തം സമുദായം പോലും തള്ളിയ സാമൂഹിക പരിഷ്ക്കർത്താവിനെ, വോട്ടുബാങ്ക് ശക്തികളുടെ റിമോട്ടിൽ ചലിക്കുന്ന രാഷ്ട്രീയകേരളം വിസ്മൃതിയിലേക്ക് തള്ളിയിട്ടു.

ജാതിസംഘടനാ സ്ഥാപകനായ മന്നത്ത് പദ്മനാഭനും കൂട്ടക്കൊലയ്ക്ക് നേതൃത്വം നല്കിയ വാരിയൻകുന്നത്ത്ഹാജിയും വരെ വിമോചനപുരുഷന്മാരായി കൊണ്ടാടപ്പെടുന്ന നാട്ടിൽ വിപ്ലവകാരികളുടെ നീണ്ട ലിസ്റ്റിൽ വിടിയുടെ പേരില്ലാത്തതും ഒരർത്ഥത്തിൽ നന്നായെന്ന് ആശ്വസിക്കാം. ●



# നിരഞ്ജനം നിരാമയം

**ഉദയൻ നമ്പൂതിരിപ്പാട്**



ഇതിനു മുൻപത്തെ കേരള സർക്കാരിന്റെ നാലാം വാർഷികം 2025 മെയ് ആറിന് കോഴിക്കോടു ബീച്ചിലെ തുറന്ന വേദിയിൽ ആഘോഷിക്കുന്ന സന്ദർഭം. ജില്ലക്കകത്തുനിന്നും പുറത്തുനിന്നുമുള്ള പാർട്ടി പ്രവർത്തകരും അല്ലാത്തവരുമായി വലിയൊരു സദസ്സ്.

മീറ്റിങ്ങിനു ശേഷം സംഘാടകർ ഒരു ഗാനമേള ഒരുക്കിയിട്ടുണ്ട്. ടീം നിരഞ്ജൻ എന്ന ഒരു ട്രൂപ്പാണ് അവതരിപ്പിക്കുന്നത്. പൊതുവേ കോഴിക്കോട്ടുള്ളവർ പാട്ടിനെ നെഞ്ചോടു ചേർക്കുന്നവരാണ്. സാധാരണക്കാരിലെ സാധാരണക്കാർ പോലും നല്ല സംഗീതത്തിന്റെ ആസ്വാദകരാണ്. കാലങ്ങളായി കേരളത്തിനകത്തേയും പുറത്തേയും പ്രശസ്തരായ ഗായകർ പാടി തകർത്ത വേദിയാണ് ബീച്ചിലേത്. ഹിന്ദുസ്ഥാനി സംഗീതവും, ഗസലുകളും അവരുടെ ജീവരക്തമാണ്. ഇത്തരം പരിപാടികളിൽ കേരളത്തിനു പുറത്തുള്ള പ്രശസ്ത ഗായകരെയാണ് സംഘാടകർ കൊണ്ടുവരാറുള്ളത്. ഇല്ലെങ്കിൽ നാട്ടുകാർ കൂവും പരിപാടി പാളും. അന്ന് വേദിയിൽ പാടുന്നത് നിരഞ്ജൻ എന്നൊരു പയ്യൻ .അവിടെ കൂടിയവരാരും അവനെ പറ്റിയോ പാട്ടുകളോ കേട്ടിട്ടില്ല. ജനിതക രോഗമായ ഓട്ടിസത്തെ പാട്ടുപാടി കീഴടക്കിയ മിടുക്കനാണവൻ എന്നു മാത്രം കേട്ടിരുന്നു. അതിനാൽ ഒന്നു കേട്ടേക്കാം എന്നു തിരുമാനിച്ചാണ് വേദിയിൽ വന്നിരുന്നത്.

നിരഞ്ജൻ വേദിയിൽ വന്നു. മീശ മുളച്ചു വരുന്ന സാധാരണ കുട്ടി .ആദ്യം പാടിയത് നാട്ടുകാരനായ അവരുടെ സ്വന്തം ബാബുക്കയുടെ പാട്ട്, പിന്നെ ഒരു

പൊതുവേ കോഴിക്കോട്ടുള്ളവർ പാട്ടിനെ നെഞ്ചോടു ചേർക്കുന്നവരാണ്. സാധാരണക്കാരിലെ സാധാരണക്കാർ പോലും നല്ല സംഗീതത്തിന്റെ ആസ്വാദകരാണ്.

ജനപ്രിയ ഗസൽ . പിന്നെ ചിറ്റ് ചോറിലെ യേശുദാസ് പാടിയ പാട്ട്, തുടർന്ന ഹിന്ദുസ്ഥാനിയും, മലയാള ഗാനങ്ങളുടെയും പ്രവാഹം. ആരും ഇത്രയും നല്ലൊരു സംഗീത വിരുന്ന് പ്രതീക്ഷിച്ചിരുന്നില്ല. ഒരോ പാട്ടിനും നിറഞ്ഞ കയ്യടി .പാട്ടു കേട്ട് ഉയർന്നു പൊങ്ങിയ അറബിക്കടലിലെ തിരമാലകൾ പോലും ശാന്തമായോ എന്നു സംശയം.പാടിയത് ഓട്ടിസം എന്ന വൈകല്യമുള്ള കുട്ടിയാണെന്നു പോലും ശ്രോതാക്കൾ മറന്നു. അത്രക്കും ഗംഭീരമായി ആ പരിപാടി .

ഇതിനു മുമ്പും അവൻ കോഴിക്കോട്ടെ ശ്രോതാക്കളെ കയ്യിലെടുത്തിരുന്നു. നാലു കൊല്ലം മുമ്പു 2018 സപ്തംമ്പർ പതിനൊന്നിനു ഐ എം എ ഹാളിൽ , കോഴിക്കോട് സമഗ്ര ശിക്ഷ പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ ഒരുക്കിയ സംഗീത വേദിയിൽ വെച്ചായിരുന്നു അത്.  അന്നു നിരഞ്ജൻ ഒരു തുടക്കക്കാരനായിരുന്നു. പാടി തെളിഞ്ഞിരുന്നില്ല . പാടുന്ന പാട്ടുകൾക്ക് ഇന്നുള്ള പരിപൂർണ്ണതയോ ഭാവമോ കുറവായിരുന്നു. എന്നാലും അവിടുന്നു കിട്ടിയ പ്രോത്സാഹനത്തിൽ പല ഇടങ്ങളിലായി ഒരു പാടു വേദികളിൽ പാടി, ഒരോ പരിപാടിയിലും സംഗീതത്തിന്റെ വിവിധ വഴികളിലൂടെ ശ്രോതാക്കളെ അവൻ തന്നിലേക്കടുപ്പിക്കുകയായിരുന്നു.

ഫ്ളവേഴസ് ചാനലിന്റെ ജനപ്രിയമായ സംഗീത




പത്മശ്രീ ഡോക്ടർ K. ഓമനക്കുട്ടി
നൽകുന്ന ഉപഹാരം

കാനാടി ദേവസ്ഥാനം
പുരസ്കാരം

കെ. ജയകുമാർ IAS
നൽകുന്ന ഉപഹാരം

റിയാലിറ്റിഷോയാണ് സ്റ്റാർ സിങ്ങർ . 2025 സപ്തമ്പറിൽ തുടങ്ങിയ അതിന്റെ ആറാമത്തെ എപ്പിസോഡ് ആണ് ഇപ്പോൾ പ്രക്ഷേപണം ചെയ്യുന്നത്. വളർന്നു വരുന്ന കൗമാര സംഗീതപ്രതിഭകളെ പ്രശസ്ത സംഗീത വിദഗ്ദരായ ജഡ്ജസ്സിന്റെ മുന്നിൽ വെച്ചു പാടിപ്പിച്ചു പ്ലസ്സും മൈനസ്സും ചൂണ്ടികാണിച്ച് അവരിലെ പാട്ടുകാരെ വളർത്തി എടുക്കുന്ന വേദിയിലെ പരിപാടികൾ ചാനലിലൂടെ ലൈവായി പ്രക്ഷേപണം ചെയ്യും .അവിടെ സ്പെഷൽ ഗസ്റ്റായി താനേറ്റവും ആരാധിക്കുന്ന സംഗീത സംവിധായകൻ എം ജയചന്ദ്രന്റെ മുന്നിൽ നിരഞ്ജൻ പാടുകയുണ്ടായി. മധുബാലകൃഷ്ണൻ, ആര്യ ദയാൽ എന്നിവരായിരുന്നു മറ്റു ജഡ്ജസ്. 'പ്രേമഭിക്ഷുകി ഭിക്ഷുകീ, ഭിക്ഷുകീ' എന്ന പാട്ടാണുപാടിയത്. പാട്ടുകേട്ട് കൈയ്യടിച്ചുകൊണ്ടു എം.ജയചന്ദ്രൻ പറഞ്ഞത് 'സംഗീതം നിരഞ്ജൻ തിരഞ്ഞെടുത്തതല്ല, നിരഞ്ജനെ സംഗീതം തിരഞ്ഞെടുത്തതാണ് എന്നാണ്. ഈയൊരു വാചകം മാത്രം മതി അവനിലുള്ള സംഗീത പ്രതിഭ അറിയാൻ.

കഴിഞ്ഞ ഏപ്രിൽ 5 ന് മഞ്ചേരിയിൽ നടന്ന ഒരു സപ്തതി ചടങ്ങിൽ കസ്തൂരി മണക്കുന്ന ഗാനങ്ങളുമായി നിരഞ്ജൻ പാടിയത് വിസ്മരിക്കാനാവാത്ത അനുഭവമായി. എസ്.പി.ബി സാറിന്റെ പ്രശസ്ത ഗാനം 'അമ്മാ യെന്നഴക്കാതെ ഉയിരില്ലയേ, അമ്മാവെ വണങ്ങാതെ ഉയർവ്വില്ലയേ' എന്ന പാട്ട് വേദിയിൽ ഇരുന്നിരുന്ന അമ്മക്കുള്ള സമർപ്പണം തന്നെയായിരുന്നു. ഭാവം നിറഞ്ഞു നിന്നിരുന്ന പാട്ടു കേട്ടിരുന്ന അമ്മയടക്കം പലരും കണ്ണുകൾ തുടക്കുന്നതുകണ്ടു.

ആറ്റുനോറ്റ് ഉണ്ണിയുണ്ടാവുമ്പോൾ അച്ഛനമ്മമാർ സന്തോഷിക്കും. അവനെ ചൊല്ലി ഒരു പാടു മോഹങ്ങളും സങ്കല്പങ്ങളും സ്വരൂപിച്ചു കൂട്ടും. കമിഴു ന്നത്, അമ്മേ എന്നു വിളിക്കുന്നത്, മുട്ടുകുത്തി നടക്കുന്നത് പിന്നെ പിച്ചവെക്കുന്നത്. സ്കൂളിൽ പോകുന്നത്, ക്ലാസിലെ ടീച്ചറെ കുറിച്ച് പറയുന്നത് എല്ലാം . അതെല്ലാം ഒരോന്നായി സംഭവിക്കുന്നത് അമ്മ മനസ്സിന്റെ സാഫല്യ നിമിഷങ്ങളാണ്. എന്നാൽ തന്റെ കുട്ടി മറ്റു കുട്ടികളെ പോലെയല്ല അല്ലെങ്കിൽ ആവില്ല,അവന് ജീവിത കാലംമുഴുവൻ കൊണ്ടു നടക്കേണ്ടി വരുന്ന ജനിതക വൈകല്യ മാണെന്നറിയുമ്പോഴോ? ഏതച്ഛനും അമ്മയും തളർന്നു പോകും. നിരാശയുടെ പടുകുഴിയിൽ വീണതു പോലെയാകും. കുറെ കണ്ണീരൊഴുക്കും , ദൈവത്തെ വിളിക്കും. ഒടുവിൽ വിധിയെ പഴിച്ച് പൊരുത്തപെട്ടു തങ്ങളുടെ ജീവിതം തള്ളി നീക്കും. എന്നാൽ നിരഞ്ജന്റെ മാതാപിതാക്കൾ ഇതു കേട്ടു തളർന്നില്ല. സത്യം ഉൾക്കൊണ്ടുവെങ്കിലും മകനെ സഹതപിക്കുന്നവരുടെ ഇടയിലേക്കു വലിച്ചെറിഞ്ഞില്ല. രണ്ടു പേരും സ്വന്തം മകനു ആത്മവിശ്വാസം നല്കി കൊണ്ട്, അവനും ഈ ലോകത്തു ജീവിക്കാനൊരു ഇടം കണ്ടെത്താനായി, തളരാതെ ജനിച്ച നാൾ തൊട്ട് കൂടെ നടക്കുന്നു. നീണ്ട ഇരുപത്തിമൂന്നു കൊല്ലമായി അങ്ങനെ നടക്കാൻ തുടങ്ങിയിട്ട്.തൃത്താലക്കടുത്ത് മേഴത്തൂരിലെ അധ്യാപക ദമ്പതികളായ മഞ്ഞപറ്റ മന രാമദാസും പ്രജിതയുമാണ്, കൈ പിടിച്ചു ഇടതും വലതും നിന്ന് ഒപ്പം നടക്കുന്ന അച്ഛനമ്മമാർ..

ജനിച്ച് മുന്നു വയസ്സാവുന്നതു വരെ സാധാരണ കുട്ടികളെ പോലെ തന്നെയായിരുന്നു അവനും. ഇല്ലത്തുള്ളവർക്കും കാണുന്നവർക്കും യാതൊരു അസാധാരണത്വവും അനുഭവപ്പെട്ടിരുന്നില്ല. വേണ്ട സമയത്തു തന്നെ കമിഴ്ന്നു , മുട്ടുകുത്തി, പിന്നെ പിച്ചവെച്ചു നടന്നു, വിശക്കുമ്പോൾ കരഞ്ഞു. അമ്മ അച്ഛൻ എന്നെല്ലാം കുഞ്ഞു ശബ്ദത്തിൽ വിളിച്ചു. അമ്മയുടെ താരാട്ടു



കൈതപ്രം ദാമോദരൻ നമ്പൂതിരിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.

സംഗീത സംവിധായകൻ എം. ജയചന്ദ്രനോടൊപ്പം

കേട്ട് ശാന്തനായി ഉറങ്ങി. രണ്ടു വയസ്സിനു ശേഷം പ്ലേ സ്കൂളിൽ പോയി തുടങ്ങിയപ്പോൾ അവിടത്തെ അദ്ധ്യാപികയാണു പറഞ്ഞത് 'അവൻ മറ്റു കുട്ടികളുടെ കൂടെ കൂടുന്നില്ല, കളിക്കുന്നില്ല, ഒറ്റക്ക് ഏതെങ്കിലും മൂലയിൽ പോയി ഇരിക്കുന്നു'. ചില കുട്ടികൾ അങ്ങനെയാവും, പലതരക്കാരായ കുട്ടികളെ പഠിപ്പിച്ചിട്ടുള്ള അമ്മയും അച്ഛനും അത്രയേ കരുതിയുള്ളു. അപ്പോഴും അതൊരു പ്രശ്നമാണെന്നു ഒട്ടും വിചാരിച്ചില്ല. ഒന്നാം ക്ലാസിലേക്ക് പ്രവേശിച്ചപ്പോഴും ഇതേ പ്രശ്നം. മറ്റു കുട്ടികളുടെ ഒപ്പം ക്ലാസിലിരിക്കില്ല. പുറത്തിറങ്ങി ഏതെങ്കിലും മരച്ചുവട്ടിൽ പോയിരിക്കും, മരങ്ങളോട് എന്തൊക്കെയോ പറയും , നിർബന്ധിച്ച് പിടിച്ചിരുത്തിയാലും ഇരിക്കില്ല. എഴുതാനൊ വായിക്കാനോ ശ്രമം നടത്തില്ല. സ്ക്കൂളിൽ ഉച്ചഭക്ഷണം ഉണ്ടാക്കുന്ന സ്ത്രീയോടു മാത്രമാണ് അടുപ്പം കാണിച്ചിരുന്നത്. കഞ്ഞി പാത്രം കഴുകുമ്പോൾ മിക്ക ദിവസങ്ങളിലും അവർക്ക് പാട്ടുപാടി കൊടുക്കും. ഇല്ലത്തു വന്നാലും അവനിഷ്ടമില്ലാത്ത ഒന്നിനോടും സഹകരിക്കില്ല. മുത്തശ്ശൻ രാമൻ ഭട്ടതിരിപ്പാട് വൈദ്യമഠത്തിന്റെ മാനേജരായിരുന്നു. വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയെ കാണിച്ചു വിവരം പറഞ്ഞപ്പോൾ വിദഗ്ദ്ധ പരിശോധന നടത്തുകയാണ് നല്ലതെന്നു പറഞ്ഞു. അതിനെ തുടർന്ന് നടത്തിയ പരിശോധനകളിൽ സോഷ്യൽ കമ്മ്യൂണിക്കേഷൻ ഡിസോഡറാണെന്നാണു ഡോക്ടർമാർ വിലയിരുത്തിയത്. സംശയം തീരാതെ വീണ്ടും തിരുവനന്തപുരത്തെ ശ്രീചിത്തിര ആശുപത്രിയിലെ പീഡിയാട്രിക്ന്യൂറോ വിഭാഗം മേധാവി ഡോ. കേശവദാസിനെ കാണിച്ചു. .അവരാണ് പല ടെസ്റ്റുകൾക്കു ശേഷം ഓട്ടിസത്തിന്റെ വകഭേദമായ ആസ്പർ ജേഴസ് സിൻഡ്രോം ആണെന്നു സ്ഥിരീകരിച്ചത്. ഡോക്ടർ പറഞ്ഞു. 'മാഷ് ഒട്ടും നിരാശപ്പെടേണ്ടതില്ല ഇത്തരക്കാർക്ക് ചില കാര്യങ്ങളിൽ പ്രത്യേക താല്പര്യങ്ങളും കഴിവുകളും ഉണ്ടാവും. അതെന്താണന്നു കണ്ടെത്തി ആ വഴിക്കു കൊണ്ടുപോയാൽ കുറെയൊക്കെ സാധാരണ ജീവിതം നയിക്കാനാവും.

അതൊരു പിടിവള്ളിയായിരുന്നു. മകനെ രോഗിയാണെന്ന മുദ്രകുത്തി വിധിയെ പഴിച്ച് അന്യരുടെ, സഹതാപ വാക്കുകൾക്കു വിടാതെ ഡോക്ടർ പറഞ്ഞ വഴിയിലൂടെ പോകാൻ തന്നെ രണ്ടു പേരും തീരുമാനിച്ചു.

ചെറിയകുട്ടിയായിരുന്നപ്പോഴെ പാട്ടു കേൾക്കാനിഷ്ടമാണ്. കേട്ട പാട്ടുകൾ ഹൃദ്യസ്ഥമാക്കി,അതേപോലെ അതേ ട്യൂണിൽ പാടുമായിരുന്നു. ചന്ദ്ര കളഭം ചാർത്തിയുറങ്ങും തീരം എന്ന പാട്ടു കേട്ടു പാടിയത് മൂന്നാം വയസ്സിലായിരുന്നു. അഞ്ചു വയസ്സിൽ പതിവായി സ്കൂളിൽ ഉച്ചകഞ്ഞി വെക്കുന്ന ആയക്ക് 'ഗൊരു തെര ഗാവു ബഡാപ്യാര ' എന്ന ഹിന്ദി പാട്ടു പാടി കൊടുക്കും. ടി വി യിലോ , ടൈപ്പ് റിക്കാർഡിലോ ,പാട്ടു കേൾക്കുമ്പോൾ മാത്രം അടങ്ങിയിരിക്കും .ടൈപ്പ് റിക്കാർഡിൽ നിറുത്താതെ പാട്ടുകേൾക്കും ' ഇടക്കുവെച്ചു നിർത്താനോ, ക്രമം തെറ്റിക്കാനോ അനുവദിക്കില്ല. വരികൾ മറക്കില്ല. കേൾക്കുന്ന പാട്ടുകൾ പാടുമ്പോൾ വരികൾ മുറിഞ്ഞു പോകുകയോ രാഗമോ താളമോ തെറ്റുകയോ ചെയ്യാറില്ല. മകന്റെ ലോകം സംഗീതമാണെന്നു തിരിച്ചറിഞ്ഞ അച്ഛനും അമ്മയും അവന്റെ താല്പര്യം വളർത്തിയെടുക്കാൻ തീരുമാനിച്ചു.

ആ തിരുമാനമായിരുന്നു നിരഞ്ജന്റെ ജീവിതത്തിലെ ടേണിങ്ങ് പോയന്റ്. ഗുരുമുഖത്തുനിന്നു തന്നെ കർണ്ണാടക സംഗീതം പഠിക്കാനായി ശിവരാമൻ നാഗിലശ്ശേരി എന്ന അധ്യാപകന്റെ ശിക്ഷണത്തിലാക്കി. 2017 സെപ്തംബർ 28 ന് ഗുരുവായൂർ മേല്പത്തൂർ ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു അരങ്ങേറ്റം.വർണ്ണവും കീർത്തനങ്ങളും ഭജനുമടക്കം പതിനേഴോളം ഇനങ്ങൾ തെറ്റാതെ അവിടെ അവതരിപ്പിച്ചു. കോഴിക്കോട്ടെ ഇംഹാൻസിലെ (IMHANS) സൈക്കാട്രിസ്റ്റ് ഡോ. കൃഷ്ണകുമാർ, നിരൻജന്റെ സംഗീതത്തിലുള്ള അസാമാന്യ പ്രതിഭ കണ്ട്





**ജനിതക വൈകല്യത്തിന്റെ പരിമിതികൾ മറികടന്നു തന്റെ ഗാനാലാപന മികവു കൊണ്ടു ശ്രോതാക്കളുടെ മനസ്സുകൾ കീഴടക്കിയിരിക്കുകയാണ് നിരഞ്ജൻ .**

മ്യൂസിക് തെറാപ്പി നിർദ്ദേശിച്ചു. പാട്ടിലെ വിവിധ വികാര ഭാവങ്ങൾ മനസ്സിലാക്കാനായി ഹിന്ദുസ്ഥാനി സംഗീതം കൂടി പഠിപ്പിക്കാനുള്ള നിർദ്ദേശം നല്കിയത് , മ്യൂസിക് തെറാപ്പിസ്റ്റായ ഡോ. മെഹറൂഫ് രാജ് ആയിരുന്നു. അതിനെ തുടർന്ന് അഭിലാഷ് ഭൂമി എന്ന ഹിന്ദുസ്ഥാനി അധ്യാപകൻ ഒൻപത് വർഷമായി ഹിന്ദുസ്ഥാനി സംഗീതവും ഉഷ നെല്ലൂർ കർണ്ണാടക സംഗീതവും പഠിപ്പിക്കുന്നു. അനുയോജ്യമായ രാഗങ്ങൾ നിർദ്ദേശിക്കുന്നത് ഡോക്ടർ മഹറൂഫ് രാജ് ആണ് . ഇത്രയും കാലം രക്ഷിതാക്കൾക്കൊപ്പം പൊതു സമൂഹവും പ്രോത്സാഹനങ്ങളുമായി ഒപ്പം നിന്നു. അതാണ് ഇന്നത്തെ ടീം നിരഞ്ജൻ . ഇവയെല്ലാം പാട്ടിന്റെ വഴിയിലൂടെ മുന്നേറാനും, ആത്മ വിശ്വാസം നേടാനും സഹായിച്ചു.

കഴിഞ്ഞ പത്തു കൊല്ലത്തെ സംഗീത യാത്ര കൊണ്ട് ഒരു പാടു ദൂരം സഞ്ചരിച്ചിരിക്കുന്നു. ജനിതക വൈകല്യത്തിന്റെ പരിമിതികൾ മറികടന്നു തന്റെ ഗാനാലാപന മികവുകൊണ്ടു ശ്രോതാക്കളുടെ മനസ്സുകൾ കീഴടക്കിയിരിക്കുകയാണ് നിരഞ്ജൻ . ഇതിനകം കേരളത്തിലെ പല സ്ഥലങ്ങളിലായി 150 ലധികം വേദികളിൽ സംഗീത പരിപാടികൾ അവതരിപ്പിച്ചു കഴിഞ്ഞു. 2022 ഡിസംബർ 23 ന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിലും 2023 ജനുവരി 30 ന് പെരിങ്ങോട്ടുകര കാനാടി ദേവസ്ഥാനത്തിന്റെ സംഗീത മണ്ഡപത്തിൽ വെച്ചും നിറഞ്ഞ സദസ്സിൽ നടത്തിയ സംഗീത പരിപാടികൾ അവിസ്മരണീയമായിരുന്നു. ഹിന്ദുസ്ഥാനി ഗസലുകൾ, ഭജൻസ്, കർണ്ണാടക സംഗീത കച്ചേരികൾ, കർണ്ണാടക സംഗീത ഭജൻസ് ,ഭക്തിഗാനങ്ങൾ ലളിതഗാനങ്ങൾ രവീന്ദ്ര സംഗീതം, മലയാളം ഹിന്ദി തമിഴ് സിനിമാ ഗാനങ്ങൾ മുതലായ വിവിധ സംഗീത പരിപാടികൾ ഇപ്പോൾ വേദിയിൽ അവതരിപ്പിക്കുന്നു .സിനിമാ രംഗത്തും, കർണ്ണാടക സംഗീത രംഗത്തുമുള്ള മഹദ് വ്യക്തികൾ അവന്റെ പാട്ടുകേട്ട് അഭിനന്ദിച്ചിട്ടുണ്ട്. വലിയ സംഗീത സദസ്സുകളിൽ പാടി നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുമുണ്ട്. 2023 ഡിസംബർ 24 ന് പാലക്കാടു സ്വരലയ സംസ്ഥാന തലത്തിൽ നടത്തിയ മത്സരത്തിൽ ചലചിത്ര ഗാനവിഭാഗത്തിൽ ഒന്നാം സ്ഥാനവും ലളിത ഗാനാലാപനത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.2022 ഒക്ടോബർ 30 ന് പാലക്കാട് മെഹഫിലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ എം.എസ് ബാബുരാജ് അക്കാദമിയുടെ ഗസൽ മത്സരത്തിലും ഒന്നാം സ്ഥാനം നേടി.

യുണിവേഴ്സൽ റിക്കാർഡ് ഫോറത്തിന്റെ 'മൾട്ടിപ്പിൾ ടാലൻറ് അവാർഡ് നേടിയിട്ടുമുണ്ട്. കൂടാതെ സർക്കാർ തലത്തിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആരോഗ്യകേരളം പദ്ധതിയുടെ ഭാഗമായി നിരഞ്ജനം എന്ന പേരിൽ ഒരു ഡോക്കുമെൻറി ഫിലിം എടുത്ത് ഓട്ടിസം ബാധിച്ച കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രദർശിപ്പിച്ചു വരുന്നുണ്ട്. ചന്ദന ചർച്ചിതം , നവരാഗമാലിക, ആത്മരാഗങ്ങൾ ,അനുസ്വരങ്ങൾ, ഒരു കോഴിക്കോടൻ ഗാഥ ,ബഹാരോം ഫൂൽ ബർസാവോ തുടങ്ങി ആറോളം ആൽബങ്ങൾ ഇതിനകം പുറത്തുവന്നു. ആകാശവാണിയിലും പാടാൻ അവസരം കിട്ടിയിട്ടുണ്ട്. കൂടാതെ ഈ മിടുക്കൻ സ്വയം സംഗീതം നല്കിയ ഗാനങ്ങളും പുറത്തിറക്കാൻ തുടങ്ങിയിരിക്കുന്നു. മോഹനമാണ് ഇഷ്ട രാഗം. ഇഷ്ട സംഗീത സംവിധായകൻ എം ജയചന്ദ്രനും. അദ്ദേഹം നിരഞ്ജന്റെ പാട്ടു കേട്ട് അടുത്തേക്കു വിളിച്ച് അഭിനന്ദിക്കുയും സിനിമയിൽ പാടാനായി അവസരം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുമുണ്ടത്രെ. അതിനു വേണ്ടി കാത്തിരിക്കയാണ് ഇപ്പോൾ .

അമ്മ പറയുന്നു 'ഇപ്പോഴും പാട്ടിന്റെ കാര്യം പറഞ്ഞു മാത്രമേ അവനേ നിയന്ത്രിക്കാനാവു. സംഗീതത്തോടുള്ള അവന്റെ പ്രതിബദ്ധത കേൾക്കുന്നവരെയെല്ലാം വിസ്മയിപ്പിക്കുന്നു. ലൈവ് പ്രോഗ്രാമുകളിൽ ഒരു പ്രത്യേക എനർജി അവന് കിട്ടുന്നു. പാടാൻ തുടങ്ങിയാൽ എല്ലാം മറക്കുന്നു. അതുകൊണ്ടു അത്തരം





പരിപാടികൾക്കായാണ് ഞങ്ങൾ ശ്രമിക്കുന്നത്. പ്രോഗ്രാമിന്റെ തിയ്യതി സ്ഥലം സമയം എല്ലാം കൃത്യമായി ഓർമ്മിച്ചുവെക്കുന്നു'

വിവിധ തെറാപ്പികളിലൂടെയാണ് എഴുതാനും വായിക്കാനും ദൈനംദിന കൃത്യനിർവഹണത്തിനും പഠിച്ചത്. ഷർട്ടിന്റെ ബട്ടൻസ് ഇടാനും മുടിചീകാനും , കഥ പറയാനും എല്ലാം പഠിച്ചതും തെറാപ്പിയിലൂടെയാണ് . ഇപ്പോൾ മദ്രാസ് യൂനിവേഴ്സിറ്റിയുടെ വിദൂര പഠന ശാഖ വഴി നടത്തുന്ന ബി.എ. മ്യൂസിക് കോഴ്സ് ചെയ്തു വരുന്നു. ഭാവിയിൽ പാട്ടു മാഷാവണം എന്നാണു മോഹം.

ഓട്ടിസമുള്ള കുട്ടികൾക്ക് മറ്റുള്ളവരുമായി സംസാരിക്കുന്നത് ബുദ്ധിമുട്ടാണ്. എന്നാൽ പറയുന്ന രീതിയിൽ ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും കാര്യങ്ങൾ വ്യക്തമായി പറയും .അതുപോലെ സോഷ്യൽ കമ്മ്യൂണിക്കേഷനിൽ പലവിധ പ്രയാസങ്ങൾ ഇത്തരം കുട്ടികൾ നേരിടാറുണ്ട്. അതിനുള്ള പരിഹാരമെന്ന നിലക്ക് സമൂഹവുമായി പരമാവധി ഇടപഴകാനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നു. വിവാഹം മറ്റുവിശേഷങ്ങൾ തുടങ്ങിയ ആഘോഷങ്ങൾക്ക് അവനേയും കൊണ്ടുപോകാറുണ്ട്. അവിടെ വരുന്ന ബന്ധുക്കളെ തിരിച്ചറിഞ്ഞ് വർത്തമാനം പറയുകയും ചെയ്യാറുണ്ട്. ഇപ്പോൾ അവനൊരു സ്ക്കൂട്ടർ വാങ്ങി കൊടുത്തിരിക്കുന്നു. അത്തരം സമീപനങ്ങൾ വ്യക്തിത്വ വികസനത്തിന് വളരെയധികം പ്രയോജനപ്രദമായി വരുന്നു.

നിരഞ്ജന്റെ അച്ഛൻ വി.ആർ എസ് എടുത്ത് മകന്റെ സംഗീത സപര്യയിൽ ഒപ്പം നടക്കുകയാണ്. ഇല്ലത്ത് അവനായി ഒരു സ്റ്റുഡിയോ തന്നെ സെറ്റു ചെയ്തിട്ടുണ്ട്.ഒരോ ഗാനമേളക്കും പാടേണ്ട പാട്ടുകൾ ചാർട്ടു ചെയ്യുന്നതു മുതൽ സ്ഥലത്തെത്തിക്കുന്നതു വരെ എല്ലാ കാര്യങ്ങളും രക്ഷിതാക്കൾ ചെയ്യുന്നു. അച്ഛൻ പറയുന്നു. 'നിരഞ്ജനെ പോലെയുള്ള ഒരു കുട്ടിയെ അവന്റെ കഴിവുകൾ കണ്ടെത്തി ആ മേഖലയിൽ പ്രമോട്ട് ചെയ്തില്ലായിരുന്നെങ്കിൽ അവന്റെ ജീവിതം എന്താവുമായിരുന്നു എന്നൊന്നാലോചിച്ചു നോക്കുക. പോരായ്മകളുമായി ജനിക്കുന്ന കുട്ടികൾക്ക് ദൈവം തന്നെ എന്തെങ്കിലും പ്രത്യേക കഴിവുകൊടുത്തിട്ടുണ്ടാവും . അതു കണ്ടെത്തണമെന്നു മാത്രം. ചിത്രം വരക്കുന്നവർക്ക് ഒരു ബ്രഷും പെയിൻറ് ബോക്സും, താളം പിടിക്കുന്നവർക്ക് ഒരു കീബോർഡും വാങ്ങി കൊടുക്കുക. അവർ അതിലൂടെ പരിമിതികളെ സ്വയം മറികടക്കും. ഇപ്പോഴും നൂറുശതമാനം ശരിയായി എന്നൊന്നും പറയുന്നില്ല. എന്നാലും പ്രതീക്ഷയുണ്ട്. സംഗീതത്തിലൂടെ അവൻ സ്വന്തം ലോകം നേടിയെടുക്കും. ആരുടേയും സഹതാപത്തിനും അനുകമ്പക്കും പാത്രമാവാതെ സ്വന്തം വഴി വെട്ടി തെളിച്ചെടുക്കും. സ്വന്തം കാലിൽ ജീവിക്കുന്ന കാലം വരും'.

ജന്മവൈകല്യങ്ങളുമായി ജനിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള ശക്തമായ സന്ദേശമാണ് അദ്ദേഹത്തിന്റെ വാക്കുകൾ.

നിരഞ്ജന് അങ്ങനെയൊരു സുവർണ്ണകാലം വരട്ടെയെന്നു നമുക്ക് ആശംസിക്കാം. പ്രാർത്ഥിക്കാം. പാടാനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുത്ത് മുന്നോട്ടുള്ള പ്രയാണത്തിൽ സഹായിക്കുകയും ചെയ്യാം. ●


അച്ഛന്റെ വിലാസം.
രാംദാസ് എം. ആർ, മഞ്ഞപറ്റ മന
മേഴത്തൂർ പോസ്റ്റ്, തൃത്താല
മൊ നമ്പർ 9074327277.
ഉദയൻ നമ്പൂതിരിപ്പാട് കെ.യം
മറവഞ്ചേരി കിഴക്കേടത്തു മന
മഞ്ചേരി .മൊ നമ്പർ 8281926325.




ഉപനയനവും
സമാവർത്തനവും
21.5.2026
പനയിൽ പാഴൂർ രവിയുടെ മകൻ
ധ്യാൻരവി
ഉപനയനവും, സമാവർത്തനവും
കഴിഞ്ഞു നമ്പൂതിരിയായിരിക്കുന്നു
ആശംസകൾ



ഇല്ലപ്പെരുമ

- ഋഗ്വേദത്തിന് ഭാഷാഭാഷ്യം രചിച്ചതിവിടെ ..
- മലയാള കവിതയുടെ നങ്ങേമക്കുട്ടി പിറന്നതിവിടെ.
- കഥകളിയുടെ എക്കാലത്തെയും കലാമണ്ഡലമിവിടെ...
- തിരുമാന്ധാംകുന്നിലമ്മ എന്നും വസിക്കുന്ന ശ്രീലകമിവിടെ....


# ഒളപ്പമണ്ണ മ
# മലയാളത്തി




**ഉദയൻ നമ്പൂതിരിപ്പാട്/**
**താമരക്കുളം ദിവാകരൻ**

ഉപാസകരുടെ കൂടെ ഈശ്വരന്മാർ ഓലക്കുടയിലും, പിന്നാലെ നടന്നും ശ്രീലകം വിട്ട് ഇറങ്ങി വന്നിരുന്ന കഥകൾ ധാരാളം കേട്ടിട്ടുണ്ട്. ഭക്തൻ തിരിഞ്ഞു നോക്കുമ്പോൾ, അല്ലെങ്കിൽ കൈയ്യിലെ കുട താഴത്തു വെയ്ക്കുമ്പോൾ ഉപാസനാമൂർത്തി അവിടെ ഉറച്ചു പോവുന്നു. പിന്നീടവിടെ ക്ഷേത്രം പണിത് ആരാധന തുടങ്ങുന്നു. ഇതാണ് പതിവുള്ള നരേഷൻ.

എന്നാൽ പരദേവത ഭക്തന്റെ കൂടെ



# ന്റെ ദേവീപ്രസാദം

ഇറങ്ങി വന്ന് സ്ഥിരമായി ആവാസമുറപ്പിക്കുക.

അങ്ങനെയൊരു ഇല്ലം കേരളത്തിലുണ്ട്. വള്ളുവനാട്ടിലെ പ്രശസ്തമായ ഒളപ്പമണ്ണ മന. ശ്രീഭഗവതി ഇല്ലത്തൊരാളായി കുടികൊള്ളുകയാണിവിടെ.

പതിനാലാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് മനയിലെ ഒരു നമ്പൂതിരിപ്പാട് അങ്ങാടിപ്പുറം തിരുമാന്ധാംകുന്നി ലമ്മയെ എല്ലാ മാസവും തൊഴുതു പോന്നു. പ്രായാധിക്യം കൊണ്ട് അവശനായ അദ്ദേഹം ഇനി ഇല്ലത്തിരുന്നു ഭജിക്കാനേ തന്നാൽ കഴിയു എന്ന് നടയിൽ നിന്ന് സങ്കടത്തോടെ പ്രാർത്ഥിച്ചത്രെ. ഭഗവതിയോട് യാത്ര പറഞ്ഞിറങ്ങിയ അദ്ദേഹത്തോട്, തുണക്കാരിയോടൊപ്പം ക്ഷേത്രത്തിൽ വന്ന ഒരന്തർജനം /ഞാനും കൂടെ വരട്ടേ



*തെക്കേ പത്തായപ്പുര*

**നവോദയം:** വല്യ അപ്ഫന്റെ സഹധർമ്മിണിയും മകനും, ഭാര്യയും, രണ്ടു കുട്ടികളും താമസിക്കുന്നു
**താഴത്തെ പത്തായപ്പുര:** അമ്മ താമസിക്കുന്നു
**പടിഞ്ഞാറേ പത്തായപ്പുര:** വലിയ അപ്ഫൻ ഒരു പ്ലാസ്റ്റിക് വ്യവസായം നടത്തിയിരുന്നു. അതിനു ശേഷം ഹോം സ്റ്റേ ആയും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ആരും താമസമില്ല.
തെക്കേ പത്തായപ്പുര: ചെറിയ അപ്ഫനും, സഹധർമ്മിണിയും, മകളും താമസിക്കുന്നു.
**തറവാട്:** തിരുമാംന്ധാകുന്ന് ഭഗവതിയും, ശ്രീചക്രവും പ്രതിഷ്ഠ. നിത്യവും രണ്ടു നേരം പൂജ ഉണ്ട്. അത്യാവശ്യം സാസ്കാരിക പരിപാടികൾക്കും മറ്റും കൊടുക്കാറുണ്ട്. ആരും സ്ഥിര താമസമില്ല.

/എന്നു ചോദിച്ചു. സമ്മതം മൂളിയ അദ്ദേഹത്തെ അവരും അനുഗമിച്ചു.

ഇല്ലത്തെത്തിയശേഷം അക്കാലത്തെ സമ്പ്രദായമനുസരിച്ച് അന്തർജനങ്ങൾ പെരുമാറുന്ന വടക്കു പുറത്തു കൂടെ കയറിക്കോളാൻ കൂടെ വന്ന അന്തർജനത്തോട് ഒളപ്പമണ്ണ നമ്പൂതിരി പറഞ്ഞു. വടക്കിനി വാതിൽ വഴി അന്തർജനം എട്ടു കെട്ടിൽ പ്രവേശിച്ചു.

മനയിലെ അമ്മമാർ നോക്കിയപ്പോഴേക്കും അവരെ കാണാനില്ലാതായത്രെ.

ശ്രീഭഗവതിയായ സാക്ഷാൽ തിരുമാന്ധാംകുന്നിലമ്മയാണു തന്റെ കൂടെ വന്നതെന്നു മനസ്സിലാക്കിയ നമ്പൂതിരിപ്പാട് അവർ ഇരുന്ന / അന്തർദ്ധാനം ചെയ്ത സ്ഥലത്ത് ഒരു ശ്രീചക്രം സ്ഥാപിച്ചു കുടിയിരുത്തി. ദേവിയുടെ കൂടെ വന്ന ദാസി അടുത്തുള്ള നായർ തറവാട്ടിലും കൂടിയിരുന്നുവത്രെ. അതു മുതൽ ശ്രീഭഗവതിയും സരസ്വതിയും ഒളപ്പമണ്ണ മനയിൽ നിത്യസാന്നിധ്യമാണ്. അന്ന് ഭഗവതി കടന്നുവന്ന വാതിൽ പിന്നീടാരും തുറക്കാറില്ല. ശാന്തിക്കാരനല്ലാതെ വടക്കിനിയിൽ ഭഗവതി ഇരുപ്പുറപ്പിച്ച ഭാഗത്തേക്ക് ആരും കയാറാറുമില്ല.

മലയാളത്തറവാട്ടിലെ ഏറ്റവും പെരുമയുള്ള ഇല്ലമാണ് ഒളപ്പമണ്ണ കുലമഹിമ, ആഢ്യത്വം, പാണ്ഡിത്യം, സഹൃദയത്വം....

മലയാളത്തറവാട്ടിലെ ഏറ്റവും പെരുമയുള്ള ഇല്ലമാണ് ഒളപ്പമണ്ണ കുലമഹിമ, ആഢ്യത്വം, പാണ്ഡിത്യം, സഹൃദയത്വം....

കലോപാസനയും സാമൂഹ്യ



*കവി ഒളപ്പമണ്ണ*



*ഋഗ്വേദഭാഷ്യകാരനും സംസ്കൃത പണ്ഡിതനുമായിരുന്ന ഒ എം സി*



*ഡോ: ഒ എൻ വാസുദേവൻ സൈക്കിയാട്രിസ്റ്റ്*

അടുത്ത കാലത്ത് നടന്ന ഒരു സംഭവമാണ്. മോഹൻലാൽ അഭിനയിച്ച വാനപ്രസ്ഥം എന്ന സിനിമ ഒളപ്പമണ്ണ മനയിൽ വെച്ചാണ് ഷൂട്ട് ചെയ്തത്. ഇല്ലത്തെ ആളുകളൊന്നും ശ്രദ്ധിക്കാത്ത സമയത്ത് ക്യാമറാമാന്റെ സഹായി ഭഗവതീ സാന്നിദ്ധ്യമുള്ള മുറിയിൽ കയറി. വെളിച്ചം കിട്ടാനായി (ഒരിക്കലും തുറക്കാത്ത) വടക്കോട്ടുള്ള വാതിൽ തുറന്നുവത്രെ. സെറ്റു ചെയ്ത ക്യാമറ ഓൺ ചെയ്തപ്പോൾ അതിന്റെ ലക്ഷങ്ങൾ വിലയുള്ള ലെൻസു മുഴുവനും പൊട്ടി ചിതറിയാണത്രെ കണാൻ കഴിഞ്ഞത്. ക്യാമറാമാൻ പേടിച്ചു. ക്യാമറ അവിടെ ഇട്ട് പുറത്തേക്ക് ഓടി രക്ഷപ്പെട്ടു. മുടങ്ങിയ സിനിമയുടെ നിർമ്മാതാവ്

പത്മശ്രീ മോഹൻലാലായിരുന്നു.അറിയാതെ പറ്റിയതാണെങ്കിലും മനയിലെ ദേവിയുടെ കാൽക്കൽ ചെ



*'ആറാം തമ്പുരാനി'ലെ കുളം*

ന്ന് ക്ഷമ പറയാൻ ലാലേട്ടൻ ഒട്ടും മടിച്ചില്ല. എല്ലാ മാസവും മുടങ്ങാതെ മനയിൽ വഴിപാടുകൾ കഴിക്കുന്നു മോഹൻലാൽ.

ഷൂട്ടിംഗിനോ അല്ലാതെയോ വള്ളുവനാട്ടിലൂടെ കടന്നു പോവുമ്പോൾ ഒളപ്പമണ്ണ മനയിൽ ചെന്ന് അദ്ദേഹം പ്രണമിക്കുന്നതും അധികമാരുമറിയാത്ത കഥ. മലയാളത്തിന്റെ നടനവിസ്മയം അഭിനയത്തിന്റെ, ജനപ്രിയതയുടെ അമ്പതാണ്ടുകൾ പൂർത്തിയാക്കുന്നതും ഇതോടു കൂട്ടി വായിക്കാം.

പ്രശസ്തരായ നിരവധി ആർട്ടിസ്റ്റുമാരും ഡാൻസർമാരും മനയിൽ വരുന്നു, ഭഗവതിയുടെ അനുഗ്രഹം തേടുന്നു, നേടുന്നു.

പ്രവർത്തനങ്ങളും കൂടെ തന്നെ. പാരമ്പര്യവും സംസ്കാരവും മുറുകെ പിടിച്ചപ്പോഴും

കേരളത്തെ നവോത്ഥാനത്തിലേക്കു നയിച്ചവരിൽ മുൻനിരക്കാരായിരുന്നു ഒളപ്പമണ്ണ മനക്കാർ.

കേരളത്തിന്റെ കലാഗ്രാമമാണ് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിക്കടുത്ത വെള്ളിനേഴി . ധാരാളം ഭൂസ്വത്തുള്ള ഒളപ്പമണ്ണ മനക്കാർ നാട്ടാരുടെ കൺകണ്ട ദൈവങ്ങളായി. ഭാരതപ്പുഴയുടെ തീരത്തുള്ള ഒറ്റപ്പാലം മുതൽ കുന്തിപ്പുഴയൊഴുകുന്ന മണ്ണാർക്കാട് മലനിരകൾ വരെ

**കേരളത്തിന്റെ കലാഗ്രാമമാണ് ചെർപ്പുളശ്ശേരിക്കടുത്ത വെള്ളിനേഴി. ധാരാളം ഭൂസ്വത്തുള്ള ഒളപ്പമണ്ണ മനക്കാർ നാട്ടാരുടെ കൺകണ്ട ദൈവങ്ങളായി.**

നീണ്ടു കിടക്കുന്ന സ്ഥലങ്ങൾ മന വക. നെൽകൃഷിയുടെ പാട്ടം പിരിക്കാനും സൂക്ഷിക്കാനുമായി വിദൂര പ്രദേശങ്ങളിലടക്കം മന വകയായി അമ്പത്താറു കളങ്ങൾ ഉണ്ടായിരുന്നു. മേഴത്തൂർ അഗ്നിഹോത്രിയുടെ 99 യാഗങ്ങളിലും പങ്കെടുത്ത, അഷ്ട ഗൃഹങ്ങളിൽ ആഢ്യന്മാരായ കലംകണ്ടത്തു ഗൃഹക്കാരായിരുന്നു മനക്കാർ. പടിയുടെ മുകളിൽ പലകയും, ആട്ടിന്മേൽ ആട്ടും, ആഴ്വാഞ്ചേരി തമ്പ്രാക്കൾ തന്നെ അനുവദിച്ച പ്രഭുക്കന്മാരായിരുന്നു ഒളപ്പമണ്ണ . ഒരോ തലമുറയിലും അറിവും പെരുമയും ഉള്ള ധാരാളം ഋഗ്വേദ പണ്ഡിതന്മാർ ഇവിടെ ഉണ്ടായി. കളിക്കാർക്ക് സ്വതന്ത്രമായി പെരുമാറാൻ ഒരു പത്തായപ്പുര തന്നെ നൽകിയാണ് മനക്കാർ കഥകളിയെ വളർത്തി പരിപോഷിപ്പിച്ചത്. വെള്ളിനേഴിയി



*താഴത്തെ പത്തായപ്പുര*


പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ കിരീടം

ലെ വെള്ളിമഴ' എന്ന് വി.ടി. ഒളപ്പമണ്ണ നമ്പൂരിമാരിൽ പ്രസിദ്ധരായ കവികളും എഴുത്തുകാരുമുണ്ട്.. വേദം സാഹിത്യം കല, സാമൂഹ്യ പരിഷ്ക്കരണം, കൃഷി ,വ്യവസായം എന്നീ മേഖലകളിലെല്ലാം മനയിലുള്ളവർ സജീവമായിരുന്നു.

മുന്നൂറു വർഷങ്ങൾക്കു മുമ്പ് മായന്നൂർ ദേശത്തുള്ള ഓട്ടൂർ ഇല്ലത്തു നിന്നു ഒരു താവഴി വെള്ളിനേഴിയിൽ താമസമാക്കിയെന്ന് ചരിത്രം. മന്ത്രേടം ഇല്ലത്തു നിന്നു വേളികഴിച്ചു കൊണ്ടുവന്ന ഒരു അന്തർജനം കൂടെ തേവാരമൂർത്തിയേയും കൊണ്ടുവന്നു. തേവാരം കുടിവെച്ച ഇല്ലത്തും തുടർന്നുവെങ്കിലും മൂർത്തിക്ക് സ്ഥലമാറ്റം അത്ര ഇഷ്ടപ്പെട്ടില്ല . തേവാരമൂർത്തിയുടെ അനിഷ്ടം കാരണമാവാം അന്തർജനത്തിനു മക്കളുണ്ടായില്ല. തുടർന്ന് ഒളപ്പമണ്ണ ക്കാരുടെ തന്നെ ഗൃഹത്തിൽ പെട്ട വരിക്കാശ്ശേരിയിലെ അതിബുദ്ധിമാനായ ഒരു ഉണ്ണിയെ ഇല്ലത്തേക്ക് ദത്തെടുത്തുവത്രെ. ഇന്നുള്ളവരെല്ലാം അദ്ദേഹത്തിന്റെ പിൻമുറക്കാരാണ് .

മനക്ക് ഇപ്പോൾ പടിപ്പുര ഇല്ല .പണ്ട് വലിയൊരു പടിപ്പുര ഉണ്ടായിരുന്നുവത്രെ സാമൂതിരിയുടെ തട്ടകത്തിലായിരുന്നു ഒളപ്പമണ്ണ മന. എന്നാൽ പരദേവത തിരുമാന്ധാംകുന്നിലമ്മ. ദേവീസന്നിധിയായ അങ്ങാടിപ്പുറം ക്ഷേത്രം വള്ളുവനാട്ടിലാണ്.

ഒളപ്പമണ്ണ നമ്പുതിരിമാർ തന്റെ ശത്രുവായ വള്ളുവക്കോനാതിരിയുടെ പക്ഷം പിടിക്കുമെന്ന് സാമൂതിരി ഭയന്നത്രെ. അന്നത്തെ സേനാധിപനായ കണ്ണമ്പ്ര നായരോടു മനയുടെ പടിപ്പുര പൊളിച്ചു കളയാൻ കല്പിച്ചു. ബ്രാഹ്മണശാപം പേടിച്ചു നായർ ആദ്യം തന്റെ വീടിന്റെ പടിപ്പുര പൊളിച്ചു. പിന്നെ ഒളപ്പമണ്ണ പടിപ്പുരയും.

കണ്ണമ്പ്ര നായരുടെ വസതിക്കും ഒളപ്പമണ്ണ മനയ്ക്കും ഇന്നും പടിപ്പുര പതിവില്ല.


ഭദ്രകാളിയുടെ സാന്നിദ്ധ്യമുള്ളതിനാൽ കഥകളിയിലെ നിണം ഇവിടെ ആടാറില്ല. പണ്ടുകാലത്ത് കൊല്ലം മുഴുവൻ ഭഗവതി പാട്ടുണ്ടായിരുന്നു വത്രെ. ഇപ്പോൾ 41 കളംപാട്ട് മനയിലെ അംഗങ്ങളുടെ വഴിപാടായും 15 എണ്ണം നാട്ടുകാരുടെ വകയായും ഉണ്ടാവാറുണ്ട് . ഇല്ലത്തേക്കു വരുന്ന നടവഴിക്ക് ഏതാണ്ട് നാലു വരി പാതയുടെ വീതിയുണ്ട്. മനയിലെ താലപ്പൊലിക്ക് ഏഴ് ആനകളെ ഒപ്പം നിർത്തി ഈ വഴിയിൽ എഴുന്നള്ളിക്കാറുണ്ടത്രെ .ഇവിടെ തിരുമാന്ധാം കുന്ന് ഭഗവതിക്കുള്ള പാട്ടു വഴിപാടുകൾ കഴിഞ്ഞാലും പാട്ടരങ്ങിനു മുകളിൽ വിരിച്ച കൂറ (പട്ട്) നീക്കം ചെയ്യാറില്ല.

കേരളീയ വാസ്തുവിദ്യയുടെ പെരുമകളാൽ തല ഉയർത്തി നിന്നിരുന്ന നിർമിതികളായിരുന്നു പഴയ കാലത്തെ പ്രധാന മനകളും കൊട്ടാരങ്ങളും.

ഒളപ്പമണ്ണ മനയിലെ എട്ടുകെട്ടിനു മൂന്നൂറിലധികം കൊല്ലം പഴക്കമുണ്ട്. പ്രത്യക്ഷത്തിൽ എട്ടുകെട്ടായി തോന്നുമെങ്കിലും കിണറിനു ചുറ്റുമുള്ള ചെറിയൊരു നാലുകെട്ടും കൂടി ചേർത്താൽ പന്ത്രണ്ടു കെട്ടായി പരിഗണിക്കാം . പടിഞ്ഞാറ്റി മാത്രമേ തട്ടിട്ട് ഉയർത്തിയിട്ടുള്ളു. ഭഗവതിക്കുള്ള കളം പാട്ട് തെക്കിനിയിൽ വെച്ചു നടത്തുന്നതു കൊണ്ട് അവിടെ ഉയർത്തിയിട്ടില്ല. ഇല്ലത്തെ ആരെങ്കിലും മരിച്ചാൽ അവരെ തെക്കിനി തറയിൽ കിടത്താറുമില്ല.കിഴക്കിനി വിശേഷ ദിവസങ്ങളിൽ ഭക്ഷണം കഴിക്കാനുള്ള ഇടമാണ്. പടിഞ്ഞാറ്റിയുടെ താഴെയുള്ള മുറികൾ സ്റ്റോർ റൂമുകളും മുകളിൽ കിടപ്പുമുറികളുമാണ്. ഇപ്പോൾ താഴത്തെ മുറികളിൽ പഴയ കാലത്തെ പാത്രങ്ങളും വലിയ ചീന ഭരണികളും, വെളിച്ചപ്പാടിന്റെ വാളുകൾ, ചിലങ്കകൾ ആനച്ചമയങ്ങൾ തുടങ്ങിയവയും സൂക്ഷിച്ചിരിക്കുന്നു. മുകളിലെ മുറികളെല്ലാം ഒന്നിനൊന്നു ചേർന്നവയാണ് .നടന്നു പോകാൻ വരാന്തകളില്ല .എന്നാൽ എല്ലാ മുറികളിലേക്കും താഴെ നിന്നു കോണികളുണ്ട്. മുറികളിൽ മനയിലെ പുസ്തകങ്ങളും താളിയോലകളും ഭംഗിയായി സൂക്ഷിക്കുന്നു അവയിൽ ഒ എം സിയുടെ ഋഗ്വേദ പരിഭാഷയും ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പുതിരിയും. ഒ.എം അനുജനും സുമംഗലയും രചിച്ച പുസ്തകങ്ങളും ഉണ്ട്. ആദ്യ മുറിയിലെ ഒ എം സി ഇരുന്ന കസേരയും പട്ടിക്കാംതൊടി അണിഞ്ഞിരുന്ന കിരീടവും നമ്രശിരസ്സോടെ മാത്രമേ കാണാനാവു . മുകളിലെ ജനൽ തുറന്നാൽ വിശാലമായ

മനപ്പറമ്പും പത്തായപുരകളും കാണാം . ഭഗവതി ഇരിക്കുന്ന വട

ക്കിനിയുടെ അപ്പുറത്താണ് ചെറിയ നാലുകെട്ടും, അതിനു ചുററും അടുക്കള , ഊൺ തളം സ്ത്രീകളുടെ അന്തപുരം എന്നിവയാണ്.മനവളപ്പ് ഏഴ് ഏക്രയോളം വരും. കിഴക്കുഭാഗത്താണ് വലിയകുളം.കുളത്തിന്റെവടക്കുഭാഗം സ്ത്രീകളും തെക്കുഭാഗം പുരുഷന്മാരും ഉപയോഗിക്കുന്നു. വലിയ നടുമിറ്റത്ത് അയ്യപ്പന്റെ പ്രതിഷ്ഠയുണ്ട്. മണ്ണാർക്കാട് നിന്ന് നരസിംഹമൂർത്തിയെ ഇല്ലപ്പറമ്പിൽ കൊണ്ടുവന്നു പുനപ്രതിഷ്ഠ നടത്തിയിട്ടുണ്ട്. കുറൂർക്കാട് ശിവന്റെ ക്ഷേത്രവും പറമ്പിലുണ്ട്. പുത്രന്റെ ദീർഘായുസ്സിനു വേണ്ടി ഇല്ലത്തെ അന്തർജനത്തിനു സംഹാരമൂർത്തിയായ ശിവനെ ഭജിക്കാനായി ഉണ്ടാക്കിയതാണത്രെ ആ ക്ഷേത്രം. ആയുർദോഷങ്ങൾ തീരാൻ ഇവിടെ പ്രാർത്ഥിക്കുന്നു.




നാലുകെട്ടിൽ ഇപ്പോൾ ആരും താമസമില്ല. പാട്ട് കൊട്ട് എന്നിവ പഠിപ്പിക്കുന്ന ക്ലാസ്സുകൾ ഉണ്ടാവാറുണ്ട്. മനയുടെ തെക്കുഭാഗത്ത് തറനിരപ്പിൽ ചെറിയൊരു പത്തായപ്പുരയും ഉയർന്ന ഭാഗത്ത് വലിയൊരു പത്തായ പുരയുമുണ്ട് ഇതിൽ രണ്ടിലും ഇപ്പോൾ മനയിലെ അംഗങ്ങൾ താമസിക്കുന്നു. പടിഞ്ഞാറു ഭാഗത്ത് ആൾ താമസമില്ലാത്ത വേറൊരു പത്തായ പുരയുമുണ്ട് . കിഴക്കുഭാഗത്ത് അഞ്ഞൂറോളം മീറ്റർ അകലെ വേറൊരു നാലുകെട്ടുണ്ട് അവിടെ ഒളപ്പമണ്ണയിലെ വേറൊരു താവഴി താമസിക്കുന്നു. കൂടാതെ ഒറ്റപ്പാലത്തും, മണ്ണാർക്കാട്ടെ പള്ളികുറിപ്പ് എന്ന സ്ഥലത്തും ഒളപ്പമണ്ണ തറവാടുകൾ ഉണ്ട്.

ആറാം തമ്പുരാൻ, നരസിംഹം തുടങ്ങി ധാരാളം ജനപ്രിയ സിനിമകൾ മനയിൽ വെച്ചു ചിത്രീകരിച്ചിട്ടുണ്ട്. മോഹൻലാലിനു ഏറ്റവും ഇഷ്ടപെട്ട ലൊക്കേഷനായിരുന്നു ഇവിടം. മനയിലെ കുളവും അടുക്കളയും പടിക്കെട്ടുകളും നാലിറയവും മലയാള സിനിമയ്ക്ക് ഏറെ പരിചിതം.

പൂർണ്ണമായും ഒളപ്പമണ്ണയിൽ ഷൂട്ട് ചെയ്ത ഷാജി എം കരുണിന്റെ വാനപ്രസ്ഥത്തിലെ അഭിനയം മോഹൻലാലിന് ഭരത് അവാർഡു നേടിക്കൊടുത്തു.

പരിണയത്തിലെ ( സംവിധാനം ഹരിഹരൻ ) നായികയുടെ കുടിവെപ്പ് – 'പാർവ്വണേന്ദുമുഖി പാർവതി' എന്ന പാട്ടിനൊപ്പം –

ഒളപ്പമണ്ണ നടുമിറ്റത്തു വെച്ചാണ് ഷൂട്ട് ചെയ്തത്. ഇളവങ്കാടു ദേശം, ഒടിയൻ, ആകാശഗംഗ, എന്നു നിന്റെ മൊയ്തീൻ, മാടമ്പി തുടങ്ങി അമ്പതിലധികം മലയാ ള സിനിമകൾ ഇവിടെ ചിത്രീകരിച്ചു. മറ്റു ഭാഷകളിലെ സിനിമകളും ഡോക്യുമെന്ററികളും പുറമെ. ന്യൂ ജെൻ സിനിമകളുടെ കാലത്തും മനയുടെ പ്രഭയ്ക്ക് കുറവില്ല.

പാരമ്പര്യത്തിൽ ഉറച്ചു നിന്നു കൊണ്ടു തന്നെ പുതുകാലത്തിനോടൊപ്പം നടന്നവരായിരുന്നു ഒളപ്പമണ്ണ നമ്പൂതിരിമാർ. യോഗക്ഷേമ സഭയുടെ എട്ടാം വാർഷികം 1916 ൽ ഒളപ്പമണ്ണ മനയിൽ വെച്ച് ആഘോഷിച്ചത് വാസുദേവൻ നമ്പുതിരിപ്പാടിന്റെ നേതൃത്വത്തിലാ യിരുന്നു. കുറൂർ ഉണ്ണിനമ്പൂതിരിപ്പാടാ യിരുന്നു മുഖ്യ സംഘാടകൻ. ഇ എം എസ്, വി.ടി അടക്കമുള്ള നേതാക്കൾ വാർഷിക യോഗത്തിൽ പങ്കെടുത്തിരുന്നു. നമ്പുതിരിമാർക്ക് ആധുനിക വിദ്യാഭ്യാസം നേടാൻ ഒരു വിദ്യാലയം തുടങ്ങണം എന്നൊരു ലക്ഷ്യം മീറ്റിങ്ങിൽ മുന്നോട്ടു വന്നു .അതിനായി അംഗങ്ങൾ കഴിവിനനുസരിച്ചു സംഭാവന ചെയ്യണം എന്നൊരു ആഹ്വാനവുമുണ്ടായി. കേട്ടപ്പോഴേക്കും സംഭാവനകളുടെ വർഷമായി. അതിന്റെ ഏറിയ പങ്കും ഒളപ്പമണ്ണയിൽ നിന്നായിരുന്നു. വാർഷികത്തിലെ ആഹ്വാനങ്ങൾ ഉൾകൊണ്ട മനയിലെ പലരും പിൽക്കാലത്ത് ആധുനിക വിദ്യാഭ്യാസം നേടി ഡോക്ടറും എഞ്ചിനീയർമാരും വലിയ കൃഷിക്കാരും ബിസിനസ്സുകാരും ആയി അന്നു ആറു വയസ്സുകാരനാ യിരുന്ന ഒ.എം. സി .നാരായണൻ നമ്പൂതിരിപ്പാട് സ്കൂളിലും കോളേജിലും പഠിച്ച് നമ്പൂതിരിമാരിൽ ആദ്യത്തെ ബിരുദധാരിയായി.

1933 ൽ കാറൽമണ്ണ രജത ജൂബിലി വാർഷികത്തിന് മറക്കുട ഉപേക്ഷിച്ച് സാരിയും ബ്ലൗസും ധരിച്ച് വന്ന വനിതാ പ്രവർത്തകരോടൊപ്പം നാരായണൻ നമ്പൂതിരിപ്പാടിന്റെ പത്നിയും ഉണ്ടായിരുന്നു. മറക്കുട ഉപേക്ഷിച്ച്, മിശ്രഭോജനത്തിൽ പങ്കെടുത്ത് അവർ എല്ലാവർക്കും മാതൃകയായി .1916 – 1920 കാലത്ത് വാസുദേവൻ നമ്പുതി

രിപ്പാടും റാവു ബഹദൂർ നാരായണൻ നമ്പുതിരിപ്പാടും യോഗക്ഷേമസഭയുടെ ഭാരവാഹിത്വം വഹിച്ചിരുന്നു .

1944 ലെ ഓങ്ങല്ലൂർ സമ്മേളനത്തിലെ നമ്പൂതിരിയെ മനുഷ്യനാക്കുക എന്ന ഇ എം എസിന്റെ എഴുതി തയ്യാറാക്കിയ ചരിത്രം കുറിച്ച പ്രസംഗം വേദിയിൽ വായിച്ചത് ഒ എം. സി ആയിരുന്നു. 1945 ലെ ശുകപുരം സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചതും അന്നു സഭാ പ്രസിഡൻറായിരുന്ന അദ്ദേഹമായിരുന്നു. കൂടാതെ ഇ എം എസ് , വി. ടി. എം ബി , എം ആർ ബി , മൂത്തിരിങ്ങോട് തുടങ്ങിയ നവോത്ഥാന പ്രവർത്തകരോട് ഗാഢ സൗഹൃദം പുലർത്തിയിരുന്നു .കവി ഒളപ്പമണ്ണയുടേയും ഒ എം അനുജന്റെയും കവിതകളിൽ നമ്പൂതിരി നവോത്ഥാനം പ്രമേയമായിട്ടുണ്ട്. നമ്പൂതിരിമാരുടെ ഇടയിൽ രണ്ടും മൂന്നും വേൾക്കുന്നതും വൃദ്ധ വിവാഹവും ആചാരമായിരുന്ന കാലത്തും മനയിലെ എല്ലാ തലമുറയിലെ നമ്പൂതിരിമാർക്കും ഏക പത്നിമാരേ ഉണ്ടായിട്ടുള്ളൂ.

ഇരുപത്തഞ്ചു വർഷം മുമ്പുവരെ പ്രഭാതങ്ങളിൽ ചുവന്ന കണ്ണകളിൽ നിറഞ്ഞു നില്ക്കുന്ന ഉറക്ക ക്ഷീണവും കുത്തി നിറച്ച തുകൽ ബാഗുകളുമായി മാങ്ങോട്ടു ബസ്സിറങ്ങി വെള്ളിനേഴിക്കു നടക്കുന്ന കുറെ ആളുകളെ കാണാമായിരുന്നു. ദൂരദിക്കുകളിൽ രാത്രി മുഴുവൻ ഉറക്കമൊഴിച്ച് വരുന്ന കളിക്കാരാവും അവർ. വെള്ളിനേഴിക്കാർക്ക് കളി എന്നു പറഞ്ഞാൽ ഫുട്ബാളോ ക്രിക്കറ്റോ അല്ല അതു കഥകളിയാണ്. അവരിൽ വേഷക്കാരുണ്ട് പാട്ടുകാരുണ്ട്, ചെണ്ടക്കാരും മദ്ദളക്കാരുമുണ്ട് , ചുട്ടിക്കാരുണ്ട് ,തിരശ്ശീല പിടിക്കുന്നവരുണ്ട് അണിയറക്കാരുണ്ട് കോപ്പുണ്ടാക്കുന്നവർ കൂടിയുണ്ട്. ഇവരെല്ലാം ഒളപ്പമണ്ണ കളരിയിൽ നിന്നു പഠിച്ചിറങ്ങിയവരാണ് . കഥകളി എന്ന വിശ്വോത്തര കലയെ നിലനിർത്താനും വളർത്തി വലുതാക്കാനുമുള്ള ഒളപ്പമണ്ണ മനക്കാരുടെ ശ്രമങ്ങൾ നിസ്തുലമാണ്.


മനയിലേക്കുള്ള വിശാലമായ വഴി

ഒളപ്പമണ്ണ കളരിയിൽ പഠിച്ചിറങ്ങിയ ഗ്രാമത്തിലെ അഞ്ചു കലാകാരന്മാർ പത്മശ്രീയടക്കം കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടി.

കഥകളിയുടെ ചരിത്ര പുസ്തകങ്ങളിലും, മഹാപ്രതിഭ കളായിരുന്ന കലാകാരന്മാരുടെ ആത്മകഥകളിലും ഒളപ്പമണ്ണ മന നൂറ്റാണ്ടുകളായി കഥകളിക്കു നല്കിയ സംഭാവനകൾ വായിക്കാം.

വ്യത്യസ്തമായ ശൈലീ സമ്പ്രദായങ്ങൾ സമന്വയിപ്പിച്ച്, നല്ലതു മാത്രം വിന്യസിപ്പിച്ച് കല്ലുവഴി എന്നൊരു സമ്പ്രദായം രൂപപ്പെടുത്തിയത് ഇവിടത്തെ കളരിയാണ്. പാലക്കാട്ടു ശങ്കുണ്ണി പണിക്കരിൽ നിന്നു തുടങ്ങി ഇട്ടിരാശൻ മേനോൻ, പട്ടിക്കാംതൊടി രാവുണ്ണി മേനോൻ, കലാമണ്ഡലം രാമൻകുട്ടി നായർ, പത്മനാഭൻ നായർ, കീഴ്പടം കുമാരൻ നായർ, നാണുനായർ , ഉണ്ണികൃഷ്ണകുറുപ്പ് കൃഷ്ണൻകുട്ടി പൊതുവാൾ, അപ്പുക്കുട്ടി പൊതുവാൾ, അപ്പുണ്ണി തരകൻ തുടങ്ങി നിരവധി പ്രഗത്ഭർ ഇവിടെ വളർന്നു.

1937 ൽ ഒളപ്പമണ്ണ കളരിയൊന്നാകെ കലാമണ്ഡലത്തിലേക്കു പറിച്ചു നട്ടു. ആരംഭ കാലത്ത് കലാമണ്ഡലത്തിന്റെ ഭരണ സമിതി അംഗമായി ഒ എം സി യെ നിയമിക്കുകയുണ്ടായി . പിന്നീട് കലാമണ്ഡലത്തിൽ ചെയർമാനായി രണ്ടുതവണ കവി ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി തിരഞ്ഞെടു ക്കപ്പെട്ടു .കലാമണ്ഡലത്തിന്റെ സുവർണ്ണ കാലമായാണ് അദ്ദേഹത്തിന്റെ ഭരണ കാലം വാഴ്ത്തപ്പെടുന്നത് .

കഥകളിക്കുമാത്രമല്ല സംഗീതവഴിയിലും മനയുടെ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. ചെമ്പൈ വൈദ്യനാഥ ഭാഗവതർക്ക് ഒളപ്പമണ്ണ മനക്കാരുമായി ഇഴപിരിയാത്ത അടുപ്പമായിരുന്നു. മന വക കാന്തള്ളൂർ ശ്രീ കൃഷ്ണ ക്ഷേത്രത്തിലായിരുന്നു അദ്ദേഹത്തിന്റെ അരങ്ങേറ്റം. മനയുമായുള്ള ബന്ധം അദ്ദേഹം ജീവിതാന്ത്യം വരെ നിലനിർത്തി .മനക്കൽ വന്ന് കുട്ടികളെ പാട്ടു പഠിപ്പിച്ചു. വാസുദേവൻ നമ്പൂതിരിപ്പാട് ഏറെ കാലം ചെമ്പൈയുടെ ശിഷ്യനായി സഹഗായകനായി സഹചാരിയായി ഉണ്ടായിരുന്നു. ഒടുവിൽ ഒറ്റപ്പാലത്തെ മന വക പൂഴിക്കുന്നു ശ്രീകൃഷ്ണ ക്ഷേത്രത്തിൽ പാടി കൊണ്ടിരിക്കുമ്പോഴാണ് ദേഹാസ്വാസ്ഥ്യം ഉണ്ടായതും മംഗളം പാടി ഗുരുവായൂരപ്പന്റെ പാദത്തിൽ ലയിച്ചതും . അങ്ങനെ ആദ്യത്തേയും അവസാനത്തേയും കച്ചേരി കൃഷ്ണ സന്നിധിയിലാവാനുള്ള ഭാഗ്യം ഉണ്ടായതിനു ഒളപ്പമണ്ണ മന നിമിത്തമായി.

ഒളപ്പമണ്ണ നമ്പൂതിരിമാരെല്ലാം തലമുറകളായി വേദ സംസ്ക്കാരത്തെ അവരുടെ കാലഘട്ടങ്ങളിൽ പരിപോഷിപ്പിച്ചവരായിരുന്നു. കടവല്ലൂർ അന്യോന്യത്തിൽ കടന്നിരുന്ന പണ്ഡിതന്മാർ അവിടെ ജീവിച്ചിരുന്നു. 1915 ൽ ബ്രഹ്മസ്വം മഠം അടച്ചിട്ടപ്പോൾ വേദ പഠനം ഒളപ്പമണ്ണയിലേക്കു മാറ്റി. മഠം തുറന്നതിനു ശേഷവും മനയിൽ വേദ പഠനം തുടർന്നു. മനയുടെ വേദ പാരമ്പര്യത്തെ മുഖ്യധാരയിൽ എത്തിച്ചത് ഒ. എം സി നാരായണൻ നമ്പുതിരിപ്പാടായിരുന്നു. പതിനായിരത്തിലധികം ശ്ലോകങ്ങളുള്ള ർഗ്വേദത്തിനു പരിഭാഷ എഴുതി. ഏഴു വർഷത്തെ കഠിന പ്രയത്നം വേണ്ടി വന്നു അതു പൂർത്തിയാക്കാൻ. ഇല്ലത്തെ പുറത്തളത്തിലിരുന്ന് ഒ എം സി . ചൊല്ലി കൊടുക്കുന്നതു



*കവി ഒളപ്പമണ്ണ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയോടൊപ്പം*

സഹായിയും വേദപണ്ഡിതനുമായ മേലേടം കൃഷ്ണൻ നമ്പൂതിരി എഴുതിയെടുക്കും. കുറൂർ ഉണ്ണി നമ്പൂതിരിപ്പാടിന്റെ മകളും ഒ എം സി യുടെ പത്നിയുമായ ഉമാ അന്തർജനം മാറ്റങ്ങൾ നിർദ്ദേശിക്കും. ബൗണ്ട് ബുക്കുകളിൽ എഴുതിയ കൈയ്യെഴുത്തു പ്രതികൾ ഇപ്പോഴും മനയിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. ആയിരത്തിലധികം പേജുകളുള്ള എട്ടു വോള്യങ്ങളായിട്ടാണ് ഈ ബൃഹദ് ഗ്രന്ഥം പ്രസിദ്ധികരിക്കപെട്ടിട്ടുള്ളത്. ഒ എം സി തന്നെയാണ് സ്വയം പണം ചിലവാക്കി പ്രസിദ്ധീകരിച്ചത്.

ആദ്യ വോള്യം ആഞ്ഞം നമ്പൂതിരിയും രണ്ടാമത്തേത് ചിന്മയാനന്ദ സ്വാമികളും പ്രകാശനം ചെയ്തു. അവസാന വോള്യം ഡൽഹിയിൽ വെച്ച് അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവു , മുൻ കേരളാ മുഖ്യമന്ത്രി ഇ എം.എസിനു നല്കിയാണ് പ്രകാശിപ്പിച്ചത്. 'അർത്ഥമറിയാതിരുന്നതിനാൽ കൊല്ലങ്ങൾ നീണ്ട വേദപഠന കാലം വ്യർത്ഥമായി' എന്ന പ്രസിദ്ധമായ ഇ എം എസിന്റെ പ്രസംഗം ഈ വേദിയിലായിരുന്നു. ഋഗ്വേദ പരിഭാഷ ഒ എം സി യുടെ ജീവിതം സാർത്ഥകമാക്കി.

സാഹിത്യ രംഗത്ത് ഒളപ്പമണ്ണ എന്നാൽ കവി ഒളപ്പമണ്ണയാണ്. സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് കവിതാ രചനയിൽ ഒരു പ്രസ്ഥാനത്തിനും വഴങ്ങാതെ സ്വന്തം വഴി വെട്ടി തുറന്ന് മുന്നേറി. ഇരുനൂറ്റി അമ്പതോളം കവിതകളും അഞ്ചു ഖണ്ഡകാവ്യങ്ങളും കവി എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നങ്ങേമക്കുട്ടി എണ്ണം പറഞ്ഞ ആധുനിക കവിതകളിൽ ഒന്നായി നിരൂപകർ അടയാളപ്പെടുത്തുന്നു.

ഒളപ്പമണ്ണയുടെ സഹോദരൻ ഒ എം അനുജൻ ഡൽഹി സർവ്വകലാശാലയിലെ മലയാളം പ്രൊഫസറും ആധുനിക ഭാഷാ വിഭാഗത്തിന്റെ തലവനുമായിരുന്നു. കവിതകളും ലേഖനങ്ങളും എഴുതി.

ഡൽഹിയിലെ ഇൻർനാഷനൽ കഥകളി സെന്ററിനു തുടക്കം കുറിച്ചത് ഒ എം അന്യജനാണ്. അക്കാലത്ത് ഡൽഹിയിലുണ്ടായിരുന്ന പ്രശസ്ത മലയാള സാഹിത്യകാരന്മാരുടെ സംഗമങ്ങളുടെ പ്രധാന സംഘാടകനായി അദ്ദേഹം.

മലയാള ബാല സാഹിത്യ രംഗത്തെ കഥാമുത്തശ്ശിയാണ് സുമഗല എന്ന ലീലാ നമ്പൂതിരിപ്പാട് .ഇവർ ഒ എം സി യുടെ മൂത്ത മകളാണ്. വള്ളുവനാടൻ ഭാഷയിൽ കുട്ടികൾക്ക് കഥകൾ പറഞ്ഞു കൊടുക്കുന്ന വയാണ് അവരടെ രചനകൾ. നാല്പതിലധികം പുസ്തകങ്ങൾ എഴുതി. കേരള ,കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.

പണ്ട് വരിക്കാശ്ശേരിയിൽ നിന്നു ദത്തെടുത്ത ഉണ്ണിയുടെപേര് വാസുദേവൻ എന്നായി രുന്നു അദ്ദേഹം പാക്കം എന്ന ഇല്ലത്തു നിന്നു നീലി അന്തർജനത്തെ വേളി കഴിച്ചു. അവരുടെ സന്തതി പരമ്പരകളാണ് ഇന്നുള്ളവരെല്ലാം നാലാം തലമുറയിലെ നീലകണ്ഠൻ നമ്പൂതിരിപ്പാടാണ് ബ്രഹ്മസ്വംമഠം പൂട്ടിയ കാലത്ത് വേദപഠനം ഇല്ലത്തു തുടങ്ങിയത്. അഞ്ചാം തലമുറയിലെ നാരായണൻ നമ്പുതിരിപ്പാടിനാണ് ബ്രട്ടീഷ് സർക്കാർ റാവു ബഹദൂർ സ്ഥാനം നല്കിയത്. അദ്ദേഹം മദിരാശി സംസ്ഥാനത്തെ ലെജിസ്ലേറ്റീവ് കൗൺസിൽ മെമ്പറായിരുന്നു. അഞ്ചാം തലമുറയിലെ കാവു നമ്പൂതിരിപ്പാടും വലിയൊരു ഓത്തനായി പേരെടുത്തിരുന്നു.

ഒ.എം.സിയുടെ മൂത്ത മകനായ വാസുദേവൻ പ്രശസ്തനായ മനോരോഗ ചികിൽത്സകനും രണ്ടാമത്തെ മകൻ ദാമോദരൻ വ്യവസായിയുമായിരുന്നു.

ദാമോദരൻ ഭരണസമിതി അദ്ധ്യക്ഷനായിരുന്നപ്പോഴാണ് എം ജി റോഡിലെ മഠത്തിന്റെ സ്ഥലത്ത് ഷോപ്പിങ്ങ് കോംപ്ലക്സും ശ്രീശങ്കരാ



*സുമംഗല*

ഓഡിറ്റോറിയവും പണിതത്.

മനയുടെ വകയായ ദേവീപ്രസാദം ട്രസ്റ്റ് വർഷം തോറും സാഹിത്യം ,കഥകളി വേദ സംസ്കൃത ഭാഷാ രംഗത്തെ പ്രശസ്ത വ്യക്തികൾക്ക് അവാർഡുകൾ സമ്മാനിച്ചു പോന്നു. എല്ലാ കൊല്ലവും മനയുടെ മുററത്തു വെച്ചു നടക്കുന്ന ചടങ്ങിലാണ് പുരസ്കാരദാനം നിർവ്വഹിച്ചിരുന്നത്.

ഇന്ന്, പുതുതലമുറയിലെ ഒളപ്പമണ്ണക്കാർ തങ്ങളുടെ ഇല്ലത്തിന്റെ പെരുമയുമായി ലോകത്തിന്റെ പല ഭാഗത്തും കഴിയുന്നു. എന്നാലും വർഷവും നടക്കുന്ന താലപ്പൊലിക്ക് എല്ലാ അംഗങ്ങളും ഒത്തു കൂടാറുണ്ട്. തറവാടിന്റെ ചെറിയ പത്തായപ്പുരയിൽ ഡോക്ടർ വാസുദേവന്റെ പത്നി ശ്രീദേവിയും, വലിയ പത്തായപ്പുരയിൽ നാരായണൻ നമ്പൂതിരിപ്പാടും പത്നി അനിതയും താമസിക്കുന്നു . മനപ്പറമ്പിലെ

മറ്റൊരു നാലുകെട്ടിൽ ദാമോദരൻ നമ്പുതിരിപ്പാടിന്റെ പത്നി ശ്രീദേവിയും, മകൻ നവനീതും കുടുംബവും താമസിക്കുന്നു.

കലയും സാഹിത്യവും മറ്റു വിജ്ഞാനശാഖകളും വളർന്ന ഒളപ്പമണ്ണ മന കാലങ്ങളുടെ സാക്ഷിയായി തലയെടുപ്പോടെ നില കൊള്ളുന്നു. ഓരോ കേരളീയനും സന്ദർശിക്കേണ്ട സരസ്വതീ ക്ഷേത്രമാണിവിടം.

ശ്രേഷ്ഠമലയാളത്തിന്റെ പർണ്ണശാലയ്ക്കു മുമ്പിൽ ആദരവോടെ പ്രണമിക്കാം. ●

നവനീത് ഒളപ്പമണ്ണ
9847180703


## പാണിഗ്രഹണം ജാതക പരസ്യം


**പാണിഗ്രഹണം കോളത്തിൽ ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം**

**വിളിക്കുക**

**9745137987**




11 വർഷം 2 മാസം 6 ദിവസം ബുധ ശിഷ്ടദശ

**സിദ്ധാർത്ഥ്.** ജനനം: 27.12.1998. സമയം: 10.30 am, നക്ഷത്രം: രേവതി. ഉയരം: 165 സെ.മീ. ഇല്ലം: ചെറുവക്കാട്. അമ്മാത്ത് പഞ്ചമന. ഗോത്രം: വസിഷ്ഠ, വിദ്യാഭ്യാസം: ബി.ടെക്- മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ജോലി: മെക്കാനിക്കൽ ഡിസൈൻ എഞ്ചിനീയർ (എച്ച്.വി.എ.സി., ഡബ്ലിയു.ഡി. പാർട്ണേഴ്സ്, ബാംഗ്ലൂർ). അച്ഛൻ: പരേതനായ ശങ്കരൻ നമ്പൂതിരി, അമ്മ: സിന്ധു പി. (അക്കൗണ്ടന്റ്, പി.ആർ. അസോസിയേറ്റ്സ്). സഹോദരൻ: സത്യാർത്ഥ് ശങ്കർ സി. (മെക്കാനിക്കൽ എഞ്ചിനീയർ, സൗദി അറേബ്യ). മുൻഗണന: 21 വയസ്സിനും 26 വയസ്സിനും മദ്ധ്യ പ്രായവും ബിരുദധാരിയുമായ യുവതികൾ. വിലാസം: ശ്രേയസ്, ചെറുവക്കാട്, പൂളേരിപറമ്പ്, എരഞ്ഞിപ്പാലം, കോഴിക്കോട്- 673006, മൊബൈൽ: 9497872451, 9496162451.






**റിഷികേശ് പി.കെ.** ജനനം: 26.09.1998. നക്ഷത്രം: അനിഴം. ഉയരം: 163.7 സെ.മീ. ജന്മസ്ഥലം: മുക്കം. ഗോത്രം: വസിഷ്ഠഗോത്രം. വിദ്യാഭ്യാസം: എൻജിനീയറിംഗ് ഡിപ്ലോമ (ടൂൾ ആന്റ് ഡൈ) -പോളി, പി.ജി.ഡിപ്ലോമ (അമേരിക്കൻ സൊസൈറ്റി ഓഫ് മെക്കാനിക്കൽ എൻജിനീയറിംഗ്- എ.എസ്.എം.ഇ.). ജോലി: എ.എൻ.ഡി.ടി. ഇൻസ്പെക്ടർ (ഇന്ത്യ & വിദേശം)- ഫോർട്ട് ടെക്നിക്കൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് തിരുച്ചിറപ്പള്ളി. മുൻഗണന: നല്ല വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ. അച്ഛൻ: കേശവൻ നമ്പൂതിരി പി.കെ. (റിട്ട. ഹൈസ്കൂൾ അധ്യാപകൻ), അമ്മ: ജലജകുമാരി ടി. സഹോദരങ്ങൾ: മൂത്ത സഹോദരൻ (ഡെന്റിസ്റ്റ്- വിവാഹിതൻ), ഇളയ സഹോദരി (നൃത്താധ്യാപിക- വിവാഹിത), ഇല്ലം: പാതിരാമറ്റം ഇല്ലം. അമ്മാത്ത്: തലേത്തൊടി ഇല്ലം. വിലാസം: സൗപർണിക, പാതിരാമറ്റം ഇല്ലം, കളരിക്കണ്ടി, കുമാരനെല്ലൂർ പി.ഒ. മുക്കം, കോഴിക്കോട്- 673602. മൊബൈൽ: 9846466307.


❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

*An Exclusive Publication on Namboodiri Life &Life style*

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

### പരസ്യ നിരക്ക് താഴെ കൊടുക്കുന്നു

ബാക്ക് കവർ .... 18000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ.. 12000
ഫുൾ പേജ് കളർ... 7500
ഹാഫ് പേജ് കളർ ... 4000
ക്വാർട്ടർ പേജ് കളർ... 2000

ഫുൾ പേജ് ബ്ലാക്ക് &വൈറ്റ്. 4000
ഹാഫ് പേജ് ബ്ലാക്ക് &വൈറ്റ്.. 2500
ക്വാർട്ടർ പേജ് ബ്ലാക്ക് &വൈറ്റ്. 1300
വേളി പംക്തിയിൽ ... 1800
ജാതകം/ആശംസകൾ... 1000

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ലാക്ക് &വൈറ്റ് ഫുൾ പേജ്: 14000

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

വാർഷിക വരിസംഖ്യ

Rs/**300**

അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495369337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

# ഫുട്ബോളിന് പൂണൂലിട്ടപ്പോൾ

**മുരളി മുണ്ടേക്കാട്**



‘എന്താ മെസ്സീ, ഇത് ...,ഒരു ഹെഡ്ഡിലൂടെ ഫിനിഷ് ചെയ്യേണ്ടതിന് പകരം ... ച്ഛെ!’

ആത്തേമ്മാർക്ക്, ഫുട്ബോളിന്റെ വലിയ വിവരമൊന്നും ഇല്ല എന്ന് മനസ്സിലാക്കിയതു മുതൽ വേൾഡ് കപ്പ് ഫുട്ബോൾ കളികൾ കാണുമ്പോൾ , ഞാൻ, ഇത്തരം ഷൈനിങ്ങ് നടത്തി കളി എക്സ്പർട്ട് ആകാൻ ശ്രമിക്കുക പതിവായിരുന്നു. സത്യത്തിൽ, വലിയ പരുക്കും മുറിവും പറ്റാവുന്ന ഇത്തരം കളികളൊന്നും പണ്ടും എനിക്ക് പ്രിയമുള്ളതല്ല. കുട്ടിക്കാലത്തും പന്തുകളി എന്നെ പേടിപ്പിക്കുന്നതായിരുന്നു. ഈ കളികൾ കാണുമ്പോൾ , ഇവൻ മാരുടെ എല്ലൊന്നും പൊട്ടാതെ എങ്ങിനെ രക്ഷപ്പെട്ട് പോകുന്നൂ എന്നാണ് എന്റെ ചിന്തയിൽ വരാറ്.

‘അല്ല , ഈ കുറ്റം പറയലല്ലാതെ, ഒരു ഗോളടിക്കാൻ നിങ്ങൾക്ക് കഴിയോ ?’

സാധാരണ പോലെത്തന്നെ, ഭാര്യ, അറ്റാക്ക് ശൈലി പുറത്തെടുത്തു.

എന്റെ മനസ്സിൽ, യു.പി.സ്കൂൾ പഠന കാലത്തെ ഒരു ഫുട്ബോൾ മത്സരത്തിന്റെ ഓർമ്മ കയറിവന്നു.

**ലോകകപ്പ് ഫുട്ബാൾ ഉത്സവം കഴിഞ്ഞു. ഉത്സാഹം തീരുന്നില്ല**

അര നൂറ്റാണ്ടിലേറെ കാലം മുൻപ് ഞങ്ങളുടെ സ്കൂളിലെ ടീമിനെ, ജില്ലാ മൽസരത്തിൽ പങ്കെടുപ്പിക്കാൻ പുറപ്പെടുന്നതോടെ കഥ തുടങ്ങുന്നു.

എന്റെ ഒരു കൂട്ടുകാരൻ ടീമിന്റെ പ്രധാനിയായിരുന്നു. അവന്റെ നിർബന്ധത്തിന് വഴങ്ങി , ടീമിന്റെയും മാഷിന്റെയും കൂടെ കളി നടക്കുന്ന ടൗണിലേക്ക് ഞാനും ബസ്സ് കയറി. എന്റെ കൂട്ടുകാരനൊഴിച്ച് മറ്റ് കുട്ടികളെ ഞാൻ അറിയുക കൂടി ഇല്ലായിരുന്നു. എന്തായാലും, കളി കഴിഞ്ഞാൽ മാഷിന്റെ വക എല്ലാവർക്കും പഴം പൊരിയും ചായയും ഉണ്ടാകും എന്ന് കൂട്ടുകാരൻ രഹസ്യമായി പറഞ്ഞതായിരുന്നൂ എനിക്കുള്ള ആവേശം. കളിക്കിടയിൽ ആർത്തു വിളിക്കാൻ ചിലരൊക്കെ ഉണ്ടായിക്കോട്ടെ എന്ന് കരുതി എന്നെപ്പോലെയുള്ളവരുടെ വരവിന് മാഷും അനുവാദം തന്നിരുന്നു.



ഞങ്ങളുടെ യു പി സ്കൂൾ ടീമിന്റെ ഡ്രെസ്സിങ്ങ് റൂമായി ഗ്രൗണ്ടിന്റെ തെക്ക് ഭാഗത്തെ മരച്ചുവടും പ്രതിയോഗി സ്ക്കൂളിന്റെ ഡ്രെസ്സിങ്ങ് റൂമായി വടക്ക് ഭാഗത്തെ മരത്തണലും അനുവദിച്ചിട്ടുണ്ട്.

എല്ലാവരും ഷർട്ട് അഴിച്ചതോടെ ബനിയനും നിക്കറുമായിട്ടുള്ള യൂനിഫോം അണിഞ്ഞ ടീമംഗങ്ങളായി. വിസിൽ വിളിച്ച് റഫറി ഗ്രൗണ്ടിൽ എത്തി. കളിയിൽ താൽപ്പര്യം തീരെയില്ലാത്തതു കൊണ്ട് ഞാൻ ചുറ്റിത്തിരിഞ്ഞ് സമയം കഴിച്ചു. ഹാഫ് ടൈം ആയി. ഇന്നത്തെപ്പോലെ എനർജി ഡ്രിങ്ക്സുമായി ആരും ഓടി വരാനില്ല.!

കിണറ്റിലെ വെള്ളം കോരി വെച്ചിട്ടുണ്ടായിരുന്നു. ദാഹം തീർക്കാനായി എല്ലാവരും ഒത്തുകൂടി. കൂട്ടുകാരനോട് ‘ജയിക്കാൻ വല്ല സാദ്ധ്യതയും ഉണ്ടോടാ ..‘ എന്ന് ചോദിച്ചപ്പോൾ, കുറവാണെന്ന് മറുപടി വന്നത് വിഷമമുണ്ടാക്കി. തോറ്റാൽ പഴം പൊരി ഉണ്ടാകാതെ വരുമോ എന്ന് മാത്രമായിരുന്നു എന്റെ വേവലാതി.

വീണ്ടും വിസിൽ .. കളി തുടങ്ങി , കുറച്ച് കഴിഞ്ഞപ്പോഴാണ്, ഒരു ബഹളവും തിരക്കും. ഒരു കുട്ടിയെ താങ്ങി എടുത്ത് കൊണ്ട് വരുന്നു. ഞെട്ടിപ്പോയി. എന്റെ കൂട്ടുകാരൻ തലയും കുത്തി വീണ് കാലും കയ്യും അനക്കാൻ വയ്യാതായിരിക്കുന്നു. ഞാൻ അവനെ ഉഴിഞ്ഞും തടവിയും സമാധാനിപ്പിച്ചു. പെട്ടന്ന് മാഷ് ഓടി വന്ന് , ‘നമ്പൂരി ഷർട്ട് അഴിക്കു എന്ന് പറയലും ഷർട്ടഴിപ്പിക്കലും പകരക്കാരനായി എന്നെ , ഗ്രൗണ്ടിലേക്ക് തള്ളിവിടലും ഒന്നിച്ച് കഴിഞ്ഞു. ഞാൻ ആകെ അന്തം




*(ഫയൽചിത്രം)*

പന്ത് പാസ് ചെയ്തുകൊണ്ടിരിക്കണ മെന്ന മാഷിന്റെ നിർദ്ദേശം ശിരസാ വഹിച്ച ഉത്തമ ശിഷ്യനായിട്ടാണ് മറ്റുള്ളവർ എന്നെ കരുതിയത്. താ മസം വിനാ റഫറിയുടെ നീണ്ട വി സിൽ.. ആൾക്കാർ എന്നെയും ഗോള ടിച്ചവനെയും പൊക്കി അമ്മാനമാടി ആഹ്ളാദിച്ചപ്പോഴാണ് എല്ലാം ശുഭ മായി എന്നും ഞങ്ങളാണ് ജയിച്ചത് എന്നും ഞാൻ അറിഞ്ഞത്.!

പഴം പൊരിയും ചായയും കുടിച്ച് ആനന്ദിക്കുമ്പോൾ, അതാ വരുന്നൂ മാഷിന്റെ പ്രഖ്യാപനം. 'പരുക്കേറ്റ കൂട്ടുകാരന് പകരം ഇനി അടുത്ത കളി നമ്പൂരി കളിക്കട്ടെ, '.

'എന്റെ ഈശ്വരാ!' ഞാൻ ഞെ ട്ടി.

ഫുട്ബോൾ രൂപത്തിൽ ഒരു ശനി ദശ എന്നെ വിടാതെ പിടികൂടിയ പോലെ എനിക്ക് തോന്നി. ഇനി എന്ത് ചെയ്യും എന്ന് ചിന്തിച്ചായിരു ന്നു അന്നത്തെ എന്റെ മടക്ക യാത്ര.


യടുക്കുന്ന ചിലരും. ഞാൻ ഗോളി യെ ഒന്ന് നോക്കി.. ഇവൻ ശത്രുപ ക്ഷമോ മിത്ര പക്ഷമോ എന്നറിയാൻ ഒരു ശ്രമം നടത്തി. അവൻ ഗോൾ പോസ്റ്റിന് നടുവിൽ നിന്ന് ഇടത്തും വലത്തും ചാടി , കൈമുദ്രകളോ ടെ, ഭരതനാട്യം കളിച്ചു കൊണ്ടിരി ക്കുന്നു.! ഒന്നും പിടികിട്ടു ന്നില്ല. എന്നെ ഈ അവസ്ഥയിലെത്തിച്ച കൂട്ടുകാരനോടുള്ള ദേഷ്യം കൂടി വന്നു. ഞാൻ ബോളിലേക്ക് ഒന്നു കൂടി നോക്കി. ഒരു മൊട്ടത്തലയൻ എന്നെ നോക്കി കളിയാക്കി ചിരി ക്കുന്ന പോലെ.. അവനങ്ങനെ ആടി നിൽക്കുകയാണ്. പിന്നെ താമസി ച്ചില്ല.. ദേഷ്യത്തോടെ ബോളിൽ ഒരു ചവിട്ട് കൊടുത്തു . അത് സൈ ഡിലേക്ക് പതുക്കെ നീങ്ങിപ്പോയി മറ്റൊരു പയ്യന്റെ കാൽ ചുവട്ടിൽ . താമസം ഉണ്ടായില്ല , അവൻ അതു് സുന്ദരമായി ഗോളാക്കി .. തുടർന്ന് ചുറ്റും ആർപ്പുവിളി.

'എന്താപ്പൊ ഇണ്ടായെ? 'എന്ന് ഏതോ സിനിമയിലെ ഇന്നസെന്റി ന്റെ ഭാവത്തിൽ ഞാൻ അന്തം വിട്ട പ്പോൾ, 'എന്താ തന്റെ പാസ്സിങ്ങ് ! പിറകിൽ നിന്ന് ഒരു കമന്റ്. ഒറ്റക്ക് പോയി ഗോളടിക്കാൻ ശ്രമിക്കാതെ

വിട്ട് ,നിലാവത്ത് കോഴിയെ വിട്ട പോലെ നിലകൊണ്ടു .! ബോളിന് പുറകെ പലരും ഓടുന്നു. പുറത്ത് നിന്ന് ആവേശം കൂട്ടി ആർപ്പുവിളി !. എന്തു ചെയ്യും , ഒരു പിടുത്തവു മില്ല. പ്രധാന പ്രശ്നമായത്, ഏതാ ണ് എന്റെ ടീമെന്നോ സൈഡെന്നോ അറിയുന്നില്ല.! വെറുതെ നിൽക്കാ തെ പന്തിന് പുറകെ ഓടുക എന്ന മി നിമം തന്ത്രം മാത്രമെ ചെയ്യാനുള്ളൂ. മാഷും മറ്റുള്ളവരും എന്ത് കരുതും. അങ്ങിനെ നിർത്താതെ പന്തിന്റെ ഒപ്പം പൊരിഞ്ഞ് ഓട്ടം..! പന്ത് കാ ലിൽ കിട്ടാറാകുമ്പോഴേക്കും ഒന്ന് പതുക്കെയാക്കി രക്ഷ നേടും. കാര ണം സ്വന്തം പക്ഷം ഏതെന്നറിയാ തെ എങ്ങിനെ പന്ത് തട്ടി കൊടുക്കും ! അന്തം വിട്ടുള്ള ഈ ഓട്ടത്തിനി ടയിൽ ഞാൻ ഒരു ഗോൾ പോ സ്റ്റിനടുത്തായി. പെട്ടന്നതാ, ബാൾ ആരോ നീക്കി എന്റെ മുന്നിൽ വെ ച്ചിരിക്കുന്നു. ഈശ്വരാ .. എന്തു ചെ യ്യും!. ഇതെന്റെ പക്ഷത്തിന്റെ ഗോൾ പോസ്റ്റാണെങ്കിൽ പതുക്കെ ഗോളി ക്ക് കൊടുത്താൽ മതി. അല്ലെങ്കിൽ സുവർണ്ണാവസരം നഷ്ടപ്പെടുത്തിയ ,ചീത്ത വിളി എല്ലാവരിൽ നിന്നും വരും. പിറകിൽ എന്റെ നേരെ ചീറി

●

എം. മുരളീധരൻ, മുണ്ടേക്കാട്ട്
മന, ഇരവിമംഗലം
പി.ഒ, വഴി ചെറുകര, മലപ്പുറം
ജില്ല, 679340
9447705521




## വിവാഹ വാർഷികാശംസകൾ
## 16.8.2026



**തന്ത്രി: ബ്രഹ്മശ്രീ ഭൂതകുളം നിലമന**
**Kഗോപാലകൃഷ്ണൻ നമ്പൂതിരി**
റിട്ട. ജൂനി.സൂപ്രണ്ട് ടൗൺ പ്ലാനിങ് വകുപ്പ്.
S/o S.കൃഷ്ണൻ നമ്പൂതിരി
നീലമന ഇല്ലം (പൗർണ്ണമി നിവാസ്)
പൂതകുളം, കൊല്ലം
**C.K.ദേവകി അന്തർജനം**
D/o E.V.കൃഷ്ണൻ പോറ്റി
നീലമന ഇല്ലം, തിരുവഞ്ചൂർ, കോട്ടയം
*സ്നേഹാശംസകളോടെ*
ബന്ധുമിത്രാദികൾ

## വിവാഹ വാർഷിക ആശംസകൾ



**ക്യാപ്റ്റൻ ജസ്വന്ത് മനോഹർ &**
**ജിഷ ദാമോദരൻ**
*ആശംസകളോടെ...*
നവനീത് കൃഷ്ണ, താന്നിമൂട് മഠം, എരൂർ

## നവതി ആശംസകൾ
## സാവിത്രി അന്തർജനം



2026 ജൂൺ 23 ന് നവതി ആഘോഷിച്ച
നടുവത്തേടത്ത് ഇല്ലത്ത്
**സാവിത്രി അന്തർജ്ജനം**
*ആശംസകളോടെ...*
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ.


## ശതാഭിഷേകം (22.01.2026)

# ഉമാദേവി അന്തർജനം

മുത്തേടത്ത് മന, നെടുങ്ങോട്ടൂർ
(W/o ശങ്കരനാരായണൻ നമ്പൂതിരി)

*ആശംസകളോടെ...*

മക്കൾ: നിർമ്മല, നീലകണ്ഠൻ
മരുമക്കൾ: രാമൻ നമ്പൂതിരി, കരോളിൽ മന,
സവിത, മൂത്താട്ട്





# പാലനാട് നാരായണൻ നമ്പൂതിരി @ 84

( റിട്ട. ഉദ്യോഗസ്ഥൻ. കൊൽക്കത്ത കോർപറേഷൻ)



*ആശംസകളോടെ...* ശ്രീദേവി നാരായണൻ, സന്ധ്യ, കൃഷ്ണരാജ് (തൊഴുവാനൂർ മന), വിദ്യ, രവി (മങ്ങത്തായ ഇല്ലം), നിത്യ, കൃഷ്ണൻ (മുണ്ടനാട് മന), പേരക്കുട്ടികൾ: ഹരികൃഷ്ണൻ, അഭിരാം,ദേവികൃഷ്ണ പാർവതി, ഭരത്, അമോഘ്

## Dr. Jyothi C, MBBS, DNB ENT



ചാത്തമംഗലം ഉപസഭയുടെ ട്രഷററായ ചക്കിക്കാവിൽ കണ്ടമംഗലം രാമൻ നമ്പൂതിരി (Retd HM) യുടെയും V E ദേവകിക്കുട്ടിയുടെയും മകൾ ഡോ. ജ്യോതി. സി (W/o ശ്രീരാഗ്, പാലത്തിങ്കര ഇല്ലം Mechanical Engineer-UAE ) ഓട്ടോറൈനോലാരിൻഗോളജി- ഇ.എൻ.ടി (Otorhinolaryngology- ENT) വിഭാഗത്തിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കി.

# ശരണ്യ പാനാട്ട്




കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ (CUSAT) നിന്നും സ്റ്റാറ്റിസ്റ്റിക്സിൽ ഡോക്ടറേറ്റ് നേടിയ ശ്രീമതി ശരണ്യ. പി. വിളയിൽ പാനാട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും (യോഗക്ഷേമസഭ അരീക്കോട് ഉപസഭ പ്രസിഡന്റ്) ഇ എം ശോഭയുടേയും മകളും ഗുരുവായൂർ താഴക്കുളം മനയിൽ വൈശാഖിന്റെ പത്നിയുമാണ്.

ചെറുകഥ

# റോബോട്ട് മനുഷ്യനാകുന്ന ഡിജിറ്റൽ ദ്വീപ്

**വിഷ്ണു വി.**



നിർമിത ബുദ്ധിയുടെ കടന്നു വരവോട് കൂടി സ്വന്തം ബുദ്ധിയുടെ ഭാവി എന്താകുമെന്നറിയാൻ രണ്ടായിരമാണ്ടോടു കൂടി ലോകം അവസാനിക്കുമെന്ന് ദീർഘമായി വീക്ഷിച്ച

സ്ഥലത്തെ പ്രധാന പ്രവചന വിദ്വാനായ സ്മാർട്ടൻ കുട്ടപ്പന്റെ അടുത്തെത്തിയതായിരുന്നു നമ്മുടെ കഥാനായകൻ.

'നിനക്കൊന്നും വേറെ പണിയില്ലെ,

മനുഷ്യൻ ചന്ദ്രനും കടന്നു ചൊവ്വയിൽ എത്തി നിൽക്കുന്നു അപ്പഴാ!'

അങ്ങനെയായിരുന്നു നായകനെ നോക്കി ദ്വീപ് നിവാസികളുടെ പരിഹാസം.രണ്ടായിരമാണ്ടിൽ ലോകം അവസാനിച്ചില്ലെങ്കിലെന്താ രണ്ടായിരം നോട്ട് തന്നെ പെട്ടെന്നൊരു സുപ്രഭാതത്തിൽ അവസാനിച്ചില്ലേ എന്നായിരുന്നു കഥാനായകന്റെ മനോഗതം.

അതിനൂതന 'ബോട്ടുകളുടെ' വരവോട് കൂടി തന്റെ കപ്പൽ മുങ്ങുമോ എന്ന് ആശങ്കപ്പെട്ട് 'മാക്രോ' ലോകത്തെ ജീവജാലങ്ങളുടെ എണ്ണമെടുത്തുകൊണ്ടിരുന്ന സ്മാർട്ടൻ കുട്ടപ്പൻ ഇപ്പൊ ശെരിയാക്കി തരാം എന്ന ഭാവേന കഥാനായകന്റെ മുന്നിലേക്ക് പെടാ പാട് പെട്ട് വാങ്ങിയ ഏറ്റവും പുതിയ പന്ത്രണ്ടിഞ്ച് ഐ പാട് എടുത്തു വെച്ചു. മേപ്പടിയാൻ പാട് ശേഖരത്തിലൂടെ വിരലുകൾ ചലിപ്പിച്ചുകൊണ്ട് ചൂയിങ് ഗം ചവയ്ക്കുന്നത് കണ്ടപ്പോൾ കഥാ നായകനു വെറ്റിലയും ചുണ്ണാമ്പും അടയ്ക്കാ പൊടിയും കലർന്ന നൊസ്റ്റാൾജിയ സിരകളിലൂടെ ഓടിമറഞ്ഞു . അൽപ സമയം ഐ പാടിൽ നോക്കിയിരുന്ന ശേഷം തന്റെ മെറ്റാ ഗ്ലാസ്സിലൂടെ കഥാനായകനെ സസൂക്ഷ്മം നോക്കി സ്മാർട്ടൻ ഇങ്ങനെ മൊഴിഞ്ഞു.

**ഈ ദ്വീപ് ഡിജിറ്റൽ മതങ്ങളെയും ജാതികളെയും സ്വന്തമായി ബുദ്ധിയില്ലാത്ത ദൈവങ്ങളെയും കൊണ്ട് നിറയും**

ഇല്ലാത്ത ദൈവം ഇല്ലെന്നു സ്ഥാപിക്കാൻ കഷ്ടപ്പെടുന്നവർ ഒരു വശത്ത്, ഉണ്ടെന്നു കരുതുന്ന ദൈവം തീർച്ചയായും ഉണ്ടെന്നു സ്ഥാപിക്കാൻ കഷ്ടപ്പെടുന്നവർ മറുവശത്ത്.ഇവരെയൊക്കെ അവിശ്വസനീയമായ തരത്തിൽ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുന്ന എന്റെ ഭാവി എന്താകുമെന്ന് പോലും നിശ്ചയമില്ല.അടുത്തിടെ പ്രതിഷ്ഠ വാർഷികം ആഘോഷിച്ച ന്യൂ ജെൻ ജമിനി ദൈവത്തോടും ദൈവത്തോട് എന്ത് എങ്ങനെ എപ്പോ ചോദിക്കണമെന്ന് ഉപദേശം തന്ന ചാറ്റൻ. ജി. പോറ്റി അവർകളോടും പലയാവർത്തി പല വിധത്തിൽ ചോദിച്ചിട്ടും അവർക്കും അങ്ങട് നിശ്ചയമില്യ.

പിന്നെങ്ങനെ താങ്കളുടെ ബുദ്ധിയുടെയും നിർമിത ബുദ്ധിയുടെയും ഭാവി പറയാൻ കഴിയും സഹോ?

എങ്കിലും ഈ കുട്ടപ്പൻ മറ്റൊരു കാര്യം പറയാം.താങ്കളെ പോലുള്ളവരുടെ ബുദ്ധി ഇനി എങ്ങനെ പ്രവർത്തിക്കണം എന്ന് ഇലോൺ മസ്കിനെപോലുള്ളവർ നിശ്ചയിക്കും! കേട്ടിട്ടുണ്ടോ അങ്ങനൊരു വിദ്വാനേ പറ്റി? ഇല്ലേൽ കേട്ടോളുക.താങ്കളുടെ വീടിനു മുന്നിൽ ജീവിത വേഗത നിർണയിക്കുന്ന നിരീക്ഷണ ക്യാമറകൾ വരും. ആ ക്യാമറകളെ നിരീക്ഷിക്കാൻ വേറെയും ക്യാമറകൾ വരും.എല്ലാം അതിജീവിച്ചു താങ്കൾ ഭാവിയിൽ ജീവിക്കേണ്ടി വരും.

മണ്മറഞ്ഞു പോയ രണ്ടായിരത്തിൽ ചിപ്പ് വന്നില്ലെങ്കിലും മനുഷ്യമസ്തിഷ്കങ്ങളിൽ ജൻമനാ ചിപ്പിന്റെ സവിശേഷതകൾ സംഭവിക്കും!അന്ന്, ഈ ദ്വീപ് ഡിജിറ്റൽ മതങ്ങളെയും ജാതികളെയും സ്വന്തമായി ബുദ്ധിയില്ലാത്ത ദൈവങ്ങളെയും കൊണ്ട് നിറയും.ഭാരം താങ്ങാനാവാതെ വരുമ്പോൾ ഒരു ഉയർത്തെഴുന്നേൽപ്പിനായി ഈ ദ്വീപ് കടലിൽ താഴും!


ഇയാളെ വന്നു കണ്ട എന്നേ വേണം തല്ലാൻ. ഭാവിയെക്കുറിച്ചുള്ള ആശങ്കയും ആകുലതയും അകറ്റാൻ ദ്വീപിന് ചുറ്റും തന്റെ ഇലക്ട്രിക് ബൈക്കെടുത്തു ഒന്നു കറങ്ങിയാൽ മതിയായിരുന്നു എന്ന് മനസ്സിൽ പറഞ്ഞു ദക്ഷിണ ഗൂഗിൾ പേ ചെയ്ത് കഥാനായകൻ സ്ഥലം കാലിയാക്കിയപ്പോൾ കിട്ടിയ ദക്ഷിണ കൊണ്ട് ഏറ്റവും പുതിയ എ ഐ ആപ്പുകളുടെ സബ്സ്ക്രിപ്ഷൻ പുതുക്കുന്ന തിരക്കിലായിരുന്നു സ്മാർട്ടൻ കുട്ടപ്പൻ .ദ്വീപ് വാസികളാവട്ടെ അവിടെ നടന്നതൊന്നുമറിയാതെ പബ്ജിയുടെ ഏറ്റവും പുതിയ വേർഷൻ കളിക്കുന്ന ആവേശത്തിലായിരുന്നു. അടിയെടാ അവനെ, ഇടിയെടാ അവനെ, വെക്കടാ വെടി, ചാടെടാ, ഓടെടാ എന്നുള്ള ശബ്ദങ്ങൾ ചുറ്റിനും മുഴങ്ങി കേൾക്കുന്നുണ്ടായിരുന്നു.കുറച്ചപ്പുറത്തായി മറ്റൊരു ദ്വീപിൽ ജീവിച്ചു മനം മടുത്തു ഇവിടെ എത്തിയ ഒരു റോബോട്ട് ഗൂഗിൾ മുത്തപ്പന്റെ പേ പിടിക്കാത്ത ചായക്കടയിലെ ബെഞ്ചിലിരുന്നു ആകാശവാണിയിൽ നിന്നുള്ള പാട്ടുകൾ കേട്ട് ചായ ഊതി കുടിച്ചു പത്രം വായിച്ചിരിക്കുന്നുണ്ടായിരുന്നു

●

വിഷ്ണു വി.
ശ്രീവിലാസത്തുമഠം, ആലങ്കോട്
ശാസ്താ ടെമ്പിൾ റോഡ്, കുന്നുനട,
പുതുകുളങ്ങര പി.ഒ., നെടുമങ്ങാട്,
തിരുവനന്തപുരം- 695541
മൊബൈൽ: 9446172097


## പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം. വിളിക്കുക 9447337337







**ഹരികൃഷ്ണൻ.** ജനനം: 16.9.1998. ഉയരം 165 സെ.മീ. നനക്ഷത്രം: പൂയം, വിദ്യാഭ്യാസം: എം.എസ്.സി. കെമിസ്ട്രി. ജോലി: ആസ്ട്രേലിയയിൽ മേരി ക്യൂറി ഫെല്ലോഷിപ്പിൽ കെമിസ്ട്രിയിൽ പി.എച്ച്.ഡി ചെയ്യുന്നു. അച്ഛൻ: നരഹരി ജെ. (സ്വകാര്യസ്ഥാപനത്തിൽ ഗ്രാഫിക് ഡിസൈനർ), അമ്മ: പ്രതിഭ (കെ.എ.). ഇല്ലം: കുറൂർ മന, പാഴൂർ. അമ്മാത്ത്: കറുത്തേടത്ത്, അരീപ്പുറത്ത്, വണ്ടൂർ. സഹോദരങ്ങൾ ഇല്ല. വിലാസം: കൂറൂർ മന, പാഴൂർ പി.ഒ., പിറവം, എറണാകുളം. മുൻഗണന: വിദേശത്ത് ജോലി ചെയ്യാൻ തയ്യാറുള്ള ഉയർന്ന വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ. ഫോൺ: 9446807885, 7558814279.







**സന്ദീപ് ടി.സി.** ജനനം: 26.05.1997. സമയം: 4.27 pm. ജന്മസ്ഥലം: കുന്നംകുളം. ഉയരം: 174 സെ.മീ. നക്ഷത്രം: ഉത്രാടം. ഗോത്രം: കാശ്യപം. വിദ്യാഭ്യാസം: ബി.ടെക്ക് (ട്രിപ്പിൾ ഇ), ജോലി: സി.ജി.ഐ. (ഐ.ടി.), എം.എൻ.സി. ഹൈദരാബാദ്. മുൻഗണന: വിദ്യാഭ്യാസം ജോലിയുമുള്ള യുവതികൾ. അച്ഛൻ: നാരായണൻ ടി.സി. (റിട്ട. ഗവ. ഉദ്യോഗസ്ഥൻ), അമ്മ: വനജ ബി.ടി.കെ. (റിട്ട. ഗവ. ഉദ്യോസ്ഥ). ഇല്ലം: തെക്കെ ചെറുമുക്ക് മന. അമ്മാത്ത്: ഭട്ടിയി തെക്കേടത്ത് മന. വിലാസം: തെക്കേ ചെറുമുക്ക് മന, മരുതൂർ പി.ഒ, പട്ടാമ്പി, പാലക്കോട്. ഫോൺ: 9846975310, 9446790042.







**എൻ.എം. റിത്വിക് സുബ്രഹ്മണ്യൻ.** ജനനം: 08.10.1997. സമയം: 2.35 a.m. ജന്മസ്ഥലം: ഇരിങ്ങാലക്കുട. ഉയരം: 179 സെ.മീ. നക്ഷത്രം: മൂലം. ഗോത്രം: വസിഷ്ഠ ഗോത്രം. വിദ്യാഭ്യാസം: ബി.ടെക് (മോഡൽ എൻജിനീയറിംഗ് കോളേജ്), എം.ടെക് ഡാറ്റാ സയൻസ് (ബിറ്റ്സ് പിലാനി ഡിസ്റ്റൻസ്), ജോലി: സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റ് എൻജിനീയർ ഇൻ ടെസ്റ്റ്, ബിറ്റ്ഗോ, ബാംഗ്ലൂർ. മുൻഗണന: വിദ്യാഭ്യാസവും സൗന്ദര്യവുമുള്ള പെൺകുട്ടികൾ. അച്ഛൻ: അഡ്വ. എൻ.എം.മധു, അമ്മ: എം.എസ്.ജിത. സഹോദരങ്ങൾ ഇല്ല. വിലാസം: നടുവത്ത് മന, ഏരൂർ, എറണാകുളം. ഇല്ലം: നടുവത്ത് മന, അമ്മാത്ത്: മുണ്ടയ മന. ഫോൺ: 9447074253, 9495994253.






**അർജുൻ കെ.കെ.** ജനനം: 26.09.2000 (1176 കന്നിമാസം 10), നക്ഷത്രം: പൂരം. ഉയരം: 163 സെ.മീ. വിദ്യാഭ്യാസം: സൈബർ സെക്യൂരിറ്റി കോഴ്സ്. തൊഴിൽ: ശാന്തി. അച്ഛൻ: നാരായണൻ നമ്പൂതിരി കെ.കെ., അമ്മ: ഗീതാദേവി. വിലാസം: കുന്നത്തു കണ്ടമംഗലം ഇല്ലം, ഗീതാ നിവാസ്, ചൂലൂർ (പി.ഒ.), ആർ.ഇ.സി. (വഴി), കോഴിക്കോട്- 673601. ഫോൺ: 9745454789, 9645289359.






**ദേവേഷ് വി.നാരായണൻ.** ജനനം: 08.04.1998 (1173 മീനം 25). സമയം: 7.56 മ.ാ. നക്ഷത്രം: മകം. ഉയരം: 174 സെ.മീ. വിദ്യാഭ്യാസം: എം.ബി.എ. ജോലി: എച്ച്.ടി.ഐ.സി. ഗ്ലോബൽ (ഇൻഫോപാർക്ക്), എറണാകുളം. സഹോദരൻ: ഒരാൾ (വിവാഹിതൻ). അച്ഛൻ: വി.എൻ. നാരായണൻ, അമ്മ: നിഷ നാരായണൻ. അമ്മാത്ത്: കോക്കര ഇല്ലം (പുത്തൻകുരിശ്, എറണാകുളം), വിലാസം: വടക്കുമ്യാൽ ഇല്ലം, എസ്.എച്ച്.മൗണ്ട് പി.ഒ, കോട്ടയം. മൊബൈൽ: 9745449940.






**സാന്ദ്ര പി. ജനനം:** 15.04.1999. നക്ഷത്രം: രേവതി. ഉയരം: 153 സെ.മീ. വിദ്യാഭ്യാസം: എം.എസ്.സി. ഡാറ്റാ സയൻസ് (കേരള യൂണിവേഴ്സിറ്റി), ജോലി: ഡാറ്റാ സയന്റിസ്റ്റ് (ക്വാണ്ടം സ്ട്രീറ്റ് എ.ഐ, ബാംഗ്ലൂർ). അച്ഛൻ: ഹരി (റിട്ട. ജില്ലാ ഇൻഷൂറൻസ് ഓഫീസർ- കെ.എസ്.ഐ.ഡി.), അമ്മ: വിനിത കെ.എ. (എൽ.പി.സ്കൂൾ ടീച്ചർ -Sel. Gr LPS, ആര്യൻകാവ്, എറണാകുളം), അമ്മാത്ത്: കറുത്തേടത്ത് അരീപ്പുറത്ത് മന, വണ്ടൂർ, സഹോദരി: സ്മേര പി. (എം.കോം വിദ്യാർത്ഥി). മുൻഗണന: 28 വയസ്സിനും 30 വയസ്സിനും ഇടയിലുള്ള ബാംഗ്ലൂരിൽ ഐ.ടി. മേഖലയിൽ ജോലിയുള്ള യുവാവ്. വിലാസം: പുതുവ മന, ആര്യൻകാവ്, കുളയെട്ടിക്കര പി.ഒ, എറണാകുളം. മൊബൈൽ: 9446496130, 9188427689.

കവിത

# കണ്ണനെ തിരഞ്ഞ്




**അജിത.എ.പി.**
പുളിക്കൽ ചെമ്മരം,
കഞ്ഞിലേരി, കൂത്തുപറമ്പ്
94461 66826


കണ്ണനെകാണണ-
മെന്നൊരു മോഹത്താൽ
ഭൂലോകമെല്ലാം
തിരഞ്ഞു ഞാനും

അമ്പാടിയിലെത്തി
നിൽക്കവേ ഞാൻ കേട്ടു
വൃന്ദാവനത്തി-
ലാണുള്ളതെന്ന്

വൃന്ദാവനത്തിലും
മഥുരയിലും ചെന്നു
കണ്ണനെ
കാണുവാനായതില്ല

കണ്ണനെകാണുവാ
നാശിച്ചു ഞാനിന്നു
ഡുപ്പിയിലേക്ക് പോയ്
മോദത്തോടെ

അവിടെയും കണ്ണനെ
കാണുവാനാവാതെ
ആകുലചിത്തയായ്
നിന്നു പോയി

അമ്പലപ്പുഴയിലെ
പാൽ പായസത്തിനായ്
കണ്ണനങ്ങെത്തു -
മെന്നോർത്ത നേരം

തൽക്ഷണമങ്ങോട്ടു
ചെന്നെങ്കിലും എന്റെ
കണ്ണനെ കാണുവാൻ
ആയതില്ല

ആമയത്തോടെ ഞാൻ
ഒന്നും നിനക്കാതെ
ഓടി അണഞ്ഞു
ഗുരുവായൂരിൽ

കണ്ണനെ തേടി വലഞ്ഞു
തളർന്നു ഞാൻ
മഞ്ജുളാലിൻ ചോട്ടിൽ
ചെന്നിരുന്നു

ക്ഷീണത്താൽ നിദ്രയെ
പുൽകിയപ്പോൾ കേട്ടു
കിങ്ങിണി നാദമെൻ
അന്ത:രംഗേ

പൂപുഞ്ചിരി തൂകി
വെണ്ണ കട്ടുണ്ണുന്ന
അമ്പാടി കണ്ണനെ
കണ്ടു ഞാനും

ഓടക്കുഴലുതീ
രാധതൻ ചാരത്തായ്




വൃന്ദാവനത്തിലും
കണ്ടു ഞാനും

അമ്പലപ്പുഴയിലു
ഡുപ്പിയിലും ചാരെ
ഓടിക്കളിക്കുന്നി
തെന്റെ കണ്ണൻ

എന്തിനു പാരിൽ
നീ എന്നെ തിരയുന്നു
നിന്നുടെ ഹൃത്തിൽ
ഞാനെന്നുമില്ലേ (2)




**പി എൻ സരള**
W/o രാമചന്ദ്രൻ വി കെ
സ്മൃതി, കരിപ്പത്തില്ലം,
അരീക്കോട്, മലപ്പുറം ജില്ല
9048137193





## ഓണപ്പൂക്കളം

തുമ്പേ, മുക്കുറ്റി, തെച്ചീ, പവിഴമലരിയോണസ്സുമം, ചെമ്പരത്തീ
ഇമ്പം കൂട്ടുന്ന നാനാമലരുകളൊരുമിച്ചെന്നുമുത്സാഹമോടേ
വന്നീയോണക്കളത്തെസ്സുരുചിരമഴവില്ലാഭമായ് തീർക്കെ; നമ്മൾ -
ക്കൊപ്പം മോദത്തൊടോതാം മധുരിതമൊരു പൊന്നോണനാളിൻ ശുഭശ്രീ !

കവിത

# തിരുവാതിര രാവ്




**കല്ലൂർ ഈശ്വരൻ പോറ്റി**
**9446558062**


ശ്രീ ഗണനാഥനേ....ആരംഭദേവനേ....
സാനന്ദമോടെ വരം തരേണം
അക്ഷരരൂപിണി ദേവി തുണയ്ക്കണം
നിൻപാദപങ്കജം കുമ്പിടുന്നേൻ

ലോകമാതാവായ പാർവതി ദേവിയും
കാമാരിയെ തപം ചെയ്തു പോലും
എന്നുടെ കാന്തനായി വന്നെന്നെ വേൾ -
ക്കണമെന്ന് മനസ്സിലുറച്ചു തന്നെ

ഉഗ്രതപസ്വിയാം ലോകേശൻ തന്നുടെ
തിരുവുള്ളം ചഞ്ചലമായിപോലും
വടുരൂപമായ് വന്ന് ശൈലേന്ദ്രപുത്രിതൻ
പ്രണയത്തിനാഴമളന്നെടുക്കാൻ

വടുരൂപി ഭർത്സിച്ചു, ശിവനോ വിരുപനാം മുതുകാള
മേലേ നടക്കും ഭോഷൻ
വീടില്ല, നാടില്ല കാടനാം മുക്കണ്ണൻ
സുമുഖീ ! നിനക്കൊട്ടും ചേരുകില്ല

നീയെത്ര സുന്ദരി, ഹിമവാന്റെ കന്യക
മഹിതകുലത്തിൽ പിറന്നോളല്ലോ
വ്യാഘ്റചർമ്മാംബരം ചുറ്റി നടക്കുന്ന
ഊരുതെണ്ടിക്കെന്തു കുലമഹിമ

യോഗാസനസ്ഥയാംദേവിയും ദേവന്റെ
ദുർഗ്ഗുണഭാഷണം കേട്ട നേരം
പൊട്ടിത്തെറിച്ചവൾ മൂഢാ ! വടു രൂപാ
യെന്തറിഞ്ഞിട്ടു നിൻ നീചഭാഷ്യം
സൃഷ്ടിസ്ഥിതിലയ മാർഗ്ഗഹേതുക്കളാം
ഭൂതങ്ങളഞ്ചു മുഖങ്ങളല്ലോ
മംഗള രൂപൻ ജഗത്രയനാഥന്റെ
സദ് ചരിതങ്ങളനന്തമല്ലോ

ജന്മം പലതും കഴിഞ്ഞാലുമൊക്കുമോ
തൃപ്പാദ ദർശനം സാധ്യമാകാൻ
കർമ്മബന്ധങ്ങൾ ത്യജിച്ചു വസിക്കിലും
ദുഷ്ക്കരം കൈലാസം പൂകീടുവാൻ

ഇത്ഥം പറഞ്ഞതിക്രുദ്ധയായംബുജ -
നേത്രം തുറന്ന് മിഴിച്ച നേരം
കാരുണ്യശാലിയാം ഭൂതാധിനാഥന്റെ തേജോമയരൂപം
കാണായ് വന്നു

ആനമ്രലജ്ജാവിവശയായ് മേവുന്ന
ശൈലേശപുത്രിക്കു മുമ്പിലായ്
നീല നിറമോലും കണ്ഠത്തെ നീട്ടിനാൻ
ദേവകൾ തൂമലർ തൂകി നിന്നാർ

സ്വന്തം സഖി നൽകും നീലോല്പലമാല
ദേവന്നു ചാർത്തി വണങ്ങിനില്ക്കും
കുന്നിൻ കുമാരിയെ സ്വന്തമിണയാക്കി
കൈലാസം പൂകിനാൻ ദേവദേവൻ

മംഗല്യമേറീടും തോഴിമാരേ നമ്മൾ
മായം കളഞ്ഞതി മോദമോടെ
ആടുക പാടുക ആതിരരാവിൽ നാം
അർദ്ധനാരീശ്വര പൂജ ചെയ്യാം



### സപ്തതി ആശംസകൾ

# പുതുവാമന
# ശിവദാസൻ നമ്പൂതിരി



2026 മാർച്ച് 26 ന് സപ്തതി ആഘോ
ഷിച്ച പുതുവാമന ശിവദാസൻ
നമ്പൂതിരിക്ക് ആശംസകളോടെ
സതി, സൗമ്യ, പാർത്ഥസാരഥി,
സോന, അർജുൻ, ശ്രുതി,
സ്പൂർത്തി, സാൻവി, ശ്രേയ
മൊബൈൽ: 9447174500

## സമാവർത്തനം



## രുദ്രൻ വാസുദേവൻ

താമരക്കുളം ഇല്ലത്ത് ധനേഷ് കേശവന്റെയും ഗീതയുടെയും മകൻ താമരക്കുളം രുദ്രൻ വാസുദേവന്റെ സമാവർത്തനം 2026 ഏപ്രിൽ 24 തീയതി കോഴിക്കോട് വച്ച് നടത്തപ്പെട്ടു

ആശംസകളോടെ: താമരക്കുളം വാസുദേവൻ നമ്പൂതിരി, പാർവതിക്കുട്ടി, ഗൗരി പാർവതി, ഭൂമിക പാർവതി, അഡ്വക്കറ്റ് എൻ ടി മാധവൻ നമ്പൂതിരി, പാർവതി അന്തർജ്ജനം, എൻ ടി പരമേശ്വരൻ നമ്പൂതിരി

### നവതി ആശംസകൾ

## കറുത്തേടത്ത് നാരായണൻ നമ്പൂതിരി

2026 ജൂൺ 14 ന് ഞായറാഴ്ച ഗുരുവായൂർ
ഹോട്ടൽ ദേവരാഗത്തിൽ വെച്ച് നവതി
ആഘോഷിക്കുന്ന കറുത്തേടത്ത്
നാരായണൻ നമ്പൂതിരിക്ക് ആശംസകളോടെ
**ഹരി, സ്മിത, ജയൻ, ശോഭ, രാജു, രമ്യ**



## അഖിലും
## രുദ്രയും



തൃത്താല മേഴത്തൂർ മഞ്ഞപ്പറ്റ മന അനിൽകുമാറിന്റെയും ദേവിയുടെയും മകൻ അഖിലും മാള കുരുവിലശ്ശേരി തിരുത്തൂർ മന കാളിദേവൻ നമ്പൂതിരിയുടെയും സാവിത്രിയുടെ യും മകൾ രുദ്രയും 2026 മേയ് 3 ന് ചാലിശ്ശേരി അൻസാരി കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി.

മൊബൈൽ: 9446153517, 97458108965.

## വസുദയും
## ശ്രീഹരിയും



*പാലക്കാട് മേഴത്തൂർ വൈദ്യമഠം മന ഡോ. വി.എൻ.വാസുദേവൻ നമ്പൂതിരിയുടെയും സാവിത്രി വാസുദേവന്റെയും മകൾ വസുദയും വയനാട് അമ്പലവയൽ വെതിരമന സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ഗംഗ അന്തർജനത്തിന്റെയും മകൻ ശ്രീഹരിയും 2026 മെയ് 10 ന് വാവനൂർ ഗാമിയോ കൺവെൻഷൻ സെന്ററിൽ വിവാഹിതരായി.*

*മൊബൈൽ: 9447567816*




## പ്രതികരണങ്ങൾ

## പതഞ്ജലി മഹർഷി ചാൻസലറായ യൂനിവേഴ്സിറ്റി

എന്റെ അമ്മാത്ത് കൂടല്ലൂർ മനയെ പ്പറ്റി സ്വസ്തി ലേഖനം വായിച്ചു. വളരെ നന്നായിട്ടുണ്ട്.

സ്വസ്തി ഫീച്ചറിന്റെ ശൈലി ഞങ്ങൾക്ക് വളരെ ഇഷ്ടപ്പെട്ടു. ലേ ഖകനും മാസികയ്ക്കും അഭിനന്ദ നങ്ങൾ.

കെ ബി ശ്രീദേവി എന്റെ അമ്മാമി. അമ്മാത്തെ മരുമകളും ആണ്. അതു പോലെ കുഞ്ചു ഏട്ടന്റെ wife സുധോ പ്പോളും കൂടല്ലൂരെ മരുമകൾ ആണ്. സ്വസ്തി നല്ലതായിട്ട് പോകുന്നുണ്ട് എന്നറിഞ്ഞതിൽ സന്തോഷം. ധാരാ ളം നമ്പൂതിരിമാർ യു എസിലുണ്ട്. ഞങ്ങൾ മിനസോട്ടയിൽ. പുറക്കുടി ഞ്ഞം നാരായണേട്ടൻ ഇവിടത്തന്നെ ഉള്ള ഈഡൻ പ്രയറി എന്ന സിറ്റി യിലെ കൗൺസിലർ ആണ്.

സ്വസ്തിക്ക് ചെറിയ സംഭാവന വി ഷുക്കൈനീട്ടമായി അയയ്ക്കുന്നു.

Krishnan Nambudiripad
1007 Forest Glen Ct.,
Burnsville, MN 55337
Krishnan Nambudiripad
പടുതോൾ മന, പാഴൂർ P.O,
പിറവം via, PIN 686664
എറണാക്കുളം dist

# വെള്ളം ചേർക്കുന്നുവോ?

സ്വസ്തി ലക്കങ്ങളുടെ ആയുസ്സ് എത്ര? പുസ്തകങ്ങളുടെ അത്ര തന്നെയെന്ന് അവകാശപ്പെടാനാവില്ലെങ്കിലും ഏകദേശം അതി നടുത്തു തന്നെ നിൽക്കുന്നു. എണ്ണപ്പെട്ട, നല്ല ഘനമുള്ള, പ്രാധാ ന്യത്തിന് ഒരിക്കലും കോട്ടം തട്ടാത്ത, ലേഖനങ്ങൾ. സൂക്ഷിച്ചു വയ്ക്കാനും ആവർത്തിച്ചു വായിക്കാനും തോന്നുന്നവ. ഒരു യോഗക്ഷേമജില്ലാസഭയുടെ പ്രസിദ്ധീകരണം എന്ന പരമ്പരാ ഗത രീതിയിൽ നിന്ന് ഏറെ ഉയർന്ന് തുടക്കം മുതൽ തന്നെ ലോകത്തിൽ എല്ലായിടത്തുമുള്ള നമ്പൂതിരിമാർക്ക് പ്രചോദ നം നൽകുന്ന ഒരു പ്രസിദ്ധീകരണമാണ് സ്വസ്തി. കഥകളും കവിതകളും വളരെ ചുരുക്കമായി, വല്ലപ്പോഴുമൊക്കെ, ഒന്നോ രണ്ടോ. അത്രയുമേ പതിവുള്ളു.

എന്നാൽ ജനുവരി ലക്കം അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. നാലു കഥകളും നാലു കവിതകളും! അതിൽ ഒരു രചനയെങ്കിലും എഡിറ്ററുടെ കണ്ണുകൾ വെട്ടിച്ച് കടന്നു കൂടിയതുപോലെ തോ ന്നി. സ്വസ്തിയ്ക്ക് വഴി തെറ്റുന്നോ? ഉള്ളടക്കത്തിൽ വെള്ളം ചേർന്നു തുടങ്ങിയോ? ഭാഷാപോഷിണിയിൽ നിന്ന് മനോരമ യിലേക്കു മാറല്ലേ എന്നൊരു അപേക്ഷയുണ്ട്.

സ്വസ്തിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു!

**പൊത്തോപ്പുറം കേശവൻ ജയന്തൻ**
9810453289

## മുഖചിത്രം ഗംഭീരം

സ്വസ്തി മുഖചിത്രം മുതൽ അസ്സലായിട്ടുണ്ട്. വായന കഴി ഞ്ഞു. അഭിപ്രായം എഴുതുന്നു

താങ്കളുടെ ലേഖനം ഉചിതമായി തോന്നി. സ്കൂൾ പൂട്ടിയസമയ ത്ത് ഒരു നല്ല യാത്ര ചെയ്യാൻ പറ്റിയ സ്ഥലത്തെക്കുറിച്ചായത് ( കൂടല്ലൂർ മന) നന്നായി.

പി.എൻ. വിജയന്റെ ലേഖനം നല്ല സന്ദേശം അതായത് നമ്പൂതി രിമാരുടെ അടുത്തതലമുറയുടെ വളർച്ച, വി.ടി.യുടെ സന്ദേശം അങ്ങിനെ പല നല്ല കാര്യങ്ങളും ചിന്തിക്കാം. ഉമാദേവിയെ- (കഥ ഞാൻ ഏകയാണ് ) - അറിയാം. കഥ വായിച്ചു. പക്ഷെ അതിലുള്ള ഫോൺ നമ്പർ വഴി വിളിച്ചപ്പോൾ നിലവിലില്ല

മറ്റു ലേഖകരുടെ നമ്പറുകളിൽ പ്രശ്നമില്ല.

ഉദയനേയും വിജയേട്ടനെയും വിളിച്ചു. ഫീച്ചർ വായിച്ച കാ ര്യം പറഞ്ഞു എല്ലാവർക്കും സന്തോഷം.

ഇനി ചില കുറവുകൾ:

വിഷുപ്പതിപ്പിന്റെ കവർ മഞ്ഞ കളറിൽ ആവാമായിരുന്നു. പിന്നെ കുറച്ച് കൊന്നപ്പൂക്കൾ ചേർത്ത്. അക്ഷരത്തെറ്റ് ശ്രദ്ധിക്കണം. ഉൾപേജുകളിലെ ഫോട്ടോകൾ (ബ്ലാക്ക് & വൈറ്റ്) രൂപപരി ണാമം കുറച്ചു കുടി ശ്രദ്ധിക്കണം.

എന്നാൽ ചിത്രങ്ങൾക്ക് നല്ല തെളിച്ചമുണ്ടാകും. കവർ പേജിൽ ഉള്ളടക്കത്തിലെ പ്രധാന ലേഖനത്തിന്റെ സൂചന ആകാമായി രുന്നു. ഇത്രയും പോരായ്മകൾ എന്റെ കാഴ്ച്ചപ്പാടിൽ മാത്രം. ശ്രദ്ധിച്ചാൽ നല്ലതാക്കാം. പരിശ്രമിക്കുക.

ആശംസകൾ

**പുതുമന ജയൻ**
ഉദയനാപുരം

# വായനക്കാരുടെ പേജ്




## കൂടല്ലൂർ സർവ്വകലാശാല

വിജ്ഞേയം. പറഞ്ഞാലും പറഞ്ഞാലും തീരാത്ത പെരുമ. അതു നിലനിർത്തുന്ന ആ ഗുരുകുലത്തിലെ പുതു തലമുറ ആദരണീയർ. നിറഞ്ഞവരെങ്കിലും വിനീതർ. പൂമുള്ളി പുറത്തും കൂടല്ലൂർ അകത്തും എന്ന എന്റെ ലേഖനം ഭാഷാപോഷിണിയിൽ വന്നതും വായിക്കാം. മാതൃഭൂമിയിലും വന്നിട്ടുണ്ട്. എത്ര എഴുതിയാലും പോരാ എന്നു തോന്നുന്ന ഗരിമ. ഉദ്ദണ്ഡനെ മുട്ടുകുത്തിച്ച, അയ്യാ ശാസ്ത്രിയെ രൂപപ്പെടുത്തിയ ഈ ഗരിമയ്ക്ക് പ്രണാമം.
വിനോദിനും സ്വസ്തിക്കും അഭിനന്ദനങ്ങൾ.

വി ടി വാസുദേവൻ
തൃശൂർ

## മികച്ച ഫീച്ചറും വരകളും

നന്മയെഴുന്നൊരു പെണ്ണിനെ വേൾക്കാനായ് ...
കെ എം എസിന്റെ ഫീച്ചറും പൊന്നടുക്കം ഹരിയുടെ വരകളും ക്ലാസ്സ്.

സജിത ടി
9995883493

## വിഷുപ്പതിപ്പ് ഉഗ്രൻ

വിഷുപ്പതിപ്പ് കിട്ടി. ഉഗ്രനായിട്ടുണ്ട്. ഓക്സ്ഫോർഡും, ശാന്തിനികേതനും എല്ലാം കൂടി ചേരുന്ന മനയെക്കുറിച്ച് വായിച്ചു. സ്വസ്തിയുടെ നേതൃത്വത്തിൽ കേരളത്തിലെ മനകളിലൂടെ ഒരു യാത്ര പ്ലാൻ ചെയ്യൂ. തൃപ്പൂണിത്തുറ സ്റ്റാന്റേർഡ് ടൈം എന്ന ലേഖനവും ഇഷ്ടമായി. വളരെ ഇൻഫർമേറ്റീവ് ആയിട്ടുള്ള കാര്യങ്ങളാണ് സ്വസ്തിയിൽ വരുന്നത്. നല്ല പ്രൊഡക്ഷൻ. നല്ല ഭംഗിയായി എഡിറ്റ് ചെയ്തിട്ടുണ്ട്. ആശംസകൾ.

**വർഗീസ് തോമസ്,**
മനോരമ, തിരുവല്ല.

## കഠോപനിഷത്ത് ലേഖനം നന്നായി

സ്വസ്തിയിൽ കഠോപനിഷത്തിനെക്കുറിച്ചുള്ള ലേഖനം കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ഇങ്ങനെയൊരു മാറ്റം തീരെ പ്രതീക്ഷിച്ചതല്ല. കാരണം കഠോപനിഷത്തിനെക്കുറിച്ച് ഒരു ലേഖനം കൊടുത്തത് വളരെ വലിയൊരു കാര്യമാണ്.

**ഡോ. ശ്രീധരൻ**
ഓർത്തോപീഡിക് സ്പൈൻ സർജൻ
കോവൈ മെഡിക്കൽ സെന്റർ ആന്റ് ഹോസ്പിറ്റൽസ്

## വിഷുപ്പതിപ്പ് അസ്സലായി

സ്വസ്തി മുടങ്ങാതെ കിട്ടുന്നുണ്ട്. നന്ദി.
കെട്ടിലും മട്ടിലും അതിഗംഭീരമാണ്.വിഷുപ്പതിപ്പിൽ ധാരാളമുണ്ട് വായിക്കാൻ. ചെറിയ ചില കല്ലുകടികൾ ഒഴിവാക്കാം.

**പയ്യന്നൂർ വിനീത്കുമാർ**, നീലമന, പയ്യന്നൂർ, 9995527304

## 'നമ്പൂരി'ത്തമുള്ള വര

ലേഖനവും ചിത്രങ്ങളും അസ്സലായി. പൊന്നടുക്കം ഹരിയുടേത് നല്ല വര.. ഒരു 'നമ്പൂതിരി'ത്തം.

**രാമചന്ദ്രൻ ടി എസ്,**
തൈക്കാട്, ഗുരുവായൂർ

## ലേഖനം മികച്ചത്

സ്വസ്തി ഫീച്ചർ പി.ഡി.എഫ്. ലഭിച്ചു.
കൂടല്ലൂർ മനയെ അവതരിപ്പിച്ചത് നന്നായി. നന്ദി. കൂടല്ലൂർക്കാണ് എന്നെ വിവാഹം കഴിച്ചത്. ഡോ. കെ.നാരായണൻ നമ്പൂതിരിപ്പാടിന്റെ സഹോദരനാണ് എന്റെ ഭർത്താവിന്റെ അച്ഛൻ.

**വിദ്യ നടുവം,**
യു.എസ്.എ.

## കെ.ബി.ശ്രീദേവി

കൂടല്ലൂർ മനയെപ്പറ്റിയുള്ള ലേഖനത്തിൽ പ്രശസ്ത സാഹിത്യകാരി ശ്രീമതി കെ.ബി.ശ്രീദേവി വെള്ളയ്ക്കാട്ട് മഹളും കൂടല്ലൂർ മനയിലെ അന്തർജനവുമാണ്. പിഴവ് വന്നതിൽ ഖേദിക്കുന്നു.

## ഫീച്ചർ നന്നായി

കൂടല്ലൂർ ഫീച്ചർ നന്നായിട്ടുണ്ട്. ഞങ്ങളുടെ അടുത്താണ് കുടല്ലൂർ പോരാത്തതിന് സുധേടത്തി ബന്ധുവും ആണ്. ഇത്തവണ നാട്ടിൽ എത്തിയാൽ പോവണം.

**ഉമാദേവി വി ജെ**, പാലക്കാട്




## ലേഖനത്തിൽ പിഴവ് വന്നതിൽ ഖേദിക്കുന്നു

കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച 'സമയം സൂക്ഷിക്കുന്ന നമ്പൂതിരി' എന്ന ലേഖനത്തിൽ വാച്ചുകളുടെയും ക്ലോക്കുകളുടെയും വിവരങ്ങൾ നൽകിയ ഭാഗത്ത് ചില വസ്തുതാപരമായ പാകപ്പിഴകൾ കടന്നുകൂടിയിട്ടുണ്ട്. ലേഖനത്തിനായി കൈമാറിയ പട്ടിക പണ്ട് പ്രചാരത്തിലിരുന്ന മോഡലുകളുടേതായിരുന്നു. അത് അദ്ദേഹത്തിന്റെ വ്യക്തിഗത ശേഖരത്തിലുള്ള വാച്ചുകളുടെയും ക്ലോക്കുകളുടെയും പട്ടികയല്ലായിരുന്നു. ആശയവിനിമയത്തിൽ ഉണ്ടായ ഒരു വീഴ്ച മൂലമാണ് ഈ തെറ്റിദ്ധാരണ സംഭവിച്ചത്.

അതുകൊണ്ട് ലേഖനത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന Holy Trinity, Grandfather Clock, Grandmother Clock തുടങ്ങിയവ അദ്ദേഹത്തിന്റെ വ്യക്തിഗത ശേഖരത്തിൽ ഉൾപ്പെട്ടവയല്ലെന്ന് ഇതിലൂടെ വ്യക്തമാക്കുന്നു.

ഈ പിഴവുമൂലം വായനക്കാർക്കും ബന്ധപ്പെട്ട വ്യക്തിക്കും ഉണ്ടായിട്ടുള്ള അസൗകര്യത്തിൽ ഖേദം രേഖപ്പെടുത്തുകയും, സദയം ക്ഷമിക്കണമെന്നു അഭ്യർഥിക്കുകയും ചെയ്യുന്നു.

**ശ്രീഭ നാറാണിയാട്ട്**
9447276760

# കിർഗിസ്ഥാൻ യാത്രയുടെ ലേഖനം നന്നായി

അല്പം വൈകിയാണെങ്കിലും സ്വസ്തി കയ്യിലെത്തി - . കെ.പി.നമ്പൂതിരിയുടെ ചില കവിതകൾ പണ്ട് വായിച്ചത് ഓർക്കുന്നു - ധന്യ ദാമോദരന്റെ കിർഗിസ്ഥാൻ യാത്രയുടെ ലേഖനം നന്നായി - സ്ത്രീകളുടെ പഞ്ചവാദ്യ സംഘത്തിന്റെ പ്രകടനം ഗിന്നസ് റിക്കാർഡ് നേടിയത് അഭിമാനകരമായി - പക്ഷെ അതിൽ പങ്കെടുത്ത ഉഷ ചേന്നാസ് ഇന്ന് നമ്മോടൊപ്പമില്ല.എന്റെ ചിറ്റമ്മയുടെ മകൻ പാറക്കുന്നത്ത് ചിത്രൻ നമ്പൂതിരിയുടെ മകളാണ്.അകാലത്തുള്ള അവളുടെ വേർപാട് ദു:ഖകരമാണ് കൂടല്ലൂർ ഗുരുകുലത്തെപ്പറ്റി വിനോദ് മങ്ങത്തായയുടെ ലേഖനം വിജ്ഞാപ്രദമായി. എന്റെ അച്ഛൻ അവിടെ പഠിച്ചിരുന്നുവെന്ന് അമ്മ പറഞ്ഞ് അറിഞ്ഞിരുന്നു. പ്രശസ്ത ഗണിത ശാസ്ത്രജ്ഞനായിരുന്ന സംഗമഗ്രാമമാധവന്റെ ജന്മഗൃഹമല്ലെ ഇത്. അവിടുത്തെ ഡോക്റ്റർ നാരായണൻ നമ്പൂതിരിപ്പാടിനെ വെല്ലൂർ മെഡിക്കൽ കോളേജിൽ വെച്ച് കണ്ടതായി ഓർക്കുന്നു -- ശ്രീ കെ എം എസ് ഭട്ടതിരിപ്പാടിന്റെ ലേഖനത്തിൽ ഒരിടത്ത് സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ല എന്നു പറയുന്ന ദിക്കിൽ മനു സ്മൃതിയിലെ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന വരി ഉദ്ധരിച്ചതായി കണ്ടു - ഈ ഉദാഹരണം വെച്ച് മനു സ്മൃതി സ്ത്രീ വിരുദ്ധമാണെന്ന് തെറ്റായി വ്യാഖ്യാനിച്ചിരിക്കയാണ് - 'യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ' എന്നു പറഞ്ഞതു മനു സ്മൃതിയിലാണ്

പിതാരക്ഷതി കൗമാരേ
ഭർത്തോ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർദ്ധക്യേ
ന: സ്ത്രീ സ്വാതന്ത്ര്യമർഹതീ .

ഇതാണ് പൂർണ്ണമായ ശ്ലോകം -

ഒരു സ്ത്രീയുടെ കൗമാര കാലത്ത് അച്ഛനും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ മകനും സംരക്ഷിക്കണം - സ്ത്രീ സ്വയം അധ്വാനിച്ച് ജീവിക്കരുത് എന്നാണർത്ഥം. ഞാൻ പറഞ്ഞെന്നേയുള്ളു. പിന്നെ ജി.ഡി.പി. യെക്കുറിച്ചു പറയുന്ന അഞ്ചാം ക്ലാസ്സുകാരൻ വിശ്വസിക്കാനാവുന്നില്ല

**ഇ.എ. കുബേരൻ നമ്പൂതിരി,**
എരഞ്ഞിക്കടവ് അച്ചൂറ ഇല്ലം., പി.ഓ. കയറളം, വഴി മയ്യിൽ, കണ്ണൂർ ജില്ല
മൊബൈൽ:+91 75599 04469

# അനുസ്മരണം ശ്രദ്ധേയമായി

വിയോഗം അരനൂറ്റാണ്ടിലേറെ പിന്നിട്ട കവി കെ.പി.ജി. നമ്പൂതിരിയെ അനുസ്മരിച്ചു കൊണ്ട് സ്വസ്തിയുടെ വിഷുപ്പതിപ്പിൽ ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ അനുസ്മരണം ഏറെ ശ്രദ്ധേയമായി. പ്രതിജ്ഞാബദ്ധമായ കമ്മ്യൂണിസ്റ്റ് കർമ്മയോഗവും കവിതയും സമന്വയിച്ച ആ കർമ്മകാണ്ഡത്തിന് വിധിക്കപ്പെട്ട വിസ്മൃതിയോഗമാണ് ശ്രീ. ഉദയൻ ലേഖനത്തിലൂടെ ഭേദിക്കാൻ ശ്രമി ച്ചത്. ഒട്ടേറെ സമുദായാംഗങ്ങളുൾപ്പെടുന്ന ആ ഗണത്തിലെ ഓരോരുത്തരെയായി കണ്ടെത്തി അവരുടെ ഓർമ്മകൾ വീണ്ടെടുക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം അത്യന്തം ശ്ലാഘനീയംതന്നെ. പ്രശസ്തി യാഗ്ര ഹിക്കാതെ, പിന്നിട്ട വിദൂരകാലത്തിന്റെ സവിശേഷമായ ചാലകശക്തിയായി പ്രവർത്തിച്ച് മൺമറഞ്ഞവരെ, കത്തിയമർന്ന ഇന്ധനത്തോടുപമിച്ചത് മഹാനായ എം.എൻ.വിജയൻമാഷാണ്. പുതുകാലത്ത് അതെല്ലാം ഓർത്തെടുക്കാൻ ശ്രമിക്കുന്ന ഇത്തരം ലേഖനങ്ങൾ അവർക്കുള്ള ഉചിതമായ ശ്രദ്ധാഞ്ജലി കൂടിയാണ്. സാഹിതീമൂല്യമുള്ള വിഭവങ്ങളാൽ സ്വസ്തി വേറിട്ടു നില്ക്കുന്നതായും സൂചിപ്പിച്ചു കൊള്ളട്ടെ. 'സ്വസ്തി'ക്കും ഉദയനും സ്നേഹാഭി വാദ്യം.

**പ്രൊഫ. കെ.ജി.നാരായണൻ**
കാരണത്തുമന, കെ.പി. ജി നഗർ, അഴകം
അങ്കമാലി, മൊബൈൽ 9495194131.

# വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ

## സി.ബി.എസ്.ഇ.



### ആദീശങ്കർ

സി.ബി.എസ്.ഇ. പത്താം ക്ലാസ് ബോർഡ് എക്സാമിൽ 97.2 ശതമാനം മാർക്ക് നേടി ഉന്നത വിജയം നേടിയ അമുന്തുരുത്തി മഠം ജയകുമാറിന്റേയും സന്ധ്യയുടേയും മകൻ ആദീശങ്കർ എ ജെ



### ഗോവിന്ദ് നാരായണൻ

അരുവിക്കര ഉപസഭ അംഗവും വെളിയന്നൂർ നീലമന മാധവവിലാസത്തമഠത്തിൽ മാധവൻ പോറ്റിയുടെയും അശ്വതി സ്വർണ്ണലേഖയുടേയും മകൻ ഗോവിന്ദ് നാരായണൻ ഇക്കഴിഞ്ഞ സി.ബി.എസ്. ഇ. പരീക്ഷയിൽ 95.8 ശതമാനം മാർക്കോടുകൂടി വിജയം കരസ്ഥമാക്കി.



### ദേവിശ്രീ ജി

പാൽകുളങ്ങര ഉപസഭാംഗമായ പാച്ചമംഗലത്തു ഗോവിന്ദൻ നമ്പൂതിരി ലതിക ദമ്പതികളുടെ മകളായ ദേവിശ്രീ ജി 92 ശതമാനം മാർക്കോടുകൂടി സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കി.



### നന്ദന ശർമ്മ

അരുവിക്കര ഉപസഭാംഗമായ ജ്യോതിമഠത്തിൽ ശംഭു പോറ്റിയുടെയും ജയകുമാരിയുടെയും മകളായ നന്ദന ശർമ്മ 91 ശതമാനം മാർക്കോടു കൂടി സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ വിജയം കരസ്ഥമാക്കി



### ചന്ദ്രഹരിക്ക് എസ്.എസ്.എൽ.സി.ക്ക് ഫുൾ എ പ്ലസ്

എസ്.എസ്.എൽ.സി.ക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ ചന്ദ്രഹരി, ചേലോട്ടില്ലം, വടകര ഉപസഭ



### വൃന്ദ പ്രദീപിന് എസ്.എസ്.എൽ.സി.ക്ക് ഫുൾ എ പ്ലസ്

എസ്.എസ്.എൽ.സി.ക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ വൃന്ദ പ്രദീപ് കക്കാട്, വടകര ഉപസഭ.



### അഭിറാമിന് ബി.എ. വയലിനിൽ രണ്ടാം റാങ്ക്

എം.ജി.യൂണിവേഴ്സിറ്റി ബി.എ. വയലിനിൽ രണ്ടാം റാങ്കിന് അഭിറാം ആർ. അർഹനായി. തൃപ്പൂണിത്തുറ ആർ.എൽ.വി. ഗവ. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈനാർട്സ് വിദ്യാർത്ഥിയായിരുന്നു.



### എസ്.എസ്.എൽ.സി. ഫുൾ എ പ്ലസ് നേടി എം.പാർവ്വതി

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയ എം. പാർവ്വതി. മേലാറ്റൂർ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിനിയാണ്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ബാന്റ് വാദ്യത്തിലും എ ഗ്രേഡ് നേിയ മണ്ണാനിക്കാട്ട് പ്രവീണിന്റെയും പ്രിയയുടെയും മകളാണ് പാർവ്വതി.



### ഇൻഫിനിറ്റി സി.ഇ.ഒ. അനന്തകൃഷ്ണൻ

കാർമോണ്ട് ഇൻഫിനിറ്റി എന്ന അനിമേഷൻ സ്ഥാപനത്തിന്റെ സി.ഇ.ഒ. ടി.യു. അനന്തകൃഷ്ണൻ. സിനിമ, മ്യൂസിക് വീഡിയോ, കോർപ്പറേറ്റ് വീഡിയോ എന്നിവയ്ക്കു വേണ്ടിയുള്ള അനിമേഷൻ വർക്കുകൾ ചെയ്യുന്ന സംരംഭമാണ് കാർമോണ്ട് ഇൻഫിനിറ്റി. അനിമേഷൻ രംഗത്തെ പ്രശസ്തമായ എ.എൻ.എൻ. അവാർഡ്സിൽ രണ്ടു പുരസ്കാരങ്ങൾ കാർമോണ്ട് ഇൻഫിനിറ്റിയെ തേടിയെത്തി. ഓച്ചിറ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ മകനാണ് അനന്തകൃഷ്ണൻ.




## എൽ.എസ്.എസ്, യു.എസ്.എസ്. കരസ്ഥമാക്കി

ഫറോക്ക് ഉപസഭാംഗം വൈകുണ്ഠം നീലമന ശ്രീഹരിയുടെയും പുതുമന അശ്വതിയുടെയും മക്കളായ ശ്രീരാധിക എൽ.എസ്.എസ്സും, ശ്രീനന്ദിനി യു.എസ്.എസ്സും നേടി. ശ്രീനന്ദിനിയും ശ്രീരാധികയും സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിലും റാങ്ക് നേടി.



## അനന്യ മാധവന് പ്ലസ് ടുവിൽ ഫുൾ എ പ്ലസ്

പ്ലസ് ടുവിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ അനന്യ മാധവൻ. കിഴക്കിനിയേടത്ത് മേക്കാട്ടില്ലം, വടകര ഉപസഭ



## പാർവ്വതിക്ക് പ്ലസ് ടുവിൽ ഫുൾ എ പ്ലസ്

തൃശൂർ തലോർ ഉപസഭാംഗം പാലയൂർ ശങ്കരനാരായണന്റെയും ആരതിയുടെയും മകൾ പാർവ്വതി പ്ലസ് ടുവിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കി.



## നിവിതക്ക് പ്ലസ് ടുവിൽ ഫുൾ എ പ്ലസ്


പ്ലസ് ടുവിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ നിവിത. ചെങ്ങന്നൂർ മുണ്ടൻകാവ് പാലപ്പിള്ളി മഠം. മൊബൈൽ: 9048038050.



## രമാദേവിക്ക് പ്ലസ് ടുവിൽ മികച്ച വിജയം

കിളിമാനൂർ ഉപസഭാംഗങ്ങളായ മാളിക മന മാധവൻ പോറ്റി ശ്രീജാദേവി ദമ്പതികളുടെ മകളായ രമാദേവി +2 പരീക്ഷയിൽ 1194/1200 മാർക്കുവാങ്ങി വിജയിച്ചു.

## ദേവ്ന പി.എം ന് ഐ.ആർ.ആർ.സി.യിൽ ഒന്നാം സ്ഥാനം



അമേരിക്കയിൽ കാലിഫോർണിയയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര റിസർച്ച് കോൺഫറൻസ് ഫോർ ചിൽഡ്രൻസ്ൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.ഗ്ലോബൽ യംഗ് റിസർച്ചേഴ്സ് അക്കാദമിയുടെ (GYRA) കീഴിൽ അമേരിക്കയിലെ കാലിഫോർണിയയിലുള്ള മിൽപിറ്റാസിൽ (Milpitas, California, USA) വെച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര റിസർച്ച് കോൺഫറൻസ് ഫോർ ചിൽഡ്രൻ (IRCC) 2026ൽ ദേവ്ന.പി.എം, ഒന്നാം സ്ഥാനം കരസ്ഥമാക്കി.

യുവവിദ്യാർത്ഥികളെ ശാസ്ത്ര ഗവേഷണങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുന്ന ഒരു അന്താരാഷ്ട്ര കൂട്ടായ്മയാണ് GYRA (ഗ്ലോബൽ യംഗ് റിസർച്ചേഴ്സ് അക്കാദമി). കുട്ടികളിൽ ഗവേഷണ അഭിരുചി, ശാസ്ത്രീയ ചിന്താഗതി, നൂതനമായ പ്രശ്നപരിഹാര നൈപുണ്യങ്ങൾ എന്നിവ വളർത്തിയെടുക്കുന്നതിനായി അവർ മാർഗ്ഗനിർദ്ദേശങ്ങളും, അവസരങ്ങളും നൽകുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ, മെന്റർമാർ, അധ്യാപകർ, രക്ഷിതാക്കൾ, യുവ ഗവേഷകർ എന്നിവർക്ക് മുന്നിൽ സ്കൂൾ തലത്തിലുള്ള ഗവേഷകർ തങ്ങളുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്ന ഏഥഞഅയുടെ പ്രധാന ആഗോള വേദികളിലൊന്നാണ് IRCC.

"Plant-Extract-Treated Cloth Wraps as a Natural Method for Preserving Fruits and Vegetables' എന്ന വിഷയത്തിലാണ് ദേവ്ന തന്റെ ഗവേഷണ പ്രബന്ധം അവതരിപ്പിച്ചത്.

വേപ്പ്, മഞ്ഞൾ, തുളസി, കറ്റാർവാഴ എന്നീ ഔഷധ സസ്യങ്ങളുടെ സത്തിൽ സംസ്കരിച്ച തുണികൾ ഉപയോഗിച്ച്, പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണ കാലാവധി (Shelf life) വർദ്ധിപ്പിക്കുവാൻ സാധിക്കുമോ എന്നതായിരുന്നു ഈ പഠനം പരിശോധിച്ചത്.

ഔഷധ സസ്യങ്ങളുടെ സത്തിൽ സംസ്കരിച്ച തുണികൾ ഉപയോഗിച്ച് പച്ചക്കറികളുടെയും പഴങ്ങളുടെയും സംഭരണ കാലാവധി വർദ്ധിപ്പിക്കുവാൻ സാധിക്കും എന്ന് ഈ പഠനത്തിൽ കണ്ടെത്തി. അതിൽ തന്നെ, വേപ്പിന്റെ സത്തിൽ സംസ്കരിച്ച തുണിയാണ് ഏറ്റവും മികച്ച ഫലം കാണിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി 'EcoWrap' എന്ന പേരിൽ ഒരു പ്രായോഗിക മാതൃകയും (prototype) തയ്യാറാക്കിയിരുന്നു.

മലപ്പുറം ജില്ലയിൽ ശുകപുരം ഉപസഭയിൽ പുക്കുഴി ഇല്ലത്ത് ഡോക്ടർ ഹരിയുടെയും ഡോക്ടർ രാഗിതയുടെയും മകളാണ്, കക്കിടിപ്പുറം KVUP സ്ക്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുന്ന ഈ കൊച്ചു മിടുക്കി..



**ഡോ.ആദിത്യ കെ.മൂർത്തിക്ക് പി.എച്ച്.ഡി.**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗുവാഹാട്ടിയിൽ നിന്ന് നിർമ്മിതബുദ്ധിയിൽ പി.എച്ച്.ഡി. നേടിയ ഡോ. ആദിത്യ കെ.മൂർത്തി. എടപ്പാളിലെ ആയുർവേദ ഡോക്ടറായ ഡോ. കിരാതമൂർത്തിയുടെയും ഡോ. പാർവ്വതീദേവിയുടെയും മകനാണ്.



**മേധക്ക് ഐ.സി.എസ്.ഇ.യിൽ ഉന്നത വിജയം**

ഐ.സി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ മികച്ച മാർക്കോടെ ഉന്നതവിജയം കൈവരിച്ച മേധ. മൂവാറ്റുപുഴ, ത്രികളത്തൂർ മാളികമനയിൽ മണികണ്ഠൻ വീണ ദമ്പതികളുടെ മകളാണ് മേധ.



**ശ്രീഹരി നാരായണന് സംസ്കൃതം സ്കോളർഷിപ്പ്**

ഈ വർഷത്തെ സംസ്കൃതം സ്കോളർഷിപ്പ് ലഭിച്ച ശ്രീഹരി നാരായണൻ അരീക്കര .



# ന്യൂ ഇന്ത്യ അഷ്വറൻസ് സിഎംഡി ലാവണ്യ മുണ്ടയൂർ

രാജ്യത്തെ ഏറ്റവും വലിയ ജനറൽ ഇൻഷുറൻസ് മൾട്ടിനാഷണൽ കമ്പനിയായ ന്യൂ ഇന്ത്യ അഷ്വറൻസിന്റെ പുതിയ സിഎംഡിയായി ഫിനാൻഷ്യൽ സർവീസസ് ഇൻസ്റ്റിറ്റ്യൂഷൻസ് ബ്യൂറോ (എഫ്എസ്ഐബി) അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി (എഐസി)യിലെ സിഎംഡിയായ 57 കാരി ലാവണ്യ മുണ്ടയൂരിനെ തിരഞ്ഞെടുത്തു.

35 വർഷത്തെ പരിചയസമ്പത്തുള്ള മുണ്ടയൂർ നിലവിൽ പൊതുമേഖലാ ജനറൽ ഇൻഷുറൻസ് വ്യവസായത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സിഎംഡിയാണ്. 1991-ൽ ഡയറക്ട് റിക്രൂട്ട് ഓഫീസറായി എൻഐഎയിൽ ചേർന്ന അവർ 2024-ൽ സിഎംഡിയായി എഐസിയിലേക്ക് മാറുന്നതിന് മുമ്പ് എൻഐഎയുടെ ജനറൽ മാനേജരും ചീഫ് അണ്ടർറൈറ്റിംഗ് ഓഫീസറുമായിരുന്നു.

നിരവധി പുതിയ സംരംഭങ്ങൾക്ക് തുടക്കമിട്ടതിനു പുറമേ, മുണ്ടയൂരിന്റെ നേതൃത്വത്തിൽ എഐസി, ആഭ്യന്തര വിള ഇൻഷുറൻസ് വിപണിയിലെ വിഹിതം 25 സാമ്പത്തിക വർഷത്തിൽ 32 ശതമാനത്തിൽ നിന്ന് 26 സാമ്പത്തിക വർഷത്തിൽ 47 ശതമാനമായി വർദ്ധിപ്പിച്ചു.

‘ഇന്റർഫേസിലെ അവരുടെ പ്രകടനം, മൊത്തത്തിലുള്ള പ്രവർത്തന പരിചയം, നിലവിലുള്ള പാരാമീറ്ററുകൾ എന്നിവ കണക്കിലെടുത്താണ് ലാവണ്യ മുണ്ടയൂരിന്റെ നിയമനം. 2029 മെയ് മാസത്തിൽ അവർ വിരമിക്കും.

എ.ഡി.മാധവൻ, രാധാ മാധവൻ ദമ്പതിമാരുടെ മകളാണ് ലാവണ്യ.



**മാധവൻ നമ്പൂതിരിക്ക് അന്താരാഷ്ട്ര പേറ്റന്റ്**

എറണാകുളം ജില്ലയിലെ തൃക്കാക്കര ഉപസഭ അംഗമായ ശ്രീ. മാധവൻ നമ്പൂതിരിക്ക് തന്റെ നൂതന കണ്ടുപിടിത്തമായ “An Underwater Capsule Cooling System' ന് അന്താരാഷ്ട്ര പേറ്റന്റ് ലഭിച്ചിരിക്കുകയാണ്. ശാസ്ത്രലോകത്തിന് വലിയ സംഭാവനയായ ഈ നേട്ടം കഠിനാധ്വാനത്തിന്റെയും അന്വേഷണാത്മക മനസ്സിന്റെയും വിജയമാണ്. ഡിഫെൻസ് റിസർച്ച് ഡെവലൊപ്മെന്റ് ഓർഗനൈസേഷൻ വിഭാഗമായ തൃക്കാക്കരയിൽ പ്രവർത്തിക്കുന്ന നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യനോഗ്രഫിക്കൽ ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻ ആണ് പള്ളിപ്പാട് കടശ്രനീലമന കുടുംബാംഗമായ ശ്രീ. മാധവൻ നമ്പൂതിരി. സമുദായ സമൂഹത്തിലെ ശ്രദ്ധേയനായ ഓതിക്കോൻ കൂടിയാണ്.യശശരീരനായ ബ്രഹ്മശ്രീ ശംഭു നമ്പൂതിരിയുടെയും സാവിത്രി ദേവിയുടെയും മകനാണ്. സോഫ്റ്റ്‌വെയർ എൻജിനീയർ ആയ ഗായത്രി ആണ് പത്നി.



## കത്തയിലും കുമിത്തെയിലും സ്വർണ മെഡലുകൾ

ടകെഷി കപ്പ് 2026 ദേശീയ കരാട്ടെ ചാമ്പ്യൻഷിപ്പിൽ ദേവരൂപ എം. എസ്. കത്തയിലും കുമിത്തെയിലും സ്വർണ മെഡലുകൾ നേടി. അമെയ് എം. എസ്. കത്തയിൽ സ്വർണ മെഡലും കുമിത്തെയിൽ വെള്ളി മെഡലും കരസ്ഥമാക്കി. സരൂപ് എം. എൻ. (മാങ്കുള ത്തില്ലം,പയ്യന്നൂർ), സരിക കൃഷ്ണൻ (കൊക്കുളത്ത് മഠം,കൊട്ടാരക്കര) ദമ്പതികളുടെ മക്കളാണ്.

# എൻ.ജയൻ ഐ.എസ്.ആർ.ഒ.യുടെ എൽ.പി.എസ്.സി. മേധാവി



ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനമായ ഐഎസ്ആർഒയുടെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ (LPSC) ഡയറക്ടറായി ചങ്ങരംകുളം സ്വദേശിയായ എൻ. ജയൻ നിയമിതനായി. ഇന്ത്യയുടെ തദ്ദേശീയ ക്രയോജനിക് എൻജിൻ വികസനത്തിലും GSLV മാർക്ക്-3 റോക്കറ്റിലെ CE-20 എൻജിൻ വികസനത്തിനും നേതൃത്വം നൽകിയ പ്രമുഖ ശാസ്ത്രജ്ഞനാണ് അദ്ദേഹം. ബഹിരാകാശ ഗവേഷണ രംഗത്തെ മികച്ച സംഭാവനകൾക്ക് രാഷ്ട്രീയ വിജ്ഞാൻ പുരസ്കാർ 2025 ഉൾപ്പെടെ നിരവധി ദേശീയ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. റിട്ട. വി.എസ്.എസ്.സി ശാസ്ത്രജ്ഞൻ എടപ്പാൾ കെ. സി. നാരായണൻ നമ്പൂതിരിയുടെയും മൂക്കുതല പന്താവൂർ മനയിൽ ലീലയുടെയും മകനാണ് എൻ. ജയൻ.



*വെദിരമന വിഷ്ണു നമ്പൂതിരി സ്മാരക കർമ്മശ്രേഷ്ഠ പുരസ്കാരം ഡോ. എം.ഹരിദാസിന് കേശവതീരം ഡയറക്ടർ ലത വി.അന്തർജനം സമ്മാനിക്കുന്നു.*

## വെദിരമന വിഷ്ണു നമ്പൂതിരി സ്മൃതി സംഗമം

സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ പ്രവർത്തകനും കേശവതീരം ആയുർവ്വേദ ഗ്രാമം സ്ഥാപകനുമായ വെദിരമന വിഷ്ണു നമ്പൂതിരിയുടെ ചരവാർഷിക ദിനാചരണം പുറച്ചേരി കേശവതീരം ആഅയുർവ്വേദ ഗ്രാമത്തിൽ നടന്നു. വെദിരമന തറവാട്ടു കാരണവർ വെദിരമന ഈശ്വരൻ നമ്പൂതിരി ദീപം തെളിയിച്ചു. സ്മൃതി സംഗകമം നോവലിസ്റ്റ് സി.വി.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സനൂപ് മോഹൻ അദ്ധ്യക്ഷത വഹിച്ചു. മുൻ എം.എൽ.എ. ടി.വി.രാജേഷ് മുഖ്യാതിഥിയായി. ഒ.കെ.നാരായണൻ സ്മൃതിഭാഷണം നടത്തി. ചടങ്ങിൽ വെദിരമന വിഷ്ണു നമ്പൂതിരി സ്മാരക കർമ്മശ്രേഷ്ഠ പുരസ്കാരം ഡോ. എം.ഹരിദാസിന് കേശവതീരം ഡയറക്ടർ ലത വി.അന്തർജനം സമ്മാനിച്ചു. കേശവതീരം ഭിഷക് ശ്രീ പുരസ്കാരം ഡോ.ത വി.കെ.ഉയദവർമ്മ, യുവ ഭിഷക് പുരസ്കാരം ഡോ. പ്രശാന്ത് ആറ്റുപുറം, കാരുണ്യശ്രേഷ്ഠ പുരസ്കാരം ഉണ്ണി പുത്തൂർ എന്നിവർക്ക് നൽകി.

# കെ.എൻ.ആർ നമ്പൂതിരി വീണ്ടും അരങ്ങിൽ

മലയാള മനോരമ മുൻ സ്പോർട്സ് എഡിറ്ററും സീനിയർ ജേണലിസ്റ്റ്സ് ഫോറം അംഗവുമായ (കോട്ടയം) കെ.എൻ.ആർ നമ്പൂതിരി വീണ്ടും അരങ്ങിൽ.

മുപ്പത് വർഷത്തിനു ശേഷമാണ് അദ്ദേഹം കഥകളി വേഷവുമായി എത്തിയത്.

കോട്ടയം മണ്ണക്കനാട് കാവിൽ ഭഗവതി ക്ഷേത്രം പൂരമഹോത്സവത്തോടനുബന്ധിച്ചായിരുന്നു നമ്പൂതിരി പൂതനാമോക്ഷം കഥകളി അവതരിപ്പിച്ചത്. കലാ കുടുംബത്തിലെ അംഗമാണു അദ്ദേഹം.

സിനിമാ നടൻ ബാബു നമ്പൂതിരി സഹോദരനാണ്.



*കെ.എൻ.ആർ നമ്പൂതിരി കഥകളി അവതരിപ്പിക്കുന്നു*



# മൊടപ്പിലാപ്പിള്ളി മന ഒരു തുറന്ന പുസ്തകം

പുസ്തകപരിചയം

മലപ്പുറം പടിഞ്ഞാറ്റുംമുറിയിലാണ് മൊടപ്പിലാപ്പിള്ളി മന.

നൂറ്റാണ്ടുകളുടെ കഥ പറയുന്ന വിശാലമായ എട്ടുകെട്ടാണ് മനയ്ക്ക്. മുന്നൂറോളം ക്ഷേത്രങ്ങളിൽ താന്ത്രികവൃത്തി ഇവർക്കുണ്ട്.

പരേതനായ മൊടപ്പിലാപ്പിള്ളി വാസുദേവൻ നമ്പൂതിരിപ്പാട് നിരവധി പരിമിതികൾക്കിടയിലും മക്കൾക്ക് നല്ല വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കി. പാരമ്പര്യമായി മനക്കാർ ചെയ്തുവരുന്ന താന്ത്രിക കാര്യങ്ങൾ ഉപേക്ഷിക്കരുതെന്നും അദ്ദേഹം മക്കളോട് നിഷ്ക്കർഷിച്ചു. തന്റെ വക്കീൽ പ്രഫഷൻ മാറ്റിവെച്ച് ഡോ: പരമേശ്വരൻ നമ്പൂതിരിപ്പാട് ക്ഷേത്രപൂജകളുടെ ലോകത്തേക്ക് നടന്നു കയറുന്നത് അച്ഛന്റെ അനുഗ്രഹാശിസ്സുകളോടെയാണ്. അനിയന്റെ (പരമേശ്വരന്റെ വിളിപ്പേര്) തീരുമാനങ്ങൾക്ക് അമ്മ ലീലാ അന്തർജനവും മറ്റു മക്കളും നിറഞ്ഞ പിന്തുണ നൽകി.

മൊടപ്പിലാപ്പിള്ളി മന നാട്ടാർക്ക് എന്നും മറ്റൊരു വീടും ക്ഷേത്രവുമാണ്. ഒരാളെയും മാറ്റി നിർത്തുന്ന പാരമ്പര്യം മനക്കാർക്കില്ല. ഹിന്ദുവും മുസ്ലീമും ഇവിടെ ഐക്യത്തിന്റെ മൊടപ്പിലാപ്പിള്ളി സ്റ്റോറികൾ സൃഷ്ടിക്കുന്നു.

തെളിഞ്ഞ ഭാഷ, സത്യസന്ധത. അവതാരികയിൽ പ്രശസ്ത നോവലിസ്റ്റ് സി രാധാകൃഷ്ണൻ നിരീക്ഷിച്ചതു പോലെ ഒരു കാർമ്മികൻ, അഥവാ തന്ത്രിവര്യൻ തന്റെ ജീവിതം പറയുന്നത് മലയാള ഭാഷയിൽ ഇതാദ്യം.

ഒരു പുരുഷായുസ്സെന്നു വെച്ചാൽ 120 വർഷം. പണ്ട് സന്തതികൾ വാഴാനായി പരദേവതകൾക്ക് നൂറ്റിഇരുപതു കളം പാട്ട് നടത്തിയ പുണ്യക്ഷേത്രമാണ് മൊടപ്പിലാപ്പിള്ളി. ദ്വാദശനാമങ്ങൾക്കുമപ്പുറം ആയിരത്തെട്ട് ബ്രാഹ്മണരെ ഒന്നിച്ചിരുത്തി സഹസ്രനാമം കാലുകഴുകിച്ചൂട്ട് നടത്തിയിരുന്നത്രെ ഇവിടെ. വള്ളുവനാടിന്റെ രക്ഷകനായ ഏറാട്ടു കാളാനും തിരുമാന്ധാംകുന്ന് ഭഗവതിയും മനയ്ക്കലെ ദേവതമാർ. ത്രിമൂർത്തികൾക്ക് നിത്യ തേവാരം.

പത്തേക്കർ വരുന്ന വിശാലമായ ഇല്ലപ്പറമ്പിൽ വലിയ സർപ്പക്കാവുകൾ. നാഗാരാധനയ്ക്കു പുറമെ

സർവ്വജീവജാലങ്ങൾക്കും വർഷത്തിൽ പ്രകൃതീപൂജ നടത്താറുണ്ട് മനക്കാർ.


കുക്ഷിശാസ്താവ് അഥവാ കുട്ടിച്ചാത്തൻമാർ നാടിനെ പ്രസാദിച്ചനുഗ്രഹിക്കുന്നു.അമൂല്യമായ താളിയോല ഗ്രന്ഥങ്ങൾ മനയിലുണ്ട്. നൂറ്റാണ്ടുകൾ മുമ്പുപെരുവനം ഗ്രാമത്തിൽ നിന്നും വന്നവരാണെന്ന് ചരിത്രം.കൊട്ടാരക്കരയ്ക്കടുത്തും മൊടപ്പിലാപ്പിള്ളി എന്ന പേരിൽ ഒരു മഠമുണ്ട്. എല്ലാം പുസ്തകത്തിൽ വിശദീകരിക്കുന്നു.

എല്ലാവരെയും നിറപുഞ്ചിരിയോടെ. സ്വീകരിക്കുന്ന അമ്മ മൊടപ്പിലാപ്പിള്ളി മനയിലെ നിറദീപമാണ്. ഡോ പരമേശ്വരൻ നമ്പൂതിരിപ്പാടിന് ആറു സഹോദരങ്ങൾ. സഹധർമ്മിണി അപർണ, കുട്ടികൾ അമോഘും ഭദ്രയും. ജനപ്രിയതന്ത്രിയായഅച്ഛനോടൊപ്പം അമോഘ് കൃഷ്ണൻ താന്ത്രിക പാരമ്പര്യത്തിന്റെ തുടർച്ചക്കാരനാവുന്നു.

മനയുടെ മന്ത്രസിദ്ധിയിൽ പിറന്ന ഈ പുസ്തകം എല്ലാം കൊണ്ടും മസ്റ്റ് റീഡ്.തുടർന്ന് റഫർ ചെയ്യാനും സൂക്ഷിച്ചു വെയ്ക്കാനും ..

•

ഗ്രന്ഥകർത്താവ്
ഡോ: മൊടപ്പിലാപ്പിള്ളി പരമേശ്വരൻ നമ്പൂതിരിപ്പാട്.




**മന്ത്രസിദ്ധിയിൽ മൊടപ്പിലാപ്പിള്ളി**

പേജ്: 400 കമനീയമായ
അച്ചടി കട്ടിക്കവർ.

വില: Rs 799/
പുസ്തകം ലഭിക്കാൻ :
**കൈപ്പട പബ്ലീഷിംഗ് ഹൗസ്, എറണാകുളം.**
**80893 53140 / 94972 02486**

## സമാവർത്തനം
**29/04/26**

## അദ്വൈത് ഇ എം

ഇടക്കുറ്റിപ്പുറത്ത്
മുല്ലപ്പള്ളി ഇല്ലം
അഴിഞ്ഞിലം, മലപ്പുറം



*ആശംസകളോടെ,*
ഇ എം ശ്രീകാന്ത്,
ദിവ്യ പി എൻ,
അക്ഷത് ഇ എം
നമ്മുടെ അമ്മാത്ത് ടീം
ശിൽപ പൊതുവായ
& ദേവൻ പടിഞ്ഞാറ്റീരി,
ശരണ്യ പാനാട്ട് &
വൈശാഖ് താഴക്കുളം
ശരത് പാനാട്ട്,
ഹരിദാസ് വേണാട്,
ശിവശങ്കർ വേണാട്,
രഘുശങ്കർ
കോടിതലപ്പണ,
സാരംഗ്
കോടി തലപ്പണ

## ചോറൂൺ
## ഉമാദേവി (പല്ലവി)

പൂങ്ങാട് നാരായണന്റേയും, നീനയുടെയും മകൾ ഉമാദേവി (പല്ലവി)യുടെ ചോറൂൺ ഏപ്രിൽ 12 ഞായറാഴ്ച പൂങ്ങാട്ട് മനയിൽ വെച്ച് നടന്നു.





## ചോറൂൺ

ശരത് വി സി യുടെയും
പ്രജിഷയുടെയും മകളായ

## ഏകാക്ഷി രുദ്ര വി സി

യുടെ ചോറൂൺ
**19 /04/26 ന്**
വലിയ ചെമ്പാഴി ഇല്ലത്ത്
ആഘോഷിച്ചപ്പോൾ



*ആശംസകളോടെ*
നീലകണ്ഠൻ നമ്പൂതിരിപ്പാട്,
സരസ്വതി അന്തർജനം, മുരളി ചെമ്പാഴി,
സംഗീത പി, സന്തോഷ് ചെമ്പാഴി, ഋത്വിക് ചെമ്പാഴി,
രാജൻ പി, പ്രേമലത പി

# കുട്ടിക്കൂട്ടം








**നിവിത**
പാലപ്പിള്ളി മഠം,
പി.ഒ.മുണ്ടൻകാവ്,
ചെങ്ങന്നൂർ
ഫോൺ: 9048038050



**സാത്വിക്ക് നമ്പൂതിരി**
S/o സുകുമാരൻ നമ്പൂതിരി,
സുമലത സുകുമാരൻ
പുരഞ്ചേരി ഇല്ലം, വടകര ഉപസഭ







**ശിവദ**
D/o നാരായണൻ, സതി
ആഴട്ടില്ലം
വടകര ഉപസഭ



**ഭദ്ര കെ.എൻ.**
D/o ശ്രീകുമാർ,
ബീനാകുമാരി
അമ്പിളി ഇല്ലം
നടുവിലാട്ട് ഇല്ലം,
അകത്തൂട്ട്
കക്കോടി ഉപസഭ

**മീനാക്ഷി**
D/o ബി.അജികൃഷ്ണൻ,
ഡോ. ധന്യ
ദേവരാഗം,
തോട്ടത്തിൽ ഇല്ലം
വലിയകുളങ്ങര, ഓച്ചിറ





# ചൈന എനിക്ക് നല്ലോണം ഇഷ്ടായി

സ്കൂൾ അടച്ച് കുറേ ദിവസായി ബോർ അടിച്ച് ഇരിക്കുമ്പോ അമ്മ ചൈന പോയാലോന്ന് പറഞ്ഞപ്പോൾ എനിക്ക് വലിയ സന്തോഷായി. കാരണം എന്റെ ആദ്യത്തെ വിദേശ യാത്രയാണ്, പിന്നെ നൂറ് നിലകളുള്ള ബിൽഡിംഗ് കാണുന്നതിന്റെ സന്തോഷോം

പിന്നെ ഞങ്ങൾ ഫുൾ പ്രിപ്പറേഷനിലായി. പോകുന്ന സ്ഥലങ്ങളെല്ലാം ഗൂഗിൾ ചെയ്ത് കണ്ടുപിടിക്കാൻ തുടങ്ങി. ഓരോന്നു കാണുമ്പോഴും ചൈനേലെത്താൻ തിരക്കായി


കൊച്ചിയിൽ നിന്നായിരുന്നു ഫ്ളൈറ്റ്. അതോണ്ട് ഞങ്ങൾ ഒരു ദിവസം മുൻപ് അമ്മാവന്റെ ഫ്ലാറ്റിൽ പോയി. ഉണ്ണിക്കുട്ടന്റെ കൂടെ കളിച്ചു. പിന്നെ പ്രിയമ്മായി കിഡ്സ് ക്യാപ്പിറ്റലിൽ കൊണ്ടുപോയി അങ്ങിനെ എറണാംകുളത്തും അടിച്ചു പൊളിച്ചു

24 ന് രാവിലെ അമ്മ എണീപ്പിച്ചു. ചൈന പോണോണ്ട് ഞാൻ വേഗം റഡിയായി. ഞാനും അമ്മയും മുത്തച്ഛനും അമ്മമ്മയും കൂടി എയർപോർട്ട് എത്തിയപ്പോൾ കുറേ ആൾക്കാർ ഇങ്ങോട്ട് വന്ന് സംസാരിച്ചു. അവരും ഞങ്ങളുടെ കൂടെ വരുന്നുണ്ട്. അതിൽ തന്നെ 6 ൽ പഠിക്കുന്ന ഭരത് ഏട്ടൻ, ഗാഥച്ചേച്ചി പിന്നെ കുറേ ചേച്ചിമാർ. എനിക്കു സന്തോഷായി. കളിക്കാൻ ആളായല്ലോ

ആദ്യം ഞങ്ങൾ ദൽഹി ഫ്ളൈറ്റിൽ കയറി. സൈഡ് സീറ്റ് കിട്ടിയത് അടിപൊളിയായി. പിന്നെ ദൽഹിയിൽ നിന്ന് ചൈനയിലേക്ക്. 7 മണിക്കൂർ. കുറച്ച് ടോയ്സും പുസ്തകങ്ങളും മുന്നിലെ സ്ക്രീനിൽ സിനിമയും. ഞാൻ ഉറങ്ങിയതേ ഇല്ല. ഇടക്കിടക്ക് സ്ക്രീനിൽ ഫ്ളൈറ്റ് എവിടെ എത്തി എന്നു നോക്കി. ഞാൻ ഫുൾ എൻജോയ് ചെയ്തു

8.30ന് ഷാങ്ഹായ് എത്തി. എന്തൊരു വലുപ്പാ എയർപോർട്ടിന് ? അവിടെ ഞങ്ങളെ കൂട്ടാൻ ബെയ്‌ലി എന്നൊരു ചൈനീസ് ഗൈഡ് വന്നു. ഇവിടത്തെ ബസ്സിൽ എല്ലാരും സീറ്റ് ബൽറ്റ് ഇടണം. ഇല്ലെങ്കിൽ ചൈനീസിൽ ബൽറ്റിടാൻ പറഞ്ഞുകൊണ്ടേ ഇരിക്കും. നേരെ ഹോട്ടലിൽ പോയി. റൂമിൽ സാധനങ്ങൾ തരാൻ അടിപൊളി റൊബോട്ട് ഉണ്ട്. സുഖായി ഉറങ്ങി.

രാവിലെ 6.30 ന് എഴുന്നേറ്റു. ബുഫേ ഫുഡ്. കുറേ ഐറ്റംസ്. അമ്മ ഗൂഗിൾ ചെയ്ത് വെജ് കണ്ടുപിടിച്ചു. നല്ല ടേസ്റ്റ് പിന്നെ കുറേ സ്ഥലങ്ങൾ കാണാൻ പോയി. റോഡിനൊക്കെ നല്ല വൃത്തി. നിറയെ ചെടികളും പൂക്കളും. വലിയ വലിയ കളർഫുൾ കെട്ടിടങ്ങൾ. പിന്നെ ഒരു പഴയ സ്ട്രീറ്റിൽ പോയി. ഒറിജിനൽ പൂക്കൾ കൊണ്ട് ഡിസൈൻ ചെയ്ത കെട്ടിടങ്ങൾ. എന്തൊരു ഭംഗി. ഉച്ചക്ക് ചൈനീസ് ഭക്ഷണം. ചീര, മഷ്റൂം, ബ്രോക്കോളി, പയർ, പൊട്ടറ്റോ , പിന്നെ എന്റെ പ്രിയപ്പെട്ട




*ചൈന വൻമതിലിനു മുന്നിൽ*

നൂഡിൽസും. ഞാനും ചോപ് സ്റ്റിക് കൊണ്ട് കഴിക്കാൻ പഠിച്ചു ട്ടോ

എനിക്ക് ഏറ്റവും ഇഷ്ടമായത് പിന്നെ പോയ 88 നില കെട്ടിടമാണ്. ഏറ്റവും മുകളിൽ കയറി. എന്തൊരു കാഴ്ച. രാത്രി ഷോപ്പിംഗും അതുകഴിഞ്ഞു ക്രൂയിസിൽ ഒന്നര മണിക്കൂർ യാത്രയും .വൌ......

അടുത്ത ദിവസം ഇഷ്ടായത് ബിൽഡിംഗുകളുടെ ഇടയിൽ കൂടി തോണിയിൽ പോയതാണ്. സ്ട്രീറ്റിലെ ഹോട്ടലുകളിൻ ഒക്ടോപ്പസ്, എലി, തവള, ഞണ്ട്, മത്സ്യം ഒക്കെ വേവിച്ച് കോലിൽ കുത്തിവെച്ചിട്ടുണ്ട്.

അടുത്ത ദിവസത്തെ ബുള്ളറ്റ് ട്രെയിൻ യാത്ര എന്നും ഓർക്കും. എന്തൊരു സ്പീഡ്. നാലു മണിക്കൂർ കൊണ്ട് ബീജിംഗ് എത്തി. അവിടത്തെ ഗൈഡ് സൂസന്ന, നല്ല ചേച്ചി. കുറെ കറങ്ങി. ഒരു റൊബോട്ട് ടോയ് വാങ്ങി. അവിടത്തെ ഹോട്ടൽ ഷാങ്ഹായി നേക്കാൾ നല്ലതായിരുന്നു.

അടുത്ത ദിവസം ചൈന വന്മതിലിൽ പോയി. ബുക്കിൽ കണ്ടതിലും അടിപൊളി. കേബിൾ കാറിൽ മുകളിൽ പോയി. പിന്നെ കുറേ നടന്നു. ഭയങ്കര കാറ്റ്. മുകളിൽ നിന്ന് നോക്കുമ്പോൾ എന്തൊരു നീളാ



*ചൈനീസ് ഫ്രണ്ടിന്റെ കൂടെ*

വന്മതിലിന്?

പിന്നെ ജേഡ് ഫാക്റ്ററി, ഒളിംപിക്സ് സ്റ്റേഡിയം, ടിയാനമെൻ സ്ക്വയർ ഒക്കെ നടന്നു കണ്ടു. അഞ്ചാറു കിമീ നടക്കാനുണ്ട്. ക്ഷീണിച്ചു. ഞാൻ ഇടക്കിടക്ക് വിശക്കുന്നു എന്നു പറയുമ്പോൾ മുത്തച്ഛനും അമ്മമ്മയും എന്തെങ്കിലുമൊക്കെ വാങ്ങിത്തരും. അവിടെ ഗാഥ ചേച്ചിയുടേയും ഭരത് ഏട്ടന്റേയും ബർത്ത്ഡേ കേക്ക് കട്ട് ചെയ്തു. ചൈനയിലെ കേക്കും സൂപ്പർ.

പിന്നെ സൂവിൽ പോയി. പാണ്ടയെ കണ്ടു. ഞാൻ ആദ്യമായിട്ടാ പാണ്ടയേ കാണുന്നത്. എന്തൊരു ഭംഗിയാ. കണ്ണൊക്കെ എഴുതിയ ഒരു ഉണ്ടപ്പൻ. ബസ്സിലും എല്ലാരും കൂടി പാട്ടും ഡാൻസും കളികളും ഒക്കെ. മുത്തശ്ശൻ വരെ പാട്ടുപാടി. പിന്നെ ഷോപ്പിംഗ്. കുറേ സാധനങ്ങൾ വാങ്ങിക്കൂട്ടി.

കുറേ സ്ഥലംകൂടി കണ്ട് ബുള്ളറ്റ് ട്രെയിനിൽ ഷാങ്ഹായിലേക്ക്. ട്രെയിനിൽ എനിക്ക് ഒരു ചൈനീസ് കുട്ടി ഫ്രണ്ടിനെ കിട്ടി. പേര് സിക്സ്. ഒന്നും മിണ്ടാൻ പറ്റിയില്ലെങ്കിലും ഞങ്ങൾ കുറേ കളിച്ചു.

ഷാങ്ഹായിലെത്തി, പിന്നേയും ഷോപ്പിംഗ്. രാത്രി ഫ്ളൈറ്റിൽ ഡൽഹിയും പിന്നെ കൊച്ചിയും. വേഗം എത്തി. ഞാൻ ഉറങ്ങിപ്പോയിരുന്നു.

പിന്നെ ഈവനിംഗ് വന്ദേഭാരതിന് കണ്ണൂർ. രാത്രി ഇല്ലത്തെത്തി. സ്കൂൾ രണ്ടു ദിവസം മിസ് ആയി. എന്നാലും കുറേ ചൈനീസ് കഥകൾ അച്ചമ്മയോടും ഫ്രണ്ട്സിനോടും പറഞ്ഞു. ഇപ്പോ ചൈന നല്ലോണം മിസ് ചെയ്യുന്നുണ്ട് ട്ടോ. ●

**നിവേദ് വിഷ്ണു**
വെദിരമന ഇല്ലം
. ഫോർത്ത് സ്റ്റാൻഡേർഡ്
ചിന്മയ വിദ്യാലയ
പയ്യന്നൂർ



# മനോഹരം ഈ അവധിക്കാലം

അവധിക്കാലമാണല്ലോ കൂട്ടുകാരേ, നമ്മളെല്ലാവരും യാത്രപോകുന്ന കാലമാണ്. നിങ്ങൾ ഓരോരുത്തരും യാത്ര പോയിട്ടുണ്ടാകുമല്ലോ. അതുപോലെ ഞാനും ഒരു യാത്ര പോയി. ഒരുപാട് ദൂരത്തൊന്നുമല്ല കേട്ടോ. പെരിന്തൽമണ്ണയിലുള്ള എന്റെ അമ്മാത്തേക്കാണ് ഞാൻ ഈ അവധിക്കാലത്ത് പോയത്.

അവിടെ നിറയെ പാടങ്ങളും തോടുകളും മലകളും പൂക്കളുമൊക്കെയുണ്ട്. അവിടെ എനിക്കൊരു കളിക്കൂട്ടുകാരനുണ്ട്- ദേവനന്ദൻ. ദേവൂട്ടൻ എന്നാണ് ഞാൻ വിളിക്കുന്നത്. ദിവസവും വൈകുന്നേരമായാൽ ഞങ്ങൾ പാടത്തിറങ്ങും. പാടത്ത് നിറച്ചും പുല്ലുകളാണ്. അതുകൊണ്ട് പാന്റിട്ടേ ഞങ്ങൾ പാടത്ത് പോകാറുള്ളൂ. പുല്ലുകൾക്കിടയിൽ ഓരോ കൊക്കുകൾ തല ഉയർത്തി നിൽക്കും. കറന്റ് കമ്പിയിൽ ഷോക്കടിച്ച് തൂങ്ങിക്കിടക്കുന്ന പക്ഷികളെ ഞങ്ങൾ കാണാറുണ്ട്. അത് ഞങ്ങൾക്ക് ഒരു അത്ഭുതമായി തോന്നി. പാടത്തെ പൂക്കളിലെ തേൻ കുടിക്കാൻ വരുന്ന വെള്ളയും മഞ്ഞയും കുഞ്ഞുപൂമ്പാറ്റകളെ കാണാൻ വളരെ ഭംഗിയാണ്.

പാടത്തെ തോട്ടിൽ നിറയെ മീനുകളാണ്. പാടത്തെ കൃഷിക്ക് വേണ്ടി തോടുകളിലെ വെള്ളം ചാലുകൾ കീറി ഒഴുക്കിവിട്ടിരുന്നു. ഞങ്ങൾ ഓരോ ഇലകൾ പറിച്ച് തോട്ടിലെ വെള്ളത്തിലൊഴുക്കും. തോടിന്റെ അരികിലായി ഒരു ചെമ്പരത്തിച്ചെടി ചാഞ്ഞുനിൽപ്പുണ്ട്. അമ്മ ചെമ്പരത്തി ഇതൾ പറിച്ച് വീർപ്പിച്ച് നെറ്റിയിൽ വെച്ച് അമർത്തും. അപ്പോൾ "ഠോ' എന്നൊരു ശബ്ദം കേൾക്കും. അത് ഞങ്ങൾക്ക് വളരെ ഇഷ്ടമാണ്. ഈ കാഴ്ചകളെല്ലാം എന്റെ അവധിക്കാലത്തെ മനോഹരമാക്കി മാറ്റി. ●

**അരുന്ധതി പി**
പുതുമന, അരിയല്ലൂർ
മലപ്പുറം, പിൻ676312
D/o അരവിന്ദ് പി,
അശ്വതി ഇ.കെ, മലപ്പുറം
മൂന്നാം സ്റ്റാന്റേർഡ്,
എം.വി.എ.എൽ.പി.എസ്.
അരിയല്ലൂർ



# കക്കാടംപൊയിലിലേക്ക് ഒരു യാത്ര

പ്രിയപ്പെട്ട കൂട്ടുകാരെ, ഞാൻ അവധിക്കാലത്ത് വിനോദയാത്ര പോയ കഥയാണ് എഴുതുന്നത് എന്റെ ഏട്ടൻ സൂര്യേട്ടന്റെ എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞതുകൊണ്ട് ഏതെങ്കിലും വിദേശസ്ഥലത്ത് പോകണം എന്നായിരുന്നു ഞങ്ങളുടെ പ്ലാൻ. പക്ഷേ, അച്ഛൻ പറഞ്ഞു മൂന്നാറിലേക്ക് പോകാം എന്ന്. എന്നാൽ ശരി എന്ന് ഞങ്ങളും പറഞ്ഞു. വിച്ചുട്ടന്റെ ഉപനയനത്തിനു ശേഷം പോകാം എന്നാണ് അച്ഛൻ പറഞ്ഞത്. എന്നാൽ ട്രിപ്പ് പോകുന്നതിന്റെ തലേന്ന് അവർ വീണ്ടും പ്ലാൻ മാറ്റി. കക്കാടംപൊയിലിലേക്ക്. എനിക്ക് ഭയങ്കര വിഷമമായിരുന്നു. അങ്ങനെ ഞങ്ങൾ ആദ്യം ഒരു പാർക്കിൽ പോയി. ഞാൻ വിചാരിച്ചതദിലും അടിപൊളിയായിരുന്നു ആ പാർക്ക്. ഞാനും എന്റെ കസിൻ ശ്യാമുട്ടനും രണ്ടു തവണ സിപ്പ് ലൈനിൽ കയറി. അതു കഴിഞ്ഞ് ഞങ്ങൾ റിസോർട്ടിൽ പോയി. അവിടെ അടിപൊളി റൂമായിരുന്നു. വൈകുന്നേരമായ സമയത്ത് ഞങ്ങൾ എല്ലാവരും സ്വിമ്മിംഗ് പൂളിൽ കുളിച്ചു. പിന്നെ രാത്രിയിൽ ഭക്ഷണം കഴിച്ച് കുറച്ചുനേരം കളിച്ചു. പിന്നെ ഉറങ്ങി. രാവിലെ ഞങ്ങൾ ട്രക്കിങ്ങിനായി സ്വർഗകുന്നിൽ പോയി. അവിടെ കാറ്റു കാരണം നിൽക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. പിന്നെ ഞങ്ങൾ തിരിച്ച് റൂമിൽ വന്ന് ഡ്രസ് മാറി സ്വിമ്മിംഗ് പൂളിൽ കുളിച്ചു. പിന്നെ ഞങ്ങൾ ഇല്ലത്തേക്ക് തിരിച്ചു. ഈ യാത്ര എനിക്ക് വളരെ ഇഷ്ടമായി. തിരിച്ചെത്തിയപ്പോൾ അച്ഛൻ അടുത്ത വെക്കേഷൻ കാശ്മീരിൽ പോകാം എന്നൊക്കെ പറയുന്നുണ്ട്. ഇനി അതും മാറുമോയെന്ന് അടുത്ത അവധിക്കാലത്തിൽ പറയാം കൂട്ടുകാരേ. ●



**വാസുദേവ് കൃഷ്ണൻ**
S/o സന്തോഷ്കുമാർ, അമ്പിളി
കളം ഇല്ലം, ഉള്ളിയേരി
ഏഴാം സ്റ്റാന്റേർഡ്
ഭവൻസ്, കൊയിലാണ്ടി


---

# അവധിക്കാല ക്യാമ്പുകൾ

ഈ അവധിക്കാലത്ത് ഞാൻ രണ്ട് ക്യാമ്പുകളിൽ  പങ്കെടുത്തു. ആദ്യത്തെ ക്യാമ്പ് കുസാറ്റ് അവതരിപ്പിച്ച ശാസ്ത്രസമീക്ഷ എന്ന പരിപാടിയായിരുന്നു. കേരളത്തിൽ നിന്നു മാത്രമല്ല, തമിഴ്നാട്ടിൽ നിന്നും കുട്ടികൾ ഉണ്ടായിരുന്നു. അഞ്ച് ഏകദിന ക്യാമ്പുകൾ ഉണ്ടായിരുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സിന്റെ അദ്ധ്യക്ഷതയിൽ ക്വാണ്ടം ഡോട്സ്, എന്തുകൊണ്ട് ശാസ്ത്രത്തിനെ ഇഷ്ടപ്പെടണം, ആഗോള താപനം തുടങ്ങിയ വിഷയങ്ങളിലെ ക്ലാസ്സാണ് ഞാൻ കേട്ടത്. അതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ക്വാണ്ടം ഡോട്സ് ആയിരുന്നു. നാനോമെട്രിസ് അളവിൽ ഉള്ള സെമികണ്ടക്ടർ കണികകളാണ് ക്വാണ്ടം ഡോട്സ്. ക്വാണ്ടം ഡോട്സുകളിലേക്ക് ഊർജ്ജം കടത്തിവിടുമ്പോൾ പ്രീക്വൻസിയിൽ പ്രകാരം പുറത്തുവിടുന്നു എന്നത് എനിക്ക് പുതിയ അറിവായിരുന്നു. ഇതിൽ ചെറിയ ഡോട്ടുകൾ നീല വെളിച്ചവും വലിയ ചുവപ്പ് വെളിച്ചവും പുറത്തുവിടുന്നു. ഈ ഉപയോഗത്താൽ ഇവയെ ക്യു.എൽ.ഇ.ഡി. ടി.വി.കളിലും സോളാർ സെല്ലുകളിലും ഉപയോഗിക്കുന്നു. ഗ്ലോബൽ വാമിംഗ് എന്ന വിഷയവും വളരെ താല്പര്യമുളവാക്കുന്നതായിരുന്നു. മനുഷ്യൻ ഫോസിൽ ഫ്യുവൽസ് ഉപയോഗിക്കുമ്പോൾ കാർബൺ ഡൈ ഓക്സൈഡ് അളവ് കൂടുകയും ഗ്രീൻ ഹൗസ് എഫക്ട് മൂലം സൂര്യരശ്മികൾ അന്തരീക്ഷത്തിൽ തന്നെ തട്ടിനിന്ന ചൂടുകൂടുകയും ചെയ്യുന്നു. വനനശീകരണ ഫോസിൽ ഫ്യുവൽസ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ പരിമിതമായ ഉപയോഗം എന്നിവ മനുഷ്യർ കൃത്യമായി പാലിച്ചാൽ ആഗോള താപനത്തെയും മറികടക്കാം. കുസാറ്റ് നടത്തിയ ഈ ക്യാമ്പ് സയൻസിനോട് താല്പര്യവും ഇഷ്ടവും ഉള്ള കുട്ടികൾക്ക് ഉപയോഗപ്രദമാവും എന്നത് തീർച്ചയാണ്. ഇങ്ങനത്തെ ക്യാമ്പുകൾ എല്ലായിടത്തും നടത്തേണ്ടതാണ്.

രണ്ടാമത്തെ ക്യാമ്പ് എന്റെ ഇല്ലത്തിന്റെ അടുത്തുള്ള ഒരു സ്കൂളിൽ വച്ചായിരുന്നു. മൂന്ന് ദിവസത്തെ ക്യാമ്പായിരുന്നു. അതും സയൻസിനെക്കുറിച്ചുള്ള ക്യാമ്പായിരുന്നു. മൂന്നാമത്തെ ദിവസത്തെ വാനനിരീക്ഷണം എനിക്ക് വളരെ കൗതുകം ഉളവാക്കി.

പിന്നെ ഈ അവധിക്കാലത്ത് ഞങ്ങൾ വടക്കുംനാഥന്റെ അമ്പലത്തിലും ഗുരുവായൂരിലും ഒക്കെ പോയി. ആ യാത്രയും വളരെ രസകരമായിരുന്നു. പിന്നെ ചെറിയ പാർക്കിലും ബീച്ചിലും ഒക്കെ പോയി ഈ അവധിക്കാലം ആസ്വദിച്ചു. ●



**വിവസ്വത് പി.**
S/o ദിലീപ്, പ്രിയ
പുളിക്കാമറ്റത്ത് മന
കുളയേറ്റിക്കര പി.ഒ.
അരയൻകാവ്, എറണാകുളം
കെ.പി.എം.വി.എച്ച്.എസ്.എസ്.
പൂത്തോട്ട

# സഭാവാർത്തകൾ

## ഉത്തരമേഖല യുവജനസംഗമം

മേയ് 8, 9, 10 തീയതികളിൽ കാസർഗോഡു വെച്ച് യോഗക്ഷേമസഭ സംസ്ഥാന യുവജന വിഭാഗത്തിന്റെ ഉത്തരമേഖല യുവജനസംഗമം നടന്നു . കോഴിക്കോട് ജില്ലയിൽ നിന്ന് ഞങ്ങൾ കുറച്ച് പേർക്കും പങ്കെടുക്കാൻ സാധിച്ചു .

യോഗക്ഷേമസഭയുടെ ക്യാമ്പിൽ പങ്കെടുക്കുന്നത് എനിക്ക് ആദ്യത്തെ അനുഭവമായിരുന്നു. എന്നാൽ ആദ്യ ദിവസം മുതൽ തന്നെ എല്ലാവരുമായി വളരെ നല്ലൊരു ബന്ധം ഉണ്ടാക്കാൻ സാധിച്ചു. മൂന്ന് ദിവസങ്ങൾക്കുള്ളിൽ തന്നെ അഞ്ച് ജില്ലകളിലുമായി ഒരുപാട് നല്ല ബന്ധങ്ങൾ സ്വന്തമാക്കാൻ കഴിഞ്ഞു.

ക്യാമ്പിലെ ക്ലാസുകളും സെഷനുകളും 'Naiter' ടീമാണ് കൈകാര്യം ചെയ്തത്. വളരെ രസകരവും എന്റർടെയ്ൻമെന്റ് നിറഞ്ഞതുമായ രീതിയിലായിരുന്നു ഓരോ സെഷനും അവതരിപ്പിച്ചത്. ക്ലാസിൽ ഇരിക്കുകയാണെന്ന് പോലും തോന്നാത്ത രീതിയിലായിരുന്നു അവതരണം. ഐസ് ബ്രേക്കിംഗ് സെഷനിൽ തുടങ്ങി അവസാന ദിവസത്തെ എ.ഐ. ക്ലാസ് വരെ എല്ലാം വളരെ ഉപകാരപ്രദമായിരുന്നു.

Resume Preparation, Mock Interview, Public Speaking തുടങ്ങിയ സെഷനുകൾ പുതിയ അറിവുകളും അനുഭവങ്ങളും നൽകി. അതോടൊപ്പം പാട്ട്, ഡാൻസ്, ഗെയിംസ് തുടങ്ങിയ പ്രവർത്തനങ്ങളും ക്യാമ്പിനെ കൂടുതൽ ആസ്വാദ്യകരമാക്കി. ക്യാമ്പ് ഫയർ, ഡി.ജെ, ഗ്രൂപ്പ് ആക്ടിവിറ്റികൾ, എല്ലാം കൂടെ ചേർന്ന ഒരു ഫുൾ എന്റർടെയ്ൻമെന്റ്
പാക്കേജ് തന്നെ ആയിരുന്നു.

ക്യാമ്പിലെ ഒരു പ്രത്യേക അനുഭവമായിരുന്നു മെന്റലിസം സെഷൻ. അതിൽ പങ്കെടുക്കാൻ കഴിഞ്ഞത് വളരെ വ്യത്യസ്തമായ ഒരു അനുഭവമായി തോന്നി. Hypnotist വിമൽ ആണ് കൈകാര്യം ചെയ്തത്. അവസാന റൗണ്ട് വരെ എത്തിയോരാൾ ആണ് ഞാൻ .അതിൽ എനിക്കിഷ്ടപ്പെട്ട ഒരാളെ കാണാൻ സാധിക്കുമല്ലോ എന്ന് വിചാരിച്ചാണ് കയറിയത്, ഇതെല്ലാം വെറും തട്ടിപ്പാവും എന്ന് കരുതിയ എനിക്ക് അത് തെറ്റിപ്പോയി. 10 വർഷം മുൻപ് നഷ്ടപെട്ട എന്റെ ചേച്ചിയെ കാണാൻ ആഗ്രഹിച്ച എനിക്ക് ആ അനുഭവം മുഴുവനായും കിട്ടി. ''കണ്ണ് തുറക്കുമ്പോൾ നിങ്ങൾ ആഗ്രഹിച്ച ആൾ നിങ്ങളുടെ മുന്നിൽ ഉണ്ടാവും എന്ന് പറഞ്ഞു "അതിന് മുന്നേ തന്നെ എനിക്ക് ആ തോന്നൽ മനസ്സിൽ ഉണ്ടായിരുന്നു എന്റെ അടുത്ത ഉണ്ട് എന്ന്, ഞാൻ എന്റെ മുന്നിൽ നിന്ന ആളുടെ കൈ പിടിച്ചു എനിക്ക് ആ സമയത്ത് അത് എന്റെ ചേച്ചി ആയി തന്നെ ആണ് തോന്നിയത് കരഞ്ഞു കെട്ടിപിടിച്ചു. എനിക്ക് അവസാനമായി ഒന്നുകൂടെ കാണണം എന്നെ ഉണ്ടായിരുന്നുള്ളു ഒന്നും സംസാരിക്കാൻ ഇല്ലായിരുന്നു ,കണ്ടു ആ സ്നേഹം ഒന്നുകൂടെ അനുഭവിച്ചറിഞ്ഞു സന്തോഷത്തോടെ ആണ് ഞാൻ സ്റ്റേജ് ൽ നിന്നും ഇറങ്ങിയത്.


*ക്യാമ്പിൽനിന്നും*


എല്ലാവരും മനസ്സ് ഫ്രീ ആക്കി ട്രൈ ചെയ്യേണ്ട ഒന്ന് ആണ് ഈ hypnotism.

കൂടാതെ ക്യാമ്പിനിടെ ഒരിക്കൽ വീണ് ചെറിയ പരിക്ക് പറ്റിയപ്പോൾ എല്ലാവരും കാണിച്ച സ്നേഹവും കരുതലും ഈ ക്യാമ്പിലൂടെ ഉണ്ടായ ബന്ധങ്ങളുടെ ആഴം മനസ്സിലാക്കാൻ സഹായിച്ചു.

മൂന്ന് ദിവസം വളരെ പെട്ടെന്ന് കഴിഞ്ഞുപോയ പോലെ തോന്നി.

ഇത്ര മനോഹരമായി ക്യാമ്പ് സംഘടിപ്പിക്കാൻ അഹോരാത്രം പ്രായത്നിച്ച കാസർഗോഡ് ജില്ലയിലെ യുവജനവിഭാഗം പ്രസിഡന്റ് സെക്രട്ടറി ഒപ്പം എല്ലാ അംഗങ്ങൾക്കും , ഉത്തരമേഖല നേതൃത്വത്തിനും സംസ്ഥാന നേതൃത്വത്തിനും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ജീവിതത്തിലെ തിരക്കുകൾക്കിടയിൽ സന്തോഷവും പുതിയ സൗഹൃദങ്ങളും നല്ല അനുഭവങ്ങളും സമ്മാനിച്ച മൂന്ന് ദിവസങ്ങളായിരുന്നു ഇത്. ●

**സുവർണ്ണ മുല്ലപ്പള്ളി**
കോഴിക്കോട് ജില്ലാ
യുവജനവിഭാഗം സെക്രട്ടറി



*ഏപ്രിൽ 5 നു മഞ്ചേരിയിൽ വെച്ചു നടന്ന യോഗക്ഷേമസഭ മലപ്പുറം ജില്ല ട്രഷററും സംസ്ഥാന കൗൺസിലറുമായ ഉദയൻ നമ്പൂതിരിപ്പാടിന്റെ സപ്തതിയോടനുബന്ധിച്ചു അദ്ദേഹം എഴുതിയ ലേഖന സമാഹാരം സ്വസ്തി മാനേജിങ് എഡിറ്റർ ഡോക്ടർ വിനോദ് മങ്ങത്തായ, പ്രശസ്ത മനോരോഗ വിദഗ്ദ്ധനും എഴുത്തുകാരനുമായ ഡോക്ടർ വള്ളൂർ ദാമോദരൻ നമ്പൂതിരിക്കു നല്കിക്കൊണ്ടു പ്രകാശനം ചെയ്യുന്നു.*






*ടി.പി. അജിത് കുമാർ കിങ്ങിണിമറ്റം സ്കൂളിൽ കഥാപ്രസംഗം നടത്തുന്നു. (ഇടത്ത്) ഏപ്രിൽ 5 നു മഞ്ചേരിയിൽ നടന്ന യോഗക്ഷേമസഭ മലപ്പുറം ജില്ലാ ട്രഷററും സംസ്ഥാന കൗൺസിലറുമായ ഉദയൻ നമ്പൂതിരിപ്പാടിന്റെ കഥാസമാഹാരം 'അഗ്നിശുദ്ധി' തൃശൂർ തെക്കേമഠം മാനേജരും എഴുത്തുകാരനുമായ വടക്കുംപാട് നാരായണൻ കവിയും കഥാകൃത്തുമായ പി. എൻ വിജയനു നൽകി പ്രകാശനം ചെയ്യുന്നു (വലത്ത്)*

# ബ്രഹ്മസ്വം മഠം പുരസ്കാരങ്ങൾ സമ്മാനിച്ചു











*ശ്രീ ഹർഷശർമ, ബ്രഹ്മശ്രീ നാരായണമംഗലത്ത് പരമേശ്വരൻ നമ്പൂതിരി, വേങ്ങക്കാട് പരമേശ്വരൻ നമ്പൂതിരി, തോട്ടം കൃഷ്ണൻ നമ്പൂതിരി, ഡോ. കെ.എം.ജാതവേദൻ നമ്പൂതിരി*

തൃശ്ശൂർ ബ്രഹ്മസ്വം മഠം നൽകുന്ന ഇരിങ്ങാടപ്പിള്ളി മാധവൻ നമ്പൂതിരി വേദമൂർത്തി പുരസ്കാരം (അരപ്പവൻ സ്വർണപ്പതക്കം) എം. ശ്രീ ഹർഷശർമയ്ക്ക്. പന്താവൂർ സുബ്രഹ്മണ്യൻ നമ്പൂതിരി പുരസ്കാരം (20001 രൂപ) ഡോ. കെ.എം. ജാതവേദൻ നമ്പൂതിരിക്കും പടുതോൾ നീലകണ്ഠൻ നമ്പൂതിരിപ്പാട് വേദകീർത്തി പുരസ്കാരം (11111 രൂപ) തോട്ടം കൃഷ്ണൻ നമ്പൂതിരിക്കും സമ്മാനിച്ചു.

ഒളപ്പമണ്ണ നീലകണ്ഠൻ നമ്പൂതിരിപ്പാട് ഭാഷാഭാഷ്യം അവാർഡിന് നാറാസ് പരമേശ്വരൻ നമ്പൂതിരിയും പൂരാടം ഹരിദത്തൻ-കെ.ടി. കേരളവർമ എൻഡോവ്മെന്റ് അവാർഡിന് വേങ്ങക്കാട് പരമേശ്വരൻ നമ്പൂതിരിയും അർഹരായി. പുരസ്കാരസമർപ്പണത്തിനു പുറമേ അധ്യാപക-രക്ഷാകർതൃസംഗമം, കലാപരിപാടികൾ, സാംസ്കാരികസംഗമം എന്നിവയും നടന്നു. സാഹിത്യകാരൻ പ്രൊഫ. കെ.വി. രാമകൃഷ്ണൻ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.. മഠം പ്രസിഡന്റ് അഡ്വ. പി. പരമേശ്വരൻ അധ്യക്ഷനായി. അമ്മന്നൂർ കുട്ടൻചാക്യാർ ദീപം തെളിയിച്ചു. ശനിയാഴ്ച മൂന്നിന് സമാപനസമ്മേളനം ഡെപ്യൂട്ടി മേയർ എ. പ്രസാദ് ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ ക്ഷേത്രം തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് ദീപം തെളിയിച്ചു.

# ‘ത്യാഗോജ്ജ്വല ചരിത്രത്തിന്റെ സ്മരണയിൽ യോഗക്ഷേമസഭ വനിതാ വിഭാഗം സംഗമം സ്വർഗ്ഗീയ പാർവ്വതി നെന്മിനി മംഗലത്തിന്റെ കർമ്മഭൂമിയിൽ’





യോഗക്ഷേമസഭയുടെ ചരിത്രത്തിൽ സുവർണ്ണാക്ഷരങ്ങളാൽ എഴുതപ്പെട്ട കർമ്മധീരയായ പാർവ്വതി നെന്മിനിമംഗലത്തിന്റെ കർമ്മമണ്ഡലത്തിൽ വെച്ച് യോഗക്ഷേമസഭ സംസ്ഥാന വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2026 ജൂൺ 13-ന് യോഗം ചേർന്നു.

അനാചാരങ്ങളുടെ ഉരുക്കു കോട്ടകൾ തകർത്ത് അന്തർജ്ജനങ്ങളെ ബഹിർജ്ജനങ്ങളാക്കാൻ ഘോഷയും മറക്കുടയും വലിച്ചെറിഞ്ഞ് മാറു മറച്ച് ബ്ലൗസ്സു ധരിച്ച്, ബാഹ്യലോകത്തിലേക്കിറങ്ങി , വിദ്യാഭ്യാസം നേടി, തൊഴിലെടുത്ത് സാമ്പത്തിക ഭദ്രത ഉറപ്പാക്കി സ്വയം പര്യാപ്തത നേടാൻ ബ്രാഹ്മണ യുവതികൾക്ക് നേതൃത്വം കൊടുത്ത സ്വർഗീയ പാർവ്വതി നെന്മിനിമംഗലത്തിന്റെ ഇല്ലത്തുവച്ചു നടത്തിയ ഈ മീറ്റിങ്ങ് വനിതാ വിഭാഗം നേതൃത്വത്തിന്പുതിയ ആവേശവും ദിശാബോധവും നൽകുന്നതായിരുന്നു.

പാർവ്വതി നെന്മിനിമംഗലത്തിന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾക്ക് വേദിയായ, ചരിത്രപ്രസിദ്ധമായ ആ ഗൃഹത്തിൽ വെച്ച് തന്നെ ഇത്തരമൊരു യോഗം സംഘടിപ്പിക്കാൻ സാധിച്ചത് ഏറെ മഹത്വമുള്ള കാര്യമായി പങ്കെടുത്തവർ വിലയിരുത്തി. സമുദായ ഉന്നമനത്തിനായി അഹോരാത്രം അധ്വാനിച്ച ഒരു വലിയ വ്യക്തിത്വത്തിന്റെ കർമ്മഭൂമിയിൽ നിൽക്കുമ്പോൾ ലഭിക്കുന്ന ആത്മീയമായ കരുത്തും, അവരുടെ പാത പിന്തുടരാനുള്ള ഉത്തരവാദിത്തവും ഈ യോഗം ഓർമ്മിപ്പിച്ചു.

കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് യോഗക്ഷേമസഭയിലെ വനിതകൾ എങ്ങനെ സജീവമായി ഇടപെടണമെന്നും, സമുദായത്തിന്റെ ദൈനംദിന പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ വനിതാ വിഭാഗത്തിന് എന്ത് പങ്ക് വഹിക്കാൻ സാധിക്കുമെന്നും യോഗത്തിൽ വിശദമായ ചർച്ചകൾ നടന്നു. സാമൂഹികവും സാംസ്കാരികവുമായ വെല്ലുവിളികൾക്കിടയിൽ സനാതന ധർമ്മത്തിന്റെ മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് എങ്ങനെ മുന്നേറാം എന്നതിനെക്കുറിച്ചും വിലയിരുത്തി.

ത്യാഗത്തിന്റെയും കർമ്മത്തിന്റെയും ആ വലിയ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും, വരുംതലമുറയെ സമുദായത്തിന്റെ വേരുകളോട് ചേർത്തുനിർത്തതിനുമായുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് വനിതാവിഭാഗം ഭാരവാഹികൾ ദൃഢപ്രതിജ്ഞയെടുത്തു.

വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് മല്ലികാ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി വത്സല പണിക്കത്ത് പ്രവർത്തന റിപ്പോർട്ടും, ട്രഷറർ പുഷ്പാഞ്ജലി വേണാട് കണക്കും അവതരിപ്പിച്ചു.

ഡോക്ടർ സുരേഷ് പായ്ക്കാട് പാർവ്വതി നെന്മിനിമംഗലത്തിന്റെ ത്യാഗോജ്ജ്വലമായ ജീവിതചരിത്രം വിശദീകരിച്ചത് അംഗങ്ങളെ കോരിത്തരിപ്പിച്ചു.


നെന്മിനിമംഗലം കുടുംബാംഗമായ ശ്രീമതി തങ്കം നെന്മിനിമംഗലത്തിന് വനിതാവിഭാഗത്തിന്റെ സ്നേഹോപഹാരമായി സ്വർഗ്ഗീയ പാർവ്വതി നെന്മിനിമംഗലത്തിന്റെ ച്ഛായാചിത്രം നൽകി.

യോഗത്തിന് മദ്ധ്യ മേഖലാ സെക്രട്ടറി ശ്രീകലാ അകഴി സ്വാഗതവും ഉത്തരമേഖലാ സെക്രട്ടറി ശ്രീജാ മധു നന്ദിയും പറഞ്ഞു.

## അനുസ്മരണം

കേരളത്തിലങ്ങോളമിങ്ങോളം 2000 ലധികം വേദികളിൽ കഥാപ്രസംഗം അവതരിപ്പിച്ച ടി.പി.എൻ. (നമ്പൂതിരി) സമുദായത്തിൽ നിന്നുയർന്നുവന്ന ആദ്യത്തെ പ്രശസ്ത കാഥികനായിരുന്നു.

അദ്ദേഹത്തിന്റെ മകൻ ടി.പി. അജിത് കുമാർ 4 വർഷം കാഥികനായും നാടക നടനായും കലോ



പാസകനായും തിളങ്ങി. നാടക മത്സരങ്ങളിൽ സമ്മാനിതനായി.തുടർന്നു ഏറെക്കാലം ‘നിയമ സഭയിൽ ഇന്നു’ എന്ന ദൂരദർശൻ പരിപാടി നടത്തി ശ്രദ്ധേയനായി. പിന്നീടു കെ. എസ്. ആർ ടി സി യിൽ ഉദ്യോഗസ്ഥനായി 2005 ൽ പിരിഞ്ഞു.തന്റ കലോപാസനയും സാമൂഹ്യസേവനവും തുടർന്നുപോന്നു. ഭാര്യ- കുസുമകുമാരി, മക്കൾ - ടി.പി. നിഷാന്ത് ( സിങ്കപ്പൂർ ) പ്രസിദ്ധ സംഗീതജ്ഞൻ. ശോണിമ (മണിപ്പാൽ). മരുമകൾ--ഡോ. സുനിത വിജയൻ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ സീനിയർ ഡോക്ടറാണ്.

# എളവള്ളി പുലിയന്നൂർ മന പൂജാപഠന ശിബിരം: സീസൺ - 2

'ക്രിയാ ച ഭാവശുദ്ധിശ്ച മന്ത്രശുദ്ധിസ്തഥൈവ ച
തസ്മാദേതത്രയം ശുദ്ധം പൂജാകർമ്മസു ശസ്യതേ'
(ക്രിയാശുദ്ധിയും ഭാവശുദ്ധിയും മന്ത്രശുദ്ധിയുമാണ് പൂജാകർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത്)

ഭാരതീയ സംസ്കാരത്തിലും സനാതന ധർമ്മത്തിലും അനുഷ്ഠാനങ്ങൾക്കുള്ള ശാസ്ത്രീയവും ആധ്യാത്മികവുമായ വശങ്ങൾ വരുംതലമുറയ്ക്ക് പകർന്നുനൽകുക എന്ന ഉദാത്തമായ ലക്ഷ്യത്തോടെ എളവള്ളി പുലിയന്നൂർ മനയിൽ വെച്ച് സംഘടിപ്പിച്ച രണ്ടാമത് പൂജാപഠന ശിബിരം (സീസൺ - 2) വിജയകരമായി സമാപിച്ചു. അഖില കേരള തന്ത്രിസമാജം മദ്ധ്യമേഖല, കുന്നംകുളം യോഗക്ഷേമ ഉപസഭ, ദ്വിജക്ഷേമം ഫൗണ്ടേഷൻ കുന്നംകുളം ഉപസഭ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2026 മെയ് 4 മുതൽ 24 വരെ നടന്ന ഇക്കൊല്ലത്തെ പൂജാ പഠനശിബിരത്തിനാണ് സമംഗളം പരിസമാപ്തി കുറിച്ചത്. 9 മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾ പഠിതാക്കളായി പങ്കെടുത്ത ഈ ശിബിരം ജ്ഞാനവും അനുഷ്ഠാന പരിചയവും പകർന്ന വേറിട്ടൊരു അനുഭവമായി മാറി.

മെയ് 4 ന് രാവിലെ 10 മണിയ്ക്ക് കുന്നംകുളം യോഗക്ഷേമ ഉപസഭാ പ്രസിഡന്റ് ജയരാജ് പെരുമ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ശിബിരത്തിന്റെ ഉദ്ഘാടന സമ്മേളനം അഖിലകേരള തന്ത്രിസമാജം മദ്ധ്യ മേഖലാ പ്രസിഡന്റ് പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട് ദീപപ്രോജ്ജ്വലനം നടത്തി ഉദ്ഘാടനം ചെയ്തു.

വേദവിദ്യാർത്ഥികളായ പുലിയന്നൂർ ജയന്ത് ശങ്കർ നമ്പൂതിരിപ്പാട്, വടക്കുമ്പാട് ഗോവിന്ദൻ നമ്പൂതിരി എന്നിവർ വേദാലാപന പ്രാർത്ഥന ചെയ്തു . പരമേശ്വരൻ നമ്പൂതിരി എടമന (ദ്വിജക്ഷേമം ഉപസഭാ കോർഡിനേറ്റർ) സ്വാഗതമാശംസിച്ചു. കുറുങ്ങാട് മനോജ് നമ്പൂതിരി (ദ്വിജക്ഷേമം ഫൗണ്ടേഷൻ സെക്രട്ടറി), കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് (യോഗക്ഷേമസഭ ജില്ലാകമ്മിറ്റി അംഗം) എന്നിവർ ആശംസ നേർന്നു. സൂരജ് മുണ്ടയൂർ (തന്ത്രി സമാജം മദ്ധ്യ മേഖല സെക്രട്ടറി) നന്ദി പ്രകാശിപ്പിച്ചു

കാലമാറ്റത്തിൽ അന്യമായിക്കൊണ്ടിരിക്കുന്ന നമ്പൂതിരി സംസ്കാരം നിലനിർത്തുവാനും, വരുംതലമുറയെ തനത് ആചാരങ്ങൾ ശീലിപ്പിക്കുവാനുമാണ് ഈ ശിബിരം പ്രധാനമായും ഊന്നൽ നൽകിയത്. ബാഹ്യമായ ക്രിയകൾക്കപ്പുറം അവയുടെ പിന്നിലെ തത്വം, മന്ത്രങ്ങളുടെ ശുദ്ധമായ ഉച്ചാരണം, മാനസിക ഏകാഗ്രത എന്നിവ പഠിതാക്കൾക്ക് ലളിതമായി മനസ്സിലാക്കിക്കൊടുക്കാൻ സാധിച്ചു.

സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങൾ

പുണ്യാഹാദി വേദമന്ത്രങ്ങളുടെ പഠനം

ഗണപതിഹോമം, ഭഗവതിസേവ എന്നിവയുടെ ചടങ്ങുകൾ

നമസ്കാരം, സഹസ്രനാമ ജപം എന്നിവയുടെ പരിശീലനം എന്നിവയായിരുന്നു പ്രധാന പഠനവിഷയങ്ങൾ

പഠിതാക്കളിൽ ആത്മീയസാധനയും നിഷ്ഠയും വളർത്തിയെടുക്കുന്ന രീതിയിലാണ് ശിബിരത്തിന്റെ ദിനചര്യകൾ ക്രമീകരിച്ചിരുന്നത്. ഓരോ ദിവസവും പ്രഭാത പ്രാർത്ഥനകളോടെ ആരംഭിച്ച് രാത്രിയിലെ സത്സംഗങ്ങളോടെയാണ് അവസാനിച്ചിരുന്നത്.

തന്ത്രശാസ്ത്രത്തിലും പൂജാവിധികളിലും അധിഷ്ഠിതമായ അടിസ്ഥാന ശ്ലോകങ്ങളും മന്ത്രങ്ങളും ഉച്ചാരണ ശുദ്ധിയോടെ കുട്ടികളെ അഭ്യസിപ്പിച്ചു.

നിത്യപൂജകൾ എങ്ങനെയെല്ലാം ചെയ്യണം, പൂജാസാമഗ്രികൾ എങ്ങനെയൊക്കെ വിന്യസിക്കണം തുടങ്ങിയ കാര്യങ്ങളിൽ  കുട്ടികൾക്ക് നേരിട്ട് പ്രായോഗിക പരിശീലനം നൽകുകയുണ്ടായി. പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട്, മഠത്തിൽ മുണ്ടയൂർ സൂരജ് നമ്പൂതിരി, വടക്കുമ്പാട് ഗോവിന്ദൻ നമ്പൂതിരി,മഠത്തിൽ മുണ്ടയൂർ സുമോദ് നമ്പൂതിരി,തുടങ്ങിയ പ്രഗത്ഭർ ക്ലാസുകൾ കൈകാര്യം ചെയ്തു.

ദിവസേന വൈകീട്ട് സഹസ്രനാമ ജപത്തിനു ശേഷം നടത്തിയിരുന്ന സത്സംഗ വേദിയിൽ, ഓരോരോ ആധ്യാത്മിക-സാംസ്കാരിക വിഷയങ്ങളിൽ പ്രാവീണ്യം നേടിയ പ്രമുഖ വ്യക്തികൾ ക്യാമ്പ് അംഗങ്ങൾക്കായി പ്രത്യേക ക്ലാസുകൾ എടുത്തു. ഇത്തരം സത്സംഗങ്ങൾ കുട്ടികളിൽ ധാർമ്മിക മൂല്യങ്ങൾ വളർത്തുന്നതിനും ഭാരതീയ സംസ്കൃതിയെക്കുറിച്ച് ആഴത്തിലുള്ള അറിവ് പകരുന്നതിനും സഹായിച്ചു.

ഗുരുസങ്കല്പം, സത്യം,  ശങ്കരാചര്യരുടെ ജീവചരിത്രം, പെരുമാറ്റം,  ശ്രദ്ധ,നമ്മുടെ ധർമ്മവും കടമകളും, അഭിലാഷം, സാമൂഹ്യ ജീവിതം, വ്യക്തി ശുചിത്വം,നമ്പൂതിരി സംസ്ക്കാരം, രാഗപരിചയം, ഗായത്രിയുടെ മഹത്വം,വാദ്യപരിചയം, പൂജാതത്വം, നമ്മുടെ കുലധർമ്മം, ഗണിതം മധുരം തുടങ്ങിയ വിവിധ വിഷയങ്ങളിൽ വിദഗ്ധരായ പ്രൊഫ:ടി എസ് ബാലസുബ്രഹ്മണ്യം , ഡോ ദേവീ നാരായണൻ, സുധ പരമേശ്വരൻ, പഴങ്ങാപ്പറമ്പ് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി, ദേവകി തോട്ടുപുറം, ദിവ്യ മുതുകുർശ്ശി, വടക്കുമ്പാട് നാരായണൻ, കുർളൂർ കൃഷ്ണൻ നമ്പൂതിരി തുടങ്ങിയവർ ക്ലാസെടുത്തു

മെയ് 24 ന് രാവിലെ 10മണിയ്ക്ക് കുന്നംകുളം ഉപസഭാ അദ്ധ്യക്ഷൻ ജയരാജ് പെരുമ്പള്ളിയുടെ അദ്ധ്യക്ഷതയിൽ  ശിബിരത്തിന്റെ സമാപന സമ്മേളനം വടക്കുമ്പാട് നാരായണൻ ഉദ്ഘാടനം ചെയ്തു. ശ്രീമതി ലത പെരുമ്പിള്ളി സ്വാഗതം പറഞ്ഞു. മനോജ് കിള്ളിമംഗലം, സൂരജ് മുണ്ടയൂർ, പ്രസന്ന ഏപ്പുറം തുടങ്ങിയവർ ആശംസ അർപ്പിച്ചു സംസാരിച്ചു. ശിബിരത്തിൽ പങ്കെടുത്ത എല്ലാ പഠിതാക്കൾക്കുമുള്ള സ്മരണികയും, സാക്ഷ്യപത്രവും ചടങ്ങിൽ സർവ്വശ്രീ ഹരി പഴങ്ങാപ്പറമ്പ്, പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട്, കൃഷ്ണൻ കാരയ്ക്കാട് എന്നിവർ ചേർന്ന് വിതരണം ചെയ്തു.

ചടങ്ങിൽ പങ്കെടുത്ത കുട്ടികളും മുതിർന്നവരും തങ്ങളുടെ അനുഭവങ്ങൾ വേദിയിൽ പങ്കുവെച്ചു. സ്വന്തം ഇല്ലങ്ങളിൽ നിത്യപൂജയും സന്ധ്യാവന്ദനവും ആത്മവിശ്വാസത്തോടെ സ്വയം ചെയ്യാനുള്ള പ്രാപ്തി ഈ ശിബിരത്തിലൂടെ കൈവന്നതായി കുട്ടികൾ സാക്ഷ്യപ്പെടുത്തി. കോഴ്സ് കോർഡിനേറ്റർ ശ്രീ വാസുദേവൻ പെരുമാങ്ങോട് നന്ദി രേഖപ്പെടുത്തി.

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin : 683556, Phone : 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor Pin : 683556. Phone : 0484 2656938
(Affiliated to M.G. University) (NAAC Accredited at the "A++" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**U G COURSES**

**B.A. History, B.A. Economics, B.A. English, B.A. Hindi**
**B.Sc. Mathematics, B.Sc. Physics, B.Sc. Chemistry**
**B.Sc. Computer Science**
**B.Com Taxation, B.Com Computer Application**
**B.Voc. Tourism and Hospitality Management**

**P G COURSES**

**M.A. History**
**M.Com Finance, M.Com International Business**
**M.Sc. Chemistry**

***HOSTEL FACILITY FOR WOMEN***

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679517. Phone : 0466 - 2268927
(Affiliated to University of Calicut) (NAAC Accredited at the “B+” Level)
principalvtb@gmail.com

**U G COURSES**

**B.A. Sanskrit, B.A. History,**
**B.A. Economics Foreign Trade and Practice**
**B.Sc. Mathematics**
**B.Com, B.B.A**

**P G COURSES**

**M.Sc. Computer Science**
**M.Com**
**M.Sc. Mathematics with Data Science**

## SREE SANKARA COLLEGE

Nagaroor P.O., Kilimanoor, Pin - 695601, Phone : 0470-2678898
(Affiliated to University of Kerala). sscollegenagaroor@gmail.com

**COURSES** **B.Sc. Physics, B.A. Economics, B.Com Taxation**

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor. Pin : 695601, Phone 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**U G COURSES**

**B.B.A., B.A. English**
**B.Com Computer Application, B.Com Co-operation**
**B.Sc. Computer Science, B.Sc. Psychology**

**P G COURSES**

**M.Com Finance**
**M.Sc. Computer Science**
**M.A. English**

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695601
Phone : 0470 - 2678610 ssvpems@gmail.com
**LKG to 12 (CBSE)**

Temples Managed by
Sree Sankara Trust

Raloor Kavu Devi Temple, Nagaroor
Thekkinkadu Shiva Temple, Nagaroor
Vishnu Temple, Nagaroor

*“Thamaso Ma Jothir Gamaya”*

# ഹരിശങ്കറും സ്വാതിയും



ചെറുകുളത്തൂർ പാടേരി ഇല്ലം ഒ.പി.ശങ്കരൻ നമ്പൂതിരിപ്പാടിന്റെയും കെ.എം. ശ്രീജയുടെും മകൻ ഹരിശങ്കറും കർക്കിടാംകുന്ന് പഴേടത്ത് നെയ്ക്കൽ ശങ്കരനാരായണന്റെയും (അനിയൻ) പ്രസീതയുടെയും മകൾ സ്വാതിയും 2026 മെയ് 3 ന് പാടേരി ഇല്ലത്ത് വെച്ച് വിവാഹിതരായി.
മൊബൈൽ: 9496285784, 9400826205

# അൻപതാം വിവാഹ വാർഷികം



1976 മേയ് 17



2026 മേയ് 17

## എം.പി. ശങ്കരനാരായണൻ നമ്പൂതിരി
## കൽപ്പള്ളി ഉമാദേവി അന്തർജനം

**മുണ്ടക്കാശ്ശേരി പുല്ലൂർ മണ്ണ്,**
**വാഴയൂർ ഈസ്റ്റ് പി.ഒ.673633**

*ഈടാർന്നൊരമ്പതിനുടേനിറവാർന്നൊരൂർജ്ജ-*
*മേകട്ടെ യാത്ര തുടരാൻ ശുഭദങ്ങളാകാൻ,*
*കാരുണ്യവാരിധികിരാതശിവന്റെ പാദ*
*പത്മങ്ങളെന്നുമിനിയും ശരണം തരട്ടെ.*

*ആശംസകളോടെ: നാരായണൻ, ഗംഗ, സാരംഗ്, സംവേദ്യ,ഉമ*




*തിരുനാവായ നാവാമുകുന്ദ ക്ഷേത്രം മേശാന്തി ശ്രീ നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണി ശ്രീമതി ഗീത അന്തർജനത്തിന്റെ വാമൊഴിച്ചന്തം എന്ന കൊച്ചു കവിതാ സമാഹാരത്തിന്റെ പ്രകാശനം മലയാളത്തിന്റെ പ്രിയ താരം ശ്രീമതി ഉർവ്വശി നിർവഹിച്ചു.*

## ശതാഭിഷേകം
### 2026 ജൂൺ 7
# എൻ.സി.രാമൻ നമ്പൂതിരിപ്പാട്



ഗുരുവായൂർ നെന്മിനി മനയിൽ 1936–ൽ ജനിച്ചു. ചാവക്കാട് സ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം. അതിനുശേഷം തൃശൂർ കേരളവർമ്മ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, മൂത്തകുന്നം ബി.എഡ്. കോളേജ് എന്നിവയിൽ നിന്നും കോളേജ് വിദ്യാഭ്യാസത്തിനു ശേഷം പെരിങ്ങോട് ഹൈസ്കൂളിൽ സയൻസ് അധ്യാപകനായി. 1991–ൽ വിരമിച്ചു. ഗുരുവായൂർ നെന്മിനി ലോഡ്ജിന്റെ പാർട്ണർ ആണ്. ഭാര്യ: ആര്യാദേവി, പാറമേൽഭട്ടി മന, വളാഞ്ചേരി. മക്കൾ: എൽ.ആർ.ബിന്ദു, റിട്ട. അധ്യാപിക,എച്ച്.എസ്.പെരിങ്ങോട്, എ.ആർ. നാരായണൻ, ബിസിനസ്, ട്രാവൽ എക്സൽ ഹോളിഡേയ്സ്, കോയമ്പത്തൂർ.. മരുമക്കൾ, കെ.വാസുദേവൻ, റിട്ട. യൂക്കോ ബാങ്ക്, കുമ്മിണി മന, കവളപ്പാറ. ശ്രീവിദ്യ സി.എസ്., ബിസിനസ്, ട്രാവൽ എക്സൽ ഹോളിഡേയ്സ്, ചിറക്കാമറ്റത്ത് മന, ശ്രീകൃഷ്ണപുരം. പേരക്കുട്ടികൾ: ഉദിത് കൃഷ്ണൻ, അശ്വിനി, ഭരത് വാസുദേവ്, മേഘ്ന എൻ.എൻ, ഘനശ്യാം എൻ.എൻ.

## തൊണ്ണൂറ്റിമൂന്നാം പിറന്നാളിന്റെ നിറവിൽ

# ശ്രീ.എം.എൻ.നമ്പൂതിരി

**മുണ്ടേക്കാട്ട് മന**



ആശംസകളും പ്രാർത്ഥനകളും!

**മക്കളും മരുമക്കളും പേരക്കുട്ടികളും**

## സമാവർത്തനം

# പ്രയാഗ് കൃഷ്ണൻ വി യു,
# പ്രണത് നാരായണൻ വി യു

ഓമശ്ശേരി നടുകിൽ വടക്കേപ്പാട്ട് ഇല്ലത്ത് ഉണ്ണികൃഷ്ണന്റെയും ശരണ്യയുടെയും ഉണ്ണികളുടെ സമാവർത്തനം 2026 മെയ് 25 തിങ്കളാഴ്ച നടത്തി.



*ആശംസകളോടെ...*

പ്രഗീത് രുദ്രൻ വി യു, ബന്ധുമിത്രാദികൾ

## ശതാഭിഷേക ആശംസകൾ

**(2/5/2026, 1201 മേടം 19 വിശാഖം)**

# കെ.ടി.ശക്രൻ നമ്പൂതിരി

**(റിട്ടയേർഡ് പോസ്റ്റ്മാസ്റ്റർ, വിളയിൽ)**

(S/o കണ്ണാടി തെഞ്ചീരി കൃഷ്ണൻ നമ്പൂതിരി - കുന്നാശ്ശേരി സാവിത്രി അന്തർജനം)

സ്നേഹശംസകളോടെ -
പത്നി എറിയാട് മന സാവിത്രി അന്തർജനം,
മകൾ സാവിത്രി കെ.ടി.(രമ),
സൂര്യ, ശ്രീജേഷ് ഒറവമ്പുറം മന.
9745747632



## ഷഷ്ടിപൂർത്തി ആശംസകൾ

# എടക്കഴിപ്പുറം ഭാമ അന്തർജനം

**2026 മെയ് 12 (മേടം 29 പൂരൂരുട്ടാതി)**



*സ്നേഹപൂർവ്വം:* അനിൽ, അജയ്, അരുൺ
മായ, ആരവ്, മറ്റു ബന്ധുമിത്രാദികൾ

# ഡോ. ദേവപ്രിയയും നീരജ് വാസുദേവും

മഞ്ചേരി വള്ളിക്കാപ്പറ്റ പൂങ്കുടിൽ മന ദേവൻ നമ്പൂതിരിയുടെയും വസന്ത അന്തർജനത്തിന്റെയും മകൾ ഡോ. ദേവപ്രിയയും ഒഴലൂർ പാടേരി ഇല്ലത്ത് വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും എം.പി.സാവിത്രിയുടെയും മകൻ നീരജ് വാസുദേവും 2026 മെയ് 8 ന് (1201 മേടം 25) വെള്ളിയാഴ്ച കോഴിക്കോട് ചെറുകുളത്തൂർ ഒഴലൂർ പാടേരി ഇല്ലത്ത് വെച്ച് വിവാഹിതരായി.

മൊബൈൽ: 9946700944



## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**എ.മഹേശ്വരൻ ഭട്ടതിരിപ്പാട്**

തിരുവല്ല തറയിൽ കുഴിക്കാട്ടില്ലത്ത് തന്ത്രി എ.മഹേശ്വരൻ ഭട്ടതിരിപ്പാട് (87) വാർദ്ധക്യ സഹജമായ അസുഖം മൂലം വിഷ്ണുപാദം പൂകി. ഭാര്യ: സാവിത്രി അന്തർജനം (മനയത്താറ്റ് മന) മക്കൾ: എം.മുരളീധരൻ, എം.സുജാത പ്രദീപ്. മരുമക്കൾ: സ്വപ്നാമുരളീധരൻ, പ്രദീപ് മങ്കോർ മന. സഹോദരങ്ങൾ: റ്റി.എ.നാരായണൻ ഭട്ടതിരിപ്പാട്, ശ്രീദേവീ പ്രഹ്ളാദൻ, എ.എ.ഭട്ടതിരിപ്പാട്, രാധീകാ വാസുദേവൻ, കാളിദാസൻ ഭട്ടതിരിപ്പാട്.



**ജി. രാധകൃഷ്ണൻ പോറ്റി**

മോനിപ്പള്ളി: ശാസ്താംകോട്ട ധർമശാസ്താക്ഷേത്രം മുൻ മേൽശാന്തി മോനിപ്പള്ളി ഹരീഷ് ഭവനിൽ ജി. രാധകൃഷ്ണൻ പോറ്റി (87) വിഷ്ണുപാദം പൂകി. മണ്ണടി വായൂർ മഠം കുടുംബാംഗമാണ്. ഭാര്യ: ആറ്റിങ്ങൽ ചേപ്പായിക്കോട്ട് മഠത്തിൽ പരേതയായ ദേവകിദേവി. മക്കൾ: ഹരീഷ്, ഹരിത. മരുമകൻ: മണ്ണയ്ക്കനാട് കാഞ്ഞിരക്കാട് കമലാലയം എസ്. ഉണ്ണികൃഷ്ണൻ (ഉണ്ണി നമ്പൂതിരി-മലയാള മനോരമ, കുറവിലങ്ങാട്).



**എസ്.ഹരിദാസൻ ഭട്ടതിരി**

കോട്ടയം: തിരുനക്കര മഹാദേവക്ഷേത്രം റിട്ട. മേൽശാന്തി മണ്ണടി താഴത്തുമഠത്തിൽ എസ്.ഹരിദാസൻ ഭട്ടതിരി (58) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ കോട്ടയം ടൗൺ ഉപസഭാംഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: കൊല്ലാട് ഇടമന ഇല്ലം കുടുംബാംഗം സുഭദ്രാദേവി. മക്കൾ: എച്ച്. യദുകൃഷ്ണൻ, എച്ച്.ഗായത്രീദേവി. മരുമകൻ: മറിയപ്പള്ളി ഇടവൂർ മഠം ഈശ്വരൻ നമ്പൂതിരി (ശാന്തി, കുമാരനല്ലൂർ ക്ഷേത്രം)



**ശ്രീദേവി അന്തർജനം**

ഉള്ളിയേരി: ഒള്ളൂർ അരയാട്ടില്ലത്ത് ശ്രീദേവി അന്തർജനം (82) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ കാട്ടുമാടം ദാമോദരൻ നമ്പൂതിരി. മക്കൾ: ഹരിദാസൻ നമ്പൂതിരി (കന്നൂർ തൃക്കോവിൽ ക്ഷേത്രം), ഗീത അന്തർജനം. മരുമക്കൾ: ഗോവിന്ദൻ നമ്പൂതിരി(പെരിയമന ഇല്ലം, പയ്യന്നൂർ), ശ്രീദേവി അന്തർജനം (കളത്തിൽ ഇല്ലം തൃക്കുറ്റിശ്ശേരി). സഹോദരങ്ങൾ: മധുസൂദനൻ നമ്പൂതിരി (അയ്യാടത്തില്ലം, ചേമഞ്ചേരി), പരേതനായ മാധവൻ നമ്പൂതിരി.



**രാമൻ പോറ്റി.**

തിരുവനന്തപുരം: വെള്ളയമ്പലം ജവഹർ ലൈൻ ലെയിൻ, ജ്യോതിസ്സിൽ (ഇടമന) (ടി.സി. നമ്പർ 9/851 2) വീട്ടിൽ രാമൻ പോറ്റി (75) വിഷ്ണുപാദം പൂകി. പരേതൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: സുധാദേവി (ഏജീസ് ഓഫീസ് റിട്ട.). മക്കൾ: ഹരികൃഷ്ണൻ (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ), രവി ശങ്കർ (KONE elevators), രഘു രാം (CSTEP Bangalore). മരുമക്കൾ: ശ്രീദേവി. കെ, ശ്രീദേവി. കെ.എസ്, സുഭദ്ര.




**കെ.എസ്.പാർവതി അന്തർജനം**

ശ്രീകാര്യം മംഗലത്ത് പെരിയമന, പരേതനായ ശ്രീ . വി. കേശവൻ പോറ്റിയുടെ സഹധർമ്മിണി, റിട്ട. ഹിന്ദി പ്രൊഫസർ, കെ.എസ്.പാർവതി അന്തർജനം (90) വിഷ്ണുപാദം പൂകി. മക്കൾ - ലത, കേണൽ (റിട്ട) ലാൽ കേശവൻ, ഡോ.കലാ കേശവൻ, അനിൽ. മരുമക്കൾ - നാരായണൻ പോറ്റി, മായ, പരേതനായ ഡോ. അശോക് കുമാർ, ലീല.



**നാരായണൻ നമ്പൂതിരി**

പാലാ: വെള്ളിയേപ്പള്ളി കുന്നത്ത് ഇല്ലം നാരായണൻ നമ്പൂതിരി (77) വിഷ്ണുപാദം പൂകി. ഭാര്യ: രാധാദേവി, വെള്ളൂത്തുരുത്തി മാടമന കുടുംബാംഗം. മക്കൾ: ധന്യ, ശ്രീജിത്ത് (ഡി.എം.ഒ. ഓഫീസ് ഹോമിയോ കോട്ടയം). മരുമക്കൾ: വിനോദ് (കുഴുപ്പള്ളി ഇല്ലം (പള്ളിക്കത്തോട്), ഹിമ (അധ്യാപിക, ഗവ. യു.പി. സ്കൂൾ നട്ടാശ്ശേരി), കാവുങ്കൽ ഇല്ലം (പാലപ്ര).



**ബാലകൃഷ്ണൻ നമ്പൂതിരി**

മൊയിലോത്തറ ചേലോട്ട് ഇല്ലത്തു ബാലകൃഷ്ണൻ നമ്പൂതിരി (76) വിഷ്ണുപദം പൂകി. അണിയാള ഇല്ലത്തു വസന്തകുമാരി അന്തർജനം ആണ് സഹധർമിണി. രണ്ടു പേരും ദേവർകോവിൽ കെ.വി.കെ.എം.എം. യു.പി. സ്കൂളിൽ ടീച്ചർമാർ ആയിരുന്നു. മക്കൾ: അരുൺകുമാർ, അനിൽ. മരുമക്കൾ: രേഖ, ഉമ.



**ഉമാദേവി അന്തർജനം**

പൂക്കോട്ടൂർ: മരങ്ങാട്ട് മഠത്തിൽ ഉമാദേവി അന്തർജനം (69) വിഷ്ണുപാദം പൂകി. ഭർത്താവ്: മരങ്ങാട്ട മഠത്തിൽ രാമൻ എമ്പ്രാന്തിരി (റിട്ട. താലൂക്ക് സപ്ലൈ ഓഫീസർ). മക്കൾ: ജയേഷ് (സോഫ്റ്റ്‌വെയർ എൻജിനീയർ, ബെംഗളൂരു), ജിനേഷ് (സീനിയർ ഇൻസ്ട്രക്ടർ, കോഴിക്കോട് വനിതാ ഐ.ടി.ഐ.). മരുമകൾ: കീർത്തി (പൂക്കോട്ടൂർ കക്കാട്ട് ഇല്ലം).



**പാർവ്വതി. ഒ.ടി.**

മുക്കം. കുന്നത്ത് കരിപ്പത്ത് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ പത്നി പാർവ്വതി. ഒ.ടി. (റിട്ട. ടീച്ചർ മുക്കം ഹൈസ്കൂൾ) (ഒഴുകിൽ തട്ടയൂർ മകൾ) (73)വിഷ്ണു പാദം പൂകി. മക്കൾ: ദേവി (ഡയറ്റ് തിരുവല്ല), സ്വപ്ന (താഴക്കോട് എയുപി സ്കൂൾ), ദീപ (അഹല്യ പാലക്കാട്). മരുമക്കൾ: ശ്രീധരൻ നമ്പൂതിരി മുതുമന, കേശവൻ നമ്പൂതിരി കിഴക്കെ പുതു വാരിടം, നീലകണ്ഠൻ നമ്പൂതിരി തോട്ടം മന.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ശ്രീദേവി അന്തർജനം**

കൊളച്ചേരി: വെങ്ങപ്രത്ത് ഭട്ടതിരി ഇല്ലത്ത് ശ്രീദേവി അന്തർജനം (87) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ കുബേരൻ നമ്പൂതിരി (മൊറാഴ). മക്കൾ: വി.ബി. നാരായണൻ (ഡൽഹി), വി.ബി. പരമേശ്വരൻ (ദേശാഭിമാനി മുൻ റെസിഡന്റ് എഡിറ്റർ), വി.ബി. രാജൻ (അധ്യാപകൻ, സൈനിക സ്കൂൾ, കഴക്കൂട്ടം, തിരുവനന്തപുരം), ശ്യാമളാ വാസുദേവൻ (കൊളച്ചേരി മണിയങ്ങാട്ടില്ലം), പരേതയായ പുന്നേരി പേരൂരില്ലത്ത് രാധാ വാസുദേവൻ. മരുമക്കൾ: കവിത (ഡൽഹി), ജയശ്രീ പരമേശ്വരൻ (കൊളത്താറ്റിൽ പെരുന്തോട്ടം), ആശാ രാജൻ (ഇട്ട്യാപറമ്പത്ത് മന), പുന്നേരി പേരൂർ വാസുദേവൻ നമ്പൂതിരി, പരേതനായ കൊളച്ചേരി മണിയങ്ങാട്ടില്ലം വാസുദേവൻ മാസ്റ്റർ.



**സുഭദ്ര അന്തർജ്ജനം**

ഇരൂർ കിഴക്കേക്കര മാങ്കുളത്തു ഇല്ലത്തു സുഭദ്ര അന്തർജ്ജനം (76) വിഷ്ണുപാദം പൂകി. കെ.എം.മധുസൂദനൻ നമ്പൂതിരിയാണ് ഭർത്താവ്. മക്കൾ:ഗോവിന്ദൻ നമ്പൂതിരി.കെ. എം(ശ്രീ സുബ്രമണ്യേശ്വര ഹയർ സെക്കണ്ടറി സ്കൂൾ കാട്ടുകൂക്കെ ഹയർ സെക്കണ്ടറി വിഭാഗം അധ്യാപകൻ)ഈശ്വരൻ.കെ. എം(ഹെഡ്മാസ്റ്റർ ജി.എച്ച്.എസ്.എസ്.കക്കാട്ട്)ഗൗരി.കെ. എം.,രതി.കെ.എം(അസി:മാനേജർ കെ. എസ്.എഫ്.ഇ.കാസർഗോഡ്). മരുമക്കൾ: കെ.ശംഭുനമ്പൂതിരി(കണ്ണഞ്ചേരി ശ്രീ മഹാഗണപതി ക്ഷേത്രം മേൽശാന്തി,മുൻ ശബരിമല മാളികപ്പുറം മേൽശാന്തി)ഹരീന്ദ്രൻ.കെ(ഇന്ത്യൻ നാവൽ അക്കാദമി ഏഴിമല) പ്രീത.എ.എം,സുധ.പി.




**പരമേശ്വരൻ നമ്പൂതിരി**

തൃശ്ശൂർ: പുത്തോളിൽ താമസിക്കുന്ന ഗുരുവായൂർ ക്ഷേത്രം ഓതിക്കൻ കുടുംബാംഗം കക്കാട് പരമേശ്വരൻ നമ്പൂതിരി (79) വിഷ്ണുപാദം പൂകി. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ റിട്ട. ഹിസ്റ്ററിവിഭാഗം അധ്യാപകനാണ്. ഭാര്യ: ഡോ. കെ.എം. ശാന്തകുമാരി (കാഞ്ഞിരങ്ങാട്ട് മന, റിട്ട. ഗവ. ട്രെയിനിങ് കോളേജ്, തൃശ്ശൂർ). മക്കൾ: പ്രമോദ് (ടി.സി.എസ്., അമേരിക്ക), സുപ്രിയ. മരുമക്കൾ: ശങ്കരൻ കോഴിശ്ശേരി (ഡി.എക്സ്.സി., ബെംഗളൂരു), ശാലിനി കുറുമാത്തൂർ (റിസർച്ച്, സാൻ ആൻടോണിയോ). സഹോദരങ്ങൾ: നാരായണൻ, ഉമാദേവി, വാസുദേവൻ നമ്പൂതിരി (ഗുരുവായൂർ മുൻ മേൽശാന്തി), അഡ്വ. സതീശൻ നമ്പൂതിരി, പരേതരായ കെ.എസ്.ഉണ്ണി, ഉഷ.




**സാവിത്രി അന്തർജനം**

കുപ്പം: മൊതശ്ശര മല്ലിശ്ശേരി ഇല്ലത്ത് സാവിത്രി അന്തർജനം (77) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ നാരായണൻ നമ്പൂതിരി. മക്കൾ: ശാന്ത (ചാവശ്ശേരി), വാസുദേവൻ നമ്പൂതിരി, സതി. മരുമകൻ: ദാമോദരൻ നമ്പൂതിരി (ചാവശ്ശേരി). സഹോദരങ്ങൾ: ഉമാദേവി (റിട്ട. അധ്യാപിക, മണ്ണൂർ ഇല്ലം), ലീല (കൊട്ടാരം ഇല്ലം, അടൂർ), നാരായണൻ നമ്പൂതിരി (കാരിശ്ശേരി പറപ്പൂർ ഇല്ലം), ശങ്കരദാസൻ നമ്പൂതിരി (പാലക്കാട്), കുബേരൻ നമ്പൂതിരി (റിട്ട. എസ് പി), ഗൗരി (എടയിക്കോത്തില്ലം, കുപ്പം), പരമേശ്വരൻ നമ്പൂതിരി (ടി.ടി.കെ. ദേവസ്വം), നാഗൻ നമ്പൂതിരി (റിട്ട. മിനിസ്ട്രി ഓഫ് ഡിഫൻസ്), പരേതനായ മഹേശ്വരൻ നമ്പൂതിരി.



**കെ. വിക്രമൻ നമ്പൂതിരി**

പരവൂർ: പൂതക്കുളം നീലമന ഇല്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ മകനും തന്ത്രി മുഖ്യൻ കെ. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ അനുജനും പൂതക്കുളം ശ്രീ ധർമശാസ്താക്ഷേത്ര മേൽശാന്തിയുമായിരുന്ന കെ. വിക്രമൻ നമ്പൂതിരി (65) വിഷ്ണുപാദം പൂകി. പുത്തൻ കുളം പോസ്റ്റോഫീസിൽനിന്ന് വിരമിച്ച സീനിയർ പോസ്റ്റ്മാനായിരുന്നു. ഭാര്യ: വർക്കല വെട്ടൂർ ജി.എച്ച്. എസ്.എസിൽ നിന്ന് വിരമിച്ച പി.കെ. ഗീത. മക്കൾ: എൻ.വി. അശ്വതി (അധ്യാപിക, തിരുവല്ല), എൻ.വി. അനന്തകൃഷ്ണൻ (ഓഫീസ് അസിസ്റ്റന്റ്, വാലുവേഷൻ ക്യാമ്പ്, വിദ്യാഭ്യാസവകുപ്പ്, കൊല്ലം). മരുമക്കൾ: അരുൺ ജി. നമ്പൂതിരി (ദേവസ്വം ബോർഡ്, തിരുവല്ല), അനഘ.



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

വിളയിൽ പറപ്പൂർ പൂക്കോട്ട് ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. മക്കൾ : പൂക്കോട്ട് അഭിലാഷ്, അശ്വതി.




**മഹേഷ് ശർമ്മ**

വാക്കനാട് കുന്തിരി കുളത്തില്ലം മഹേഷ് ശർമ്മ ഹൃദയാഘാതത്തെ തുടർന്ന് വിഷ്ണുപാദം പൂകി. കരകുളം ഉപസഭയിൽ, ഇലിപ്പോട്, മാരങ്കോട് മഠത്തിൽ രാജേഷിന്റെ ഭാര്യാസഹോദരൻ ആണ്.



**സാവിത്രി അന്തർജനം**

കുടുപ്പിള്ളി മന പരേതനായ ശ്രീ. ഗുപ്തൻ നമ്പൂതിരിയുടെ പത്നി സാവിത്രി അന്തർജനം (86) വിഷ്ണുപാദം പൂകി.



**യു.സി. ശ്രീധരൻ നമ്പൂതിരി**

പോരൂർ ഉപ്പിലാപ്പറ്റ ചെന്നല്ലീരി മന യു.സി.ശ്രീധരൻ നമ്പൂതിരി (84) വിഷ്ണുപാദം പൂകി. പത്നി: സാവിത്രി അന്തർജനം. മക്കൾ:സോജ യു.സി, സജിത്ത് യു.സി., നന്ദിനി യു.സി.



**ദേവകി അന്തർജനം**

കൊടുങ്ങല്ലൂർ: കാരികുന്നത്ത് ഇല്ലത്ത് ദേവകി അന്തർജനം (70) വിഷ്ണുപാദം പൂകി. ഭർത്താവ്: വിഷ്ണുശർമ്മ, മക്കൾ: അനുജ, അഞ്ജന. മരുമകൻ: സനാതനൻ (ചുള്ളമംഗലത്ത് ഇല്ലം, ചെമ്പ്).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സാവിത്രി അന്തർജ്ജനം**

കക്കാട്ട് കിഴക്കേ ഇല്ലത്തു സാവിത്രി അന്തർജ്ജനം (ചെരണത്തല) വിഷ്ണുപാദം പൂകി. (70) കക്കാട്ട് നാരായണ പട്ടേരി (വാരിക്കാട് വാസുദേവൻ നാരായണൻ - ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം മുൻ പെരിയനമ്പി - റീട്ടെ. അസിസ്റ്റന്റ് മാനേജർ , സിൻഡിക്കേറ്റ് ബാങ്ക്) യുടെ ഭാര്യയാണ്. വീണ. എൻ എസ് (അധ്യാപിക, നീലേശ്വരം രാജാസ്. എച്ച് എസ് എസ് ), തന്ത്രരത്നം വിനീത് പട്ടേരി എന്നിവർ മക്കളും കീക്കാംകോട് പുതിയില്ലം ശങ്കര നാരായണ തന്ത്രി, കൃഷ്ണകല എന്നിവർ മരുമക്കളുമാണ്. സഹോദരങ്ങൾ: വിഷ്ണു കക്കോത്തായർ (തിരുവനന്തപുരം മിത്രാനന്ദപുരം മേൽശാന്തി), ശ്രീദേവി അന്തർജ്ജനം, പരേതയായ കല്യാണി അന്തർജ്ജനം. പരേതരായ ഒറവിൽ പത്മനാഭ കക്കോത്തായരുടെയും കീക്കാംകോട് പുതിയില്ലത്തെ ശ്രീദേവി അന്തർജ്ജനത്തിന്റെയും മകളാണ്.



**പ്രേമാദേവി വി.എൻ.**

ചെർപ്പുളശ്ശേരി: കാറൽമണ്ണ യു.പി. സ്കൂൾ മുൻ അധ്യാപിക പ്രേമാദേവി വി.എൻ. (82) വിഷ്ണുപാദം പൂകി. പരേതരായ വെൺമണി നാരായണൻ നമ്പൂതിരിപ്പാടിന്റെയും കയ്പ്പറമ്പ് കുറൂർ ദേവസേനയുടെയും മൂത്ത മകളാണ്. ഭർത്താവ് : മോഴികുന്നത്ത് മനയ്ക്കൽ എം.ഡി. ദാമോദരൻ (അടയ്ക്കാപ്പുത്തൂർ സ്കൂൾ റിട്ടയേർഡ് പ്രധാനാധ്യാപകൻ). മക്കൾ: എം.ഡി. ദാസ്, എം.ഡി. സുചിത്ര, എം.ഡി. സുമിത്ര. മരുമക്കൾ: ജ്യോതി വി.എൻ. (വെള്ളാമ്പറമ്പ് മന) , മോഹനൻ പുതുശ്ശേരി , സുനിൽ മപ്പാട്ട്. സഹോദരങ്ങൾ: പരേതയായ പാലിയത്ത് സതി കുഞ്ഞമ്മ, ശാന്ത (വരവൂർ കപ്ലിങ്ങാട്ട് മന), പത്മജ (പെരിന്തിട്ട ഈറ്റിശ്ശേരി മന), പാലിയത്ത് കൃഷ്ണബാലൻ, വി.എൻ. നാരായണൻ, പരേതരായ പാലിയത്ത് രാമചന്ദ്രൻ, കലാമണ്ഡലം വെണ്മണി ഹരിദാസ്, വി.എൻ. സതീശൻ, വി.എൻ. രാമഭദ്രൻ.




**കൃഷ്ണൻ നമ്പൂതിരി**

യോഗക്ഷേമസഭ ചെന്നിത്തല ഉപസഭാംഗം നല്ലോട്ടിൽ മൂത്തേടത്തില്ലം എസ്. കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ: സുഭദ്രാ ദേവി (തകഴി പാലത്തിൻകര ഇല്ലം) മക്കൾ: ശംഭുനമ്പൂതിരി (സ്റ്റേഷൻ ഓഫീസർ, ഫയർഫോഴ്സ്, തിരുവല്ല, ഗിരിജാദേവി (അദ്ധ്യാപിക,കെ. വി സംസ്കൃത ഹൈസ്കൂൾ, മുതുകുളം), ലീലാ ദേവി, ഗോവിന്ദൻ നമ്പൂതിരി (അദ്ധ്യാപകൻ , മഹാത്മാ ഹൈസ്കൂൾ ചെന്നിത്തല ) ജയ കെ നമ്പൂതിരി. മരുമക്കൾ: തിരുവല്ല പടി. വെള്ളിയോട്ടില്ലം അംബികാ ദേവി (ജോയിന്റ് ഡയറക്ടർ, കേരളബാങ്ക്, പത്തനംതിട്ട) കണ്ടിയൂർ നീലമന കൃഷ്ണൻ നമ്പൂതിരി (റിട്ട: ദേവസ്വം ബോർഡ്) ശീരവള്ളി ഇല്ലം പരമേശ്വരൻ നമ്പൂതിരി (റിട്ട. ചുനക്കര ദേവസ്വം), പ്രയാർ അണിയാൾ ഇല്ലം സമ്പത്ത് നമ്പൂതിരി (മേൽശാന്തി പുതിയ വീട്ടിൽ ഹനുമാൻ ക്ഷേത്രം, കലവൂർ).




**സുബ്രഹ്മണ്യൻ നമ്പൂതിരി**

മണ്ടൂർ: പെരിയാട്ട് മരങ്ങാട്ടില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരി (81) (റിട്ട. ഗ്രാസിം ഇൻഡസ്ട്രീസ്) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ തേവണം കോട്ടില്ലത്ത് സരസ്വതി അന്തർജനം. മക്കൾ: മഞ്ജുള പി. എം. (കെ.എസ്.എഫ്.ഇ. അസി. മാനേജർ, പഴങ്ങാടി ബ്രാഞ്ച്) ,അഡ്വ. പി. എം. ഉണ്ണി നമ്പൂതിരി (കേരള ഹൈക്കോടതി). മരുമക്കൾ: പെരികമന ശങ്കരനാരായണൻ നമ്പൂതിരി , ചിത്ര പി.എം. സഹോദരങ്ങൾ: എം. കൃഷ്ണൻ നമ്പൂതിരി (റിട്ട. സെക്രട്ടറി, ചെറുതാഴം ബേങ്ക്), നീലമന സുവർണ്ണിനി അന്തർജനം, പി. എം കേശവൻ നമ്പൂതിരി (റിട്ട. മേൽശാന്തി ചാല ഭഗവതിക്ഷേത്രം).




**തന്ത്രി പെരുമ്പടപ്പ് പുരുഷോത്തമൻ നമ്പൂതിരി**

വല്ലച്ചിറ തന്ത്രി വടക്കേടത്ത് പെരുമ്പടപ്പ് മന പുരുഷോത്തമൻ നമ്പൂതിരി (89) വിഷ്ണുപാദം പൂകി. കെ.എസ്. ആർ.ടി.സി. മുൻ ജീവനക്കാരനാണ്. ഊരകം അമ്മത്തിരുവടി ക്ഷേത്രം, അവിട്ടത്തൂർ മഹാദേവക്ഷേത്രം തുടങ്ങി അമ്പതോളം ക്ഷേത്രങ്ങളിൽ താന്ത്രിക കർമങ്ങൾ നിർവഹിച്ചിട്ടുണ്ട്. ഭാര്യ രാമമംഗലം മംഗലത്ത് മന ശ്രീദേവി. മക്കൾ: ദുർഗാദത്തൻ (തന്ത്രി), സതി (ജീവനക്കാരി, എൽ.ഐ.സി.), രാമചന്ദ്രൻ (ജി.എം., എൻ.ടി.പി.സി.). മരുമക്കൾ: ഷീല കുറുവല്ലൂർ മന, ഡോ. ലൈല പാറകുന്നത്ത് മന (ഡബ്ല്യൂ.എസ്. പി., ബെംഗളൂരു), മുരളി മുത്തേടത്ത് മന (റിട്ട. ജീവനക്കാരൻ, കനറാ ബാങ്ക്).



**രാമൻ നമ്പൂതിരി**

മറ്റത്തൂർ ഉപസഭാംഗം ചിറങ്ങാട്ട് മല്ലിശ്ശേരി രാമൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**ജാതാവേദൻ നമ്പൂതിരി**

പുതിയക്കാട്ടില്ലത്തു ജാതാവേദൻ നമ്പൂതിരി വിഷ്ണുപാദം പൂകി



**ആര്യ അന്തർജനം**

ചെറുവത്തേരി ഉപസഭാംഗം ചെറുകുന്നത്ത് ആര്യ അന്തർജനം വിഷ്ണുപാദം പൂകി.



**മധു നമ്പൂതിരി**


ചേർപ്പുങ്കൽ: നാടക നടൻ തുരുത്തി ഇല്ലത്ത് മധു നമ്പൂതിരി (71) വിഷ്ണുപാദം പൂകി.



**ശങ്കരൻ നമ്പൂതിരിപ്പാട്**

ചാലക്കുടി ഉപസഭാംഗം വ്ളാങ്ങാട്ടിൽ പടുതോൾ ശങ്കരൻ നമ്പൂതിരിപ്പാട് വിഷ്ണുപാദം പൂകി.

# വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**നാരായണൻ നമ്പൂതിരി**

വട്ടക്കയം കൊടക്കല്ലൂർ ഇല്ലത്ത് എ.നാരായണൻ നമ്പൂതിരി(78) അന്തരിച്ചു. ഭാര്യ:കുറുങ്ങോട്ട് ഇല്ലത്ത് തങ്കമണി അന്തർജനം. മക്കൾ: പരേതയായ ശ്രീനിധ,ഗംഗാദേവി. മരുമകൻ: ആറങ്ങോട്ട് ഇല്ലത്തു മനോജ്. സഹോദരങ്ങൾ: പരേതനായ ദാമോദരൻ നമ്പൂതിരി, പരേതനായ നമ്പ്യാത്തൻ നമ്പൂതിരി, കുഞ്ഞികൃഷ്ണൻ നമ്പൂതിരി, പരേതയായ നങ്ങേലി അന്തർജനം, പരേതയായ ദേവകി അന്തർജനം, പരേതയായ ആര്യ അന്തർജനം, സാവിത്രി അന്തർജനം.



**കെ.സി.കുട്ടിഅനുജൻ രാജ**

കോഴിക്കോട്: കോട്ടക്കൽ സാമൂതിരി കോവിലകത്തെ കെ.സി.കുട്ടിഅനുജൻ രാജ (89) വിഷ്ണുപാദം പൂകി. തളി സാമൂതിരി ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകനായിരുന്നു. ഭാര്യ: കെ.ഇ. ശോഭന. മക്കൾ: ശ്രീകാന്ത് കോട്ടക്കൽ (മാതൃഭൂമി വാരാന്തപ്പതിപ്പ്), ദുർഗാദാസ് (പൊക്കോഴിക്കോട് ക്ഷേത്രം, ചാലപ്പുറം), ധന്യശ്രീ (തളി സാമൂതിരി ഹയർസെക്കൻഡറി സ്കൂൾ), രാജശ്രീ (നാരോക്കാവ് ഹയർ സെക്കൻഡറി സ്കൂൾ, എടക്കര). മരുമക്കൾ: ശ്രീലക്ഷ്മി, ജ്യോതി, പ്രജീഷ്, സുധീഷ്.



**ശശീന്ദ്രൻ പോറ്റി**

കീഴ്‌വായ്പൂർ: മല്ലപ്പള്ളി തിരുമാലിട മഹാദേവ ക്ഷേത്രം മുൻ മേൽശാന്തി കീഴ്‌വായ്പൂർ തെന്നശ്ശേരി ഇല്ലത്ത് ശശീന്ദ്രൻ പോറ്റി (75) വിഷ്ണുപാദം പൂകി. ഇന്ത്യൻ കരസേനയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: ഉഷ പത്തനംതിട്ട പ്രമാടം കരവേലി മഠം കുടുംബാംഗം. മക്കൾ: ശുഭാ ശശീന്ദ്രൻ, സുധീഷ് ശശീന്ദ്രൻ (മലയാലപ്പുഴ ദേവസ്വം). മരുമക്കൾ: കിളിമാനൂർ ചിന്ത്രനല്ലൂർ പാച്ചമംഗലത്തില്ലത്ത് ശങ്കരൻ നമ്പൂതിരി (ചിറയിൻകീഴ് ശാർക്കര ദേവസ്വം), മണ്ണടി പാരാത്തപ്പള്ളിൽ മഠത്തിൽ ആർ.സൂര്യ (അധ്യാപിക, കീഴ്‌വായ്പൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ).



**ലീല അന്തർജ്ജനം**

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ക്ഷേത്രം മുൻ തന്ത്രി പരേതനായ നകരമണ്ണ് മനയ്ക്കൽ മാധവൻ നമ്പൂതിരിയുടെ ഭാര്യ ലീല അന്തർജ്ജനം (90) വിഷ്ണുപാദം പൂകി. മക്കൾ : എൻ എം ത്രിവിക്രമൻ നമ്പൂതിരി (കൂടൽമാണിക്യം, കണ്ഠേശ്വരം ക്ഷേത്രം തന്ത്രി, കനറാ ബാങ്ക് റിട്ട ഉദ്യോഗസ്ഥൻ), സാവിത്രി, സുമ, സുധ, നാരായണൻ നമ്പൂതിരി (കൂടൽമാണിക്യം, കണ്ഠേശ്വരം ക്ഷേത്രം തന്ത്രി). മരുമക്കൾ : താര, പരമേശ്വരൻ നമ്പൂതിരി, പരേതനായ നീലകണ്ഠൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി



**രാമൻ നമ്പൂതിരി**

വന്നിലാപറമ്പ് കരിപ്പത്തു രാമൻ നമ്പൂതിരി (91) വിഷ്ണുപാദംപൂകി. ഭാര്യ പരേതയായ ഇളേടത്തുമന മഹൾ ദേവകി അന്തർജ്ജനം. മക്കൾ: പാർവ്വതി തിരുവാലൂർ, രാമൻ നമ്പൂതിരി (മലപ്പുറം ത്രിപുരാന്തക ക്ഷേത്രം മേൽശാന്തി) , നീലകണ്ഠൻ നമ്പൂതിരി (തിരുമാന്ധാംകുന്ന് മുൻകീഴ്ശാന്തി ), കൃഷ്ണൻ നമ്പൂതിരി (തിരുമാന്ധാംകുന്ന് കീഴ്ശാന്തി). മരുമക്കൾ: തിരുവാലൂർ സുരേന്ദ്രൻ നമ്പൂതിരി(കീഴ്ശാന്തി, ഗുരുവായൂർ), ഉമ (പരിയാനമ്പറ്റ), അനിത (എളമ്പുലാക്കാട്), ഉഷ (മാടത്തിൽ മല്ലിശ്ശേരി)




**ചന്ദ്രിക അന്തർജ്ജനം**

യോഗക്ഷേമസഭ ചെന്നിത്തല ഉപസഭാംഗം ബ്രഹ്മശ്രീ പുത്തില്ലം നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണി ചന്ദ്രിക അന്തർജ്ജനം വിഷ്ണുപാദം പൂകി. മക്കൾ : മനോജ് എൻ നമ്പൂതിരി, മായ എൻ നമ്പൂതിരി, മഹേഷ് എൻ. നമ്പൂതിരി. മരുമക്കൾ: ശുഭാദേവി, അജൻ നമ്പൂതിരി, സ്മിതാ ദേവി



**ദേവകി അന്തർജ്ജനം**

കുളപ്പട തെക്കൈമഠത്തിൽ ദേവകി അന്തർജ്ജനം (91) വാർദ്ധക്യ സഹജമായ അസുഖം മൂലം വിഷ്ണുപാദം പൂകി. മക്കൾ: പരേതനായ കെ.ജി.ഈശ്വരൻ പോറ്റി, പരേതനായ കെ.ജി.മാധവൻ പോറ്റി, കെ.ജി.കേശവൻ പോറ്റി (യോഗക്ഷേമസഭ കുളപ്പട ഉപസഭ സെക്രട്ടറി), പരേതനായ കെ.ജി.രാജശർമ്മ.



**ശംഭു നമ്പൂതിരി**

ആലപ്പടമ്പ മരങ്ങാട്ടില്ലത്ത് ശംഭു നമ്പൂതിരി (65) വിഷ്ണുപാദം പൂകി. പിതാവ്: പരേതനായ എ.എം.കൃഷ്ണൻ നമ്പൂതിരി, മാതാവ്: ശാരദ അന്തർജനം. ഭാര്യ: ഗീത. മക്കൾ: ശ്രീജിത്ത്, ശ്രുതി. മരുമക്കൾ: ദിവ്യ, അർജുൻ, സഹോദരങ്ങൾ: എ.എം.ഗീത, ഡോ. എ.എം.ഉണ്ണികൃഷ്ണൻ നമ്പൂതിരി, എ.എം.നാരായണൻ നമ്പൂതിരി.



**ദേവകി അന്തർജനം**

ഏരൂർ: തൃക്കോയിക്കൽ തേവൻകോട്ട് മഠത്തിൽ ദേവകി അന്തർജനം (79) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ കൃഷ്ണൻ പോറ്റി. മക്കൾ: ശംഭു പോറ്റി, മണിയൻ പോറ്റി, ഗോവിന്ദൻ പോറ്റി, സാവിത്രി അന്തർജനം, കൃഷ്ണൻ പോറ്റി. മരുമക്കൾ: വത്സലാദേവി, ചന്ദ്രലേഖ, രമാദേവി. മധുസൂദനൻ നമ്പൂതിരി, ജ്യോതിലക്ഷ്മി.



**രഘു എൻ.പി.**

തിരുവല്ല കാവുംഭാഗത്ത് ഏറത്ത് മേച്ചേരി മനയിൽ രഘു എൻ.പി.(കുട്ടൻ-63) വിഷ്ണുപാദം പൂകി. റിട്ട. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ ആയിരുന്നു. പത്നി സരസ്വതി അന്തർജ്ജനം (റിട്ട. പ്രിൻസിപ്പൽ, പി.എം.വി.എച്ച്.എസ്.). മക്കൾ വൈഷ്ണവി, സുകൃത. മരുമക്കൾ ശ്രീജിത്ത്, ഗോകുൽ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ദേവകി അന്തർജനം**

പിലാത്തറ: പഴിച്ചയിൽ തെക്കെ ചേറ്റൂരില്ലത്ത് ദേവകി അന്തർജനം (89) ഹരിദ്വാറിൽ വിഷ്ണുപാദം പൂകി. കോട്ടയം കാരാപ്പുഴ മേക്കാട്ട് മന കുടുംബാംഗമാണ്. ഭർത്താവ് : പരേതനായ ഒ.സി. ഗോവിന്ദൻ നമ്പൂതിരി. മക്കൾ: ശാരദ അന്തർജനം, രമണി അന്തർജനം, വിഷ്ണു നമ്പൂതിരി, രമ അന്തർജനം, കൃഷ്ണൻ നമ്പൂതിരി. മരുമക്കൾ: പടിഞ്ഞാറെ പേർക്കുണ്ടി വാധ്യാനില്ലത്ത് ശങ്കരൻ നമ്പൂതിരി, പെരിയാട്ട് തെക്കെ ചന്ദ്രമനയില്ലത്ത് ഭാഗവതാചാര്യൻ ടി. സി. ഗോവിന്ദൻ നമ്പൂതിരി, ബിന്ദു, ഹള്ളിയൂർ വെദിരമനയിലത്ത് ഈശ്വരൻ നമ്പൂതിരി, ലത.



**വാസുദേവൻ നമ്പൂതിരി**

രാഷ്ട്രീയ സ്വയംസേവക സംഘം എറണാകുളം വിഭാഗ് മാനനീയ സംഘചാലക് എം എ.വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഡെപ്യൂട്ടി ജനറൽ മാനേജർ ആയിരുന്നു ആലുവ തന്ത്രവിദ്യാപീഠം ഡയറക്ടർ, മൂവാറ്റുപുഴ മൂകാംബിക കോളേജ് ഡയറക്ടർ ബോർഡ് മെമ്പർ, വെള്ളൂർ കാരിക്കോട് സരസ്വതീ സ്കൂൾ ഡയറക്ടർ തുടങ്ങി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാർമ്മിക കേന്ദ്രങ്ങൾ എന്നിവയുടെ ചുമതല വഹിച്ചുവരുന്നു. ഭാര്യ: പ്രഭാവതി സി, മക്കൾ: ആര്യൻ എം.വി. ശ്രീദേവി എം.വി., മരുമക്കൾ: രാകേഷ് ആർ, കാർത്തിക എം.ആർ.




**ഇ.എം.ലക്ഷ്മണൻ നമ്പൂതിരി**

കൂറ്റനാട്: റിട്ട. എ.ഇ.ഒ. പിലാക്കിട്ടിരി എളേടത്ത് മന ലക്ഷ്മണൻ നമ്പൂതിരി (ഇ.എം.എൽ. നമ്പൂതിരി-78) വിഷ്ണുപാദം പൂകി. കെ.എസ്.ടി.എ. മുൻ സംസ്ഥാന കമ്മിറ്റി അംഗം, മുൻ ജില്ലാ പ്രസിഡന്റ്, സീനിയർ സിറ്റിസൺ വെൽഫെയർ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: ജെ.ശാന്തകുമാരി (റിട്ട. അധ്യാപിക, എ.യു.പി.എസ്. ചൂലനൂർ), മക്കൾ: ശരത്, ഡോ. അണിമ (മാങ്ങോട് മെഡിക്കൽ കോളേജ്). മരുമകൾ: രമാദേവി (ചെറുകുളപ്പുറത്ത് മന).



**പി.വി.ലളിതാംബികാദേവി**

കൊല്ലം: വിഷ്ണത്തുകാവ് പതിനെട്ടുമുറി സൗപർണികയിൽ പി.വി.ലളിതാംബികാദേവി (75-പെരുമ്പള്ളിൽ ഇല്ലം, മണക്കാട്, അങ്ങാടിക്കൽ) വിഷ്ണുപാദം പൂകി. ഭർത്താവ്: എൻ.പുരുഷോത്തമൻ നമ്പൂതിരി (വിഷ്ണത്തുകാവ് ദേവീക്ഷേത്രം മുൻ മേൽശാന്തി). മക്കൾ: പി.പ്രവീൺ (മേൽശാന്തി, ചിറ്റടീശ്വരം മഹാദേവക്ഷേത്രം),, പി. പ്രശാന്ത് (അസിസ്റ്റന്റ് പ്രൊഫസർ, എൻ. എസ്.എസ്. ആയുർവേദ കോളേജ്, പന്തളം). മരുമക്കൾ: എൽ.സാവിത്രി, പി. ധന്യ (അസിസ്റ്റന്റ് പ്രൊഫസർ, പുഷ്പഗിരി കോളേജ്, തിരുവല്ല).



**വാസുദേവൻ നമ്പൂതിരി**

ആത്രശ്ശേരി (കുലുക്കല്ലൂർ, പാലക്കാട് ജില്ല) വാസുദേവൻ നമ്പൂതിരി (90) വിഷ്ണുപാദം പൂകി. പത്നി: ചെറുവല്ലൂർ മഹൾ ചന്ദ്രിക. മക്കൾ: ശൈലജ ചോർളി, ശ്രീജ കാട്ടിലക്കോട്, പരേതയായ ശ്രീകല ഒതളൂർ, ജയശ്രീ അണിമംഗലം (അദ്ധ്യാപിക, ശ്രീകൃഷ്ണ ഹയർ സെക്കൻഡറി സ്കൂൾ ആനന്ദപുരം). മരുമക്കൾ: കൊളങ്ങാത്ത് ചോർളി ജയദേവൻ നമ്പൂതിരി, കാട്ടിലക്കോട് കൃഷ്ണൻ നമ്പൂതിരി, ഒതളൂർ നാരായണൻ നമ്പൂതിരി (റിട്ട. കൊച്ചിൻ ദേവസ്വം ബോർഡ്), അണിമംഗലം നാരായണൻ നമ്പൂതിരി (കൂടൽമാണിക്യം തന്ത്രി).



**പാർവതി അന്തർജനം**

കുമാരനല്ലൂർ: വട്ടപ്പള്ളി ഇല്ലത്ത് (ചന്ദ്രത്തിൽ) പാർവതി അന്തർജനം (അമ്മുക്കുട്ടി-84) വിഷ്ണുപാദം പൂകി. വടകര തിരുവള്ളൂർ കുറുങ്ങോട്ടില്ലത്ത് കുടുംബാംഗം. ഭർത്താവ്: പരേതനായ നാരായണൻ മൂത്തത്.




**പാർത്ഥസാരഥി ഭാരതി സ്വാമിയാർ**

തൃശ്ശൂർ നടുവിൽ മഠം ഇളമുറസ്വാമി പാർത്ഥസാരഥി ഭാരതി സ്വാമിയാർ സമാധിയായി. ഭാഗവത വഴിയിലൂടെ സന്യാസത്തിലേക്ക് എത്തിച്ചേർന്ന് അതൊരു ജന്മസാഫല്യമായി കണക്കാക്കി. പരേതനായ കറുകിടത്തിൽ മാടശ്ശേരി ഇല്ലത്തെ ദാമോദരൻ നമ്പൂതിരിയുടെമകനാണ്.




**കൃഷ്ണൻ നമ്പൂതിരി**

പട്ടാമ്പി : പാലക്കാട്ടു മന കൃഷ്ണൻ നമ്പൂതിരി (75) വിഷ്ണുപാദം പൂകി. സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട ഉദ്യോഗസ്ഥനാണ്. അടക്കാപുത്തൂർ കുന്നത്ത് മന ഉഷയാണ് ഭാര്യ. മക്കൾ: നവീൻ, ഷിനി. മരുമക്കൾ: സുപ്രിയ, രാമനാരായണൻ.



**കേശവര് കേശവര് നമ്പൂതിരി**


വായ്പൂര്: റിട്ട. നേവി ഉദ്യോഗസ്ഥൻ നാരായണമംഗലത്ത് സുരഭിയിൽ കേശവര് കേശവര് നമ്പൂതിരി (കുട്ടായി-76) വിഷ്ണുപാദം പൂകി. ഭാര്യ: ഉഷാദേവി, മക്കൾ: ശ്രീല, ശ്രീജിത്ത്, ശ്രീകാന്ത്. മരുമക്കൾ: അനി, സ്വാതി, ലക്ഷ്മി.



**വാസുദേവൻനമ്പൂതിരി**

ചേർത്തല: എം.പി.ഇ.ഡി.എ. റിട്ട. ഉദ്യോഗസ്ഥൻ, ചേർത്തല നഗരസഭ ഒന്നാം വാർഡ് വാലയിൽ ഇല്ലത്ത് വി.ഡി. വാസുദേവൻനമ്പൂതിരി (73) വിഷ്ണുപാദം പൂകി. ഭാര്യ: പി. വത്സലകുമാരി. മക്കൾ: വി. കിരൺ, വി. വരുൺ. മരുമക്കൾ: അനു. എസ്. ശർമ, കെ.കെ.രമ്യ.

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**വാസുദേവൻ നമ്പൂതിരി**

ചളവറ ഉറിയം മഠം വാസുദേവൻ നമ്പൂതിരി (88) വിഷ്ണുപാദം പൂകി. കയിലിയാട് സഹകരണ ബാങ്കിൽ ഉദ്യോഗസ്ഥൻ ആയിരുന്നു. ഭാര്യ : ലീല (തോട്ടര വടക്കേടം). മക്കൾ : ഹരിദാസ് (മുംബൈ), സുരേഷ്, ബിന്ദു. മരുമക്കൾ : കല്പന, സുനു (നെടുവേലി മഠം), സുരേഷ് (എട പ്രാമ്പിള്ളി).



**സരസ്വതി അന്തർജനം**

കൈതപ്രം: പരേതനായ ഭാഗവത പണ്ഡിതൻ തെക്കെ കാനപ്രം കേശവൻ നമ്പൂതിരിയുടെ ഭാര്യ സരസ്വതി അന്തർജനം (83) വിഷ്ണുപാദം പൂകി. മക്കൾ: സുഭദ്ര (റിട്ട. സ്റ്റാഫ് നഴ്സ്, ആർ.സി.സി. തിരുവനന്തപുരം), സാവിത്രി (അങ്കമാലി), ഈശ്വരൻ നമ്പൂതിരി (ഭാഗവതാചാര്യൻ, റിട്ട. അധ്യാപകൻ), രജനി (കൈതപ്രം). മരുമക്കൾ: സുരേഷ്കുമാർ (തിരുവനന്തപുരം), ചേലപ്പറമ്പ് കൃഷ്ണൻ നമ്പൂതിരി (അങ്കമാലി), ശോഭ ടി. (അധ്യാപിക, ഗവ. ഗേൾസ് ഹൈസ്കൂൾ, പയ്യന്നൂർ), പി.സത്യനാരായണൻ (റിട്ട. അധ്യാപകൻ തൃശൂർ).



**വിക്രമൻ നമ്പൂതിരി**

ബോംബെ യോഗക്ഷേമസഭയുടെ മുൻകാല പ്രവർത്തകനും, മെമ്പറും ആയിരുന്ന വിക്രമൻ നമ്പൂതിരി (പരിപ്പായിൽ ഇല്ലം) വിഷ്ണുപാദം പൂകി. കണ്ണൂർ ജില്ലയിലെ അതിയടം സ്വദേശിയും സഭയുടെ പാലക്കാട് ജില്ലാ സെക്രട്ടറി മുരളി പരിപ്പായിയുടെ ജേഷ്ഠ സഹോദരനാണ് വിക്രമൻ നമ്പൂതിരി.



**ശ്രീദേവി അന്തർജനം**

ചെറുവക്കാട്ടില്ലത്ത് പരേതനായ വിഷ്ണു നമ്പൂതിരിയുടെ പത്നി ശ്രീദേവി അന്തർജനം (94) (ഗുരുവായൂർ കീഴേടം മകൾ) വിഷ്ണുപദം പൂകി. മക്കൾ നാരായണൻ നമ്പൂതിരി, കൃഷ്ണകുമാരി (പഴങ്ങോട്ടു പറ്റ), കേശവൻ നമ്പൂ തിരി, തങ്കമണി (കാടഞ്ചേരി), വിഷ്ണു നമ്പൂതിരി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, പരേതനായ ശങ്കരൻ നമ്പൂതിരി. മരുമക്കൾ: പ്രമീള (തടുക്കശ്ശേരി), മാധവൻ നമ്പൂതിരി (പഴങ്ങോട്ടുപറ്റ), ശശികല (കാടഞ്ചേരി), ഉണ്ണികൃഷ്ണൻ (കാടഞ്ചേരി), സജിനി (വള്ളിവട്ടം), ദീപ (പുതിയേടം), സ്മിത (ചേരമംഗലം)



**രാജേഷ് എം എസ്**

കോട്ടയം ജില്ലയിൽ ഇരവിമംഗലത്ത് മറ്റപ്പിള്ളിമനയിൽ രാജേഷ് എം എസ് (40) വിഷ്ണുപാദം പൂകി. വാഹനാപകടത്തെ തുടർന്ന് ഗവൺമെൻറ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അച്ഛൻ : സുബ്രഹ്മണ്യൻ നമ്പൂതിരി അമ്മ: സരസ്വതി ദേവി ഇ. സഹോദരൻ : രാജീവ്



**നാരായണൻ പോറ്റി ഇ.**

ആറ്റുവാശ്ശേരി നീലമന ഇ.നാരായണൻ പോറ്റി (73) വിഷ്ണുപാദം പൂകി. ഭാര്യ: ലത നാരായണൻ. മക്കൾ: ഗീതാഞ്ജലി, അജിത്ത്. മരുമക്കൾ: അനിലക്കാട് ജയകൃഷ്ണൻ, അനുപമ എടക്കാട്ടില്ലം.



**ബി.സുശീലാദേവി**

ചിറയിൻകീഴ് ഗ്രീഷ്മം(അമുന്തുരുത്ത് മഠം) എ.പി. ത്രിവിക്രമരുടെ സഹധർമ്മിണി ബി.സുശീലാദേവി (77) വിഷ്ണുപാദം പൂകി.



**പാർവതി അന്തർജ്ജനം**

തെക്കിനിയേടത്ത് ഇല്ലത്ത് (പൊത്തോപ്പുറം മഹൾ) പാർവതി അന്തർജ്ജനം (ഭദ്ര) അന്തരിച്ചു. ഭർത്താവ് പരേതനായ കിരാതൻ നമ്പൂതിരി. മക്കൾ: ടി.കെ. വിനോദ് (കോഴിക്കോട്), ടി.കെ. വിനീത് (ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, കൊച്ചി). മരുമക്കൾ: ധന്യ അന്തർജ്ജനം, പാർവ്വതി അന്തർജ്ജനം (സുമ).




**പത്മനാഭൻ നമ്പൂതിരി**

ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം കീഴ്ശാന്തി കാങ്കോൽ കാളീശ്വരം പത്മനാഭൻ നമ്പൂതിരി കതിരൂവെക്കും തറയിൽ വെച്ചുണ്ടായ വാഹനാപകടത്തിൽ വിഷ്ണുപാദം പൂകി.




**ജി.പരമേശ്വരരു**

കന്യാകുമാരി മലൈക്കോട് കൊറ്റനാട്ടു മഠം ജി.പരമേശ്വരരു (85) വിഷ്ണുപാദം പൂകി.



**ബ്രഹ്മശ്രീ വി എം മാധവൻ നമ്പൂതിരി**

ശ്രീകാര്യം വെണ്ണമനയിൽ കൃഷ്ണൻ നമ്പൂതിരിയുടെ പിതാവ് ബ്രഹ്മശ്രീ വി എം മാധവൻ നമ്പൂതിരി (86) വിഷ്ണുപാദം പൂകി. മക്കൾ: എം മാധവൻ നമ്പൂതിരി (റിട്ട. ടി.ഡി.ബി.), എം കൃഷ്ണൻ നമ്പൂതിരി (ടെക്നോപാർക്ക്). മരുമക്കൾ - ബിന്ദു, ജയന്തി.



**പരമേശ്വരൻ നമ്പൂതിരി**

ചേലക്കര: അന്തിമഹാകാളൻകാവ് പുതുമന പരമേശ്വരൻ നമ്പൂതിരി (83) വിഷ്ണുപാദം പൂകി. റിട്ട. ആരോഗ്യവകുപ്പ് ജീവനക്കാരനാണ്. ഭാര്യ: ലീല അന്തർജനം (വെങ്ങലൂർ മന). മക്കൾ: സുരേഷ്, രവി (അന്തിമഹാകാളൻകാവ് ക്ഷേത്രം മേൽശാന്തി). മരുമകൾ: കവിത. സഹോദരങ്ങൾ: പരേതനായ കേശവൻ നമ്പൂതിരി, പരേതനായ കൃഷ്ണൻ നമ്പൂതിരി, ത്രിവിക്രമൻ നമ്പൂതിരി, സരസ്വതി അന്തർജനം.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കൃഷ്ണൻ നമ്പൂതിരി**

കോട്ടയം മാങ്ങാനം വരത്ര ഇല്ലത്ത് സി. വി. കൃഷ്ണൻ നമ്പൂതിരി (82) വിഷ്ണുപാദം പൂകി. മാങ്ങാനം ശ്രീ നരസിംഹസ്വാമി ക്ഷേത്രം ഊരാണ്മ ട്രസ്റ്റംഗവും കൃഷിവകുപ്പിൽ ഉദ്യോഗസ്ഥനും ആയിരുന്നു. പത്നി രാധാദേവി അന്തർജ്ജനം. മക്കൾ: വി.കെ. മായ, വി.കെ.മനു, വി. കെ.മധു. മരുമക്കൾ: സതീഷ്കുമാർ, (മലയാള മനോരമ, കോട്ടയം), ഐശ്വര്യ എസ് നമ്പൂതിരി, പുന്നത്താനത്തില്ലം, വയല



**ഗോവിന്ദൻ നമ്പൂതിരി**

മുളമംഗലം ഗോവിന്ദൻ നമ്പൂ തിരി വിഷ്ണുപാദം പൂകി.



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

ചെങ്ങന്നൂർ വെൺമണി പടിഞ്ഞാറ്റിടത്തു ഇല്ലം ഉണ്ണികൃഷ്ണൻ നമ്പൂതിരി (64) വിഷ്ണുപാദം പൂകി.



**കെ എ മുരളി**

കോട്ടയം കുമാരനല്ലൂർ കാഞ്ഞിരക്കാട്ട് ഇല്ലത്ത് കെ എ മുരളി (67) (കുമാരനല്ലൂർ ദേവീക്ഷേത്രം മാനേജർ) വിഷ്ണുപാദം പൂകി. ഭാര്യ : ഗിരിജ കെ (റിട്ട. ഹെഡ്മിസ്ട്രസ്സ്, ഡി.വി. എച്ച്.എസ്. കുമാരനല്ലൂർ). മക്കൾ : അരുൺ മുരളി കെ, ആതിര മുരളി കെ.




**കേശവൻ നമ്പൂതിരി**

ഭാഗവതനവശുകൻ ബ്രഹ്മശ്രീ പെരുമ്പള്ളി കേശവൻ നമ്പൂതിരി വിഷ്ണുപാദം പൂകി. രാജ്യത്തും വിദേശ രാജ്യങ്ങളിലുമായി നിരവധി ആത്മീയ സദസ്സുകൾക്കും ഭാഗവത സപ്താഹ യജ്ഞങ്ങൾക്കും മുഖ്യകാർമ്മികത്വം വഹിച്ചിട്ടുണ്ട്. നാലു പതിറ്റാണ്ടായി ഈ മേഖലയിൽ സക്രിയമായിരുന്നു. അമ്മ: പാർവ്വതി അമ്മ. ഭാര്യ: രാധ. സഹോദരങ്ങൾ: ഭവദാസൻ, നാരായണദാസ്, ശ്രീജ, ഗണേശൻ.



**ജയശ്രീ അന്തർജനം**

കൂർക്കഞ്ചേരി ഉപസഭാംഗം തെക്കേ ഇരവിമംഗലം ജയശ്രീ അന്തർജനം വിഷ്ണുപാദം പൂകി.



**രാമൻ നമ്പൂതിരി**

പിറവം കളമ്പൂർ മ്യാൽപ്പിള്ളി മനയിൽ രാമൻ നമ്പൂതിരി (മോഹനൻ) വിഷ്ണുപാദം പൂകി. ഭാര്യ സുജാത. മക്കൾ ഇന്ദു, മീര, മരുമകൻ സന്ദീപ്. പ്രശസ്ത മൃദംഗ വിദ്വാനും പാചക വിദഗ്ദ്ധനുമായിരുന്നു.



**ദേവകി അന്തർജ്ജനം**

ചുഴലിപ്പുറത്ത് ദേവകി അന്തർജ്ജനം (86) വിഷ്ണുപാദം പൂകി.. പരേതനായ വാസുദേവൻ നമ്പൂതിരിയുടെ ഭാര്യയാണ്. മക്കൾ : ദാമോദരൻ നമ്പൂതിരി, പരേതനായ ശങ്കരൻ നമ്പൂതിരി, അംബിക, ഗായത്രി. മരുമക്കൾ: ശോഭന (താഴേമഠം), സുധ (പന്യംവെള്ളി), പരേതനായ പുങ്ങാട് നാരായണൻ നമ്പൂതിരി, ജയകുമാർ പ്രാണബലം



**ശ്രീകുമാരൻ നമ്പൂതിരി**

അമ്പലപ്പുഴ കണ്ണമംഗലം ഇല്ലത്ത് ശ്രീകുമാരൻ നമ്പൂതിരി വിഷ്ണു പാദം പൂകി. അമ്പലപ്പുഴ മേൽശാന്തി യദു കൃഷ്ണൻ നമ്പൂതിരിയുടെ പിതാവാണ്.



**എ.വി. അഗ്നിശർമൻ നമ്പൂതിരി**

മൂവാറ്റുപുഴ: കെ.എ സ്.ഇ.ബി. റിട്ട. സീനിയർ സൂപ്രണ്ട് തൃക്കളത്തൂർ ആത്രശ്ശേരി മന എ.വി. അഗ്നിശർമൻ നമ്പൂതിരി (77) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ ജില്ലാ വൈസ് പ്രസിഡന്റ്, ശ്രീ ശങ്കര ട്രസ്റ്റ് മുൻ എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. വിവിധ സംഗീത കൂട്ടായ്മകളിലെ സജീവാംഗമാണ്. ഭാര്യ: ചേലക്കര മണിത്തറ മന കുടുംബാംഗം വത്സല (റിട്ട. ഹയർ സെക്കൻഡറി പ്രിൻസിപ്പൽ). മക്കൾ: ശ്രീജിത്ത് ശർമൻ, ശ്രീനാഥ് ശർമൻ (ഇരുവരും കാനഡ). മരുമക്കൾ: ജിഷ പാണ്ടിക്കാട് ഒറവംപുറം മന, നിത്യ അരീക്കോട് കരിപ്പത്ത് മന (ഇരുവരും കാനഡ).



**നീലകണ്ഠൻ നമ്പൂതിരി**

കൂറ്റനാട്: റിട്ട. അധ്യാപകനും ഗ്രന്ഥകാരനുമായിരുന്ന തൃത്താല ഉള്ളനൂർ ചോലമനയിൽ നീലകണ്ഠൻ നമ്പൂതിരി (സി. എൻ. നമ്പൂതിരി-92) വിഷ്ണുപാദം പൂകി. ഭാര്യ: ദേവകി അന്തർജനം. മക്കൾ: ജയദേവൻ, സുരേന്ദ്രൻ, ദേവാനന്ദൻ. മരുമക്കൾ: ഹേമ, ലീന സുരേന്ദ്രൻ, ലീനാ ദേവാനന്ദൻ.




**നാരായണൻ പോറ്റി**

ഓച്ചിറ: മണപ്പള്ളി വടക്ക് പവിത്രമംഗലത്ത് മഠത്തിൽ നാരായണൻ പോറ്റി (എൻ.എൻ.പോറ്റി-64) വിഷ്ണുപാദം പൂകി. ഭാര്യ: ദ്രൗപതി എൻ. പോറ്റി. മക്കൾ: അഗ്രസ്സ് നമ്പൂതിരി, സഹസ്രൻ നമ്പൂതിരി.



**പാർവ്വതി അന്തർജനം**

ചൂലൂർ: നരിയങ്ങൽ തലപ്പണ (മേലേകിടേരി) പാർവതി അന്തർജനം (83) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ എൻ.ടി.നാരായണൻ നമ്പൂതിരി (റിട്ട. കോട്ടയ്ക്കൽ ആര്യവൈദ്യശാല). മക്കൾ: എൻ.ടി.നാരായണൻ (മാതൃഭൂമി പരസ്യവിഭാഗം, കോഴിക്കോട്), ജയകൃഷ്ണൻ (കോട്ടയ്ക്കൽ ആര്യവൈദ്യശാല, കഞ്ചിക്കോട്), മിനി, പാർവതി. മരുമക്കൾ: അമ്പായി വല്ലഭൻ നമ്പൂതിരി, കല്ലൂർ ശ്രീകുമാരൻ നമ്പൂതിരി, സരിത, ധന്യ.



**ബ്രഹ്മദത്തൻ ഭട്ടതിരിപ്പാട്**

ചളവറ പൊരുതയിൽ മന ബ്രഹ്മദത്തൻ ഭട്ടതിരിപ്പാട് (90) വിഷ്ണുപാദം പൂകി.

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**വലിയ നാരായണൻ നമ്പൂതിരി**

തിരുവേഗപ്പുറ അറേക്കാവ് ഭഗവതി ക്ഷേത്രം മേൽശാന്തി ആയിരുന്ന പെരുമാങ്ങോട്ട് മനക്കൽ വലിയ നാരായണൻ നമ്പൂതിരി (കുഞ്ഞുകുട്ടൻ നമ്പൂതിരി) (80) വിഷ്ണുപാദം പൂകി. ഭാര്യ : പാർവതി അന്തർജ്ജനം. മക്കൾ: ഹരീഷ് (തിരുവേഗപ്പുറ മേൽശാന്തി), റീജ. മരുമക്കൾ: പവിത്ര, കിഷോർ (കൊച്ചിൻ ദേവസ്വം ബോർഡ്). സഭ മുൻ ട്രഷറർ പി.എം.ദാമോദരൻ നമ്പൂതിരി സഹോദരനാണ്.




**കൃഷ്ണൻ നമ്പൂതിരി**

കളമ്പൂക്കാവ് ദേവിക്ഷേത്രത്തിന്റെ മുൻ മാനേജരും കേരള ഊരായ്മ ദേവസ്വം ബോർഡ് മാനേജരും ആയി ദീർഘകാലം പ്രവർത്തിച്ച കളമ്പൂർക്കാവ് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി (76) വിഷ്ണുപാദം പൂകി. മക്കൾ: മനോജ്, കെ.കെ.മായ, ഹരി. മരുമക്കൾ: സൗമ്യ മനോജ്, ഹരി തിരുവല്ല.



**ആര്യ**

പള്ളത്തേരി ആര്യ അന്തർജനം വിഷ്ണുപാദം പൂകി. മുൻ മേഘാലയ ഇലക്ട്രിസിറ്റി ചീഫ് എൻജിനീയർ പരേതനായ പള്ളത്തേരി പരമേശവരൻ നമ്പൂതിരിയുടെ സഹധർമ്മിണിയാണ്. മക്കൾ: മധു, മനു, നമ്പി. മരുമക്കൾ: ഹരിപ്രിയ, നീമ, ലക്ഷ്മി.



**കൃഷ്ണൻ നമ്പൂതിരി**

ഗുരുവായൂർ കീഴ്ശാന്തിയും മുൻ നെടുങ്ങാടി ബാങ്ക് ജീവനക്കാരനുമായ വേങ്ങേരി കൃഷ്ണൻ നമ്പൂതിരി (78)വിഷ്ണുപദം പൂകി. ഭാര്യ: പരേതയായ ശ്രീദേവി അന്തർജനം. മകൻ: അനിലേഷ്.



**പരമേശ്വരൻ നമ്പൂതിരി**

ചൂലൂർ എ.യു.പി സ്കൂൾ പ്രധാനാധ്യാപകൻ നരിയങ്ങൽ തലപ്പണ പരമേശ്വരൻ നമ്പൂതിരി(52) വിഷ്ണുപാദം പൂകി. ഭാര്യ ദിവ്യ,മക്കൾ ദേവ് മാധവ്, സാവിത്രി



**പ്രഭാകരൻ നമ്പൂതിരി**

നാദാപുരം കക്കംവെള്ളി വെള്ളിയോട്ടില്ലത്തെ പ്രഭാകരൻ നമ്പൂതിരി വിഷ്ണുപാദം പൂകി.

**സ്വസ്തിയിൽ ചരമവാർത്തകൾ നൽകാൻ**
**വാട്ട്സ് ആപ്പ് ചെയ്യൂ**
**9400992823**

## സ്മരണാഞ്ജലി

### അഡ്വ. പി.സി. ഉഷ അന്തർജ്ജനം




കാശ്മീരിൽ വെച്ചുണ്ടായ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് വിഷ്ണു പാദം പൂകിയ അഡ്വ : പി സി - ഉഷ അന്തർജ്ജനത്തിന് സ്വസ്തി ത്രൈമാസികയുടെ പ്രണാമം. യോഗക്ഷേമസഭയിലെ നിറസാന്നിധ്യമായിരുന്ന ഉഷ ചേന്നാസ്, പെരിണ്ടിരി ചേന്നാസ് ത്രിവിക്രമൻ നമ്പൂതിരിയുടെ സഹധർമ്മിണി ആയിരുന്നു.

തൃശ്ശൂർ ജില്ല യോഗക്ഷേമസഭ വനിതാ സഭ പ്രസിഡണ്ട്, സെക്രട്ടറി എന്നീ നിലയിൽ സ്തുത്യർഹമായ സേവനം നൽകി. നിലവിൽ മലപ്പുറം ജില്ലാ വനിതാ പ്രസിഡണ്ട്, സംസ്ഥാന കൗൺസിൽ അംഗം, സംസ്ഥാന ജ്ഞാനദീപം കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുമ്പോഴായിരുന്നു അകാല വിയോഗം. മികച്ച സംഘാടക കൂടിയായിരുന്നു ശ്രീമതി ഉഷ ചേന്നാസ്.വനിതാ ദിനത്തോടനുബന്ധിച്ച് സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം അവതരിപ്പിച്ച 74 വനിതകൾ അണിനിരന്ന പഞ്ചവാദ്യത്തിൽ പങ്കെടുത്തിരുന്നു.. പഞ്ചവാദ്യത്തിൽ കൊമ്പു നിരയിൽ ആയിരുന്നു...

ഒരിക്കൽ കൂടി പരേതാത്മാവിന് നിത്യശാന്തി നേർന്നു കൊണ്ട് സ്വസ്തി ത്രൈമാസിക കുടുംബം.

# കൃഷ്ണൻ പാതിരിശ്ശേരി



കുഴക്കോട് : കുന്ദമംഗലം ഹയർ സെക്കൻഡറി സ്കൂൾ ചിത്രകല അധ്യാപകനും പ്രശസ്ത ചിത്രകാരനുമായ കുഴക്കോട് ഒഴലൂർ പാതിരിശ്ശേരി ഇല്ലത്ത് കൃഷ്ണൻ പാതിരിശ്ശേരി അന്തരിച്ചു .


കേരളത്തിനകത്തും പുറത്തുമായി നിരവധി ചിത്രകല ക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചിത്രകല കൂട്ടായ്മയായ ബിയോണ്ട് ബ്ലാക്ക് ബോർഡിന്റെയും വർണ്ണക്കതിരിന്റെയും സജീവ അംഗമായിരുന്നു. കോഴിക്കോട് ചിത്രകല പരിഷത്ത് അംഗമാണ് . നിരവധി ചിത്രകലാ പ്രദർശനങ്ങളിൽ ഭാഗവാക്കായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ മൺചിത്രം വരച്ചതിനും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഗാന്ധിജിയുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട് ലോകത്തിലെ ഏറ്റവും വലിയ ക്യാൻവാസ് വരച്ചതിന്റെയും ലോക റെക്കോർഡുകൾ നേടിയിട്ടുണ്ട്. കോവിഡാനന്തരം വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഛത്തീസ്ഗഡ് സർക്കാറിന്റെ നേതൃത്വത്തിൽ റായ്പൂരിൽ നടന്ന നാഷണൽ കോൺക്ലേവിൽ പങ്കെടുത്തിട്ടുണ്ട്.

അച്ഛൻ: പരേതനായ ഒഴലൂർ പാതിരിശ്ശേരി വിഷ്ണുനമ്പൂതിരിപ്പാട്, അമ്മ : മാധവി അന്തർജനം. ഭാര്യ : ശാലി (കോട്ടയം). മകൾ : സാധിക മാധവി. സഹോദരങ്ങൾ: ഉഷദേവി (റിട്ട പുവമ്പായി ഹയർ സെക്കണ്ടറി സ്കൂൾ), ശ്രീകുമാർ പാതിരിശ്ശേരി (റിട്ട. കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് )

ഞങ്ങളുടെ ആർട്ടിസ്റ്റും ജീവാത്മാവുമായിരുന്ന പാതിരിശ്ശേരി
കൃഷ്ണൻ നമ്പൂതിരിപ്പാടിന് 'സ്വസ്തി ത്രൈമാസിക'
കുടുംബത്തിന്റെ കണ്ണീർ പ്രണാമം.

SREEPATHY
INSTITUTE OF MANAGEMENT AND TECHNOLOGY
Approved by AICTE & Affiliated to APJ Abdul Kalam Technological University
ENGINEERING COLLEGE
B.TECH. Courses
- Computer Science and Engineering
- Artificial Intelligence and Data Science
- Civil Engineering
- Electrical and Electronics Engineering
- Electronics and Communication Engineering
- Mechanical Engineering
- Robotics and Artificial Intelligence *

Has been rated AAA
OPTION CODE SPT



BOOK YOUR SEATS NOW...!
NBA & NAAC ACCREDITED INSTITUTION
Same Fee for Govt Quota and Management / NRI seats
No Donations | No Extra Fees | 100% Placements | Internship for All Students
790 283 5555 | 790 288 3555
Sreepathy Campus, Vavanoor P O., Pattambi, Palakkad - 679533
www.simat.ac.in principal@simat.ac.in

SREEPATHY
INSTITUTE OF ADVANCED STUDIES
ARTS & SCIENCE COLLEGE
Affiliated to University of Calicut
COURSES OFFERED > BCA (HONOURS)
B. COM FINANCE (HONOURS)
BSc. ARTIFICIAL INTELLIGENCE
790 288 4555 | 790 288 2555
Sreepathy Campus, Vavanoor P.O., Pattambi, Palakkad - 679
www.sasc.in sreepathyartscollege@gmail.com


## സ്മരണാഞ്ജലി



നീലി അന്തർജനം ശ്രാദ്ധദിനം 13 7 1983

ദാമോദരൻ നമ്പൂതിരി ശ്രാദ്ധദിനം 25 4 1993

നാറണിയാട്ട് ഇല്ലം, പി.ഒഫാറൂക്ക് കോളേജ്,
കോഴിക്കോട് 673632

## ഷഷ്ട്യബ്ദപൂർത്തി ആശംസകൾ

2026– ഏപ്രിൽ 30

## ശ്രീദേവി അന്തർജനം

W/O വാസുദേവൻ നമ്പൂതിരി, പേരൂർ ഇല്ലം, മാവൂർ



*ആശംസകളോടെ*

മക്കൾ: ധന്യ, ദിവ്യ, ഹരികൃഷ്ണൻ
മരുമക്കൾ: പ്രമോദ്, അനന്തു
പേരക്കുട്ടികൾ: ദേവാംഗന, ദേവദത്ത്, ദ്രുതി, ദേവദർശ്



അരീക്കോട് ചെമ്രക്കാട്ടൂർ പുല്ലൂർമണ്ണ നാരായണൻ നമ്പൂതിരിയുടെയും കൃഷ്ണ നാരായണന്റെയും മകൻ നിതിൻ പുരുഷോത്തമനും (അനിയൻ) ചെത്തല്ലൂർ കറുത്തേടത്ത് മനയിൽ സതീശന്റെയും ബിന്ദുവിന്റെയും മകൾ അനുശ്രീയും (അനു) വിവാഹം 2026 ജൂൺ 20 ന് മഞ്ചേരി ജയശ്രീ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. മൊബൈൽ: 9995582459, 8606494665.

**വിവാഹ വാർഷികാശംസകൾ**



## ശങ്കരൻ നമ്പൂതിരി–
## ഇന്ദിര അന്തർജനം
### കാഞ്ഞിരത്തോട്ടം

43ാമത് വിവാഹ വാർഷികം ആഘോഷിക്കുന്ന കാഞ്ഞിരത്തോട്ടം ശങ്കരൻ നമ്പൂതിരി– ഇന്ദിര അന്തർജനം ദമ്പതിമാർക്ക് ആശംസകളോടെ
മക്കൾ, മരുമക്കൾ & പേരക്കുട്ടികൾ



മലപ്പുറം കരേക്കാട് തൊഴുവാനൂർ മന കൃഷ്ണരാജന്റെയും സന്ധ്യയുടെയും മകൻ ഹരികൃഷ്ണനും അഞ്ഞൂർ തൊഴിയൂർ പൂങ്ങാട്ട് മനയ്ക്കൽ സന്തോഷിന്റെയും സംഗീതയുടെയും മകൾ രേവതിയും 2026 മെയ് 23 ന് കാവുംപുറം സാഗർ ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി. മൊബൈൽ: 9746402108



കോട്ടയം മര്യാതുരുത്ത് ഇളയിടത്തില്ലം പരേതനായ ഹരികുമാറിന്റെയും ശ്രീകലയുടെയും മകൻ ദേവനാരായണനും കുറിച്ചി വെണ്ണുമന ഗായത്രി നിവാസിൽ ഗോവിന്ദൻ നമ്പൂതിരിയുടെയും രജനിയുടെ മകൾ ഭദ്രയും 2026 മെയ് 28 ന് ഇളയിടത്തില്ലത്ത് വെച്ച് വിവാഹിതരായി. മൊബൈൽ: 9961499330, 8157029079



കോഴിക്കോട് കുറ്റിക്കാട്ടൂർ മോഴികുന്നത്ത് മന എം.ഡി.ജയന്റെയും എ.എസ്. ജയശ്രീയുടെയും മകൻ ഹരിശങ്കറും പാലക്കാട് കുറ്റാനശ്ശേരി നരിക്കാട്ടിരി മന ശശിധരൻ നമ്പൂതിരിയുടെയും രേഖയുടെയും മകൾ വര്യയും 2026 ഏപ്രിൽ 20 ന് കോഴിക്കോട് സുകൃതീന്ദ്ര കലാമന്ദിറിൽ വെച്ച് വിവാഹിതരായി.
മൊബൈൽ: 9495493478, 9495914989



കണ്ണൂർ കരിവെള്ളൂർ പാലാഞ്ചേരി ഇല്ലം ബ്രഹ്മശ്രീ പി.ശ്രീകുമാരൻ നമ്പൂതിരിയുടെയും സരസ്വതി അന്തർജനത്തിന്റെയും മകൾ പി.സാന്ദ്രാ മാധവിയും എറണാകുളം അങ്കമാലി ചേലപ്പറമ്പത്ത് മനയ്ക്കൽ ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയുടെയും ഗീത അന്തർജനത്തിന്റെയും മകൻ ജിഷ്ണു കൃഷ്ണനും 2026 മെയ് 3 ന് അങ്കമാലി എളവൂർ റെയിൻബൊ ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി. മൊബൈൽ: 9496383150, 6282923470.



എടപ്പാൾ തോട്ടുപുറം മന അജിതയുടെയും നന്ദന്റെയും മകൻ നിതീഷും കൊലോളമ്പ് കുന്നത്ത് മന നാരായണൻ ഭട്ടതിരിപ്പാടിന്റെയും പ്രീതയുടെയും മകൾ അഞ്ജലിയും 2026 മെയ് 29 ന് കോഴിക്കര ഹൈടെക് റീജൻസി ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി. ഫോൺ: 7994264400



തിരുവല്ല കുഴിക്കാട്ടില്ലത്ത് അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാടിന്റെയും ആശാ കാളിദാസന്റെയും മകൾ സാവിത്രിയും തൃപ്പൂണിത്തുറ പാലസ് ഗാർഡൻസ് പി.എ.നാഗരാജന്റെയും രാജി നാഗരാജന്റെയും മകൻ നീരജും 2026 മെയ് 18 ന് കോട്ടയം ചൂട്ടുവേലി ഐതൗസ കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. ഫോൺ: 9447375368, 9249828042



കൊടശ്ശേരി മേലേടത്തുമന വിശ്വനാഥന്റെയും വാസന്തിയുടെയും മകൻ വിവേകും തൊട്ടിൽപ്പാലം ചേലോട്ടില്ലത്ത് പരേതനായ ശങ്കരൻ നമ്പൂതിരിയുടെയും ലീലാ അന്തർജനത്തിന്റെയും മകൾ തീർത്ഥയും 2026 ജൂൺ 21 ന് പാണ്ടിക്കാട് ഹൈസ്കൂൾപടി ഇല്ലം ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി. മൊബൈൽ: 9387729350, 9745281904



കോഴിക്കോട് കുറ്റിക്കാട്ടൂർ കൂടല്ലൂർ ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ഗീതയുടെയും മകൻ രഞ്ജിത്ത് കേശവും കണ്ണൂർ കുറുവ കടലായി രാജീവന്റെയും ഷീജയുടെയും മകൾ ഐശ്വര്യയും 2026 ഏപ്രിൽ 26 ന് വധൂഗൃഹത്തിൽ വെച്ച് വിവാഹിതരായി.





കോഴിക്കോട് നീലേശ്വരം കുണ്ടിൽക്കുളത്ത് മൂസ്സാമ്പുരി ശ്രീധരൻ നമ്പൂതിരിയുടെയും ആര്യ അന്തർജനത്തിന്റെയും മകൻ ശ്രീദത്തും, മഞ്ചേരി ചെങ്ങര തെഞ്ചേരി ശങ്കരൻ നമ്പൂതിരിയുടെയും പരേതയായ ശാരദ അന്തർജനത്തിന്റെയും മകൾ ശരണ്യയും 2026 ഏപ്രിൽ 26ന് തിരുവമ്പാടി എം.സി. ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.

തൃശൂർ കോലഴി മുരിയമംഗലത്ത്മന നാരായണന്റെയും അഞ്ജലിയുടെയും മകൾ നിരഞ്ജനയും തൃശൂർ പൂങ്കുന്നം പാക്കത്ത് മനയിൽ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ആര്യയുടെയും മകൻ ശ്രീദേവും 2026 മെയ് 1 ന് തൃശൂർ ശ്രീശങ്കര ഹാളിൽ വിവാഹിതരായി. മൊബൈൽ 9446440541, 9447365915





സാമവേദ പണ്ഡിതനും ഗുരുവായൂർ ക്ഷേത്രം മുൻ മേൽശാന്തിയുമായ ഡോ. തോട്ടം ശിവകരൻ നമ്പൂതിരിയുടെയും ഡോ. മഞ്ജരിയുടെയും മകൾ ഡോ. നന്ദിതയും ബുധനൂർ മരങ്ങാട് മന വിഷ്ണു നമ്പൂതിരിയുടെയും രമാദേവിയുടെയും മകൻ ഗോപുവും വിവാഹിതരായി.

മക്കരപ്പറമ്പ് കുറുവ മനമ്പിള്ളി മന രാജൻ കുറുവയുടെയും ജ്യോതിയുടെയും മകൻ യദു രാജും കോഴിക്കോട് പെരുമണ്ണ പട്ടത്തിൽ സനൽകുമാരിന്റെയും ബിന്ദുവിന്റെയും മകൾ സ്നേഹയും 2026 ഏപ്രിൽ 12ന് കുറുവ പടപ്പറമ്പ് അജ്വ കൺവെൻഷൻ സെന്ററിൽ വിവാഹിതരായി.





മാള പള്ളിപ്പുറം മരുതൂർ മന എം.എൻ.സുരേഷിന്റെയും എ.വി.സന്ധ്യയുടെയും മകൾ സാന്ദ്രയും പെരുമ്പാവൂർ ചേരാനല്ലൂർ മൂത്തേടത്ത് മന ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീജയുടെയും മകൻ വിഷ്ണുനാരായണനും 2026 ഏപ്രിൽ 26 ന് പെരുമ്പാവൂർ വി.എം.ജെ. കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. മൊബൈൽ: 944812655, 9400692176

തൃശൂർ വടക്കാഞ്ചേരി മാനംപിള്ളി മന ശ്രീകുമാറിന്റെയും സരസ്വതി അന്തർജനത്തിന്റെയും മകൻ എം.എസ്. കൃഷ്ണദാസും എറണാകുളം കാലടി ഹോരക്കാട് ഇല്ലം ഡോ. കെ.കൃഷ്ണൻ നമ്പൂതിരിയുടെയും കെ.സാവിത്രിദേവിയുടെയും മകൾ സുഭദ്ര കെ.നമ്പൂതിരിയും 2026 മെയ് 18ന് പെരുമ്പാവൂർ സീമ ഓഡിറ്റോറിയത്തിൽ വിവാഹിതരായി. മൊബൈൽ: 9747167204, 9745456412.

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:5 Issue No:3 ❑ Kozhikode ❑ Date of Publication: 1 July 2026

SNA
SPECIALITY
CLINICS
Future is Ayurveda

## Departments

- Dept. of General Medicine
- Dept. of Pediatrics
- Dept. of Ophthalmology & ENT
- Dept. of Infertility & Gynecology
- Dept. of Mental Health
- Dept. of Thyroid & Life style Diseases

Ashtavaidyan
PTN Vasudevan Mooss, MD (Ayu)
Chief Physician
Monday to Friday 9 am to 1 pm

Location

Ashtavaidyan Thrissur Thaikat Mooss'
SNA AYURVEDA
NURSING HOME PVT LTD
Since 1920

Moosspet Road, East Fort, Thrissur, Kerala, India | Tel : +91 487 2441947
doctor@moossayurveda.com | www.moossayurveda.com

FOR APPOINTMENT : 8943 441947